ഭർത്താവ്: ഞാൻ നിന്നെ കൊണ്ടുപോകണോ? ഈ ആഴ്ചയിൽ എനിക്ക് ഒരുപാട് ജോലിയുണ്ട്. നിനക്ക് കുട്ടികളുടെ കൂടെ പോകാമല്ലോ.

ഭാര്യ: എന്നാൽ അങ്ങനെയാകട്ടെ. ചേട്ടൻ ആഫീസിൽ പോകുന്നതിനു മുമ്പ് ഞാൻ കാപ്പി കൊണ്ടു വരട്ടെ.

ഭർത്താവ്: കൊള്ളാം.

ഭാര്യ: എന്നാൽ ഞാൻ ഉണ്ടാക്കി കൊണ്ടു വരാം.

EXERCISES

1. Form phrases by adding കൂടെ and putting the words provided into the appropriate (possessive) form as in the model.

Model: അദ്ദേഹം , അദ്ദേഹത്തിന്റെ കൂടെ

തോമസ്‌സാർ　　　　നീ

പുസ്തകം

അവൾ

ഇറച്ചി

ചേട്ടൻ

നിന്റെ മകൻ

മണി

ആ കുട്ടി

അവൻ

2. Change the following sentences to negative as in the model.

Model: എനിക്ക് അയാളെ കാണണം.

എനിക്ക് അയാളെ കാണണ്ട.

1. കുട്ടികൾക്ക് ഇന്ന് സിനിമ കാണണം.
2. നീ നാളെ രാവിലെ ദോശ ഉണ്ടാക്കണം.
3. ഞങ്ങൾക്ക് ഒരു പുതിയ കാറ് വാങ്ങിക്കണം.
4. സാറിന് ഇരിക്കണോ ?
5. ഇത് അവന് കൊടുക്കണോ ?
6. എനിക്ക് മലയാളം പഠിക്കണം.
7. നിങ്ങളെല്ലാം ഇംഗ്ലീഷിൽ പറയണം.
8. നീ ഇന്ന് ക്ലാസ്സിൽ വരണം.
9. ഗീത ഇപ്പോൾ തയ്യാറാകണം.
10. നിങ്ങൾ ഇവിടെ നിന്ന് ഈ കസേര കൊണ്ടുപോകണം.

3. Make the quotes below into reported speech by adding and using either പറഞ്ഞു or ചോദിച്ചു as appropriate.

1. അതു പറ്റില്ല.
2. എപ്പോൾ വരും?
3. നിങ്ങൾക്കു് കാറുണ്ടോ?
4. ഞാൻ തരാം.
5. അച്ഛനോടു് പറയാം.
6. ഇതു നിന്റേതല്ല.
7. അവർ എവിടെ താമസിക്കും?
8. ഈ പുസ്തകങ്ങളെല്ലാം കളയണം.
9. എനിക്കു് വേണ്ട.
10. അതു കൊള്ളാമോ?

4. Read the following sentences, making sure you understand the meaning, then practice them orally repeating after the teacher.

1. നമുക്ക് കുറച്ചു ദൂരം കൂടി നടക്കാം.
2. സാറിന്റെ വയറ് അത്ര വലിയതല്ല.
3. നമുക്ക് എട്ടുമണിക്ക് മുമ്പ് അവിടെ പോകണ്ട.
4. ഡാക്ടർ എന്നോട് കാപ്പി കുടിക്കണ്ടെന്ന് പറഞ്ഞു.
5. നിനക്ക് അമ്മയെ നാളെ പട്ടണത്തിൽ കൊണ്ടുപോകാമോ?
6. ഞാൻ പണം തരട്ടെ?
7. ഇതിനു മുമ്പ് എവിടെയാണ് താമസിച്ചത്?
8. എന്റെ ഭർത്താവിന് മലയാളം പറയാൻ അറിയണം.
9. രണ്ട് ആഴ്ച കഴിഞ്ഞ് അയാൾ വീണ്ടും വരും.
10. എനിക്ക് രാജന്റെ കൈയ്യിൽ നിന്ന് ഒരു പുസ്തകം എടുക്കണം.

5. Translate into Malayalam.

1. You can see him tomorrow.
2. You shouldn't speak to the teacher that way.
3. The doctor's wife is not well, did you know that?
4. Is your child a son or a daughter?
6. You ought to know how to write Malayalam.
7. Can you teach us to make curry?
8. I want to call my husband.
9. He said I should not do (any) work today.
10. Are you able to walk as far as the hospital?

6. Prepare written Malayalam responses at home to the following.

1. ഞാൻ അവളോട് ചോദിക്കട്ടെ?
2. സാറ് എന്താ പറഞ്ഞത്?
3. രാവിലെ കാപ്പി കുടിച്ചില്ലേ?
4. ആ വീട്ടിൽ എത്ര മുറിയുണ്ട്?
5. നീ ഞങ്ങളുടെ കൂടെ വരുന്നില്ലേ? എന്താ കാര്യം?
6. അവന്റെ അസുഖം കൂടിയോ?
7. ആരുടെ വയറ് വലിയതാണ്?
8. നിങ്ങൾക്ക് ഈ പുസ്തകം കൊണ്ടുപോകണോ?
9. അവർക്ക് എത്ര കുട്ടികൾ ഉണ്ട്?
10. നിനക്ക് ഇറച്ചിക്കറി ഉണ്ടാക്കാമോ?

7. Write out all the simple forms of the verbs below. (See the reference list at the beginning of this lesson.)

അയക്കുക
നോക്കുക
കളയുക

GRAMMAR NOTES

12.1. CONSONANT DOUBLING IN CASEFORMS OF WORDS IN റ് .

It was seen in 2.1 that certain words double their final consonant before adding case endings as with വീട് 'house', വീട്ടിൽ 'at home, in the house'. The same principle operates for some words ending in റ് . The doubled form of റ , റ്റ , is pronounced like English [t] in the word "sighting," but without any aspiration. Thus the locative form of വയറ് 'stomach' is വയറ്റിൽ 'in the stomach'. Similarly, one word for 'river' ആറ് , which looks and sounds exactly like the number 'six', forms it's locative as ആറ്റിൽ 'at, in the river'. Not all words ending in റ് follow this rule, however. Thus കാറ് 'car' makes its forms normally, i.e. കാറിൽ 'in the car'.

12.2 INDIRECT QUOTES WITH THE QUOTATIVE MARKER എന്ന് .

It was pointed out in 8.5 that there are two ways of reporting someone else's words in Malayalam: using the infinitive '-ാൻ' form of the verb for commands, and the quotative marker എന്ന് for all other kinds of statements, questions, etc. Indirect quotes of this kind are even more common in Malayalam than in English since direct quotes using printed quotation marks is used only in some English influenced kinds of writing. What actually happens in these reported speech cases is that the indirect quote is embedded within the reporting sentence, becoming the direct object of the reporting verb. Following the normal order of elements within the sentence, the reported sentence (object) falls between the subject and the verb of the reporting (main) sentence. An indirect object, indicating who the quote was originally addressed to, is always present in the mind of the speaker and of the hearer, though it is frequently omitted in the report. If stated, the indirect object is easily recognized by its addressive ending ‘-ോട്’ (see 8.3). The indirect object, and any adverbs, will normally come in the early part of the sentence, perhaps before, perhaps after the subject, but in any case, to the left of the reported sentence object. For stylistic reasons the normal order of elements is sometimes changed, putting the embedded quote either first or last in the sentence with the other elements relocated accordingly (always keeping the basic rules that the subject may only precede, and never follow the verb, and that the verb must occupy the last possible position consonant with the overall structure of the sentence). Examples 1-3 below are all acceptable versions of the same report:

1. അവൻ അതു ശരിയാണെന്ന് പറഞ്ഞു.
   'He said it was all right.'
2. അതു ശരിയാണെന്ന് അവൻ പറഞ്ഞു.
   'It was all right, he said.'
3. അവൻ പറഞ്ഞു അതു ശരിയാണെന്ന്.
   'He said it was all right.'

In reported speech in Malayalam, the verb tense used in the original speech act is preserved, never changed in the report as in English. The timeframe in which the original speech act took place, or will take place, is signaled by the main (reporting) verb only. Thus a past tense verb in a reported quote means that the person quoted was speaking of past time in reference to when he was speaking as in:

4. അവൻ അതു ശരിയായിരുന്നു എന്നു പറഞ്ഞു.

'He said that was all right.'

You will probably have no difficulty in understanding the time relationship between the reporting verb and the reported speech when you hear or read these indirect quotes in Malayalam, but you will have to be careful in speaking or writing, particularly in the early stages of learning, not to transfer your well ingrained English habit of changing the verb tenses in the reported speech to coincide with those of the reporting verb. Also on those rare occasions when you translate Malayalam into English-- to be used sparingly in language learning-- make sure to readjust the verb tenses in reported speech according to English rules. You may notice speakers of Indian English transferring their Malayalam conventions in indirect quotes such as "I thought I will come and see you," "We will find out where did they go," and the like. You can see from this, and from example 6 below that Malayalam preserves the original word order in reported questions rather than rearranging them as in Englsh.

It may further be seen that the citation or quotative marker എന്ന് must always be present in Malayalam and may never be dropped as with 'that' in English.

Malayalam is like English, however, in that it usually changes the pronouns in reported speech to fit the frame of reference of the reporting speaker and listener. Thus if a respected female speaker says എനിക്ക് 'to me', this will be changed to അവർക്ക് 'to her' when her speech is reported; if a speaker says നിങ്ങൾ 'you', it becomes ഞാൻ 'I' in the report; and so on. Witness:

5. അവർക്ക് ഇഷ്ടമില്ലെന്ന് പറഞ്ഞു.
'She said she didn't like it.'

6. ഭർത്താവ് ഞാൻ എവിടെ പോയിയെന്ന് ചോദിക്കില്ലേ?
'Won't my husband ask where I went?'

7. അവരോട് നാളെ വരാമോയെന്ന് ചോദിക്കട്ടെ?
'Shall I ask them if they can come tomorrow?'

8. അയാൾ അതു ചെയ്യാമെന്ന് പറഞ്ഞു.
'He said he would do it.'

9. ചേച്ചിക്ക് അവളെ ഏത് ആശുപത്രിയിൽ കൊണ്ടുപോകണമെന്ന് എനിക്ക് അറിയണം.
'I would like to know which hospital sister wants to take her to.'

Note that reported sentences with എന്ന്, as with all others in Malayalam, omit subjects, objects, and other elements which are clear from the context.

Any indirect quote may be clefted by placing ആണ് after the quotative marker എന്ന് , and making the reporting verb into a past or present verbal noun with '-അത്.' These embedded sentences with എന്ന് are used not only to report what others say, but also for thoughts, feelings, doubts, fears (see 17.2) and for things which one wishes to find out (example 9 above). They are, therefore, a very important aspect of the language to master.

12.3. NORMS OF ADDRESS AND REFERENCE FOR HUSBANDS AND WIVES. It was traditional in Kerala, and throughout much of India, for wives not to speak their husband's name. In the generation of those who are now grandparents, Hindu wives used ചേട്ടൻ both in addressing and referring to their husbands while Christian wives used അച്ചായൻ or the given name plus അച്ചായൻ . The term പിള്ളാരുടെ അച്ചൻ , literally 'the children's father' was also in use, particularly among Christians. Many traditional practices are changing under the impact of mass education and Westernization. Hence, some wives in the former generation, and many in the present one, both call their husbands by name and refer to them by name while talking to others. This is spreading rapidly among the current generation, though the extent varies with community, social class, and even individual family.

Husbands of all communities traditionally referred to their wives by name or by ഭാര്യ 'wife'. Very colloquially, and among or to members of the lower social classes the term പെമ്പിള [പെണ്ണുംപിള്ള] literally 'female child' is used for wife with its corresponding male term ആമ്പിള used for husband as reference terms only. In addressing the wife, the pronoun നീ is traditional and, as this lesson's conversation shows, is still in common use. The feminine form of the familiar vocative particle എടീ literally 'hey, you', was common but is now going out of use. Both നീ and എടീ signify intimacy as well as social inferiority so that opinions vary as to the question of which meaning dominates in the use of these forms from husbands to wives. In any event, there is a growing tendency now to avoid these marked forms and keep to the relative safety of calling one's wife by name.

12.4. VERBAL NOUNS WITH POSTPOSITIONS. When a verbal noun is governed by a postposition, it is subject to the same rules as other nouns in terms of carrying the ending which the postposition requires. Thus when the verbal noun പോകുന്നത് occurs with the postposition മുമ്പ് 'before' in this lesson's conversation, it must carry the dative ending, yielding the phrase പോകുന്നതിനു മുമ്പ് 'before going'. These verbal nouns actually represent sentences which are embedded as what English grammar would call the object of the postposition. Note that the other elements in the embedded sentence are also a part of the postpositional phrase as in:

1. വൈകുന്നേരം ആഫീസിൽ പോകുന്നതിനുമുമ്പു്

   'before going to the office this afternoon'

2. അവരോടു് ചോദിച്ചതിനുശേഷം

   'after having asked them'

Note that either present or past tense verbal nouns may occur in these phrases. Ordinarily the subject of the nominalized verb is included in the postpositional phrase only if it is not clear from context, or if it differs from the subject of the main verb of the sentence. Witness:

3. ചേട്ടൻ ആഫീസിൽനിന്നു് വരുന്നതിനു മുമ്പു് ഞാൻ കറി വക്കട്ടെ.

   'Let me make the curry before my husband comes (home) from the office.'

12.5. THE PERMISSIVE FORM OF THE VERB. The permissive has the same form for all verbs, i.e. the present stem plus ‘-അട്ടെ’. It may be formed by removing -‘ഉന്നു’ from the simple present and replacing it with ‘-അട്ടെ’. Examples appear in this and in succeeding lessons.

The permissive occurs most often with first person subjects, particularly ഞാൻ , and in these cases is usually translated as 'let', 'shall', or 'may'. As may be seen, it is most often a question. Its most common occurrence is that in the last line of Lesson Eight's conversation, ഞാൻ പോകട്ടെ literally 'may I go'. This reflects a rather different convention from that operating in English-speaking cultures, but at the deeper level, both are forms of courtesy. In English, we soften the blow of terminating a conversation by apologetically stating some reason which constrains us reluctantly to leave. The Malayali softens the blow by deferentially requesting the host's permission to go. The outmoded English expression "I take your leave" shows that our politeness mechanisms were once much closer. Malayalam also has a more straightforward means of leavetaking as in ഞാൻ പോകുന്നു 'I am going', which may be used in very informal situations or, especially, when it has been previously been established that you will be leaving.

In other cases the permissive reflects a more genuine request or expression of personal desire. Witness:

1. ഞാൻ ഈ പുസ്തകം എടുക്കട്ടെ 'May I take this book?'
2. അവിടെ ഒരു കടയുണ്ട്. പഴം വാങ്ങിക്കട്ടെ.
   'There's a shop over there; let me buy some bananas.'
3. കുറച്ചുകൂടെ ചായ തരട്ടെ "Shall I give (you) some more tea?'

Note that the first person, which is the subject in the Malayalam construction in all meanings, is the object in the 'let' construction in English. This 'let' meaning is the only one when this form is used with the third person. Witness:

4. അതു പോകട്ടെ. 'let it go', i.e. 'Nevermind.'

5. (അങ്ങനെ) ആകട്ടെ 'Let it be (thus)!'
6. അവൻ ഇവിടെ ഇരിക്കട്ടെ 'Let him stay here.'

The permissive has no negative, and the question form with '-ഓ' is rarely used.

VOCABULARY

നേരത്ത	before, previously, early.
അനുവാദം	permission
വാങ്ങിച്ചിട്ടുണ്ട്	have (you) gotten, taken
ആവശ്യം	need
ആവശ്യമുണ്ട്	have need, to need
അത്യാവശ്യം	a pressing need
മീറ്റിങ്ങ് കഴിഞ്ഞിട്ട്	after the meeting is finished.
സമയം	time
അറിയാൻ പാടില്ല	I do not know, I have no idea
ചോദിച്ചിട്ട് പറയാം	I will ask and let you know.
കഴിഞ്ഞ	last, previous
പോലെ	like, as

പറഞ്ഞതു പോലെ	as you said
ക്ലാർക്കു്	clerk
വായ്പ	loan
ശരിയാക്കുക [Past tense: ശരിയാക്കി]	to fix, to set right, to take care of.
ഫോറം	form
മേടിക്കുക [Past tense: മേടിച്ചു]	to obtain, to get, to buy
പൂരിപ്പിക്കുക [Past tense: പൂരിപ്പിച്ചു]	to fill out, to complete
കാണിക്കുക [Past tense: കാണിച്ചു]	to show
തെറ്റു്	mistakes [noun]
തിരുത്തുക [Past tense: തിരുത്തി]	to correct
കൊണ്ടുതരുക [Past tense: കൊണ്ടുതന്നു]	to bring to someone
പൈസ	Paisa, a hundredth of a Rupee
സ്റ്റാമ്പു്	stamp
ഒട്ടിക്കുക [Past tense: ഒട്ടിച്ചു]	to stick, to paste on
കാപ്പി കുടിക്കുക [Past tense: കാപ്പി കുടിച്ചു]	to have breakfast, snack [literally → to drink coffee]

READING PRACTICE

A. Note how "-ിട്ട്" combines with the following verbs.

പഠിക്കുക	പഠിച്ചിട്ട്	അറിയുക	അറിഞ്ഞിട്ട്
വാങ്ങിക്കുക	വാങ്ങിച്ചിട്ട്	നടക്കുക	നടന്നിട്ട്
കിട്ടുക	കിട്ടിയിട്ട്	ഇരിക്കുക	ഇരുന്നിട്ട്
നോക്കുക	നോക്കിയിട്ട്	കേൾക്കുക	കേട്ടിട്ട്
എടുക്കുക	എടുത്തിട്ട്	കാണുക	കണ്ടിട്ട്
കൊടുക്കുക	കൊടുത്തിട്ട്	പോകുക	പോയിട്ട്
പറയുക	പറഞ്ഞിട്ട്	വരുക	വന്നിട്ട്

B. Note how "-ിട്ടുണ്ട്" joins to these verbs.

പഠിച്ചിട്ടുണ്ട്
വാങ്ങിച്ചിട്ടുണ്ട്
കിട്ടിയിട്ടുണ്ട്
നോക്കിയിട്ടുണ്ട്
എടുത്തിട്ടുണ്ട്
കൊടുത്തിട്ടുണ്ട്
പറഞ്ഞിട്ടുണ്ട്
അറിഞ്ഞിട്ടുണ്ട്
നടന്നിട്ടുണ്ട്
ഇരുന്നിട്ടുണ്ട്
കേട്ടിട്ടുണ്ട്

കണ്ടിട്ടുണ്ട്
പോയിട്ടുണ്ട്
വന്നിട്ടുണ്ട്

CONVERSATION

മാധവൻ: മേനോൻ സാറിനെ ഒന്നു കാണണം.

ക്ലാർക്ക്: സാറിനെ കാണാൻ നിങ്ങൾ നേരത്തെ അനുവാദം വാങ്ങിച്ചിട്ടുണ്ടോ?

മാധവൻ: ഇല്ല. പക്ഷെ ഒരു അത്യാവശ്യ കാര്യത്തിന് സാറിനെ കാണാനാണ് ഞാൻ വന്നത്.

ക്ലാർക്ക്: സാറ് ഇപ്പോൾ ഒരു മീറ്റിങ്ങിലാണ്. മീറ്റിങ്ങ് കഴിഞ്ഞിട്ട് സാറിന് സമയമുണ്ടോയെന്ന് അറിയാൻ പാടില്ല. സാറിനോട് ചോദിച്ചിട്ട് ഞാൻ പറയാം.

——— കുറച്ചു കഴിഞ്ഞിട്ട് ———

ക്ലാർക്ക്: ശരി. നിങ്ങൾക്ക് സാറിനെ ഇപ്പോൾ കാണാം.

മാധവൻ: നമസ്കാരം സാർ. കഴിഞ്ഞ ആഴ്ച സാർ പറഞ്ഞതു പോലെ, ആയിര രൂപ വായ്പ വാങ്ങിക്കുവാൻ ഞാൻ വന്നതാണ്.

മേനോൻസാർ: അതിന്റെ കാര്യമെല്ലാം ഞാൻ ശരിയാക്കി. നിങ്ങൾ ക്ലാർക്കിന്റെ കൈയ്യിൽ നിന്നും വായ്പയുടെ ഫോറം മേടിച്ചിട്ട് പൂരിപ്പിക്കണം.

അതു് പൂരിപ്പിച്ചിട്ടു് നിങ്ങൾ ക്ലാർക്കിനെ കാണിക്കൂ. അയാൾ തെറ്റുകൾ തിരുത്തിയിട്ടു് എനിക്കു് കൊണ്ടു തരും. അപ്പോൾ ഞാൻ അയാളോടു് നിങ്ങൾക്കു് പണം തരാൻ പറയാം.

മാധവൻ: ശരി സാർ. ഞാൻ ക്ലാർക്കിനെ പോയി കാണട്ടെ.

മേനോൻസാർ: വേറൊരു കാര്യം. ആ ഫോറത്തിൽ ഇരുപതു് പൈസ സ്റ്റാമ്പു് ഒട്ടിക്കണം. അതു് ഒട്ടിച്ചിട്ടു് ക്ലാർക്കിന്റെ കൈയ്യിൽ ഫോറം കൊടുക്കണം.

മാധവൻ: എന്നാൽ അങ്ങനെ ആകട്ടെ, സാർ.

EXERCISES

1. A. Repeat after the teacher, counting by tens from ten to one hundred.

   B. The teacher will assign specific decades. Practice counting, using all the numbers up to the following decade (say from 30-40, for example), so that you can recite them fluently when called on. Use the list of numbers in the reference list at the beginning of Lesson Seven for help. Keep in mind that final "റ" is single in the names of the decades, thus a voiced fricative sound, but doubled "റ്റ" when the integers are added, thus becoming a voiceless stop sound.

2. A. Give the Malayalam for the following numbers.

   25 38 53 21
   33 44 99 87
   75 66 35 59

   B. The teacher will call on individual students. Each student, in turn, calls on another student, giving him two numbers between twenty and one hundred, hopefully not too far apart. The designated student must then count from the lower to higher number, with no mistakes or omissions. Note, if a higher number is given followed by a lower number, the designated student must count backwards.

3. Make the pairs of sentences in each item below into a single complex sentence using "-ിട്ട്" Note that this will require dropping of the connecting word at the beginning of the second sentence.

   1. ഞാൻ വീട്ടിൽ വന്നു. പിന്നെ ദോശ കഴിച്ചു.
   2. നീ മലയാളം നല്ലപോലെ പഠിക്കൂ. പിന്നെ ഇംഗ്ലീഷ് പഠിക്കണം.
   3. സാറിനെ കാണാം. അപ്പോൾ ചോദിക്കാം.
   4. അയാൾ തെറ്റ് തിരുത്തി. പിന്നെ എന്റെ മേശയിൽ വച്ചു.
   5. നിങ്ങൾ ഇരിക്കണം. പിന്നെ ഈ ജോലി ചെയ്യണം.

6. ഞങ്ങൾ പോകാം. പിന്നെ വരാം.

7. ചന്തയിൽ പോകൂ. അവിടെ നോക്കൂ.

8. അമ്മയോടു് പണം വാങ്ങിക്കൂ. പിന്നെ
തുണി വാങ്ങിക്കാൻ പോകൂ.

9. ഗീത പുതിയ സാരി ഉടുത്തു.
പിന്നെ ഇവിടെ വന്നു.

10. കുറച്ചു സമയം കഴിയട്ടെ. പിന്നെ
അവരെ വിളിക്കാം.

4. Read the following making sure you understand the meaning, then practice orally by repeating after the teacher.

1. ഗീതയെ കണ്ടിട്ട് എനിക്ക് വീട്ടിൽ പോകണം.
2. നിങ്ങൾക്ക് കുറച്ചുകഴിഞ്ഞിട്ട് സാറിനെ കാണാം.
3. കമല പത്തുമണിക്ക് വീട്ടിൽ നിന്ന് ചന്തക്ക് പോയി
4. എടാ കൃഷ്ണാ! നീ കാപ്പി കുടിച്ചിട്ട് അമ്പലത്തിൽ പോകൂ.
5. എനിക്ക് കുറച്ച് പണത്തിന്റെ ആവശ്യമുണ്ട്. സാറ് എനിക്ക് അയ്യായിരം രൂപ വായ്പ തരാമോ?
6. കമലേ! രാമൻ എവിടെ പോയെന്ന് അറിയാമോ?

   അറിയാൻ പാടില്ല. അമ്മയോട് ചോദിച്ചിട്ട് പറയാം
7. മേനോൻ സാറിനോട് അനുവാദം വാങ്ങിച്ചിട്ട് വരാം.
8. നിങ്ങൾ പറഞ്ഞതു പോലെ ഞാൻ ആ ഫോറം പൂരിപ്പിച്ചിട്ട് ക്ലാർക്കിന്റെ കൈയ്യിൽ കൊടുത്തു.

9. രാമൻ ഈ കാറ് ഇതിന് മുമ്പ് ശരിയാക്കിയിട്ടുണ്ട്.

10. എനിക്ക് അവിടെ നിന്ന് ഒരു സ്റ്റാമ്പ് മേടിച്ചു കൊണ്ടുത്തരാമോ?

11. മാധവാ! നിങ്ങൾ ആ ഫോറം തിരുത്തി കൊണ്ടുവരൂ. ഞാൻ അത് സാറിനെ കാണിച്ചിട്ട് വരാം.

5. **Match the appropriate translation from B. with the Malayalam sentences in A. below.**

A.

1. ഞാൻ ഈ കടയിൽ പോയിട്ട് നോക്കാം.
2. അവൻ എന്നോട് ചോദിച്ചിട്ട് പുസ്തകം എടുത്തു.
3. നമുക്ക് ബസ്സിൽ ഇരുന്നിട്ട് ടിക്കറ്റ് വാങ്ങിക്കാം.
4. ഞങ്ങൾ കാപ്പി കുടിച്ചിട്ട് പോകാം.
5. ആ സിനിമ കണ്ടിട്ടുണ്ടോ?
6. അത് പറഞ്ഞിട്ട് അവർ വീട്ടിൽ പോയി.

7. നിന്നു കഴിക്കണ്ട, ഇരുന്നു കഴിക്കണം. കേട്ടോ!

8. രണ്ടു കിലോ ഇറച്ചി വാങ്ങിച്ചുകൊണ്ടുവാ.

9. സാർ ആ കാര്യം കേട്ടിട്ട് എല്ലാം ശരിയാക്കി.

10. ഞാൻ ദോശ ഉണ്ടാക്കിയിട്ട് നിങ്ങൾക്കെല്ലാർക്കും തരാം.

B.

1. When the gentleman heard of the matter, he fixed everything.
2. He asked me before taking the book.
3. I can make dosas for all of you.
4. Let's buy the tickets after we get on the bus.
5. Don't eat standing up. Sit down to eat, hear!
6. Have you seen that movie?
7. I'll go into this shop and look.
8. We'll go after we've had coffee.
9. Get two kilos of meat from the market.
10. They went home after they said this.

6. **Prepare written Malayalam responses to the following.**

1. ഇതിന് ആരുടെ അനുവാദം വാങ്ങിക്കണം?
2. കാപ്പി കുടിച്ചിട്ട് പള്ളിയിൽ പോകുന്നോ?
3. മലയാളം പഠിച്ചിട്ടുണ്ടോ?
4. ഈ ഫോറം പൂരിപ്പിച്ചിട്ട് ക്ലാർക്കിന്റെ കൈയ്യിൽ കൊടുക്കണോ?
5. രാജന്റെയും കമലയുടെയും കാര്യം കേട്ടിട്ടുണ്ടോ?
6. നീ ആരെയാണ് കാണാൻ വന്നത്?
7. നിന്റെ പുതിയ പുസ്തകം അച്ചനെ കാണിച്ചിട്ട് കൊണ്ടു വരട്ടെ?
8. കാറ് ഇപ്പോൾ ആവശ്യമുണ്ടോ?
9. സാറിന്റെ മീറ്റിങ്ങ് എപ്പോൾ തീരും?
10. കേരളത്തിൽ പോയിട്ടുണ്ടോ?

7. Add "-ിട്ട്" and "-ിട്ടുണ്ട്" to the following past tense forms.

വായിച്ചു
കഴിച്ചു
വച്ചു
കാണിച്ചു
പറ്റി
കിട്ടി
ശരിയാക്കി
ഉടുത്തു
എടുത്തു
കളഞ്ഞു
നടന്നു
ചെയ്തു
തന്നു

GRAMMAR NOTES

13.1. THE PRESENT PERFECT FORM OF THE VERB. The present perfect form of the verb is made up of the conjunctive verbform (participle), plus the perfective marker '-ിട്ട്', plus ഉണ്ട്. Conjunctive verbforms end either in ഇ or in the echo vowel ഉ (see 13.2). Note that when it ends in ഇ, the joining device യ is required before '-ിട്ട്'. In all other cases, the echo vowel drops before '-ിട്ട്' is added. Witness:

1. ക്ലാർക്ക് തെറ്റുകൾ തിരുത്തിയിട്ടുണ്ടോ?

   'Has the clerk corrected the mistakes?'

2. ദോശ കഴിച്ചിട്ടുണ്ടോ?

   'Have you ever eaten dosa?'

Note that the two exceptions which do not take യ are പോയി 'went' and ആയി 'became, which loose their final ഇ before '-ിട്ട്', c.f.

3. അവൻ മദ്രാസിൽ പോയിട്ടുണ്ടോ?

   'Has he ever been to Madras?'

4. ഇറച്ചി ചീത്തയായിട്ടുണ്ട്.

   'The meat has gone bad, is spoiled.'

The present perfect is used somewhat less often in Malayalam than its counterpart in English. It is used to describe a completed event (hence the necessity of the completive marker '-ിട്ട്') in past time, but one whose effects are still significantly in force in the present. Many events which are reported by present perfect verbforms in English, such as 'the taxi has come', 'they have had to study a lot this week', etc.

are reported by simple past tense verbs in Malayalam, viz. ടാക്സി വന്നു, ഈ ആഴ്ച അവർ കൂടുതൽ പഠിക്കണമായിരുന്നു. etc. Malayalam present perfect forms are often not equivalent in meaning to their English counterpart. This is particularly evident with some intransitive verbs as in:

5. തുണിക്കട തുറന്നിട്ടുണ്ട്.
   'The cloth shop is open.'
6. റേഡിയോ ശരിയായിട്ടുണ്ട്.
   'The radio is fixed.'

This usage is also very common with transitive verbs in which case the object of the verb is usually in focus, though the subject can also be included for clarity. Witness:

7. കറി വച്ചിട്ടുണ്ട് 'The curry is made.'
8. ഞാൻ കറി വച്ചിട്ടുണ്ട് 'I've made the curry'
   or 'I've got the curry made.'

The present perfect is also used in 'have you ever ...' and 'have you ... before' sentences. In such questions there is more emphasis on the results flowing from the action than on the fact of having done it. The real intent of example 2, for instance, is whether the person is familiar with what a dosa is, how it tastes, and so on rather than the fact of having eaten one. The importance of the results are also clear in these examples.

9. കസേരകളൊക്കെ ആ മുറിയിൽ വച്ചിട്ടുണ്ട്.
   'The chairs, and everything, have been put into that room'
   (Indian English '... have been kept in that room.')
10. ആ സിനിമ കണ്ടിട്ടുണ്ടോ?
   'Have you seen that movie?'

The negative of the present perfect is made simply by replacing ഉണ്ട് with ഇല്ല . For purposes of a narrative, the focus may be placed on the results of an action at some point in past, rather than present time by replacing ഉണ്ട് with its past form ഉണ്ടായിരുന്നു . Sentences with present perfect verbs may be clefted by placing ആണ് after the desired element and replacing ഉണ്ട് with its present verbal noun ഉള്ളത് . Witness:

11. നിങ്ങൾ എപ്പോഴാണ് എന്നോട്ട് അതു പറഞ്ഞത്?

'When have you told me that?'

Questions containing '-ിട്ടുണ്ട്' verbforms may be answered with the full positive or negative present perfect form of the verb appearing in the question, but are just as frequently answered by the short forms ഉണ്ട് or ഇല്ല .

13.2. THE CONJUNCTIVE VERBFORM (PARTICIPLE). You have already seen in 13.1 above that the conjunctive verbform is used in forming the present perfect and past perfect verbforms. It is also used in the coordinate and subordinate clauses of complex sentences (see 13.3) hence with all these functions, it is very common in the language. It is formed from the past tense in a very straightforward manner. Past forms ending in ഇ show no change. Those ending in the vowel ഉ reduce it to the echo vowel. The perfective marker '-ിട്ട്' always follows a conjunctive verbform in the mind of the speaker of Malayalam, though often omitted in actual use. When '-ിട്ട്' is present, it is joined according to the rules in 13.1.

The two exceptions, പോയി and ആയി, are also treated in 13.1. Further examples of the use of the conjunctive participle appear in 13.3 below.

13.3. THE CONJUNCTIVE VERBFORM IN COMPLEX SENTENCES. It is very common in spoken, as well as written, language to join two sentences together into a single complex sentence. English has different ways of marking the relationship between the sentences joined in this way: 'and', 'before', 'after', and others not relevant here. Malayalam has a single device, the conjunctive verbform (or participle) capable of expressing all three of the relationships just mentioned. Though the language also contains words for 'before' മുമ്പ് and 'after' ശേഷം ,which can be used to show the relationship between such clauses (see 12.4), the commonest means of doing so is with the conjunctive participle.

The common element in these three situations is the sequence of time, i.e. that the action of the verb in the first sentence takes place, and is completed, before the action of the verb in the second sentence. When joined into a complex sentence, the verb of the first sentence appears in the conjunctive form, with the perfective marker '–ിട്ട്' understood if not stated, and the verb of the former second sentence appears in the normal verb slot at the end of the sentence and carries the verb endings indicating tense, etc. This suggests that the second verb is the main verb and that the conjunctive verbform is somehow subsidiary, but this is often not the case. In many instances, the two sentences being joined are of equal importance, and the use of the conjunctive participle as a linking device simply shows that the two actions happen in sequence rather than simultaneously. The resulting complex sentences are equivalent to English compound sentences joined by 'and', and the endings denoting tense, mood, etc. on the second verb also apply to the first. Note that in the compound sentences, both verbs must have the same subject. This often results in the verbs from the two sentences occurring immediately after one another in the complex sentence. Witness:

1. പോയിട്ടു നോക്കൂ. 'Go and see.'
2. ഞാൻ സാറിനോട്ട് ചോദിച്ചിട്ടു പറയാം.
'I will ask the boss and let you know.'
3. അവിടെ ഇരുന്നിട്ട് ഫോറം പൂരിപ്പിക്കട്ടെ.
"May I sit over there and fill out the form?'

You will find some examples where Malayalam expresses something in terms of two serial actions but which your English sense leads you to view as a single action. When our language uses a single word to represent a complex set of actions, we tend to regard it as a unitary whole, ignoring its constituent parts. Thus the final sentence of Conversation Twelve:

4. എന്നാൽ, ഞാൻ ഉണ്ടാക്കി കൊണ്ടുവരാം.

literally, 'Then I will make and bring (coffee) right away.' would appear most naturally in English as either 'I will make (coffee) right away' or 'I will bring (coffee) right away'. Perhaps the most common instance of this is the standard leavetaking :

5. പോയിട്ടു വരട്ടെ. 'Let me go and (then) come.'

In contrast to the compound sentences, there are many conjoined or complex sentences when one of the two sentences is clearly subordinate to the other from the point of view of meaning. It is in such cases that the linking devices 'before' and 'after' are required in the English equivalents. Note that the complex sentence contains no structural cue as to which of the two sentences is dominant, and which is subordinate in meaning. This can only be deduced from other factors such as one's general knowledge, the specific situation, and sometimes from the meaning of the two sentences. Thus:

6. രവിയെ കണ്ടിട്ട് സിനിമക്ക് പോകാം.

literally 'We'll see Ravi and go to a movie.'

may be rendered either 'we'll go to the movie after we see Ravi', or 'we'll see Ravi before we go to the movie', depending on what has been said previously. See also:

7. എന്നെ കാണിച്ചിട്ട് ക്ലാർക്കിന്റെ കൈയ്യിൽ കൊടുക്കണം.

'You should show it to me before giving it to the clerk.'

8. പള്ളിയിൽ നിന്നു വന്നിട്ട് ഞങ്ങൾ കാപ്പി കുടിക്കും.

'We have coffee after coming (back) from church.'

All manner of endings, positive and negative, may occur on the second verb of the complex sentence. Note that when the second verb carries a negative, this often does not apply to the first (conjunctive) verb, as in:

9. അവൻ പോയിട്ടു വന്നില്ല.

'He left, but he hasn't come (back).'

Even these complex sentences may be clefted by adding ആണ്

after '-ിട്ട്', and making the second verb into a verbal noun. Note that '-ിട്ട്' is required when clefting, and that this structure places strong emphasis on the first of the two sentences.

10. ഞാൻ തെറ്റുകൾ ഉണ്ടോയെന്ന് നോക്കിയിട്ടാണ് അയാളുടെ കൈയ്യിൽ അതു കൊടുത്തതു്.

'I did check for mistakes before I gave it to him.'

It is also possible to add the emphatic '-ഏ ... -ഉള്ളൂ' with a similar, but even more precise meaning as in:

11. തെറ്റുകൾ ഉണ്ടോയെന്ന് നോക്കിയിട്ടേ ഞാൻ അയാളുടെ കൈയ്യിൽ അതു കൊടുത്തുള്ളൂ.

'It was only after correcting the mistakes that I gave it to him.'

13.4. THE INTENSIFYING PREFIX 'അതി-'. The prefix 'അതി-' can be added to some words to intensify their meaning. For example ആവശ്യം 'need', അത്യാവശ്യം 'great, extreme need'. Note that the short ഇ vowel has become യ് before the initial ആ of ആവശ്യം. The item in this lesson's conversation അത്യാവശ്യ 'very, extremely necessary' is the adjective formed by removing the final '-ം' from the noun (see 16.1). There is no way to predict which words will accept 'അതി-', so this information is mainly for your passive rather than active vocabulary. Two other cases are ആഗ്രഹം 'desire' which forms അത്യാഗ്രഹം 'extreme desire, covetousness', and വേദന 'pain' which forms അതിവേദന 'intense pain'. Malayalam, like English, has a number of prefixes and suffixes which are used to form derived nouns.

Some of the more common ones are treated in Lessons Twenty-Two and Twenty-Three.

13.5. THE PAST VERBAL ADJECTIVE. It was shown in 8.2 how adjectives may be formed from simple present tense verbforms by changing the final ഉ to അ. Adjectives may also be made from past tense verbforms. Those ending in ഉ replace ഉ with അ (just as the present forms), while those ending in ഇ require the joining device യ before adding the adjectival ending അ. Witness:

1. കഴിഞ്ഞ ആഴ്ച 'last week'
2. ഇപ്പോൾ വന്ന സാർ 'the gentleman who just came'
3. ആ ദിവസം കിട്ടിയ ബസ്സ് 'the bus (we) got that day'

As the above examples illustrate, these forms sometimes appear as simple adjectives, sometimes as the verbal element of a relative clause.

13.6. EXCEPTIONS TO POSTPOSITIONS REQUIRING ENDINGS. In 8.1 it was shown that the postposition പോലെ 'like' requires the accusative ending on its preceding noun. This holds true for all nouns except for those containing '-അതു്', including verbal nouns, which retain the nominative form. See:

1. അതു പോലെ 'like that' 'like it'
2. ചെറിയതു പോലെ 'like the little one'
3. സാർ പറഞ്ഞതുപോലെ 'as you (respected) said'

One other postposition, കൂടാതെ 'besides', which also requires the accusative form of preceding nouns, behaves similarly with respect to nouns in '-അതു്'. Thus:

4. അതു കൂടാതെ 'besides that', 'besides'

5. പുതിയതു കൂടാതെ 'besides the new one'

6. സാർ പറഞ്ഞതു കൂടാതെ 'besides what you (respected) said'

All other postpositions require case endings on their preceding nouns as described in 12.4.

REFERENCE LIST

Section Titles in Malayalam Newspapers

1. a)	വാർത്തകൾ ചുരുക്കത്തിൽ	News in brief
b)	ഒറ്റ നോട്ടത്തിൽ	
2. a)	വിവാഹവേദി	Wedding Section
b)	വിവാഹിതരായി	
3.	പരസ്യം	Advertisement
6.	യുവരംഗം	Youth Scene
7. a)	വ്യാപാര നിലവാരം	Market Quotations
b)	മാർക്കറ്റ്	
8. a)	നിര്യാതരായി	Obituaries
b)	ചരമങ്ങൾ	
c)	മരണവാർത്ത	
9.	തലസ്ഥാന വാർത്തകൾ	Capitol News
10.	ഇന്നത്തെ ചിന്താവിഷയം	Thought for the day
11.	പുസ്തകാഭിപ്രായം	Book Criticism
12.	ഇന്നത്തെ പരിപാടി	Today's Programme
13. a)	പത്രാധിപക്കുറിപ്പ്	Editorial
b)	മുഖപ്രസംഗം	
14.	കലാരംഗം	Arts Scene
15.	സാഹിത്യവേദി	Literary Section

16. കാലാവസ്ഥ	Weather Report
17. തരാതരം പരസ്യങ്ങൾ	Classified Ads.
വിൽപ്പനക്ക്	For Sale
വീട് വാടകക്ക്	House for rent
വൈവാഹികം	Matrimonial
18. അറിയിപ്പുകൾ	Notices Announcements
19. വായനക്കാരുടെ കത്തുകൾ	Readers' Letters
20. a) കളിരംഗം b) സ്പോർട്സ് രംഗം	Sports scene.
21. a) സിനിമാരംഗം b) താരാപഥം	Films, Film Scene
22. ജില്ലാ വാർത്തകൾ	District News
23. പ്രാദേശിക വാർത്തകൾ	Regional News
24. റേഡിയോ	Radio, timetable of Programmes
25. വാരാന്ത്യപ്പതിപ്പ്	Weekend Special Weekend Supplement Weekend Edition

VOCABULARY

വാർത്ത	News
ചുരുക്കം	Brief
ഒരു	One
നോട്ടം	Look
വിവാഹം	Marriage
വേദി	Stage, Section
വിവാഹിതർ	Married persons
യുവാവു് [Pl. യുവാക്കന്മാർ]	Young man
യുവതി [Pl. യുവതികൾ]	Young woman
രംഗം	Scene
വ്യാപാരം	Business, Trade
നിലവാരം	State, Situation, Standard
നിര്യാണം	Death
മരണം	Death
ഇന്നത്തെ	Today's
ചിന്ത	Thought
വിഷയം	Subject
അഭിപ്രായം	Opinion, Criticism
പരിപാടി	program

പത്രം	Newspaper
പത്രാധിപർ	Editor
കുറിപ്പ്	Note [noun]
മുഖം	face
പ്രസംഗം	Speech
കല	Art
സാഹിത്യം	Literature
തരം	type
തരാതരം	Various
വിൽപന	Sale
വാടക	Rent
അറിവ്	Knowledge
അറിയിക്കുക	To make known
അറിയിപ്പ്	Notice, Announcement
വായന	Reading [Noun]
വായനക്കാർ	Readers
കത്ത്	Letter
കളി	Game
കളിക്കുക [past: കളിച്ചു]	To play

താരം	star
പഥം	path
താരാപഥം	Galaxy
പ്രാദേശിക	Regional
വാരം	Week
അന്ത്യം	End
പതിപ്പ്	Edition.
കാണും	One will find
ഇഷ്ടമുള്ള	which(you) like
പറ്റി	About, Concerning
പറ്റിയുള്ള	Which (are) Concerning
—— ഓ —— ഓ.	—— or ——
വായിച്ചാൽ	if you read
നടക്കുക	to take place to go on

Lesson Fourteen

READING PRACTICE

A. Read through the reference list placing an A beside each of the four section titles containing the word "വാർത്ത."

B. Read through the reference list again, this time placing a B beside each of the two section titles containing the word "വേദി"

C. Read through the reference list once again, this time placing a C beside each of the five section titles containing the word "രംഗം".

CONVERSATION

രാമാ! നീ പത്രം വായിക്കണം. പത്രം വായിച്ചാൽ എല്ലാ വാർത്തയും അറിയാം. പത്രത്തിൽ ജില്ലാവാർത്തയും തലസ്ഥാന വാർത്തയും കാണും. യുവതികൾക്കും യുവാക്കന്മാർക്കും ഇഷ്ടമുള്ള കാര്യങ്ങൾ യുവരംഗത്തിൽ വായിക്കാം. സ്പോർട്സ്‌രംഗത്തിൽ കളികളെ പറ്റിയുള്ള വാർത്തകളുണ്ട്. നിനക്ക് സാഹിത്യത്തെ പറ്റിയോ കലയെ പറ്റിയോ അറിയണമെങ്കിൽ സാഹിത്യവേദിയോ കലാരംഗമോ വായിച്ചാൽ മതി. താരാപഥം വായിച്ചാൽ പുതിയ സിനിമകളെ പറ്റിയും താരങ്ങളെ പറ്റിയും അറിയാം. ഇന്നത്തെ പരിപാടിയിൽ പട്ടണത്തിൽ ഇന്നു നടക്കുന്ന കാര്യങ്ങളെ പറ്റി വായിക്കാം.

പത്രത്തിൽ പരസ്യങ്ങളും ഉണ്ട്. തരാതരം പരസ്യങ്ങളിൽ

വിൽപ്പന പരസ്യങ്ങളും, വൈവാഹിക പരസ്യങ്ങളും കാണും.. എന്താ! ഇപ്പോൾ മനസ്സിലായില്ലേ, പത്രം വായിക്കുന്നത് നല്ലതാണ് എന്ന്. ഇതാ, ഇന്നത്തെ പത്രം. വീട്ടിൽ പോയിട്ട് വായിച്ചു നോക്കൂ!

EXERCISES

1. Use the items below to form answers to questions put by the teacher or by classmates as in the model.

Question: നിങ്ങൾ പത്രത്തിൽ എന്താണ് വായിക്കുന്നത്?

Answer: ഞാൻ ——— ആണ് വായിക്കുന്നത്?

a) തലസ്ഥാനവാർത്തകൾ
b) മാർക്കറ്റ്
c) റേഡിയോ
d) കാലാവസ്ഥ
e) വൈവാഹിക പരസ്യങ്ങൾ
f) കളിരംഗം
g) ഇന്നത്തെ പരിപാടി
h) താരാപഥം
i) പുസ്തകാഭിപ്രായം
j) പരസ്യം

2. Form the plurals of the singular nouns below.

വാർത്ത
പരസ്യം
താരം
കുറിപ്പ്
പരിപാടി
ചരമം
വിഷയം
കല
കഞ്ഞ്
വേദി
കാര്യം
പട്ടി

ആശുപത്രി
ഉണ്ണി
കട
കുട്ടി

3. **Read the following making sure you understand the meaning.**

1. എന്റെ മകനും കമലയും ഇന്നു
വൈകുന്നേരം വിവാഹിതരാകും.

2. രാമന്റെ വീടു് വിൽപ്പനക്കാണെന്ന്
ഇന്നത്തെ പത്രത്തിൽ പരസ്യം ഉണ്ടു്.
നമുക്കു് അതു് വാങ്ങിക്കണോ?
വാങ്ങിക്കാൻ എനിക്കു് ഇഷ്ടമാണ്.
പക്ഷെ, പണം വേണ്ടേ?

3. ഇന്നത്തെ യുവതികൾക്കും
യുവാക്കന്മാർക്കും പത്രത്തിൽ
കലാരംഗം, സാഹിത്യവേദി, കളിരംഗം,
സിനിമാരംഗം എന്നിവ വായിക്കുന്നതു്
ഇഷ്ടമാണ്.

4. തലസ്ഥാന വാർത്തകൾ വായിച്ചാൽ
തിരുവനന്തപുരത്തു് നടക്കുന്ന
കാര്യങ്ങളെല്ലാം അറിയാം.

5. ഇന്നത്തെ പത്രാധിപക്കുറിപ്പു് നിങ്ങൾ
വായിച്ചോ? വളരെ നന്നായിരിക്കുന്നു.
വായിച്ചു നോക്കൂ.

6. റേഡിയോ വാർത്ത എത്ര മണിക്കാണെന്ന് അറിയാമോ?

ഏഴ് മുപ്പത്തിയഞ്ചിന്.

അപ്പോൾ മലയാളം വാർത്തയാണോ ഇംഗ്ലീഷ് വാർത്തയാണോ?

മലയാളം വാർത്ത. ഇംഗ്ലീഷ് വാർത്ത എട്ടു നാൽപതിനാണ്.

7. കേരളത്തിൽ നല്ലതരം പഴങ്ങൾ വാങ്ങിക്കാൻ കിട്ടും.

8. വാരാന്ത്യപതിപ്പ് കാണുന്നില്ല. നീ അതു കണ്ടോ?

ഇല്ല. ഇന്ന് പയ്യൻ കൊണ്ടുവന്നില്ല. കടയിൽ പോയി ഞാൻ വാങ്ങിക്കട്ടെ?

അതു കൊള്ളാം

9. മേനോൻ സാറിന്റെ പുസ്തകത്തിനെപ്പറ്റി എനിക്കു് നല്ല അഭിപ്രായമാണ്.

10. ഇന്നത്തെ വാർത്തകളെല്ലാം ചുരുക്കത്തിൽ എന്നോടു് പറയാമോ?

അതു പറ്റില്ല. എനിക്കു് ഇപ്പോൾ സമയമില്ല.

GRAMMAR NOTES

14.1. THE GENERALIZING PARTICLE ‘-ഉം’ WITH 'ALL' AND OTHER POSITIVE EXPRESSIONS. The use of ‘-ഉം’ in negative expressions is treated in 9.5. Some positive expressions also either require or permit ‘-ഉം’. Most notable of these is the irregular adjective എല്ലാ 'all' which requires ‘-ഉം’ at the end of its noun phrase. When എല്ലാ functions as a pronoun, meaning 'all' or 'everything', then ‘-ഉം’ is joined directly to it, with ‘-ഉം’ being lost in the process. (Note that one of the ways in which എല്ലാ is irregular is that is does not form a noun or pronoun with അത്.) On the other hand, if എല്ലാ functions as an adjective modifying a separate noun in the phrase, then ‘-ഉം’ is joined to the end of the noun, but only after all other endings which the noun may take such as plural marker and/or case endings. Witness:

1. ഞാൻ എല്ലാം കണ്ടു. 'I saw everything.'
2. ഞങ്ങൾ എല്ലാ വലിയ പട്ടണങ്ങളും കണ്ടു.
   'We saw all the large cities.'
3. നിന്റെ എല്ലാ കൂട്ടുകാരെയും എനിക്ക് ഇഷ്ടമാണ്.
   'I like all your friends.'

Note that എല്ലാവരും 'everybody' consists of എല്ലാ plus the human plural marker ‘-വർ’ plus ‘-ഉം’. The use of ‘-ഉം’ in indefinite pronouns will be treated later (see 22.1).

The particle ‘-ഉം’ is also required with words of quantity where it carries a kind of emphatic sense. Lesson Eleven's conversation contains the sentence:

4. അത്രയും രൂപ വെറുതെ കളഞ്ഞല്ലോ.
   'You wasted that much money' literally, ... as much money as that.

5. ഇത്രയും മതിയോ? 'Is this much enough?'

literally, 'is as much as this enough.'

14.2. USES OF PRESENT CONDITIONAL SENTENCES. Conditional sentences consist of two parts, the clause containing the condition, and the clause containing the expected result. When the timeframe of the conditional sentence is future, the verbform is followed by the conjunction '-എങ്കിൽ' 'if'. Witness:

1. അയാൾ കാറു് അയക്കുമെങ്കിൽ ഞാൻ വരാം.

'If he sends the car, I will come.'

Roughly the same meaning is conveyed by a conditional sentence having a present timeframe. Here the 'if' clause must contain the past tense form of the verb followed by the conjunction '-ാൽ'. also meaning 'if'. Witness:

2. അയാൾ കാറു് അയച്ചാൽ ഞാൻ വരാം.

'If he sent the car, I would come.'

Conditionals in the past tense timeframe are covered in 23.2.

Though the present and future 'if' clauses are often interchangeable, there are certain instances where they are not. The present conditional is conventionally the only one used with a few very frequent one-word result clauses including കൊള്ളാം, 'it would be good', or, often, 'it would be better', and മതി, 'it is enough' or often, 'just,' or 'simply'. These deserve special mention as they are used in Malayalam in cases where our English sense would not suggest the use of a conditional at all. Witness:

3. ഞാൻ സാറിന് ഫോറം തരട്ടെ?

'Should I give the form to you (polite)?'

ക്ലാർക്കിന്റെ കൈയ്യിൽ കൊടുത്താൽ മതി.

'Just give it to the clerk.'

4. അപ്പോൾ സാറിന്റെ ആഫീസിൽ ഞാൻ ഇന്നു വരട്ടെ?

'Then, should I come to your office today?'

നാളെ വന്നാൽ കൊള്ളാം. 'Tomorrow would be better .'

14.3. THE 'EITHER ... OR' CONSTRUCTION. 'Either ... or' is handled similarly to the conjunction 'and' (see 3.5). Instead of '-ഉം' , the marker is '-ഓ', and it must be joined to both alternatives cited. Witness:

1. നിങ്ങൾക്കു് വേണ്ടതു് ചായയോ കാപ്പിയോ?

'Do you want tea or coffee?'

Sometimes, instead of juxtaposing two nouns, the alternatives are stated in separate phrases of even clauses. Thus:

2. നിങ്ങൾക്കു് ചായ വേണോ കാപ്പി വേണോ?

'Do you want tea, or do you want coffee?'

3. കേശവനെയാണോ രാജനെയാണോ നിങ്ങൾ പഠിപ്പിച്ചതു്?

'Is it Keshavan, or is it Rajan that you taught?'

Note that '-ഓ', like other conjunctions, is always the final element in the clause or phrase.

14.4. RELATIVE AND DESCRIPTIVE CLAUSES FORMED WITH '-ഉള്ള'

It was already mentioned in 9.1 that Malayalam contains a relatively small number of simple or real adjectives, i.e. those consisting of a single basic word. In the majority of cases, adjectives are made from other types of words by making them into clauses. The function of an adjective is to describe or qualify a noun. When a clause is made into an adjective, its verb must carry the adjective marker '-അ'. This process is described for present tense verbforms, including desideratives, in 8.2, and for past tense verbforms in 13.4.

When the verb of the clause is ഉണ്ട് , or when a phrase or word is to be adjectivized, '-ഉള്ള' is required. This is the present participle of the verb ഉണ്ട് , thus it replaces ഉണ്ട് in those clauses which would have that verb in their independent form. Thus the sentence യുവാക്കന്മാർക്ക് ജോലി ഉണ്ട് 'the young people have jobs' is made into a descriptive clause as:

1. ജോലിയുള്ള യുവാക്കന്മാർ 'young people who have jobs'

Note that the subject, or other word, in the independent version of the clause is deleted since it also appears in the main sentence as the head noun of the noun phrase into which the adjective clause has been incorporated. Such adjective, or descriptive clauses are often called "relative clauses" because they relate to one particular noun within the larger sentence. Note that the relative clause always occurs to the left of its noun in Malayalam, never to the right of it as in English. Sentences whose main verb is ആണ് are made into relative clauses with ആയ , not '-ഉള്ള' see 21.1). In the case of those expressions which may either take ഉണ്ട് or ആണ് , the latter is used more often in the formation of adjective clauses, c.f.

2. എനിക്ക് ഇഷ്ടമുള്ള കറികൾ

'curries (which) I like'

In English, prepositional phrases and words may be made into adjectives without the overt use of a verb or relative pronoun, 'who', 'which' or 'that'. In Malayalam, no relative pronoun is required, but an adjectivized form of the verb, usually -ഉള്ള , must be used. In reality, then, all adjectives which are not simple adjectives in Malayalam are by definition relative clauses.

3. കളികളെപ്പറ്റിയുള്ള വാർത്തകൾ 'news about games'
4. മദ്രാസിൽ നിന്നുള്ള സാരികൾ 'saris from Madras'
5. സന്തോഷമുള്ള വാർത്ത 'a happy (bit of) news'
6. കൊച്ചിയിലേക്കുള്ള റ്റിക്കറ്റു് 'tickets to Cochin'
7. വിൽക്കാനുള്ള പുസ്തകങ്ങൾ 'books to be sold'

As may be seen, a wide variety of phrases and words may be made into adjectives in this way including phrases ending in a post-position, nouns bearing case endings, and infinitives.

14.5. IRREGULAR POSSESSIVE FORMS IN '-ത്തെ'. A few groups of words take the irregular possessive ending '-ത്തെ'. These include one set of time adverbs, one set of place adverbs, and a few nouns ending in '-ം'. Here are some examples:

1. അന്നത്തെ പരിപാടി 'that day's program'
2. അവിടുത്തെ പള്ളികൾ 'the churches there'

literally, 'the churches of that place.'

Note that the final 'എ' of അവിടെ becomes 'ഉ' before '-ത്തെ'.

3. ആദ്യത്തെ കളി 'the first game'

The number of words taking this ending is very small, but some of them are very common. Since there is no way to tell which words require this special ending, they must simply be learned as items. Note that they are all nouns in one way or the other. Even ഇവിടെ is actually ഈ 'this' plus ഇടം 'place with the special colloquial locative ending '-എ' (see 18.1).

REFERENCE LIST

Forms of the Verbal Noun

NOTE: Meanings given here apply only when the verbal nouns appear without postposition.

Case	Present	Past	Meaning
Nominative	പോകുന്നതു്	പോയതു്	going, having gone
Possessive	പോകുന്നതിന്റെ	പോയതിന്റെ	of going, having gone
Dative	പോകുന്നതിന്	പോയതിന്	for, in going, having gone
* Accusative	പോകുന്നതിനെ	പോയതിനെ	—
Addressive	does not	occur	—
Locative	പോകുന്നതിൽ	പോയതിൽ	In going, having gone; to go, to have gone
** Instrumental	പോകുന്നതിനാൽ	പോയതിനാൽ	because of going, having gone

* Occurs only with postpositions: like, than, about, etc.

** The instrumental meaning of by, by means of, applies only to ordinary nouns, not to verbal nouns.

VOCABULARY

ബസ്സ്റ്റാൻഡിലെ	at or of the bus stop
വറുഗീസ്	a name, Malayalam form of George
ആഹാ!	Oh! [an exclamation of surprise]
കേശവൻനായർ	a name [Nair is a surname as well as the name of a prominent Hindu Caste in Kerala]
യാത്ര അയക്കുക [Y]	to see off [someone]
ഈയിടെ	recently
കല്യാണം	marriage
കല്യാണം കഴിക്കുക	to get married
രണ്ടു പേരും [Accusative: രണ്ടു പേരെയും]	both
കയറുക [Past tense: കയറി]	to get on, to get into, to enter

നിൽക്കുക [Past tense: നിന്നു]	to stand, to wait, to stop
സ്ത്രീ	Woman
സന്തോഷം	happiness
(എനിക്ക്) കണ്ടതിൽ വളരെ സന്തോഷം (ആയി)	(I am) happy to see (them)
സംസാരിക്കുക [Past tense: സംസാരിച്ചു]	to Converse
ആഗ്രഹം	desire
(എനിക്ക്) ആഗ്രഹമുണ്ട്	(I) wish to
ഈ സമയത്ത്	At This time
വിട്ടുപോകുക [Past tense: വിട്ടുപോയി]	to leave
വിട്ടുപോയ	Which has left [Verbal Adjective]

മണിക്കൂർ	hour
തോന്നുക [Past tense: തോന്നി]	to think, to feel
ശരിയായിട്ടുള്ള	right [which is correct]
അത് പിന്നെ ആകട്ടെ	[I will] do that later [literally, let it be later]
ബസ്സിനടുത്തേക്ക്	over to the bus

READING PRACTICE

A. Read the past conditional forms of the verbs below.

സംസാരിച്ചു	സംസാരിച്ചാൽ
അയച്ചു	അയച്ചാൽ
കയറി	കയറിയാൽ
തോന്നി	തോന്നിയാൽ
എടുത്തു	എടുത്താൽ
കൊടുത്തു	കൊടുത്താൽ
പറഞ്ഞു	പറഞ്ഞാൽ
നിന്നു	നിന്നാൽ
നടന്നു	നടന്നാൽ
കേട്ടു	കേട്ടാൽ
കണ്ടു	കണ്ടാൽ

B. Read the locative verbal nouns (present tense) of the verbs from A. above.

സംസാരിച്ചതിൽ
അയച്ചതിൽ
കയറിയതിൽ
തോന്നിയതിൽ
എടുത്തതിൽ
കൊടുത്തതിൽ
പറഞ്ഞതിൽ
നിന്നതിൽ
നടന്നതിൽ
കേട്ടതിൽ
കണ്ടതിൽ

C. Read the present and past tense verbal adjectives below.

Present	Past
സംസാരിക്കുന്ന	സംസാരിച്ച
അയക്കുന്ന	അയച്ച
കയറുന്ന	കയറിയ
തോന്നുന്ന	തോന്നിയ
എടുക്കുന്ന	എടുത്ത
കൊടുക്കുന്ന	കൊടുത്ത
പറയുന്ന	പറഞ്ഞ
നിൽക്കുന്ന	നിന്ന
നടക്കുന്ന	നടന്ന
കേൾക്കുന്ന	കേട്ട
കാണുന്ന	കണ്ട

CONVERSATION

ബസ്സ്റ്റാൻഡിലെ ഒരു രംഗം

വറുഗീസു്: ആഹാ! ഇതു് കേശവൻ നായരാണല്ലോ! നിങ്ങൾ ഇവിടെ എന്തു് ചെയ്യുന്നു.

കേശവൻ: ഞാൻ എന്റെ മകനേയും ഭാര്യയേയും കൊച്ചിയിലേക്ക് യാത്ര അയക്കാൻ വന്നതാണ്.

വറുഗീസു്: ഏതു് മകനും ഭാര്യയും? ഈയിടെ കല്യാണം കഴിച്ച മകനും ഭാര്യയുമാണോ. അവരെ രണ്ടു പേരെയും ഞാൻ കണ്ടിട്ടില്ലല്ലോ.

കേശവൻ: അതാ, ആ ബസ്സിൽ ഇപ്പോൾ കയറുന്ന ആൾ എന്റെ മകനാണ്. അവന്റെ പുറകിൽ നിൽക്കുന്ന സ്ത്രീയാണ് അവന്റെ ഭാര്യ.

വറുഗീസു്: അവരെ രണ്ടു പേരെയും കണ്ടതിൽ വളരെ സന്തോഷം. അവരോടു് സംസാരിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ടു്. പക്ഷെ, ഇപ്പോൾ എനിക്ക്

സമയമില്ല. കോട്ടയത്തിന്
പോകാനാണ് ഞാൻ വന്നതു്.
ഈ സമയത്തു് കോട്ടയത്തിന്
ഒരു ബസ്സു് ഉണ്ടെന്നാണ് എന്റെ
അറിവു്.

കേശവൻ: അയ്യോ! ഇപ്പോൾ ഇവിടെ
നിന്നു് വിട്ടുപോയ ആ ബസ്സു്
കോട്ടയത്തിനായിരുന്നു. അടുത്ത
ബസ്സു് മുക്കാൽ മണിക്കൂർ
കഴിഞ്ഞാണെന്നു് തോന്നുന്നു. ആ
ആഫീസിലിരിക്കുന്ന ആളിനോടു്
ചോദിച്ചാൽ ശരിയായിട്ടുള്ള
സമയം അറിയാം.

വറുഗീസു്: അതു് പിന്നെ ആകട്ടെ. ഇപ്പോൾ
എനിക്കു് നിങ്ങളുടെ മകനോടും
ഭാര്യയോടും സംസാരിക്കാമല്ലോ.

കേശവൻ: ശരി, എന്നാൽ നമുക്കു് അവരുടെ
ബസ്സിനടുത്തേക്കു് നടക്കാം.

EXERCISES

1. A. Fill in the blanks with the appropriate form of the verbs in parentheses as in the model.

Model: ഇപ്പോൾ ____ ആൾ ആരാണ്. [വരുക]

ഇപ്പോൾ വരുന്ന ആൾ ആരാണ്.

1. ആ കടയിലേക്ക് ഇപ്പോൾ ____ സ്ത്രീ എന്റെ ഭാര്യയാണ്. [കയറുക]
2. അമ്മയോട് ഇപ്പോൾ ____ ആൾ ചന്തയുടെ മുമ്പിലുള്ള വീട്ടിലാണ് താമസിക്കുന്നത്. [സംസാരിക്കുക]
3. ആ കാപ്പിക്കടയിൽ ജോലി ____ പയ്യന്റെ കൈയ്യിൽ ഇതു കൊടുക്കാമോ? [ചെയ്യുക]
4. ആ മേശയുടെ അടുത്ത് ____ ആൾ ഒരു ഡാക്ടറാണ്. [ഇരിക്കുക]
5. മേനോൻസാറിന്റെ കൈയ്യിൽ നിന്ന് പുസ്തകം ____ ആളിനോട്, ഇങ്ങോട്ട് വരാൻ പറയണം. [മേടിക്കുക]

B. Fill in the blanks with the appropriate form (past verbal adjective) provided as in the model.

Model: ഇപ്പോൾ ____ ആൾ ആരാണ്. [വരുക]

ഇപ്പോൾ വന്ന ആൾ ആരാണ്.

1. അവിടെ ____ ആൾ എന്റെ ചേട്ടനാണ്. [നിൽക്കുക]

2. ആ മേശയിൽ നിന്ന് പുസ്തകം ——— സ്ത്രീയെ നിങ്ങൾക്ക് അറിയാമോ? [എടുക്കുക]
3. നീ ഇന്ന് രാവിലെ ——— പുസ്തകം രാമന്റേതാണ്. [കളയുക]
4. ഇന്ന് നീ ——— സാരി അമ്മ വാങ്ങിച്ചതാണ്. [ഉടുക്കുക]
5. ഞാൻ ——— പേന നിനക്ക് ഇഷ്ടമാണോ? [തരുക].

2. Combine the pairs of sentences using a verbal adjective as in the model.

Model: ഇപ്പോൾ ഒരു സ്ത്രീ വന്നു. അവരെ നീ കണ്ടോ?
ഇപ്പോൾ വന്ന സ്ത്രീയെ നീ കണ്ടോ?

1. ഇന്നലെ ഞാൻ ഒരു കാര്യം പറഞ്ഞു. അത് നീ ശരിയാക്കിയോ?
2. ആ കസേരയിൽ ഒരാൾ ഇരുന്നു. അയാൾ എന്റെ അനുജനാണ്.
3. ഇപ്പോൾ ഒരു ബസ് പോയി. ആ ബസ് കോട്ടയത്തിനാണ്.
4. ചേട്ടനും ചേച്ചിയും ഒരു സിനിമ കണ്ടു. അത് നന്നായിരുന്നോ?
5. ആ ആഫീസിൽ ഒരു ക്ലാർക്ക് ജോലി ചെയ്യുന്നു. അയാൾക്ക് ഈ ഫോറം കൊടുക്കണം.

6. ഒരു സ്ത്രീ ആശുപത്രിയിൽ കയറുന്നു. അവർ എന്റെ ചേച്ചിയാണ്.
7. സാർ ഒരു പുസ്തകം വായിക്കുന്നു. അത് എന്റേതാണ്.
8. ഒരു സ്ത്രീ ഇന്ന് സാറിനെ കാണാൻ വന്നു. അവരെ നിങ്ങൾ കണ്ടോ?
9. ഇൻഡ്യയുടെ വടക്കു ഭാഗത്ത് ഒരു പർവ്വതം സ്ഥിതി ചെയ്യുന്നു. അതിന്റെ പേരെന്താണ്?
10. അതാ ഒരു സ്ത്രീ ആ കടയിൽ നിന്ന് തുണി വാങ്ങിക്കുന്നു. അവർ എന്റെ ടീച്ചറാണ്.

3. Transpose the following sentences as in the model

Model: ഇപ്പോൾ വരാമെങ്കിൽ സാറിനെ കാണാം.
ഇപ്പോൾ വന്നാൽ സാറിനെ കാണാം.

1. അവിടെ നിൽക്കുമെങ്കിൽ ബസ്സ് കിട്ടും.
2. അവരെ വീട്ടിൽ കൊണ്ടുവരുമെങ്കിൽ അമ്മക്ക് സന്തോഷമാകും
3. ജെയിംസിനോട്ട് ചോദിക്കുമെങ്കിൽ ആ കാര്യം അറിയാം.
4. കുറച്ചു സമയം ഇരിക്കാമെങ്കിൽ സാറിനെ കാണാം.
5. പള്ളിയിൽ പോകാമെങ്കിൽ അച്ചനെ കാണാം.

6. കന്യാകുമാരിയിൽ നിന്ന് നോക്കുമെങ്കിൽ രണ്ടു കടൽ കാണാം
7. നിന്റെ ബ്ലൗസ് അവൾക്ക് ചേരുമെങ്കിൽ കൊള്ളാം.
8. ഇറച്ചി തീർന്നു പോകുമെങ്കിൽ ഞാൻ ചന്തയിൽ പോയി വാങ്ങിച്ചു കൊണ്ടു വരാം.
9. ട്രെയിനിൽ യാത്ര ചെയ്യുമെങ്കിൽ വളരെ എളുപ്പമാണ്.
10. ഈ മേശ വലിയതായിരുന്നെങ്കിൽ വളരെ നന്നായിരുന്നു.

4. Read the following making sure you understand the meaning, then practice orally by repeating after the teacher.

1. അവരോട് ചോദിച്ചാൽ രമ എവിടെയാണ് താമസിക്കുന്നതെന്ന് അറിയാം.
2. നിങ്ങൾ വീട്ടിൽ വന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷമായി.
3. അവിടെ ഇരിക്കുന്നയാൾ തൃശ്ശൂരിൽ നിന്നാണെന്ന് കേട്ടു.
4. ആ സമയത്ത് അയാൾക്ക് സ്റ്റാമ്പ് മേടിക്കാൻ സമയമില്ലായിരുന്നു.

5. സാർ നേരത്തെ തന്ന ഫോറം
ഞാൻ പൂരിപ്പിച്ചിട്ട് കൊണ്ടുവന്നു.
ഇപ്പോൾ അത് സാറിനെ ഒന്നു
കാണിക്കണം.
6. അനുജത്തിക്ക് ഒരു പുതിയ
പേന ആവശ്യമുണ്ടെന്ന് തോന്നുന്നു.
ഞാൻ ആ കടയിൽ പോയി
വാങ്ങിക്കട്ടെ.
7. അമേരിക്കയിൽ പോകുന്നതിനു
മുമ്പ് രാമനെ ഒന്നു കാണണമെന്ന്
അവൾക്ക് ആഗ്രഹമുണ്ടായിരുന്നു.
8. അവന്റെ പേര് എന്താണെന്ന്
എനിക്ക് അറിയാൻ പാടില്ല.
9. സാർ കേരളത്തിൽ പോയിട്ടുണ്ടെന്ന്
എനിക്ക് തോന്നി. പക്ഷെ, അദ്ദേഹം
പോയിട്ടില്ലെന്ന് പറഞ്ഞു.
10. നീ പറഞ്ഞത് അവർക്ക്
ഇഷ്ടമായില്ലെന്ന് എനിക്ക് തോന്നുന്നു.
നിനക്കും അങ്ങനെ തോന്നിയോ?
എനിക്ക് അങ്ങനെ തോന്നിയില്ലല്ലോ.

5. Translate into Malayalam.

    1. Who is the woman who made coffee?
    2. I think Mr. Menon will come to the office tomorrow.
    3. May I take that book which you got previously?
    4. Do they both know that older sister won't be coming?
    5. I wish to tell him what you said.
    6. I am very happy to know that.
    7. "Did you see what's going on in the street?" "No, I didn't; let me go look."
    8. "What price did you tell him for the chair?" "I said that we needed one hundred rupees for it, but I felt that he didn't have that much money on him." "I felt that way, too."

6. Prepare written Malayalam responses at home to the following.

1. ഇന്ന് വൈകുന്നേരം വാങ്ങിച്ച പത്രം കാണുന്നില്ല. എവിടെ പോയെന്ന് അറിയാമോ?
2. ആ ബസ്സിനടുത്ത് നിൽക്കുന്നയാൾ ആരാണ്?
3. നിങ്ങൾക്ക് എന്റെ മകനോട്ട് സംസാരിക്കണമോ?
4. നിങ്ങൾ ഭാര്യയെ എവിടെയാണ് അയച്ചത്?
5. അവർ കല്യാണം കഴിച്ചോ?
6. വറുഗീസും മേനോനും ഏത് ഹോട്ടലിലാണ് കയറിയത്?
7. ഇന്നത്തെ പരിപാടി വായിച്ചോ?

8. നിങ്ങൾക്കു് ഇപ്പോൾ ഇതിനു് സമയമുണ്ടോ ?

9. നീ ആ സാറിന്റെ അനുവാദം വാങ്ങിച്ചിട്ടു് എന്തു ചെയ്തു ?

10. ഇപ്പോൾ ഇവിടെ നിന്നു് വിട്ടുപോയ ബസു് എവിടേക്കായിരുന്നു

7. Using the reference list at the beginning of this lesson as a guide, write out full sets of caseforms of the verbal nouns formed from the infinitives below.

അയക്കുക

എടുക്കുക

കാണുക

GRAMMAR NOTES

15.1. CLEFT SENTENCES WITH NON-EMPHATIC ORDER. In 5.4 it was shown how the normal order of a sentence may be rearranged to emphasize, focus, or foreground a particular element in it by placing the copula ആണ് immediately after it. Section 11.2 showed how the same mechanism operates in sentences containing normal verbs through the process of clefting. In such cases, the main verb is made into a noun by adding അത്, and the copula is placed after the element of the sentence to be emphasized, or brought into focus. This emphatic order always finds ആണ് somewhere in the middle of the sentence, and the verbal noun at the end. Witness:

1. ഞാൻ കൊച്ചിക്ക് പോകാനാണ് വന്നത്.

'I (really) came in order to go to Cochin.'

This lessons conversation contains an example of what might be called unemphatic order where the copula appears at the very end of the sentence, after the verbal noun as in:

2. ഞാൻ എന്റെ മകനെയും ഭാര്യയെയും കൊച്ചി-
യിലേക്ക് യാത്ര അയക്കാൻ വന്നതാണ്

'I came to see my son and (his) wife off to Cochin.'

Cleft sentences with this order are neutral with respect to emphasis and focus, and are often more or less equivalent to their uncleft counterpart in tone and meaning. Their use, however, may act as a kind of softener imparting a tone of offhandedness or apology to the utterance. Witness:

2. ഞാൻ അവരോട്ട് സംസാരിക്കാൻ പോയതാണ്.

'I just went to talk with them.'

Examples of this usage are found in Lesson Nineteen's conversation.

15.2. THE DISCONTINUOUS ‘-ഉം’ REQUIRED WITH 'BOTH'. The vocabulary of Lesson Nine gave the item രണ്ടും as 'both'. You can easily see that it is composed of രണ്ട് 'two' plus ‘-ഉം’. As a unit, രണ്ടും functions as a noun, but when it is an adjective in a noun phrase, the ‘-ഉം’ separates and attaches to the end of the noun being modified. This works the same as the ‘-ഉം’ which is required with the adjective എല്ലാ 'all' (see 14.1). Here, too, the ‘-ഉം’ must go at the very end of the phrase, after any markers of pluralness or case role which the noun may carry. Witness:

1. രണ്ടു കുട്ടികളും കളിക്കുന്നു.

'Both the children are playing.'

2. അവർ രണ്ടു പേർക്കും കുറച്ചു കാപ്പി കൂടി വേണം.

'Both of them want some more coffee.'

Note that using രണ്ട് as an adjective in a noun phrase without the ‘-ഉം’ has the meaning of 'two' as in:

3. രണ്ടു കുട്ടികളുണ്ട്. 'There are two children.'

15.3. THE VERBAL ADJECTIVE IN RELATIVE CLAUSES. Making verbal adjectives from present tense verbforms was described in 8.2, and from past tense verbforms in 13.5. These are only used in relative clauses which function as adjectives and give a more detailed description of the nouns which follow them. Several examples of their usage appear in this lesson's conversation. Note that whereas such relatives always follow the noun in English and are accompanied by a relative pronoun (who, which, or that), they precede the noun in Malayalam and have no relative pronoun. Witness:

1. ആ ബസ്സിൽ കയറുന്നയാൾ

'the man getting into the bus.'

2. അവന്റെ പുറകിൽ നിൽക്കുന്ന സ്ത്രീ

'the woman (who is) standing behind him.'

3. നീ ഇന്നലെ ചോദിച്ച കാര്യം

'the matter (which) you asked (about) yesterday'

4. നിനക്ക് ഇന്നലെ കിട്ടിയ പത്രം

'the newspaper (that) you got yesterday'

Note that the noun which is described by such a relative clause may serve any role within the sentence, carrying the ending appropriate to that role. For example:

5. അവിടെ ഇരിക്കുന്ന സാറിനോട് ചോദിക്കൂ.

'Ask the gentleman (who is) sitting over there.'

6. നീ പരീക്ഷ എഴുതിയ ദിവസം അവൻ വന്നു.

'He came the day that you wrote your exam.'

15.4. INDIRECT EXPRESSIONS OF PLEASURE AND DESIRE. Pleasure in Malayalam in expressed by സന്തോഷം plus some form of ഉണ്ട് or ആണ്. All expressions are indirect, i.e. take a dative subject. The cause of the pleasure is always expressed by an embedded sentence, or a noun with a locative ending. Thus:

1. അതിൽ എനിക്ക് സന്തോഷമുണ്ട്.

'I am very pleased, happy about that.'

2. അവരെ കണ്ടതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.

'I am very happy to see them.'

Note that when the cause of happiness is given in an embedded sentence, its verb is generally made into a noun with a locative ending. In the majority of cases you will find this to be a past verbal noun, since the cause of the happiness is assumed to precede the emotion itself. These expressions may take either ഉണ്ട് or ആയി, with approximately the same meaning. Thus another version of Example 2 would be:

3. അവരെ കണ്ടതിൽ എനിക്ക് വളരെ സന്തോഷമായി.

'I am very happy, pleased to see them.'

Such expressions are put into the past by changing the main verb to ഉണ്ടായിരുന്നു or ആയിരുന്നു.

A present verbal noun will be used instead when the timeframe of the expression is future. Note, however, that futurity will not be shown in the main verb. Witness:

4. അവരെ കാണുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്.

'I will be very happy to see them.'

Finally, when the same expression is used with ആണ് as the main verb instead of ഉണ്ട് (also very common), then the verb of the embedded sentence expressing the cause of happiness may be an infinitive. Thus:

5. അവരെ കാണാൻ എനിക്ക് സന്തോഷമാണ്.

'I am very happy to see them.'

This may be put into the past by changing ആണ് to ആയിരുന്നു.

Desires are expressed in Malayalam by the desiderative verbform form with a dative subject (see 8.4). They may also be expressed by the noun ആഗ്രഹം 'desire' plus ഉണ്ട്, again in an indirect or dative subject construction. In such cases, the action you want to perform is expressed by the infinitive or gerund. Witness:

6. എനിക്ക് അവരോട് സംസാരിക്കണം.

'I want to talk with them.' (desiderative) or:

7. എനിക്ക് അവരോട് സംസാരിക്കാൻ ആഗ്രഹമുണ്ട്.

'I want to talk with them.' (embedded desire in carrier sentence)

It is even possible to make a kind of "double desire" statement by embedding a desiderative verbform within a carrier sentence. Note that here the quotative marker എന്നു് is required, c.f.

8. എനിക്കു് അവരോടു് സംസാരിക്കണമെന്നു് ആഗ്രഹമുണ്ടു്.

'I want to talk with them.'

15.5. THE INDIRECT VERB തോന്നുക. 'Think' in the sense of 'to hold an opinion' is usually expressed by the verb തോന്നുക. In such uses, it always takes a dative subject, and the opinion, idea, or feeling held appears in the form of an indirect quote which takes the quotative marker എന്നു്, roughly corresponding to the English 'that'. Witness:

1. അടുത്ത ബസ്സു് അഞ്ചു മണിക്കാണെന്നു തോന്നുന്നു.

'I think the next bus is at five o'clock.'

The dative subject is often omitted when it is clear from context.

Past thoughts are reported with തോന്നി, the past of തോന്നുക. There is a general rule with indirect quotes that the original verb tense in the thought, quote, desire, etc. is kept unchanged no matter whether the report is couched in terms of the past, present, or future. It is only in English that the tense changes. See for example:

2. അച്ഛൻ വരുമെന്നു് എനിക്കു തോന്നി.

'I thought that father would come.'

3. നിങ്ങൾക്കു് എന്നെ കാണണമെന്നു് അവർക്കു തോന്നി.

'They thought you wanted to see me.'

4. അനിയത്തി പോയെന്നു് എനിക്കു തോന്നി.

'I thought little sister had gone.'

Note that these reports are indirect only in the sense that the pronouns are changed to fit the perspective of the present reporter and listener.

In connected dialogue, indirect quotes are not generally repeated. Unlike other direct objects of verbs, however, they may not be completely omitted either. In sentences with തോന്നുക the adverb അങ്ങനെ 'that way', 'like that' is usually used to stand for a quote or thought which has already been stated. This is sometimes transferred into Indian English in sentences such as 'don't say like that', translating അങ്ങനെ പറയരുത്. Witness:

5. A. അവരുടെ കൈയ്യിൽ പണമുണ്ടെന്ന് എനിക്ക് തോന്നി.

'I thought they had money on them.'

B. എനിക്ക് അങ്ങനെ തോന്നിയില്ല. 'I didn't think so.'

6. അങ്ങനെ തോന്നുന്നെങ്കിൽ സാറിനോട് ചോദിച്ചാൽ കൊള്ളാം.

'If you think that, it would be good to ask the boss.'

Note that തോന്നുക may also be used in the sense of 'to occur to' in which case it can take a regular pronoun as its object. (Object in these cases means the logical object, for the thought which you hold or the idea that occurs to you is grammatically the subject of the Malayalam sentence). Witness:

7. എനിക്ക് ഒരു കാര്യം തോന്നി.

'Something occurred to me.'

8. അത് എനിക്കും തോന്നി. 'that occurred to me, too.'

The verb തോന്നുക is also used, still in an indirect construction, to express physical feelings of hunger, thirst, heat, and cold (see 21.3) The idea of 'think' in the sense of 'to go through the process of mulling something over' requires a separate verb വിചാരിക്കുക. It takes a direct construction, i.e. a nominative rather than dative subject, and has its object represented in connected conversation by അതു് . It is also used in the sense of 'to be thinking of, planning to' with embedded sentences taking . Witness:

9. ഞാൻ അമ്മക്കു് ഒരു എഴുത്തു് എഴുതണമെന്നു വിചാരിക്കുന്നു.

'I am thinking of writing mother a letter.'

15.6. INFLECTED FORMS OF THE VERBAL NOUN. This lesson's Reference List shows the full roster of case endings which a verbal noun may take. Like other nouns, these inflected forms of the verbal noun have two basic functions: to indicate the relationship of that item to the other elements in the sentence, and to meet the requirements of postpositions. These verbal nouns always represent potentially separate sentences which are brought in to play some secondary role within the main sentence. As such, the verbal nouns have their own subject which may be the same as, or different from the subject of the main verb of the sentence. These nominalized verbs also frequently have other elements relating to their original sentence--direct and indirect objects, and adverbs of all kinds. Just how much of the full sentence comes along with the verbal noun depends, as it does with every sentence in Malayalam, main or embedded, on just how much is previously stated, or implicit in the context, and how much is required therefore for the sake of clarity. Witness:

1. അവൾക്കു് അതു കൊടുക്കുന്നതിനു മുമ്പു് നീ എന്നോടു ചോദിക്കണമായിരുന്നു.

'You should have asked me before giving her that.'

Note that verbal nouns in the accusative form occur only as objects of a postposition. They can never occur as the direct object of a verb since only animate nouns require the accusative ending in the role of direct object, and verbal nouns are by definition inanimate. Note also that the dative form in certain cases is interchangeable with the infinitive. Witness:

2. കുടിക്കുന്നതിനു എന്തു വേണം? or കുടിക്കാൻ എന്തു വേണം?

'What do you want to drink?'

The instrumental form of the verbal noun has a single and special function. It means only 'because', and is never used in the senses in which regular nouns in the instrumental are, i.e. in the sense of 'by means of' (see 16.6) or to express the active subject in the passive constructions formed with പെടുക (see see 20.5). Witness:

3. ഞാൻ ആ ജോലി ചെയ്തതിനാൽ എനിക്കു കുറച്ചു പണം കിട്ടി.

'Because of doing that work, I received some money.'

No postposition requires the instrumental, so that verbal nouns cannot occur in this usage.

VOCABULARY

മിക്കവാറും	nearly, almost
എല്ലാവരും	everyone [full form of എല്ലാരും]
എന്നും	daily
പല	various [adj] [Noun is പലത്]
ദിനം	day
ദിനപ്പത്രം	daily news paper
കേരള കൗമുദി	a Malayalam newspaper [literally, Kerala Moonlight]
മലയാള മനോരമ	a Malayalam newspaper [മനോരമ - mind's delight]
മാതൃഭൂമി	a Malayalam newspaper [literally, Mother land]
അവിടുത്തെ	of that place [genitive of അവിടെ]
ഇവിടുത്തെ	of this place [genitive of ഇവിടെ]
അച്ചടിക്കുക [Past tense: അച്ചടിച്ചു]	to print
അച്ചടിച്ചുവരും	will be, is printed

സാധാരണ	Ordinary, Common, Usual [Adjective]
സാധാരണയായി	Ordinarily, Commonly, Usually [Adverb]
അന്തരാഷ്ട്രീയ	international
ആദ്യത്തെ	first
ലോകം	World
ഏതു —— ഉം	every
കോൺ	Corner
സംഭവം	event
ഭാഷ	language
രാഷ്ട്രപതി	president
തർജ്ജമ	translation
തർജ്ജമ ചെയ്യുക [past tense: തർജ്ജമ ചെയ്തു]	to translate
എഴുതുക [past tense: എഴുതി]	to write
എഴുതി വരും	is, will be written
ഇൻഡ്യ	India
സംസ്ഥാനം	state

വിവാഹം കഴിക്കുക [past tense: വിവാഹം കഴിച്ചു]	to marry [same as കല്യാണം കഴിക്കുക]
വിൽക്കുക [past tense: വിറ്റു]	to sell
കേരളീയർ	people of Kerala
— ഏ —— ഉള്ളൂ } — ഏയുള്ളൂ }	Only
ഇൻഡ്യൻ എക്സ്പ്രസ്	"Indian Express," an English language newspaper
പ്രസിദ്ധീകരിക്കുക [past tense: പ്രസിദ്ധീകരിച്ചു]	to publish
പ്രസിദ്ധീകരിക്കപ്പെടുന്നു	is published
മാത്രം	only [occurs with noun]
കൂടാതെ	besides
ഹിന്ദു	"Hindu" an English language newspaper
അധികം	a great deal
സ്ഥലം	place
എല്ലാ —— ഉം, എല്ലാം	all

READING PRACTICE

A. Note how the nouns in the left-hand column drop final 'ം' in order to form adjectives in the phrases in the right-hand column.

മലയാളം	മലയാള ഭാഷ
ദിനം	ദിനപ്പത്രം
വിവാഹം	വിവാഹവേദി
പഴം	പഴക്കട
തലസ്ഥാനം	തലസ്ഥാനവാർത്ത
പണം	പണക്കാര്യം
ദൂരം	ദൂരസ്ഥലം

B. Note the various changes, including in some verbforms, when -ഏയുള്ളൂ is added to these sentences.

1. അവർ ഇന്നു വരും. അവർ ഇന്നേ വരുകയുള്ളൂ.
2. ഞാൻ നിനക്ക് തരാം. ഞാൻ നിനക്കേ തരുകയുള്ളൂ.
3. ജെയിംസ് നടക്കുന്നു. ജെയിംസേ നടക്കുന്നുള്ളൂ.
4. ഞാൻ നോക്കി. ഞാൻ നോക്കിയേയുള്ളൂ.
5. നീ അവളെ കാണണം. നീ അവളെ മാത്രമേ കാണാവുള്ളൂ.
6. ഈ കസേരയിൽ ഇരിക്കൂ. ഈ കസേരയിലേ ഇരിക്കാവുള്ളൂ.

TEXT

കേരളത്തിൽ മിക്കവാറും എല്ലാവരും എന്നും പത്രം വായിക്കും. അവിടെ പല മലയാള ദിനപ്പത്രങ്ങൾ കിട്ടും. കേരള കൗമുദി, മലയാള മനോരമ, മാതൃഭൂമി എന്നിവയാണ് അവിടുത്തെ മൂന്നു വലിയ പത്രങ്ങൾ.

ഇവയിൽ പലതരം വാർത്തകൾ അച്ചടിച്ചു വരും. സാധാരണയായി അന്തരാഷ്ട്രീയ വാർത്തകളും തലസ്ഥാന വാർത്തകളും ആദ്യത്തെ പേജിൽ കാണും. ലോകത്തെ ഏതു കോണിലും നടക്കുന്ന സംഭവങ്ങളെ പറ്റി മലയാള ഭാഷയിൽ ഈ പത്രങ്ങളിൽ വായിക്കാം. അമേരിക്കയിലെ രാഷ്ട്രപതി എന്തു പറഞ്ഞുവെന്ന് തർജ്ജമ ചെയ്ത് ഇവയിൽ എഴുതി വരും.

ഇൻഡ്യയുടെ ഇരുപത്തിരണ്ട്

സംസ്ഥാനങ്ങളിൽ നിന്നും , കേരള സംസ്ഥാനത്തിലെ പതിനൊന്ന് ജില്ലകളിൽ നിന്നുമുള്ള വാർത്തകൾ ഇവയിൽ കാണും. ഏതു ജില്ലയിൽ ആരു വിവാഹം കഴിച്ചുവെന്നും ആർക്ക് വിവാഹം കഴിക്കണമെന്നും ഇവയിൽ നോക്കിയാൽ അറിയാം. നിങ്ങൾക്ക് എന്തെങ്കിലും വാങ്ങിക്കണമെങ്കിലോ എന്തെങ്കിലും വിൽക്കണമെങ്കിലോ പരസ്യങ്ങൾ വായിച്ചാൽ മതിയാകും. ഇന്ന് ഏതു സിനിമ നടക്കുന്നുവെന്നും ഏതു മീറ്റിങ്ങ് നടക്കുന്നുവെന്നും ഇന്നത്തെ പരിപാടിയിൽ കാണും.

കേരളത്തിൽ മിക്കവാറും പത്രങ്ങൾ രാവിലെ കിട്ടും. സാധാരണയായി കേരളീയർ പത്രം വായിച്ചിട്ടേ ജോലിക്ക് പോകുകയുള്ളൂ. കേരളത്തിൽ

ഇംഗ്ലീഷ് പത്രങ്ങളും വിൽപ്പനക്കുണ്ട്.
പക്ഷെ, അവ രണ്ടോ മൂന്നോ മാത്രമേ ഉള്ളൂ.
ഇൻഡ്യൻ എക്സ്പ്രസ് ഇൻഡ്യയുടെ
പല പട്ടണങ്ങളിൽ നിന്ന്
പ്രസിദ്ധീകരിക്കപ്പെടുന്നു. ഇംഗ്ലീഷ്
പത്രങ്ങളിൽ ഇതു മാത്രമേ
കേരളത്തിൽ നിന്ന്
പ്രസിദ്ധീകരിക്കപ്പെടുന്നുള്ളൂ. കൂടാതെ
മദ്രാസിലെ ഹിന്ദു പത്രവും ഇവിടെ
കിട്ടും.

പത്രങ്ങൾ കൂടാതെ വളരെ
അധികം മലയാള പുസ്തകങ്ങളും
ഇംഗ്ലീഷ് പുസ്തകങ്ങളും കേരളത്തിലെ
എല്ലാ സ്ഥലങ്ങളിലും കിട്ടും.

EXERCISES

1. Join the words in the pairs below as in the model.

Model: കേരളം, പട്ടണങ്ങൾ
കേരളത്തിലെ പട്ടണങ്ങൾ

1) കേരളം, പത്രങ്ങൾ
2) ഇൻഡ്യ, ആളുകൾ
3) അമേരിക്ക, പട്ടണങ്ങൾ
4) കൊച്ചി, വാർത്ത
5) ചന്ത, കടകൾ
6) വീട്, മുറി
7) പള്ളി, അച്ചൻ
8) സ്കൂൾ, ടീച്ചർ
9) സിനിമ, ഒരു രംഗം
10) ആഫീസ്, ക്ലാർക്ക്
11) ആശുപത്രി, ഡാക്ടർമാർ
12) അമേരിക്ക, പശ്ചതം
13) ലോകം, കടലുകൾ

2. Change the phrases below as in the model.

Model: പത്രങ്ങളിലെല്ലാം
എല്ലാ പത്രങ്ങളിലും

1) പട്ടണങ്ങളിൽ നിന്നെല്ലാം
2) കേരളത്തിലെ ജില്ലകളെല്ലാം
3) കോട്ടയത്തെ പള്ളികൾക്കെല്ലാം
4) എന്റെ കൂട്ടുകാരെയെല്ലാം
5) ജില്ലയിലെ അമ്പലങ്ങളെല്ലാം
6) ഇൻഡ്യയിലെ സംസ്ഥാനങ്ങളിലെല്ലാം
7) തിരുവനന്തപുരത്തെ ബസ്സുകളെല്ലാം
8) ലോകത്തെ തലസ്ഥാനങ്ങളിൽ നിന്നെല്ലാം

3. Read the following making sure you understand the meaning.

1) നിങ്ങൾക്ക് എന്താണ് ഇഷ്ടം? ചായയോ കാപ്പിയോ?

എനിക്ക് ചായ മാത്രമേ കുടിക്കാവുള്ളൂ.

2) ഞാൻ അമേരിക്കയെ പറ്റി എഴുതിയതു് കഴിഞ്ഞ ആഴ്ച പത്രത്തിൽ അച്ചടിച്ചു വന്നു.

3) ഈ ഹോട്ടലിൽ നിങ്ങൾക്ക് പലതരം ചമ്മന്തി കഴിക്കാം.

എന്നാൽ ഞാൻ ഒന്നു കയറി നോക്കട്ടെ.

4) അന്താരാഷ്ട്രീയ വാർത്തകൾ ആരാണ് മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നതു്?

എനിക്ക് അറിയാൻ പാടില്ല.

5) സാറിന്റെ മീറ്റിങ്ങ് തീർന്നോ?

തീർന്നില്ല. അഞ്ചു മിനിറ്റ് കഴിഞ്ഞ് തീരണം. അപ്പോൾ നിങ്ങളെ കാണാം.

6) ഈ ചന്തയിലെ കടയിൽ എല്ലാത്തരം സാരികൾ കാണും.

7) കേശവൻ സാർ ഇറച്ചി കഴിക്കുകയില്ല.
അദ്ദേഹത്തിന് ദോശയും കാപ്പിയും ഉണ്ടാക്കിയാൽ കൊള്ളാം.

8) നീ അവിടെ പോയിട്ടു് ആരോടു് സംസാരിച്ചു?
ഞാൻ അവിടെ പോയതു് മാത്രം. സംസാരിച്ചില്ല.

4. Change the sentences below by adding "ഏയുള്ളൂ" as in the models. The word to be emphasized is either underlined or followed by മാത്രം.

Model A: ഞാൻ ഒരു പേന വാങ്ങിച്ചു.
ഞാൻ ഒരു പേനയേ വാങ്ങിച്ചുള്ളൂ.

Model B: രവി മാത്രം വരുന്നു.
രവിയേ വരുന്നുള്ളൂ.

1. കമല ദോശ കഴിക്കണം.
2. ഞാൻ അവരോടു് സംസാരിച്ചു.
3. അതു് നിങ്ങൾക്കു് ആ കടയിൽ കിട്ടും.
4. ഞങ്ങൾ കാപ്പി കുടിച്ചിട്ടു് പോകാം.
5. ചേട്ടൻ ഇന്നു് അതു് അറിഞ്ഞു.
6. നീ ഈ പുസ്തകം വായിക്കു.

7. ഞാൻ മാത്രം പോകുന്നു.

8. ഇതു് ഞാൻ അവന് മാത്രം കൊടുക്കാം.

9. ടീച്ചർ നിങ്ങളെ മാത്രം വിളിക്കുന്നു.

10. അവന്റെ വീട്ടിൽ രണ്ടു മുറി ഉണ്ടു്.

5. Form proper phrases from the word pairs below by making the first word into an adjective as in A of the Reading Exercise.

ഇറമ്പം , പട്ടണം

എളുപ്പം , കാര്യം

സംസ്ഥാനം, ഭാഷ

വ്യാപാരം, നിലവാരം

മരണം, വാർത്ത

സാഹിത്യം, പുസ്തകം

ആവശ്യം , കാര്യം

GRAMMAR NOTES

16.1. THE SPECIAL ADJECTIVE FORM OF ‘-ം’ FINAL NOUNS.

Many nouns in Malayalam end in ‘-ം’. These come from Sanskrit. Those which can be used in an attributive relationship with another noun form a kind of adjective for this purpose by dropping the final ‘-ം’. This leaves the word ending in അ which is the standard marker for adjectives in the language. Section A of the reading practice for this lesson contains a representative list of these adjectives. In some cases the adjective is very similar in meaning to, and could be replaced by, its noun in the possessive as in:

1. സംസ്ഥാന വാർത്തകൾ 'state news'
   സംസ്ഥാനത്തിലെ വാർത്തകൾ 'news of the state'

In other cases, however, the two are quite different in meaning, c.f.

2. ആവശ്യകാര്യം 'a necessary matter'
   ആവശ്യത്തിന്റെ കാര്യം
   'a matter relating to the necessity'

16.2. THE SUBJECTLESS CONSTRUCTION WITH വരുക.

There are occasions when we wish to focus attention of the object of a verb, and where the subject is unimportant, or even immaterial. In English we use the so-called passive voice in such cases. "The house will be sold," is much more to the point in certain situations than "they are going to sell the house." In such cases, putting the subject into the passive sentence, i.e. "... by them" would be both unnatural and distracting. Malayalam has a passive form much like our English passive which permits inclusion of the active subject, if desired, which will be described later (see 20.5).

16.3. THE USE OF കാണുക AS A SUBJECTLESS VERB. A construction similar to that described in 16.2 above may be formed with കാണുക . The verb then has the sense of 'to find' or, more properly stated 'to be found', instead of its meaning in normal active sentences of 'to see'. It, too, focuses on what would be the object of a transitive verb, but it does not require the auxiliary verb വരുക . It is used only with the future/habitual ending '-ഉം' , and unlike the subjectless construction with വരുക human nouns do not show the accusative ending. Witness:

1. ജില്ലാ വാർത്തകൾ എല്ലാ പത്രത്തിലും കാണും.

'District news is found in all the newspapers.'

2. സാർ നാളെ ആഫീസിൽ കാണുമോ?

'Will you (polite) be in the office tomorrow.'

This usage may also occur in the negative, c.f.:

3. പരസ്യങ്ങൾ ആദ്യത്തെ പേജിൽ കാണുകയില്ല.

'Ads are not (found) on the first page.'

16.4. THE SPECIAL POSSESSIVE ENDING '-ിലെ' FOR PLACEWORDS. Placenames and certain words denoting places have a special possessive form ending in '-ിലെ' . In most expressions only this special ending is permitted, though the regular possessive form ending in -ിന്റെ or '-ഉടെ' is sometimes also permitted. Witness:

1. കേരളത്തിലെ പട്ടണങ്ങൾ 'the cities of Kerala'
2. അമേരിക്കയിലെ സംസ്ഥാനങ്ങൾ 'the states of America'
3. ഇൻഡ്യയിലെ രാഷ്ട്രപതി or ഇൻഡ്യയുടെ രാഷ്ട്രപതി

'the president of India'

This section describes a construction which not only brings the object of a transitive verb into focus, but precludes any overt mention of the subject as well. It is formed by the past participle (conjunctive verbform) of the verb plus an appropriate form of the verb വരുക acting as an auxiliary. It is വരുക, of course, which carries the endings denoting tense and aspect. The construction commonly occurs with either the future/habitual '-ഉം' ending and less commonly with the past or past perfect (see 17.3) showing habitual action in the past. Its subjectless nature prohibits verb endings such as the potential/intentive, the imperative, the permissive, etc. though the desiderative may occur in rare cases. Witness:

1. പത്രത്തിൽ പ്രാദേശികവാർത്തകൾ അച്ചടിച്ചുവരും.

   'Regional news is printed in the newspapers.'

2. ഈ ജോലി ഇങ്ങനെ ചെയ്തുവരുന്നു.

   'The job is being done thus.'

3. ഇവിടെ കല്യാണസദ്യകൾ നടത്തിവന്നിരുന്നു.

   'Wedding feasts used to be held here.'

Though this construction is mainly used for talking about things when animate objects are involved the reason for the name "subjectless construction" comes clear, for unlike the passive, the noun in focus retains the accusative ending which marks it as the direct object of the verb. Witness:

4. തേക്കടിയിൽ ആനകളെ കണ്ടുവരുന്നു.

   'Elephants are seen in Thekkady' (a game preserve).

16.5. ADDING ‘-ഏ....-ഉള്ളൂ’ TO VERBFORMS.

The discontinuous qualifier ‘-ഏ....-ഉള്ളൂ’ was discussed in 7.5. When an item is qualified in a restrictive sense within a sentence containing a normal verb (not ആണ്, ഉണ്ട്, or വേണം) the ‘-ഉള്ളൂ’ attaches directly to the end of the verb. When the verbform ends in ‘-ഉ’ (present and some past forms), this ‘-ഉ’ drops and ‘-ഉള്ള’ is added directly with no other change to the verbform itself.

All other verbforms require some change in the form itself when ‘-ഉള്ള’ is added. If the original unrestricted sentence verb is an imperative or desiderative, its characteristic ending is replaced by ‘-ാവു്’- to which ‘-ഉള്ള’ is then joined. If the original verb ending is potential/intentive ‘-ാം’ or the future/habitual ‘-ഉം’, then it is replaced by the citation form, to which the joining device -യ- is added before ‘-ഉള്ളൂ’. Section B of the Reading Practice for this lesson contains examples of pairs of sentences illustrating all three types just described.

Note that ‘-ഏ...-ഉള്ളൂ’ cannot be directly joined to a sentence whose verbform is emphatic (see 17.5) or a progressive (see 21.4). These must be embedded in a carrier thus:

1. അവൻ വായിക്കുന്നുണ്ടെന്നേയുള്ളൂ, ഒന്നും മനസ്സിലാകുന്നില്ല.

'He merely reads; he doesn't understand anything.'

2. ഞങ്ങൾ ആ കടയിലെ സാരികൾ നോക്കാൻ പോകുകയാണെന്നേയുള്ളൂ, ഒന്നും വാങ്ങിക്കുകയില്ല.

'We're only going to look at saris in that shop, not to buy anything.'

VOCABULARY

ഒന്നാം	first
മോള്	Colloquial (short form) of മകള്
ലീല	a Hindu female name
കല്യാണി	a Hindu female name [note that അമ്മ is usually added to many female names as in കല്യാണിയമ്മ]
ചെങ്ങന്നൂര്	a town in the southern part of Kerala.
മുഴുവന്	full, complete
വര്ഷം	year
പഠിച്ചിരുന്നു	studied, used to study
ആവാം	Colloquial form of ആകാം.
ഓര്ക്കുക [p.tense ഓര്ത്തു]	to remember
ചെയ്യ്	familiar version of command form of ചെയ്യുക.
ആടെ	familiar form of ആരുടെ
ഒരുമിച്ച്	together [another form of ഒന്നിച്ച്]
ഇന്നലെ	yesterday

വിചാരിക്കുക [past tense: വിചാരിച്ചു]	to think
കൂട്ടുകാർ	plural of കൂട്ടുകാരൻ, കൂട്ടുകാരി
നാളെത്തന്നെ	tomorrow itself
ക്ഷണിക്കുക [past tense: ക്ഷണിച്ചു]	to invite
എഴുത്ത്	letter
അര	half
പത്തര മണിക്ക്	at ten-thirty
കാണുന്നുണ്ട് [കാണുന്നു + ഉണ്ട്]	am seeing
കൂട്ടിക്കൊണ്ട് വരുക	to bring along
വലിയ ഇഷ്ടമാണ്	[colloquial] to like very much.

READING PRACTICE

A. Note how അര, half past (for time), half, or plus one half, joins to the whole numbers.

ഒന്നു് + അര = ഒന്നര

രണ്ടു് + അര = രണ്ടര

മൂന്നു് + അര = മൂന്നര

നാലു് + അര = നാലര

അഞ്ചു് + അര = അഞ്ചര

ആറു് + അര = ആറര

ഏഴു് + അര = ഏഴര

എട്ടു് + അര = എട്ടര

ഒൻപതു് + അര = ഒൻപതര

പത്തു് + അര = പത്തര

പതിനൊന്നു് + അര = പതിനൊന്നര

പന്ത്രണ്ടു് + അര = പന്ത്രണ്ടര

B. Note how േ— is added when കാൽ, quarter past (for time) or plus one quarter, and മുക്കാൽ, 45 minutes past (for time) or plus three quarters, are joined to whole numbers.

ഒന്നു്	ഒന്നേകാൽ	ഒന്നേമുക്കാൽ
രണ്ടു്	രണ്ടേകാൽ	രണ്ടേമുക്കാൽ
മൂന്നു്	മൂന്നേകാൽ	മൂന്നേമുക്കാൽ
നാലു്	നാലേകാൽ	നാലേമുക്കാൽ
അഞ്ചു്	അഞ്ചേകാൽ	അഞ്ചേമുക്കാൽ
ആറു്	ആറേകാൽ	ആറേമുക്കാൽ
ഏഴു്	ഏഴേകാൽ	ഏഴേമുക്കാൽ
എട്ടു്	എട്ടേകാൽ	എട്ടേമുക്കാൽ
ഒൻപതു്	ഒൻപതേകാൽ	ഒൻപതേമുക്കാൽ
പത്തു്	പത്തേകാൽ	പത്തേമുക്കാൽ
പതിനൊന്നു്	പതിനൊന്നേകാൽ	പതിനൊന്നേമുക്കാൽ
പന്ത്രണ്ടു്	പന്ത്രണ്ടേകാൽ	പന്ത്രണ്ടേമുക്കാൽ
ഇരുപതു്	ഇരുപതേകാൽ	ഇരുപതേമുക്കാൽ

CONVERSATION

ഒന്നാം രംഗം

അമ്മയും മകളും.

അമ്മ: മോളേ, ലീലേ, നിന്റെ ടീച്ചറിന്റെ പേരെന്താ?

ലീല: എന്റെ ടീച്ചറിന്റെ പേര് കല്യാണിയമ്മ എന്നാ.

അമ്മ: കല്യാണിയമ്മ! ഞാൻ ആ പേര് മുമ്പ് കേട്ടിട്ടുണ്ടല്ലോ!

ലീല: ടീച്ചറിന്റെ വീട് ചെങ്ങന്നൂരാണ്.

അമ്മ: ചെങ്ങന്നൂരോ? എന്നാൽ അവരെ എനിക്ക് അറിയാമെന്ന് തോന്നുന്നു.

ലീല: ടീച്ചറിന്റെ മുഴുവൻ പേര് ബി. കല്യാണിയമ്മ എന്നാണ്.

അമ്മ: ഇരുപതു വർഷം മുമ്പ് എന്റെ കൂടെ ചെങ്ങന്നൂർ ഹൈസ്കൂളിൽ ഒരു ബി. കല്യാണിയമ്മ പഠിച്ചിരുന്നു.

ലീല: ചിലപ്പോൾ അവർ തന്നെയാവാം എന്റെ ടീച്ചർ.

അമ്മ: നീ ഒരു കാര്യം ചെയ്യ്. ടീച്ചറിനോട് എന്നെ ഓർക്കുന്നുണ്ടോ എന്ന് ചോദിക്ക്

ലീല: ആട്ടെ, ഞാൻ നാളെ ചോദിക്കാം.

രണ്ടാം രംഗം

അടുത്ത ദിവസം

ലീല: അമ്മേ, അമ്മേ, ഒരു കാര്യം കേൾക്കണോ? എന്റെ ടീച്ചറും അമ്മയും ഒരുമിച്ചു പഠിച്ചതാ — ചെങ്ങന്നൂർ ഹൈസ്കൂളിൽ.

അമ്മ: അപ്പോൾ ഞാൻ ഇന്നലെ വിചാരിച്ചതു ശരിയായിരുന്നു. കല്യാണിയമ്മ എന്റെ കൂടെ ഒന്നാംക്ലാസ്സു മുതൽ പത്താം.ക്ലാസ്സു വരെ പഠിച്ചതാ. ഞങ്ങൾ വലിയ കൂട്ടുകാർ ആയിരുന്നു.

ലീല: ടീച്ചറിന് അമ്മയെ കാണണമെന്ന് പറഞ്ഞു.

അമ്മ: എനിക്കും അവരെ കാണണം. നീ കല്യാണിയമ്മയെ നാളെത്തന്നെ ഇങ്ങോട്ടു ക്ഷണിക്കൂ. ഞാൻ ഒരെഴുത്ത് തരാം.

ലീല: എഴുത്ത് വേണ്ട. ഞാൻ നാളെ രാവിലെ പത്തരമണിക്ക് ടീച്ചറിനെ കാണുന്നുണ്ട്. അവക്ക് സമയമുണ്ടെങ്കിൽ കൂട്ടികൊണ്ടുവരാം. അവക്ക് എന്നെ വലിയ ഇഷ്ടമാണ്

അമ്മ: എന്നാൽ അങ്ങനെയാട്ടെ.

EXERCISES

1. Change the following commands to the familiar form as in the model.

Model: ചേച്ചിയോടു ചോദിക്കൂ.
ചേച്ചിയോടു ചോദിക്ക്.

1. ഒരു ടാക്സി വിളിക്കൂ.
2. ഒരു പഴം കൂടി കഴിക്കൂ.
3. വേറൊരു കാര്യം കേൾക്കൂ.
4. ഇതു തന്നെ കൊണ്ടുപോകൂ.
5. നീ സാറിനെ ക്ഷണിക്കൂ.
6. ഈ പഴയ തുണി കളയൂ.
7. വേഗം നടക്കൂ.
8. ആ ബസ്സിനടുത്ത് നിൽക്കൂ.
9. നീ കൈ ഒന്ന് കാണിക്കൂ.
10. വൈകുന്നേരം ആശുപത്രിയിൽ വരൂ.

2. Change the verbs in the following sentences to end in '-ന്നുണ്ട്' or 'ന്നുണ്ടോ?'.

1. ഞാൻ കമലയെ എന്റെ കല്യാണത്തിന് ക്ഷണിക്കും.
2. ടീച്ചർ, എന്റെ മകൾ മലയാളം ശരിയായിട്ടു പഠിക്കുമോ?.
3. നിങ്ങൾ ഞാൻ പറയുന്നത് കേൾക്കുമോ?
4. രാമൻ ഈ ജോലി നല്ലതായിട്ട് ചെയ്യും.
5. ഞാൻ ഇന്ന് മേനോൻ സാറിനെ കണ്ടിട്ട് അനുവാദം ചോദിക്കും.

6. ഗീതേ! നിങ്ങളുടെ ഭർത്താവ് ചെയ്യുന്നതെല്ലാം നിങ്ങൾ അറിയുന്നോ?
7. ഞങ്ങൾ ഒരു സിനിമ കാണാൻ പോകുന്നു. നിങ്ങൾ വരുന്നോ?
8. ഞാൻ അമ്മക്ക് നാളെ ഒരു കത്ത് എഴുതും.
9. നിങ്ങൾ ഈ പേന വിൽക്കുന്നോ?
10. മണി നാളെ ഒരു മലയാള പുസ്തകം കൊണ്ടുവരും.

3. **Change the verbs in the sentences below to remote past as in the model.**

Model: ഞാൻ അനുവാദം വാങ്ങിച്ചു.
ഞാൻ അനുവാദം വാങ്ങിച്ചിരുന്നു.

1. ഞാൻ കുറച്ചു ദിവസം മുമ്പ് കേശവന് ആയിരത്തി അഞ്ഞൂറു രൂപ വായ്പ കൊടുത്തു.
2. ഒരാഴ്ച മുമ്പ് കമലയും ഗീതയും വീട്ടിൽ വന്നു.
3. രമ വരുന്നതിനു മുമ്പ് ജോൺ വന്നു.
4. രാജൻ ഇതിനു മുമ്പ് ഈ കടയിൽ നിന്ന് ഒരു പേന വാങ്ങിച്ചു.
5. അവരെ ഞാൻ ക്ഷണിച്ചതാണ്.

6. ഞങ്ങൾ എല്ലാരും ഒരു ദിവസം തിരുവനന്തപുരത്ത് പോയി.
7. അമ്മ എനിക്ക് കഴിഞ്ഞ ആഴ്ച ഒരു പേന തന്നു.
8. നിങ്ങൾ എന്നോട് ഒരു ദിവസം നിങ്ങളുടെ വീട്ടിൽ വരാൻ പറഞ്ഞു.
9. ഞാൻ അവരെ രണ്ടു പേരെയും ഒരുമിച്ച് പള്ളിയിൽ കണ്ടു.
10. ജെയിംസിന്റെ വിവാഹ കാര്യം ഒരാഴ്ച മുമ്പ് ഞാൻ കേട്ടു.

4. **Read the following making sure you understand the meaning.**

1. ഞാൻ അവിടെ പോയിരുന്ന കാര്യം നീ അവരോട് പറഞ്ഞോ?
2. കേശവൻസാർ ഇന്നലെ വീട്ടിൽ വന്നോ? ഇന്നലെ വന്നില്ല. ഇന്ന് ഒന്നരമണിക്ക് വീട്ടിൽ വരുന്നുണ്ടെന്ന് പറഞ്ഞു.
3. നിങ്ങൾ അടുത്തയാഴ്ച കൊച്ചിയിൽ പോകുന്നുണ്ടെന്നു കേട്ടു. ശരിയാണോ? അതേ. എന്റെ മകനെ അമേരിക്കയിലേക്ക് യാത്ര അയക്കാൻ ഞാൻ പോകുന്നുണ്ട്.
4. ഞാൻ വിചാരിച്ചു നിങ്ങൾ എന്നെ ഓർക്കുകയില്ലെന്ന്. നിങ്ങളെന്നെ ഓർത്തതിൽ എനിക്കു വളരെ സന്തോഷം.

5. അവൻ അങ്ങനെ പറയുമെന്ന് എനിക്കു തോന്നുന്നില്ല.

അവരങ്ങനെ പറഞ്ഞതാ അമ്മേ, ഞാൻ കേട്ടല്ലോ.

6. ആ പയ്യൻ എനിക്കു പണം തന്നില്ല എന്നു തോന്നുന്നു.

ഇല്ല, അവൻ തന്നതാ. ഞാൻ കണ്ടല്ലോ.

7. നീ എന്നോടു് അനുവാദം ചോദിക്കാതെ എന്തിനാണ് ഈ മുറിയിൽ കയറിയതു്?

ഞാൻ സാറിനോടു് അനുവാദം ചോദിച്ചതാ. സാറു് ഇപ്പോൾ ഓർക്കുന്നില്ല.

8. ഞാൻ പറഞ്ഞതു മുഴുവൻ നിങ്ങൾക്കു് മനസ്സിലായോ?

ആയി.

എന്നാൽ ഞാൻ പറഞ്ഞതു പോലെ കാര്യങ്ങൾ ചെയ്തിട്ടു് മൂന്നേമുക്കാൽ മണിക്കു് എന്നെ വന്നു കാണണം.

9. രാമാ! നീ ഇന്നു തന്നെ കോട്ടയത്തു പോയി എന്റെ അമ്മയെ കൂട്ടിക്കൊണ്ടു വരണം.

10. കല്യാണിയമ്മയുടെ മകളാവാം നിന്റെ കൂടെ അഞ്ചാം ക്ലാസ്സിൽ പഠിച്ചിരുന്നതു്.

5. Match the English sentences from A. with their Malayalam equivalents in B.

A. 1. She said she remembers me.
2. That .. occurred to John.
3. I think he knows me.
4. She said she remembered me.
5. Had you seen him before this?
6. John is considering the matter.
7. She is coming here at 3:15.
8. Have you ever seen him before?
9. She will come here at 3:15.
10. I think I know him.

B. a. അയാൾക്ക് എന്നെ അറിയാമെന്ന് തോന്നുന്നു.
b. അവർ മൂന്നേകാൽ മണിക്ക് ഇവിടെ വരുന്നുണ്ട്.
c. അവൾ എന്നെ ഓർക്കുന്നുണ്ടെന്ന് അവൾ പറഞ്ഞു
d. നീ ഇതിനു മുമ്പ് അയാളെ കണ്ടിട്ടുണ്ടോ?
e. ജോൺ ആ കാര്യത്തെ പറ്റി വിചാരിച്ചു.
f. എനിക്ക് അയാളെ അറിയാമെന്നു തോന്നുന്നു.
g. ഇതിനു മുമ്പ് അയാളെ കണ്ടിരുന്നോ?
h. ജോണിന് അതു തോന്നി.
i. അവൾ എന്നെ ഓർത്തെന്ന് അവൾ പറഞ്ഞു.
j. അവർ മൂന്നേകാൽ മണിക്ക് ഇവിടെ വരും.

6. Prepare written responses at home in Malayalam to the following.

1. എട്ടാം ക്ലാസ്സിലെ റ്റീച്ചറിനെ കാണാൻ നല്ലതാണോ?
2. നിങ്ങൾക്കു് ഈ ഫോറം പൂരിപ്പിക്കാൻ അറിയാമോ?
3. നിങ്ങൾ ഇന്നത്തെ ചിന്താവിഷയം വായിച്ചോ? അതിനെ പറ്റി നിങ്ങൾക്കു് എന്തഭിപ്രായമാണ്?
4. താങ്കൾ കഴിഞ്ഞ വർഷം അമേരിക്കക്ക് പോയിരുന്നോ? അവിടെ ഏതെല്ലാം പട്ടണങ്ങൾ കണ്ടു?
5. ഗീതയെ ആഫീസിൽ കൊണ്ടുപോയതു് ആരാണ്?
6. അവന് അവന്റെ അമ്മ ഉണ്ടാക്കുന്ന ദോശയാണോ അവന്റെ ഭാര്യ ഉണ്ടാക്കുന്ന ദോശയാണോ കൂടുതൽ ഇഷ്ടം?
7. കേരളത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന പത്രങ്ങളുടെ പേരുകൾ എഴുതുക.
8. കേശവന്റെ മകളെ ആരാണ് വിവാഹം കഴിക്കുന്നതു്?
9. നിങ്ങൾ അഞ്ചു വർഷം കഴിഞ്ഞു് മലയാളഭാഷ ഓർക്കുമോ?
10. പഠിച്ചുകഴിഞ്ഞു് അവൾ എന്തു ചെയ്യണമെന്ന് വിചാരിക്കുന്നു?

GRAMMAR NOTES

17.1. HALF AND QUARTER HOURS, AND OTHER PRECISE TIMES.

Section 7.3 covers the asking and telling of time for exact hours only. Sections A, B, and C of this lesson's Reading Practice give examples of 'halfpast', 'quarter past', and 'quarter till' the hours. 'Halfpast' is expressed by adding '-അര' 'plus one half' to the number for the hour which has already struck. Note that the final echo vowel ഉ of the number is lost in the joining (or sandhi). Thus:

1. പന്ത്രണ്ടര '12:30, halfpast twelve'

'Quarter past' the hour is expressed by adding -കാൽ 'plus one quarter' to the number of the hour which has most recently struck. 'Quarter to' is expressed in terms of the preceding hour (not the upcoming hour as in English) by the addition of '-മുക്കാൽ' 'plus three quarters' to the number for that hour. Note that in both these cases the final echo vowel of the number becomes long -ഏ. Thus:

2. എട്ടേകാൽ 'Quarter past eight, 8:15'

3. രണ്ടേമുക്കാൽ 'quarter to three, 2:45'

Any such expression may be followed by ആയി when telling the present time, or by മണിക്കു് when giving the time at which something will take place.

More precise times may be given in one of several ways. In giving train and bus times as well as radio program times, precise times tend to be given as in English simply by tacking the number indicating the minutes onto that indicating the hour. The resulting compound number may take a dative ending, with no need for മണിക്കു് , in stating the time at which something happens. Witness:

4. പത്തു മുപ്പത്തിയഞ്ചു് '10:35'

5. ആറു പത്തിന് 'at 6:10'

6. പതിനേഴു് അൻപത്തിമൂന്ന്

'17:53, i.e. 5:53 p.m.'

In giving the present time, two other conventions are in general use. The adverb കഴിഞ്ഞു് 'after, past' is often inserted between the hour and the minutes, c.f.:

7. ഒൻപതു കഴിഞ്ഞു് ഇരുപത്തിയഞ്ചു് മിനിട്ടു് ആയി.

'It's twenty-five past nine.'

When it is close to the succeeding hour, the number for the upcoming hour is expressed in the dative, with the number of minutes stated along with ഉണ്ടു് . Alternatively, the infinitive verbform ആകാൻ may be used instead of the dative ending. Thus:

8. അഞ്ചിന് പത്തു മിനിട്ടു് ഉണ്ടു്.

അഞ്ചാകാൻ പത്തു മിനിട്ടു് ഉണ്ടു്.

'It's ten minutes to five.'

Note that '-അര', '-കാൽ', and '-മുക്കാൽ' are also used with other measures, Witness:

9. രണ്ടര കിലോ ഇറച്ചി 'two and a half kilos of meat'

10. നാലേമുക്കാൽ അടി 'four and three quarter feet'

11. ഒന്നേകാൽ കിലോമീറ്റർ 'one and a quarter kilometers'

17.2. ORDINAL OR ADJECTIVAL FORMS OF THE NUMBERS.

The adjectival forms of the numbers are made by adding the suffix '-ാമത്തെ' to the number in question. Note that the final echo vowel of the number is lost. In some cases, the short form '-ാം' is used instead, particularly with 'class', 'lesson', and a few other words. Witness:

1. മൂന്നാമത്തെ വീട്ട് ഞങ്ങളുടേതാണ്.

'The third house is ours.'

2. അനിയത്തി ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്നു.

'Little sister is (studying) in ninth class.'

These adjectives, like most others, are made into pronouns by adding '-അത്തു്.' Note that the final vowel of the adjective ending '-ാമത്തെ' becomes long. Thus:

3. രണ്ടാമത്തേത്തു് നല്ലതാണ്.

'The second one is nice.'

4. അഞ്ചാമത്തേത്തു് രവിയുടേതാണ്.

'The fifth one is Ravi's.'

Further, the adjectival forms of the numbers cannot be used as is to show the sequence in which things will be done. They must be made into nouns, followed by the adverb marker ആയി (see 22.5). With ആയി, the '-അത്തു' is added onto the '-ാം' form and forms with '-ാമത്തെ' are not used. Witness:

5. ജെയിംസ് നാലാമതായി സംസാരിക്കും.

'James will speak fourth.'

6. ചേച്ചി ക്ലാസ്സിൽ ഒന്നാമതായി പാസ്സായി.

'Older sister passed first in her class.'

17.3. THE REMOTE PAST VERBFORM. The remote past verbform is made up of the conjunctive verbform (past participle) plus ഇരുന്നു, the past form of ഇരിക്കുന്നു which here acts as an auxiliary verb. The spelling changes which occur in the final syllable of the conjunctive verbform when ഇരുന്നു is added are exactly the same as those which apply when ‘-ിട്ട്’ is joined to form the present perfect verbform (see 13.2). That is:

A. Conjunctive verbforms ending in ‘-ഉ’ drop it.
Example: താമസിച്ചിരുന്നു 'lived, had lived, used to live'

B. Those ending in ‘-ഇ’ take -യ- as a joining device. Example: കൂടിയിരുന്നു
'entered, had entered.'

C. A couple of irregular verbs loose their final ‘-ഇ’.
Example: പോയിരുന്നു 'went, had gone.'

In English the remote past is clearly distinguished from the simple past in that it can only be used to show that something occurred prior to another event in the past that has already been stated or suggested in the previous discourse. In Malayalam, the remote past may be used simply to report a past event, without any reference to any other event in the past which it predates. Thus it is often interchangeable with the simple past in reporting events and its use only signifies that the reported event took place some time ago rather than in the immediate past. Witness:

1. ഞാൻ അയാളുടെകൂടെ ഹൈസ്കൂളിൽ പഠിച്ചിരുന്നു.
'I studied with him in high school.'

2. ഞാൻ അയാളുടെകൂടെ ഹൈസ്കൂളിൽ പഠിച്ചു.

'I studied with him in high school (fairly recently).'

Note that the remote past is sometimes used to refer to rather extended events in the distant past. Witness:

3. ഞങ്ങൾ തിരുവനന്തപുരത്ത് താമസിച്ചിരുന്നു.

'We used to live in Trivandrum.'

True habitual action in past time is most commonly shown with the future/habitual '-ഉം' ending plus ആയിരുന്നു as in:

4. മാധവൻ ആ ഹോട്ടലിൽ കഴിച്ചിരുന്നു.

'Madhavan used to eat in that hotel.'

The verbs ഉണ്ട് and ആണ് have no separate remote past forms. They use ഉണ്ടായിരുന്നു and ആയിരുന്നു respectively for both simple and remote past. You can now recognize that both of these forms are actually remote past in that they are made up of the conjunctive verbforms ഉണ്ടായി and ആയി plus ഇരുന്നു respectively.

17.4. FAMILIAR AND FORMAL COMMANDS. The polite command form made by adding '-ഊ' to the present stem of the verb was covered in 3.4. This lesson's conversation contains examples of the familiar command form made by adding the echo vowel '-ഉ' to the present stem. Whereas polite command forms assume the use of the pronoun നിങ്ങൾ , familiar command forms are used only with those persons with whom the pronoun നീ is permitted. In modern Kerala life, there is a tendency to expand the territory of നിങ്ങൾ and its corresponding polite command forms and to restrict that of നീ and, hence, of its corresponding familiar command forms (see 1.6). Nevertheless, നീ is still generally used for younger siblings and for one's own children, but decreasingly for others who are clearly inferior in age or social status. It is probably safer not to use them with servants, especially adult ones, though many Keralites still do.

All of the familiar command forms are regular except for a few very common verbs that have special short forms, e.g.

1. ഇവിടെ വാ. 'Come here.'
2. അയാളുടെ കൂടെ പോ. 'Go with him.'
3. പത്രം ഇങ്ങോട്ടു താ. 'Give the newspaper here, i.e. to me'.

Complex verbs made from വരുക and പോകുക also show these forms as in:

4. രണ്ടു കാപ്പി കൊണ്ടുവാ. 'Bring two coffees.'
5. ഈ പ്ലേറ്റ് കൊണ്ടുപോ. 'Take away these plates.'

These familiar commands are often used along with the particle എടാ for male or എടീ for female addressees. This, too, is limited to persons with whom നീ is permitted. It may be used to call to someone to get his attention as 'hey', or it may be added to the end of any sentence as a marker of the intimate and/or superior relationship which exists between the speaker and the addressee. It can, therefore, carry a full range of possible meanings from endearment to derogation. Here are some examples with familiar commands:

6. അവിടെ ഇരിക്കെടീ. (you fem.) 'Sit down there.'
7. വേഗം നടക്കെടാ. (you Masc.) 'Walk fast.'

With a few verbs, the actual verb stem is sometimes used as a familiar command as well as the more usual form. Cases in point are ഇരിക്കുക and നടക്കുക . Witness these alternatives to Examples 6 and 7 (without -എടാ).

8. അവിടെ ഇരി 'Sit there.'
9. വേഗം നട 'Walk fast.'

A very formal command form is made from the past stem of the verb plus '-ാം' . This results in forms which appear identical to the present conditional verbforms treated in 14.2. There is no confusion, however, for the conditional always occurs in the middle of a complex sentence, while the formal command form always appears at the very end of a simple (one clause) sentence. These command forms were traditionally used with persons of very high status and are coming to be regarded as somewhat archaic and artificial today. Nevertheless, you may come across them in reading or in very formal situations. Here are some examples of typical usages:

10. സ്വാമികൾ ഇവിടെ ഇരുന്നാലും.
'Lord (master), please sit here.'

11. തിരുമേനി വന്നാലും.
'Would your holiness please come in' (to a bishop).

The desiderative verbform is quite often used as a command, more or less equivalent to the polite command form in '-ഊ'. It is sometimes used in situations where the speaker is somewhat superior to the addressee as a boss to an employee, a government officer to a clerk, or the like. Witness:

12. അയാളോട് നാളെ വരാൻ പറയണം.

'Tell him to come tomorrow.'

These desideratives, needless to say, have the nominative rather than the dative subject, though it is usually omitted.

The corresponding negatives of these desiderative command forms are, not surprisingly, formed with '-ണ്ട' . The formal command form has no negative, and familiar negative commands are covered in 19.2 and polite ones in 18.5.

17.5. THE EMPHATIC PRESENT VERBFORM WITH '-ന്നുണ്ട്'.

A present tense verbform may be made emphatic by adding '-ഉണ്ട്'. Note that the final ഉ of the ending drops when '-ഉണ്ട്' is added. One very specific use of this form is to give a contrary answer to a negative question (see 5.5) as in:

1. A. ഞങ്ങൾ ഒരു സിനിമ കാണാൻ പോകുന്നു. നീ വരുന്നില്ലേ?

'We're going to see a movie. Do you want to come?' (literally, aren't you coming)

B. ഓ, ഞാൻ വരുന്നുണ്ട് 'Yes, I do.'

It can also be used whenever one wants to lay some stress on the fact that something is being done, or is about to be done in the immediate future. Witness:

2. ഞങ്ങൾ നാളെ മദ്രാസിലേക്കു പോകുന്നുണ്ട്.

'We're going to Madras tomorrow.'

3. അമ്മ ഞങ്ങൾക്കു ദോശ ഉണ്ടാക്കുന്നുണ്ട്.

'Mother is making dosas for us.'

The emphatic form is also frequently used in questions, as in:

4. അവൻ ഇപ്പോൾ പഠിക്കുന്നുണ്ടോ?

'Is he studying now?'

Note that Example 4 can either mean, 'is he doing his homework at the moment', or 'is he enrolled in a course of some kind'.

VOCABULARY

മദ്ധ്യം	middle, in between
വഴിമദ്ധ്യേ	on the way [mainly written]
ഇനിയും	still more, more
സിനിമാശാല	Cinema house, Movie theater
ഇറക്കം	downhill slope
ഇടത്ത്	left
ഇടത്തോട്ടുള്ള [adjective]	which is to the left
വഴി	way, path, road
വഴിയെ [colloquial]	along the road
ഫർലാംഗ്	furlong [a distance of 1/8th of a mile]
എത്തുക [past tense: എത്തി]	to arrive, to reach
ആകെ	in all, altogether
അല്ലേ?	[tag question, used to make a statement into a rhetorical question] isn't it right?
അറിയാതെ	without knowing

പറഞ്ഞുപോയതാണ്	just happened to say
ക്ഷമിക്കുക [past tense: ക്ഷമിച്ചു]	to forgive [takes object in addressive form]
വാസ്തവം	reality
നാലു ഫർലാംഗാണ് ഉള്ളത്	it is 4 furlongs [distance]
കൊച്ചു	little
മിടുക്കി [masc. മിടുക്കൻ]	smart girl
കളിപ്പിക്കുക [past tense: കളിപ്പിച്ചു]	to fool, to cheat, to deceive
മനഃപൂർവ്വം	intentional
കൊതി	eagerness [literally greed]
തങ്കമ്മ	a feminine name
തയ്യാർ	readiness
വലത്	right
തിരിയുക	to turn [intransitive]
ഇല്ലാതെ	without [negative participle of ഉണ്ട്]

READING PRACTICE

A. Note how '-ാത്ത' joins to verb stems to form the negative participle.

കാണാത്ത	കയറാത്ത
പഠിക്കാത്ത	ചെയ്യാത്ത
കുടിക്കാത്ത	വിചാരിക്കാത്ത
പോകാത്ത	മേടിക്കാത്ത
കേൾക്കാത്ത	ഒട്ടിക്കാത്ത
ചോദിക്കാത്ത	കഴിയാത്ത

B. Note how 'യ' joins to preceding consonants in these examples.

ഡ + യ = ഡ്യ as in ഇൻഡ്യ
ത + യ = ത്യ as in സാഹിത്യം
ദ + യ = ദ്യ as in ആദ്യത്തെ
ര + യ = ര്യ as in ഭാര്യ
ല + യ = ല്യ as in കല്യാണം
ശ + യ = ശ്യ as in അത്യാവശ്യം
സ + യ = സ്യ as in പരസ്യം
ഹ + യ = ഹ്യ as in സഹ്യപർവ്വതം
ന + ത + യ = ന്ത്യ as in വാരാന്ത്യപ്പതിപ്പ്

C. Note how 'ര' joins to preceding consonants in these examples.

ഗ + ര = ഗ്ര as in ആഗ്രഹം
ട + ര = ട്ര as in ട്രെയിൻ
ത + ര = ത്ര as in എത്ര
പ + ര = പ്ര as in അഭിപ്രായം
ബ + ര = ബ്ര as in ബ്രാഹ്മണ ഹോട്ടൽ
ഷ + ട + ര = ഷ്ട്ര as in അന്താരാഷ്ട്രീയ
സ + ത + ര = സ്ത്ര as in സ്ത്രീ

CONVERSATION

ലീലയുടെ വീട്ടിലേക്ക് - വഴിമദ്ധ്യേ

ടീച്ചർ: ഇനിയും വളരെ ദൂരമുണ്ടോ?

ലീല: ഇല്ല, ടീച്ചർ. ആ സിനിമാശാല കണ്ടില്ലേ? അതു കഴിഞ്ഞു് ഒരു ഇറക്കമുണ്ടു്. ഇറക്കം കഴിഞ്ഞു് ഇടത്തോട്ടുള്ള വഴിയേ രണ്ടു ഫർലാംഗ് നടന്നാൽ വീട്ടിൽ എത്തും.

ടീച്ചർ: ലീല പറഞ്ഞതു് സ്കൂളിൽ നിന്ന് വീട്ടിലേക്ക് ആകെ രണ്ടു ഫർലാംഗ് എന്നല്ലേ?

ലീല: ടീച്ചർ, ഞാൻ അറിയാതെ പറഞ്ഞു പോയതാണ്. ക്ഷമിക്കണം. ആകെ വാസ്തവത്തിൽ നാലു ഫർലാംഗാണ് ഉള്ളതു്.

ടീച്ചർ: അപ്പോൾ കൊച്ചുമിടുക്കി എന്നെ കളിപ്പിച്ചു.

ലീല: ഓ, ടീച്ചർ! ഞാൻ മനഃപൂർവ്വം ചെയ്തതല്ല. അമ്മക്ക് ടീച്ചറിനെ കാണാൻ എന്തു കൊതിയാണെന്നോ?

ടീച്ചർ: എനിക്കും തങ്കമ്മയെ കാണാൻ വലിയ ആഗ്രഹമുണ്ടു്. രണ്ടു മൈൽ നടക്കാനും ഞാൻ തയ്യാറാണ്.

EXERCISES

1. Change the verbs to negative commands in the following sentences as in the model.

Model: ബസ്സിൽ കയറൂ.
ബസ്സിൽ കയറാതെ.

1. നിങ്ങൾ അവിടെ പോകൂ.
2. രാജൻ ഇവിടെ ഇരിക്കൂ.
3. കമല ആ പുസ്തകം വായിക്കൂ.
4. മോളേ!, നീ കാപ്പി കുടിക്കൂ.
5. ആ ഫോറത്തിൽ സ്റ്റാമ്പു് ഒട്ടിക്കൂ.
6. ഇതിനു് അഞ്ചു രൂപ കൊടുക്കൂ.
7. വേഗം നടക്കൂ.
8. അങ്ങോട്ടു നോക്കൂ.
9. അയാളെ വിളിക്കൂ.
10. നീ അതു ചെയ്യൂ.

2. Fill in the blanks with the negative participle of the verb in parenthesis as in the model.

Model: എന്നെ ____ ഞാൻ പോകുകയില്ല.
[ക്ഷണിക്കുക]
എന്നെ ക്ഷണിക്കാതെ ഞാൻ
പോകുകയില്ല.

1. സാറിനോടു് അനുവാദം ____ ഈ മുറിയിൽ കയറണ്ട . [ചോദിക്കുക]
2. അവിടെ ____ ഫോറം കിട്ടുകയില്ല. [പോകുക]
3. മീറ്റിങ്ങു് ____ ഞാൻ വരുന്നില്ല. [കഴിയുക]

4. അമ്മ ____ ഞാൻ സിനിമ കാണാൻ പോകുന്നില്ല. [വരുക]

5. ഈ ഫോറം ____ വായ്പ കിട്ടുകയില്ല. [പൂരിപ്പിക്കുക]

6. ആ ജോലി മുഴുവൻ ____ ഞാൻ നിനക്കു് പണം തരുകയില്ല. [ചെയ്യുക]

7. ടിക്കറ്റു് ____ ബസ്സിൽ കയറണ്ട. [മേടിക്കുക]

8. കാപ്പി ____ നീ ആഫീസിൽ പോകണ്ട. [കുടിക്കുക]

9. അവൻ ഇവിടെ ____ കല്യാണം നടക്കുകയില്ല. [എത്തുക]

10. അയാളോടു് ____ ഞാൻ നിങ്ങളോടു് ക്ഷമിക്കുകയില്ല. [ക്ഷമിക്കുക]

3. **Change the negative questions below to positive statements as in the model.**

Model: കേശവൻസാർ ഡാക്കുറല്ലേ?
കേശവൻസാർ ഡാക്കുറാണ്.

1. നീ ഇന്നു രാവിലെ കൊണ്ടുവരാമെന്നു പറഞ്ഞില്ലേ?

2. കൃഷ്ണാ സിൽക്കു് ഹൗസിന്റെ അപ്പുറത്തു് ഒരു ചെറിയ വഴിയില്ലേ?

3. ഈ പത്രം കഴിഞ്ഞ ആഴ്ചയിലെ അല്ലേ?

4. ആ മുറിയിൽ അഞ്ചുപേരില്ലേ?
5. എന്റെ ആഫീസിനു മുമ്പ് ഒരു ബസ് സ്റ്റാൻഡില്ലേ?
6. ഞാൻ ഉണ്ടാക്കിയ കറി നല്ലതല്ലേ?
7. പത്രത്തിൽ വൈവാഹിക പരസ്യങ്ങൾ അച്ചടിച്ചു വരുകയില്ലേ?
8. ഇവിടുന്ന് കണ്ണൂർ വരെ മുന്നൂറ് മൈൽ ദൂരമില്ലേ?
9. നമ്മുടെ കേരളത്തിൽ നിന്ന് ഇൻഡ്യൻ എക്സ്പ്രസ് പ്രസിദ്ധീകരിക്കപ്പെടുന്നില്ലേ?
10. ദോശയുടെ കൂടെ ചമ്മന്തി കഴിക്കുകയില്ലേ?

4. Draw a map depicting the route described in the conversation below. Label the landmarks in Malayalam.

രമ: ഇവിടെ നിന്ന് കേരളഹോട്ടലിലേക്ക് പോകുന്ന വഴി ഏതാണ്?

രാമൻ: ഈ വഴിയെ ഒരു ഫർലാംഗ് നടന്നാൽ ഒരു പത്രം ആഫീസ് കാണാം.

രമ: അതു മലയാള മനോരമ ആഫീസ് അല്ലേ?

രാമൻ: അതേ. അതു കഴിഞ്ഞ് ഇടത്തേക്ക് ഒരു വഴി കാണാം. അതിലെ ഒരു ഫർലാംഗ് നടന്നാൽ ഒരു ചെറിയ അമ്പലം കാണാം. അമ്പലം കഴിഞ്ഞിട്ട് വലതു വശത്തേക്ക് തിരിയണം. പിന്നെ

ഒരു രണ്ടു ഫർലാംഗ് നടന്നാൽ ഒരു പോസ്റ്റാഫീസിന്റെ അടുത്ത് എത്തും. പോസ്റ്റാഫീസിന്റെ വലതു വശത്താണ് കേരളാ ഹോട്ടൽ.

5. Put the following into Malayalam.

   1. "How much further is it to the movie theater?"
      "What's the matter, do you want to stop for a little while?"
      "I don't want to stop, let's go."
   2. He does everything without thinking.
   3. You know the doctor who lives near your house, didn't he live in Madras previously?
   4. They arrived at quarter to eleven.
   5. It's impossible to teach him; he doesn't want to learn anything.
   6. "What I said was that from home the market is one mile; didn't you hear?" "What I heard was half a mile."

6. Prepare written Malayalam responses to the following.

   1. ഇതു കൂടാതെ എന്തു വേണം?
   2. അപ്പോൾ ചായ കുടിക്കുന്നില്ലേ?
   3. നിങ്ങൾ നേരത്തെ സാറിനെ കണ്ടിട്ടുണ്ടോ?
   4. എഴുത്ത് എഴുതിയിട്ട് ആരുടെ കൈയ്യിൽ കൊടുക്കണം?
   5. എന്തിനാണ് നീ അവരോട് അതു പറഞ്ഞത്? വിചാരിക്കാതെ പറഞ്ഞു പോയതാണോ?
   6. നീ ഒന്നും കഴിക്കുന്നില്ലേ? എന്താ കാര്യം, നല്ല സുഖമില്ലേ?
   7. ഈ ബുക്ക് ചേച്ചിയുടേതാണ്. എന്റേത് കാണുന്നില്ല. എവിടെയാണെന്ന് അറിയാമോ?
   8. നാളെ പരീക്ഷ എത്ര മണിക്കാണ്?

9. ഒന്നും കഴിക്കാതെ പോകാതെ.
അമ്മ ഇതെല്ലാം നിനക്ക് ഉണ്ടാക്കിയതല്ലേ?

10. കമലക്ക് വയറ്റിൽ അസുഖമാണോ?
ആശുപത്രിയിൽ കൊണ്ടു പോകട്ടെ?

GRAMMAR NOTES

18.1. THE COLLOQUIAL LOCATIVE ENDING '-ഏ'. This lesson's conversation contains two examples of a special short locative ending '-ഏ' or '-എ'.

1. മദ്ധ്യേ 'in the middle'
   (short for മദ്ധ്യത്തിൽ)
2. വഴിയേ 'on, along the road'
   (short for വഴിയിൽ)

Only a few items permit this ending, and those which do also take the more regular locative form with '-ിൽ' or '-ത്തു'. These special forms are limited to colloquial speech only, but they may optionally be used in all of the functions that locative nouns serve including that of the destination of verbs of motion (see 7.). Witness:

3. അമ്പലത്തിന്റെ സമീപെയുള്ള കട അറിയാമോ?
   'Do you know the shop near the temple?'

18.2. HOW TO TELL YOUR LEFT HAND FROM YOUR RIGHT. The basic adjectives for 'right' and 'left' can be seen in the following:

1. ഇടത്തു കൈ	'left hand'
2. വലത്തു കൈ	'right hand'

They are also used in expressions such as:

3. ഇടത്തു കൈയ്യിൽ	'on the left (hand)'
4. വലത്തു വശത്ത്	'on the right side'

This lesson's conversation contains the complex expression:

5. ഇടത്തോട്ടുള്ള വഴിയേ
   'along the road going to the left'

You can recognize ഇടത്ത് as the adjective 'left' and

'-ഉള്ള' as the marker of a relative clause (see 14.4). The unknown element in the middle, '-ോട്ട്', is a formant meaning 'in the direction of'. It never stands alone, but it is also found in the trio ഇങ്ങോട്ട് 'in this direction', this way', അങ്ങോട്ട് 'in that direction, that way', and എങ്ങോട്ട് 'in which direction, which way'(see Reference List in Lesson Two).

The difference between the right and left hand is of tremendous cultural significance in India. Traditionally one eats with the right hand rather than with implements. The left hand is kept completely apart from one's food because, being used for toilet functions, it is ritually polluting, even though washing is strictly observed. It is for this reason, too, that things are given and received with the right hand only wherever possible. Also related to the concept of ritual pollution are Indian bathing customs. According to these, no part of the body is put into a container of water to be washed. Instead, water is dipped out of a busket in a small vessel and poured over the particular part of the anatomy to be washed. Hindus, in whose religion these concepts of pollution are highly defined, will also protect themselves against the pollution of a drinking vessel or a cold drink bottle by deftly pouring the contents into the mouth without ever touching the lips to the container.

18.3. USING THE NAME AS A TERM OF ADDRESS. This lesson's conversation contains the sentence:

1. ലീല പറഞ്ഞത് ------- എന്നല്ലേ?

'Didn't you say ... ... ?'(literally, isn't it ... that Leela said.)

Here the teacher is speaking directly to Leela, but following the common convention in Malayalam of using the personal name as a term of address in place of the pronoun നിങ്ങൾ or നീ . Here are a few other examples to sensitize you to this usage:

2. സാറിന്റെ കൈയ്യിൽ ഇരിക്കുന്നത് എന്താണ്?

'What's that in your (polite) hand?' (literally, ... in the gentleman's hand).

3. ടീച്ചറിന് പോകണമോ?

'Do you want to go, teacher?'

18.4. **THE NEGATIVE CONJUNCTIVE VERBFORM.** The use of the conjunctive verbform as a means of joining two sentences into a single complex sentence was treated in 13.3. Section 13.2 shows how the positive conjunctive verbform is made from the past stem of the verb plus the echo vowel '-ഉ' where the verb ends in '-ഉ', or by a "zero" ending, i.e. no change, when the past form ends in '-ഇ' . The positive conjunctive is only used when the verb in the first of the two sentences to be conjoined is a positive verbform of some kind.

It is also possible to conjoin two sentences when the verb in the first is a negative. This requires the negative conjunctive verbform which is made from the present verbstem plus the ending '-ാതെ' . Whereas the positive conjunctive accounts for concepts which in English are handled by 'and', 'before', and 'after', the negative conjunctive is used for concepts which English renders as 'without', 'not', 'unless', and so on. Witness:

1. കുട്ടികൾ ഒന്നും കഴിക്കാതെ സ്കൂളിൽ പോയി.

   'The children went to school without eating a thing.'

2. എന്നെ കാണാതെ അവൻ വിഷമിച്ചു.

   'Not seeing me he was worried.'

3. ശരിയായിട്ടു പഠിക്കാതെ നീ പരീക്ഷ പാസ്സാകുകയില്ല.

   'You won't pass the exam unless you have studied well.'

The negative verbforms അല്ല, ഇല്ല, and വേണ്ട may all take '-ാതെ', but only ഇല്ലാതെ is a conjunctive. Witness:

4. ടിക്കറ്റ് കൈയ്യിലില്ലാതെ ബസ്സിൽ കയറണ്ട.

   'Don't enter the bus unless you have (your) ticket in (your) hand.'

The form അല്ലാതെ is a postposition meaning 'other than' (see Appendix D). The form വേണ്ടാതെ serves as a baseform, as all forms in '-ാതെ' do, for negative adjectival clauses and noun phrases (see 19.5).

18.5. POLITE NEGATIVE COMMANDS. Besides serving as the negative conjunctive, verbforms ending in '-ാതെ' are also used as polite negative commands. They are roughly equal in tone to positive commands formed with '-ഊ' (see 3.4), and are mostly used when someone is already engaged in the act being forbidden. Section A of the Reading Practice for this lesson has a list of these forms. There are no irregulars. Exercise 1 of this lesson provides ample examples.

18.6. COMPOUND VERBS SHOWING UNINTENTIONAL INVOLVEMENT.

A transitive verb may form a compound with പോകുക signifying that the action of the verb took place without the willful participation of the subject. For example, this lesson's conversation contains the sentence:

1. ടീച്ചർ ഞാൻ അറിയാതെ പറഞ്ഞുപോയതാണ്.

'Oh teacher, I just said (that)' (without meaning to).

We often convey this meaning in English by using a psuedo passive construction with 'got', leaving the subject unspecified. Witness:

2. A. ആ കൊച്ചുകുട്ടിക്ക് കാപ്പി കൊടുക്കണ്ട.

'Don't give that small child coffee.'

B. അയ്യോ, ഞാൻ കൊടുത്തുപോയല്ലോ.

'Oh oh, I gave him some without realizing.'

It will be remembered (see 11.3) that when intransitive verbs form a compound with പോകുക , it denotes completion of the action of the verb.

18.7. EQUATIONAL AND CLEFT SENTENCES WITH '-ഉള്ളത്'.

It will be remembered that the predicate of an equational sentence in Malayalam must be a noun, not an adjective. Therefore, when possessive adjectives (see 9.1) and the few real adjectives in the language form the predicate on an equative sentence, they must add '-അത്' before the copula ആണ് , or any other form of the verb ആകുക . Similarly, words, phrases, or clauses, made into adjectives by the addition of '-ഉള്ള' (see 14.4) must also be made into noun phrases by the addition of '-അത്' in such cases. Witness:

1. ഇപ്പോൾ കിട്ടിയ വാർത്ത സന്തോഷമുള്ളതാണ്.

'The news I have just received is a happy one.'

2. ഈ സാരികൾ മദ്രാസിൽ നിന്നുള്ളതാണ്.

'These saris are from Madras.'

3. ഈ റേഡിയോ പരിപാടി കളികളെപ്പറ്റിയുള്ളതാണ്.

'This radio program is about sports.'

4. ഈ കാപ്പി കളയാനുള്ളതാണ്.

'This coffee is to be thrown out.'

Note that only nouns are required to take '-ഉള്ളത്'. Postpositions and infinitives may occur without it. Thus, Examples 2-4 may be alternatively rendered:

5. ഈ സാരികൾ മദ്രാസിൽ നിന്നാണ്.

'These saris are from Madras.'

6. ഈ റേഡിയോ പരിപാടി കളികളെപ്പറ്റിയാണ്.

'This radio program is about sports.'

7. ഈ കാപ്പി കളയാനാണ്.

'This coffee is to be thrown out.'

When a sentence containing such a phrase is clefted so as to stress the item which has been made into an adjectival clause (or relative clause), then ആണ് is interposed between that item and '-ഉള്ളത്'. This accounts for the example in this lesson's conversation:

8. ആകെ വാസ്തവത്തിൽ നാലു ഫർലാംഗാണ് ഉള്ളത്.

'In all it is really of four furlongs.'

The normal order would, of course, be:

9. ആകെ വാസ്തവത്തിൽ നാലു ഫർലാംഗ് ഉള്ളതാണ്.

'... it is four furlongs.'

18. 8. RHETORICAL QUESTIONS AS EMPHATIC STATEMENTS.

This lesson's conversation contains the sentence:

1. അമ്മക്ക് ടീച്ചറിനെ കാണാൻ എന്തു കൊതിയാണെന്നോ!

'Mother is so eager to see you!' (literally, do you know how eager mother is to see you).

This question is unusual in two ways. Firstly, it is a question in form only. Functionally, it is making an emphatic statement. Secondly, as is common with this kind of rhetorical question, the main verb of the sentence അറിയാമോ 'do you know' is omitted, and the question marker is attached to the quotative marker എന്ന് which ends the sentence. This further proves that this is an embedded sentence within a carrier sentence (the deleted അറിയാമോ) since a question word, which marks an information type question, and a the question marker '-ോ' , which marks a yes/no question, cannot occur within the same clause. The question word is generally എന്ത് , but the tense of the verb varies according to the circumstances, c.f.:

2. ഞങ്ങളുടെ യാത്ര എന്തു രസമായിരുന്നെന്നോ!

'What a fun trip we had!'

3. ഇതിന് എന്തു വിലയായിരിക്കുമെന്നോ!

'It must be very costly.'

These questions take a special intonation pattern, with the pitch rising to a high level after എന്ത് , then falling only to a medium pitch with a level contour on the final syllable -ന്നോ . The final syllable is also somewhat stressed.

This type of rhetorical question conveys what the speaker feels is new information to the addressee, i.e. pointing out something which he is not aware of, but the speaker is. This situation contrasts to that where the speaker supposes that the listener also shares his view. In these cases, an exclamation takes the form of a statement with -അല്ലോ . Witness:

4. ഇതിന് വലിയ വിലയാണല്ലോ!

'This is so high priced' (isn't it).

This could either be used to a fellow shopper, or to the shopkeeper whom, one would assume, also realizes how elevated his prices are.

VOCABULARY

മാനേജർ	Manager
പ്യൂൺ	Peon
പോയിരിക്കുകയായിരുന്നു	have [you] been
വെളിയിൽ	Outside, Out of doors
തിരക്ക്	Crowd, pressure
ജോലിത്തിരക്കുള്ള	which has/have pressure of work
പോകരുത്	(you) mustn't go, don't go.
വിശക്കുക [Past tense: വിശന്നു]	to be hungry [with dative subject, impersonal]
വല്ലതും	Something
ഇടക്കിടെ	periodically, regularly
ഇറങ്ങുക [past tense: ഇറങ്ങി]	to go out, to descend, to exit.
പോകാറുണ്ട്	to be in the habit of going
ഓരോ കാരണങ്ങൾ	a different reason [everytime]
കാരണം	reason

ഞാനാണ് ------ ചെയ്യേണ്ടത്	I am the one who has to do -----
ഓ! പിന്നെ	Is that so! [sarcastic]
ഓരോ കഥകൾ	a different story [each time]
----ില്ലാത്തതു കൊണ്ട്	because of not ----
വിശ്വാസം	faith, belief
അയാളെ എനിക്ക് വിശ്വാസമുണ്ട്	I have faith in him
മടി	laziness
മടിയൻ	lazy fellow
മടിച്ചി	lazy person [feminine]
മടിയാണ്	[you] are lazy [with dative subject]
ജോലി ചെയ്യാൻ മടിയാണ്	reluctant, unwilling to do work [with dative subject]
ഏതായാലും	Anyhow, in any case
ഇനിയും മുതൽ	from now on

അല്ലെങ്കിൽ	otherwise
മാറ്റുക [past: മാറ്റി]	to change [Transitive]
സ്ഥലം മാറ്റുക	to transfer
എനിക്ക് നിങ്ങളെ സ്ഥലം മാറ്റേണ്ടതായി വരും	I will have to transfer you
സ്ഥലം മാറ്റരുതേ	please don't transfer [me] [connotes pleading]
ചെയ്യാമേ	[I] will do [connotes submissiveness]
പ്രയാസം	difficulty

READING PRACTICE

A. Note how the noun ആളുകൾ 'people' may be replaced in the following phrases by the plural relative pronoun അവർ "those who".

1. ചായ കുടിക്കുന്ന ആളുകൾ
   ചായ കുടിക്കുന്നവർ
2. വെളിയിൽ പോകുന്ന ആളുകൾ
   വെളിയിൽ പോകുന്നവർ
3. കല്യാണം കഴിച്ച ആളുകൾ
   കല്യാണം കഴിച്ചവർ
4. ഫോറം പൂരിപ്പിച്ച ആളുകൾ
   ഫോറം പൂരിപ്പിച്ചവർ
5. സാറിനെ കാണണമെന്നുള്ള ആളുകൾ
   സാറിനെ കാണണമെന്നുള്ളവർ

B. Note how the nouns referring to male and female persons may be replaced in the following phrases by the singular relative pronouns അവൻ and അവൾ respectively. Note that respected female persons take the plural pronoun അവർ.

1. ദോശ കൊണ്ടുവന്ന പയ്യൻ.
   ദോശ കൊണ്ടുവന്നവൻ
2. അവരുടെ വീട്ടിൽ ജോലി ചെയ്ത സ്ത്രീ.
   അവരുടെ വീട്ടിൽ ജോലി ചെയ്തവൾ
3. ഞങ്ങളെ പഠിപ്പിക്കുന്ന റ്റീച്ചർ.
   ഞങ്ങളെ പഠിപ്പിക്കുന്നവർ
4. പ്ലേറ്റ് കൊണ്ടുപോകുന്ന കുട്ടി
   പ്ലേറ്റ് കൊണ്ടുപോകുന്നവൻ

CONVERSATION

ആഫീസിലെ ഒരു രംഗം

മേനോൻ സാർ - മാനേജർ
രാമൻ നായർ - ക്ലാർക്ക്
തോമസ്സ് - പ്യൂൺ

മേനോൻ: തോമസേ, നിങ്ങൾ എവിടെ പോയിരിക്കുകയായിരുന്നു?

തോമസ്സ്: വെറുതെ ഒന്നു വെളിയിൽ പോയതാ സാറേ.

മേനോൻ: ഇവിടെ ആഫീസിൽ വളരെ അധികം ജോലി ചെയ്യാനുണ്ടല്ലോ. ഇത്രയും ജോലിത്തിരക്കുള്ള സമയങ്ങളിൽ നിങ്ങൾ എന്റെ അനുവാദമില്ലാതെ വെളിയിൽ പോകരുത് എന്ന് ഞാൻ പറഞ്ഞിട്ടില്ലേ?

തോമസ്സ്: വിശന്നിട്ട് വല്ലതും ഒന്നു കഴിക്കാൻ പോയതാ സാറേ.

നായർ: അയാൾ ഇടക്കിടെ ഇങ്ങനെ ഇറങ്ങിപോകാറുണ്ട് സാറേ. ഒരു ജോലിയും ചെയ്യുകയില്ല. എന്തെങ്കിലും ജോലി ചെയ്യാനുള്ള സമയത്ത് ഇങ്ങനെ ഓരോ കാരണങ്ങൾ പറഞ്ഞ് വെളിയിൽ പോകും. പിന്നെ ഞാനാണ് ജോലിയെല്ലാം ചെയ്യേണ്ടത്.

തോമസ്സ്: ഓ പിന്നെ! ഈ രാമൻനായർ
പറയുന്നതു് ശരിയല്ല സാർ. അയാൾക്കു്
എന്നെ ഇഷ്ടമില്ലാത്തതു കൊണ്ടു്
ഇങ്ങനെ ഓരോ കഥകൾ പറയുന്നതാണ്.

മേനോൻ: നായർ പറയുന്നതു് ശരിയായിരിക്കും.
അയാളെ എനിക്കു് വിശ്വാസമുണ്ടു്.
നിങ്ങൾ ഇങ്ങനെ ആയിരിക്കും
സമയം മുഴുവനും കളയുന്നതു്.
നിങ്ങൾക്കു് ജോലി ചെയ്യാൻ
മടിയാണെന്നു് തോന്നുന്നല്ലോ.

തോമസ്സ്: അയ്യോ! ഇല്ല സാർ. എനിക്കു്
ഒരു മടിയും ഇല്ല. എപ്പോഴും ഞാൻ
ജോലി ചെയ്യാൻ തയ്യാറാണു്.

മേനോൻ: പക്ഷെ, അങ്ങനെയല്ല എനിക്കു്
തോന്നുന്നതു്. ഏതായാലും ഇനിയും.മുതൽ
ജോലി ചെയ്യേണ്ടതൊക്കെ ശരിയായിട്ടുള്ള
സമയത്തു് ചെയ്യണം. അല്ലെങ്കിൽ
എനിക്കു് നിങ്ങളെ സ്ഥലം മാറ്റേണ്ടതായി
വരും.

തോമസ്സ്: അയ്യോ സാറേ! എന്നെ സ്ഥലം
മാറ്റരുതേ! ഞാൻ ഇനിയും എല്ലാ
ജോലിയും ശരിയായിട്ടു ചെയ്യാമേ!

EXERCISES

1. Change the following to negative commands as in the model.

Model: നീ ഇവിടെ ഇരിക്കണം.
നീ ഇവിടെ ഇരിക്കൂ.
നീ ഇവിടെ ഇരിക്കണ്ട.
to
നീ ഇവിടെ ഇരിക്കരുത്.

1. നിങ്ങൾ അവിടെ പോകണം.
2. ഞാൻ അതു ചെയ്യണ്ട.
3. നീ എന്റെ അടുത്ത് വരൂ.
4. പയ്യൻ ആ കാര്യം അയാളോട് പറയണം.
5. ഹമീദേ, നിങ്ങൾ ഇനിയും അവളെ കാണണ്ട.
6. ഗീതേ, നീ അമ്മയുടെ കൈയിൽ നിന്ന് പണം വാങ്ങിക്കൂ.
7. അമ്മേ, പഴയ കാര്യങ്ങൾ ഒന്നും ഓർക്കണ്ട.
8. ഇടത്തോട്ടുള്ള വഴിയിലേക്ക് തിരിയണം.
9. മോളേ, നീ അച്ഛനെ ഈ എഴുത്ത് കാണിക്കൂ.
10. അയാൾക്ക് ഒന്നും കൊടുക്കണ്ട.

2. A. Change the complex verbal adjectives in the phrases below to simple verbal adjectives as in the model.

Model: ഞാൻ കണ്ടിട്ടുള്ള സ്ഥലങ്ങളൊന്നും നിങ്ങൾ കണ്ടിട്ടില്ല.
ഞാൻ കണ്ട സ്ഥലങ്ങളൊന്നും നിങ്ങൾ കണ്ടിട്ടില്ല.

1. മലയാളം പഠിച്ചിട്ടുള്ള കുട്ടികൾ ഈ പുസ്തകം വായിച്ചാൽ കൊള്ളാം
2. ഞാൻ അയാൾക്കു് കൊടുത്തിട്ടുള്ള പണം പിന്നെ തരാമെന്നു് അയാൾ പറഞ്ഞു.
3. ഞാൻ ഇതുവരെ ചെയ്തിട്ടുള്ള കാര്യങ്ങളെല്ലാം മാനേജർക്കു് ഇഷ്ടമാണു്.
4. ഞാൻ അമേരിക്കയിൽ നിന്നും എന്റെ ഭാര്യക്കു് എഴുതിയിട്ടുള്ള കത്തുകളെല്ലാം അമ്മ വായിച്ചു.

B. Combine the two sentences in the pairs below using a locative plus '-ഉള്ള' as in the model.

Model: ആ മുറിയിൽ പല കസേരകൾ ഉണ്ടു്.
അവ ഇങ്ങോട്ടു കൊണ്ടു വരൂ.
ആ മുറിയിലുള്ള കസേരകൾ
ഇങ്ങോട്ടു കൊണ്ടുവരൂ.

1. ആ സിനിമാശാലയിൽ പല ആളുകൾ ഉണ്ടു്. അവരിൽ നൂറു പേരു് കേരളീയരാണു്.
2. ആ ആഫീസിൽ ഒരു ക്ലാർക്കു് ഉണ്ടു്. അയാളുടെ കൈയ്യിൽ ഈ ഫോറം കൊടുക്കണം.
3. അയാളുടെ കൈയ്യിൽ ഒരു പുസ്തകം ഉണ്ടു്. അതു് എന്റേതായിരിക്കും.
4. എന്റെ വീടിന്റെ മുമ്പിൽ ഒരു വലിയ കടയുണ്ടു്. അതു് ഒരു തുണിക്കട ആണു്.

C. Rewrite the sentences below changing the noun phrases which are underlined to include -ഉള്ള as in the model.

Model: ആ തുണിക്കട അറിയില്ലേ?

ആ തുണിയുള്ള കട അറിയില്ലേ?

1. കോഴിക്കോട്ട് ഒരു വലിയ തുറമുഖപട്ടണം ആണ്.
2. ഇത് ഒരു എളുപ്പകാര്യമാണ്.
3. എനിക്ക് ഒരു ആവശ്യകാര്യത്തിനെ പറ്റി അദ്ദേഹത്തിനോട് ഒന്നു സംസാരിക്കണം.
4. ഒരു സന്തോഷവാർത്ത കേട്ടോ. ഞാൻ ഇന്ന് ഒരു അച്ഛനായി.

3. A. Make cleft sentences from the following by nominalizing the desiderative verbforms and adding the copula as in the model.

Model: നിങ്ങൾ അതു ചെയ്യണം.

നിങ്ങൾ അതു ചെയ്യേണ്ടതാണ്.

1. രമ അവിടെ പോകണമെന്ന് അദ്ദേഹം പറഞ്ഞു.
2. ഇതിന് തോമസ് സാറിനോട്ട് അനുവാദം ചോദിക്കണം.
3. മോളേ, നീ അമേരിക്കക്ക് പോകുന്നതിനു മുമ്പ് പള്ളിയിലെ അച്ചനെ ഒന്നു കാണണം.
4. നിങ്ങൾ ഇങ്ങനെ ചെയ്യണം.
5. എന്നും പത്രം കൊണ്ടുവരുന്നതിന് ഈ പയ്യന് ആഴ്ചയിൽ രണ്ടുരൂപ കൊടുക്കണം.

3. B. Make cleft sentences again, this time by placing the ആണ് after the underlined word and changing the verb accordingly.

Model: ഞാൻ അതെല്ലാം ചെയ്യണം.
ഞാനാണ് അതെല്ലാം ചെയ്യേണ്ടത്.

1. അച്ഛൻ അമ്മയെ ആശുപത്രിയിൽ കൊണ്ടുപോകണം.
2. സാറ് അവളെ മലയാളം പഠിപ്പിക്കണം.
3. മാനേജർ അയാളോട് ജോലി ശരിയായിട്ടു ചെയ്യാൻ പറയണം.
4. എന്നെ കാണിച്ചിട്ട് അയാൾക്ക് കൊടുക്കണം.
5. നിങ്ങൾ അദ്ദേഹത്തിനെ പോയി കാണണം.

C. Combine the sentences in the pairs below by making the first into an adjective phrase as in the model.

Model: എനിക്ക് ഒരു സാരി വാങ്ങിക്കണം.
ആ സാരി ഈ കടയിലില്ല.
എനിക്ക് വാങ്ങിക്കേണ്ട സാരി ഈ കടയിലില്ല.

1. നിങ്ങൾ ഒരു ജോലി ചെയ്യണം. അത് ചെയ്യാൻ എളുപ്പമാണ്.
2. രാമന് ആ പുസ്തകം വായിക്കണം. അത് ഒരു നല്ല മലയാള പുസ്തകമാണ്.

3. എന്റെ മകൾക്കു് ഒരു സിനിമ കാണണം. അതു് ഈ സിനിമാശാലയിലാണു് നടക്കുന്നതു്.

4. നിങ്ങൾ ഒരു ഫോറം പൂരിപ്പിക്കണം. ആ ഫോറം ഈ ആഫീസിൽ കിട്ടും.

5. എനിക്കു് ചേട്ടനോടു് ഒരു കാര്യം പറയണം. അതു് ചേച്ചി കേൾക്കരുതു്.

6. ജെയിംസ്, കമലയെ ഒരു ഡാക്ടറിനെ കാണിക്കാൻ കൊണ്ടു പോകണം. അയാളുടെ പേരു് കേശവൻനായർ എന്നാണു്.

4. A. Combine the sentences in the pairs below by making the first into a dependent 'because' clause as in the model.

Model: അവർ ഇന്നു് ഇവിടെ വരുന്നു. അതുകൊണ്ടു് ഞാൻ അവിടെ പോകുന്നില്ല.
അവർ ഇന്നു് ഇവിടെ വരുന്നതുകൊണ്ടു് ഞാൻ അവിടെ പോകുന്നില്ല.

1. അച്ഛനെ ഞാൻ ഇന്നു് ആശുപത്രിയിൽ കൊണ്ടുപോയി. അതുകൊണ്ടു് ഇപ്പോൾ അച്ഛനു് സുഖമുണ്ടു്.

2. ഞാൻ കുറച്ചുമുമ്പു് ചായ കുടിച്ചു. അതുകൊണ്ടു് ഇപ്പോൾ കാപ്പി വേണ്ട.

3. നമ്മൾ വേഗം നടക്കുന്നു. അതുകൊണ്ടു് നേരത്തെ ബസ്സ്റ്റാൻഡിൽ എത്തും.

4. മീറ്റിങ്ങ് നേരത്തെ കഴിഞ്ഞു. അതുകൊണ്ട് എനിക്ക് ഇപ്പോൾ വീട്ടിൽ പോകാം.

5. അയാൾ ജോലിയെല്ലാം ശരിയായിട്ടു ചെയ്യുന്നു. അതുകൊണ്ട് എനിക്ക് സന്തോഷമാണ്.

4. B. Combine the sentences in the pairs as in A above changing ഉണ്ട് to ഉള്ള as in the model.

Model: എനിക്ക് അയാളെ വിശ്വാസമുണ്ട്. അതുകൊണ്ട് ഞാൻ അയാൾക്ക് ഒരു ജോലി കൊടുത്തു.

എനിക്ക് അയാളെ വിശ്വാസമുള്ളതുകൊണ്ട് ഞാൻ അയാൾക്ക് ഒരു ജോലി കൊടുത്തു.

1. രാമന് വളരെ അധികം ജോലിയുണ്ട്. അതുകൊണ്ട് അയാൾ വരുന്നില്ല.
2. ഹമീദിന് നാളെ ഒരു പരീക്ഷയുണ്ട്. അതുകൊണ്ട് അയാൾ വീട്ടിൽ നിന്നും ഇറങ്ങുകയില്ല.
3. കമലക്ക് ധാരാളം പണമുണ്ട്. അതുകൊണ്ട് അവൾക്ക് എല്ലാം വാങ്ങിക്കാം.
4. എനിക്ക് കുറച്ചു സമയമുണ്ട്. അതുകൊണ്ട് ഞാൻ ഒരു പുസ്തകം വായിക്കാൻ പോകുകയാണ്.
5. ഈ വഴിയിൽ നല്ല തിരക്കുണ്ട്. അതുകൊണ്ട് വേഗം നടക്കാൻ പറ്റുകയില്ല.

Lesson Nineteen

Exercises

5. Translate into Malayalam.

1. This is the one he wants.
2. The manager feels that I am the one to write the letter.
3. It's the peon who wastes all the time in this office.
4. I have no faith in him at all.
5. Anyway, I am ready to transfer him right now, if he wishes.
6. At times when there is no work to do you may go out after telling the clerk only, but at times when there's work to do, you must stay here; have you got that?
7. Because we had run out of meat, I had sent Mani to the market.
8. The children[habitually] arrive at the school at eight o"clock.
9. I never tell any stories at all. You know that.
10. I am the one who has to complete this form. You don't have to complete anything, so don't take this pen.

6. Read the following making sure you understand the meaning.

1. നിങ്ങൾ ഇങ്ങനെ വെറുതെ സമയം കളഞ്ഞാൽ മാനേജർ വിചാരിക്കും നിങ്ങൾക്കു് ജോലി ചെയ്യാൻ മടിയാണെന്നു്.

2. ചേട്ടൻ ഇന്നലെ അമ്മയെ കാണാൻ കൊച്ചിക്കു് പോയി. ഞാനും പോകേണ്ടതായിരുന്നു. പക്ഷെ എനിക്കു് സുഖമില്ലാത്തതുകൊണ്ടു് പോയില്ല.

3. എനിക്കു് കാറില്ലാത്തതുകൊണ്ടു് എന്റെ കുട്ടികൾ നടന്നാണു് സ്കൂളിൽ പോകുന്നതു്.

4. മോളേ, നീ ഈ ഉണ്ണി കൃഷ്ണാസാരികടയിൽ നിന്നായിരിക്കും വാങ്ങിച്ചതു്. അല്ലേ?
അതെ.
ഇതു പഴയതായിരിക്കും. അയാൾ നിന്നെ കളിപ്പിച്ചു എന്നു തോന്നുന്നു.

5. ഈ പയ്യൻ എവിടെ പോയിരിക്കുകയാണ്? ജോലി ചെയ്യാനുള്ള സമയത്ത് അവനെ കാണുകയില്ല. ഇങ്ങനെ ഇറങ്ങിപ്പോകരുത് എന്ന് ഞാൻ അവനോട് എപ്പോഴും പറയുന്നതാണ്.

6. ഹമീദ് മിക്കവാറും കമലയെ പോയി കാണാറുണ്ട്. ഹമീദിന് അവളെ വലിയ ഇഷ്ടമാണെന്ന് തോന്നുന്നു. എനിക്ക് തോന്നുന്നത് അവൻ അവളെ കല്യാണം കഴിക്കുമെന്നാണ്.

7. താങ്കൾ ഇടക്കിടെ കോട്ടയത്ത് വരാറുണ്ട് അല്ലേ? ഒരു ദിവസം എന്നെ ഒന്നു വന്നു കാണാൻ പറയൂ.

8. അമ്മേ, എനിക്ക് വിശക്കുന്നു. കഴിക്കാൻ വല്ലതും തരൂ.
ദോശ ഉണ്ടാക്കി തരട്ടെ.
കൊള്ളാം. പക്ഷെ, ചമ്മന്തിയില്ലാതെ വേണ്ട.
ശരി, എന്നാൽ രണ്ടും തരാം.

9. എനിക്ക് വേണ്ടത് നിന്റെ കൈയ്യിലുണ്ടോ?

10. ഓരോ ജോലിക്കും ഓരോ ഫോറം പൂരിപ്പിച്ചു കൊടുക്കണം.

GRAMMAR NOTES

19.1. MILDNESS AND DEFERENCE DURING CONFRONTATION.

This lesson's conversation exemplifies some of the verbal devices used in Malayalam to moderate the effects of unpleasant things which must be said. Every so often, the office manager makes sure to soften his critical statements of the peon through the use of the politeness marker '-അല്ലോ' (see 6.1). This sometimes adds a tone of mildness, hard to represent by words in English, and sometimes directly softens the force of a statement. Witness:

1. ഇവിടെ ആഫീസിൽ വളരെ അധികം ജോലി ചെയ്യാനുണ്ടല്ലോ.
   'There (really) is a great deal to do here in the office.'
2. നിങ്ങൾക്ക് ജോലി ചെയ്യാൻ മടിയാണെന്ന് തോന്നുന്നല്ലോ.
   'I am afraid you have an aversion to work.'

The manager tones down two of his statements by using a verb showing probability, ആയിരിക്കും , instead of the more definitely assertive ആണ്. Witness:

3. നായർ പറയുന്നത് ശരിയായിരിക്കും.
   'What Nair says is probably, must be right.'
4. നിങ്ങൾ ഇങ്ങനെയായിരിക്കും സമയം മുഴുവൻ കളയുന്നത്.
   'It's probably so that you are wasting (your) time totally.'

The manager also makes some of his criticisms less direct by putting them into a carrier sentence with തോന്നുന്നു , 'I think' (see 15.5), thus placing them within the realm of opinions rather than facts. Witness Example 2 above and also:

5. പക്ഷേ, അങ്ങനെയല്ല എനിക്ക് തോന്നുന്നത്.
   'But I don't think that's so.'

For his part, the peon also tries to soften his retorts to the manager's questions and criticisms. Firstly, he uses the softener ഒന്ന് to show deference. Also the use of the nonemphatic order in cleft sentences (see 15.1) gives his statements a milder, less assertive tone. Witness:

6. വെറുതെ ഒന്നു വെളിയിൽ പോയതാ സാറേ.

'I just went out, that's all' (note that വെറുതെ does not mean here 'for no purpose' in the specific sense but rather carries the idea of 'happened to')

7. വിശന്നിട്ട് വല്ലതും ഒന്നു കഴിക്കാൻ പോയതാ സാറേ.

'I got hungry, and just went to eat something, sir.'

On the other hand, the peon does nothing to soften the categorical statements he makes about his good qualities, and lack of bad ones. He does, however, when confronted with the sudden prospect of being transferred, add a pleading, submissive tone to his final statement by adding '-ഏ' to the verbform (see 23.5). Witness:

8. എനിക്ക് ഒരു മടിയും ഇല്ല. എപ്പോഴും ഞാൻ ജോലി ചെയ്യാൻ തയ്യാറാണ്.

'I am not one bit lazy; I am always ready to do the work.'

9. ഞാൻ ഇനിയും എല്ലാ ജോലിയും ശരിയായിട്ട് ചെയ്യാമേ.

'From now on I will do all tasks well' (pleadingly).

19.2. THE FAMILIAR/FORCEFUL NEGATIVE COMMAND FORM. The strongest type of negative command possible in Malayalam is made by adding '-അരുത്' to the present verbstem. Note that all forms with '-അരുത്' are regular without exception while this type of command forms tend to be used more with persons with whom നീ is permitted,(hence the title "familiar negative command"),its use is broader than this. Since one of the components of its meaning is a forceful tone, it can be used with persons with whom only നിങ്ങൾ is permitted, and even to social superiors, when the situation warrants. The peon, for instance, lowest on the office social hierarchy, is able to use it with the office manager to convey the strength of his feelings when he says:

1 .അയ്യോ സാറേ, എന്നെ സ്ഥലം മാറ്റരുതേ.

'Good lord, sir, don't transfer me.'

The milder negative command form മാറ്റണ്ട (see 17.4) would simply not be forceful enough for the peon's present purposes.

19.3. SUMMING UP THE USES OF THE VERBAL NOUN IN '-അത്.'

So far, you have seen verbal nouns primarily in cleft sentences (see 11.2 and 15.1) and as objects of postpositions (see 13.5). This lesson's conversation provides a representative sample of some of these, plus other usages alluded to in earlier grammar notes. The cleft sentences with unemphatic order have already been cited in Examples 6 and 7 in 19.1 above. In addition, there are two examples of cleft sentences with normal, emphatic order, c.f.:

1. പിന്നെ ഞാനാണ് ജോലിയെല്ലാം ചെയ്യേണ്ടത്.

'Then it is me who has to do all the work.'

Another is cited in Example 4 of 19.1.

In two other examples, the verbal noun is used to make a clause into a phrase so that it may then serve a functional role within another sentence. Witness:

2. ഈ രാമൻ നായർ പറയുന്നത് ശരിയല്ല സാർ.

'What this Raman Nair says is not true, sir.'

3. നായർ പറയുന്നത് ശരിയായിരിക്കും.

'What Nair says is probably right.'

Note that this same process occurs with cleft sentences. The only difference is that the part of the sentence following the word to be emphasized or focused is made into a noun phrase, and its functional role is to serve as the predicate, not the subject of the sentence. Nominalized sentences may also serve a variety of case roles within a larger sentence, in which case they bear the ending appropriate to that role--dative, locative, or what have you. These are exemplified in 15.5.

Verbal nouns also take dative, locative, and other endings when governed by a postposition. No examples occur in this lesson's conversation, but those in 13.5 should suffice. Finally, there is one example of a verbal noun being used in the functional role of adverb, with the adverb marker ആയി. Witness:

4. അല്ലെങ്കിൽ എനിക്ക് നിങ്ങളെ സ്ഥലം മാറ്റേണ്ടതായി വരും.

'It may become necessary for me to transfer you.'

This usage will be treated in 24.6.

19.4. THE REPETITIVE VERBFORM WITH ‘-ാറുണ്ട്’.

True habitual action and general truth is handled by the ‘-ഉം’ verb ending covered in 7.1, and sometimes by the simple present ending ‘-ന്നു’, particularly in writing. A verbform is introduced in this lesson which serves for cases of repeated action over time, but which can be regarded as habitual.

This concept is usually expressed in English by 'has been ...' in the present orientation and by 'had been ...' or 'used to ...' in the past timeframe. Witness:

1. അയാൾ ഇടക്കിടെ ഇങ്ങനെ ഇറങ്ങി പോകാറുണ്ട് സാറേ.
   'He has been going out like this from time to time, sir.'
2. ഞാൻ അയാളുടെ മകനെ പഠിപ്പിക്കാറുണ്ട്.
   'I have been teaching his son.'

This verbform is put into the past by using ഉണ്ടായിരുന്നു. It may also occur as a supposition with probability expressed by the desiderative ഉണ്ടായിരിക്കണം. See:

3. ഒരാഴ്ച മുഴുവൻ ഞങ്ങൾ വെളിയിൽ ഹോട്ടലിൽ കഴിക്കാറുണ്ടായിരുന്നു.
   'For a week we were eating out in hotels.'
4. വേലക്കാരൻ എന്നും കുറച്ചു പണം എടുക്കാറുണ്ടായിരിക്കണം.
   'The servant must have been taking a little money every day.'

The present verbstem plus '-ാൻ' - is also used with ആയി to make a verbform expressing the idea of 'about to ...' (see 22.6).

19.5. NEGATIVE ADJECTIVES AND NOUNS. In Lesson Eighteen you learned the negative conjunctive verbform (see 18.4). These forms, ending in '-ാതെ', are grammatically adverbs. They may be made into adjectives by doubling the consonant of the ending and changing the എ to the adjectival marker '-അ.' Witness:

1. വേണ്ടാത്ത കാര്യങ്ങൾ 'unwanted matters'

2. സ്കൂളിൽ പോകാത്ത കുട്ടികൾ

'children who don't go to school'

These should be regarded, like their positive counterparts formed with '-ഉള്ള', as relative clauses.

Once a negative verbform has been made into an adjective, it may then be made into a noun by the normal process of adding '-അത്'. They may then be used in any functions which a noun phrase may serve, including the object of a postposition, c.f.:

3. എന്നെ ഇഷ്ടമില്ലാത്തതു കൊണ്ട്

'because of not liking me' (literally, because that he does not like me)

4. എന്തു കൊണ്ടാണ് നിങ്ങൾ പോകാത്തത്

'Why aren't you going?' (literally, because of what is it that you are not going).

Positive verbal adjectives, and nouns made from them, may show either present or past tense, depending on which verbstem they are made from (see 8.2 and 13.4 respectively). Negative adjectives and nouns can only be made from the conjunctive verbform, which itself can be made from the present verbstem only. It is possible, however, to show the contrast between present and past in negative verbal adjectives and nouns through an embedding process. Witness:

5. നീ അയാളെ ക്ഷണിക്കാതെ ഇരിക്കുന്നത് ശരിയല്ല

'It's not good that you are not inviting him.'

6. നീ അയാളെ ക്ഷണിക്കാതെ ഇരുന്നത് ശരിയല്ല.

'It's not good that you didn't invite him.'

In these examples, ഇരിക്കുക is brought in as the main verb of a carrier sentence which can show tense, and the negative sentence is embedded within it, with the negative verb taking the form of an adverb with the ending '-ാതെ'. Colloquially, there is an alternative means of expressing a negative verbal noun in the past without a carrier sentence, c.f.:

7. നീ അയാളുടെ കൂടെ പോകാഞ്ഞത് ശരിയല്ല.

'It's not good that you didn't go with him.'

Like the other negative endings, '-ാതെ' is added to the present verbal stem.

It is further possible, as with all adjectives, to add the human relative pronouns as well, to negative verbal adjectives in order to form relative clauses. Witness:

8. ഞാൻ ഒരു ജോലിയില്ലാത്തവനാണ്.

'I am unemployed' (literally, I am one who is unemployed).

9. ജോലി ചെയ്യാത്തവരെ സ്ഥലം മാറ്റും.

'Those who don't work will be transferred.'

10. ആ സ്ത്രീ ഒന്നും അറിയാത്തവൾ ആണ്.

'That woman doesn't know anything.' (This can refer either to innocence or ignorance.)

Positive relative clauses with these pronouns are treated in the following section.

19.6. RELATIVE CLAUSES WITH PERSONAL RELATIVE PRONOUNS.
Section 15.3 discussed relative clauses. These are embedded

sentences which function as adjectives. They maintain the original order of elements within them, but instead of one of the normal verb endings their verb must carry the adjective marker ‘-അ’, which can only be attached to the simple present or to the simple past verbforms. Most of the relative clauses in Lesson Fifteen described people, hence had a word denoting a person, or persons, as the headword of the noun phrase of which the relative clause is a part. It is also possible to make such noun phrases using a personal pronoun as the headword. In such cases, the pronoun is attached directly to the verbal adjective. Section A of this lesson's Reading Practice contains a set of examples where the plural pronoun ‘-വർ’ 'those who' is substituted for the head noun ആളുകൾ 'people'. Section B shows examples where the singular feminine pronoun ‘-വൾ’ 'she who' and the singular male pronoun ‘-വൻ’ 'he who' take the place of nouns denoting female and male referents. These, of course are very much like the noun phrases which are made from a relative clause plus the neuter pronoun ‘-അത്’ 'that which'. Note that Malayalam has no separate item equivalent to the English relative pronouns 'who', 'which', or 'that'. The personal pronouns ‘-വർ’, ‘-വൾ’, and ‘-വൻ’ may be called relative pronouns since they occur only with relative clauses. Noun phrases consisting of a relative clause and a personal pronoun headword are much more common in Malayalam than in English. Should you be translating Malayalam into English, for a research paper, literary publication, or whatever, you will have to treat such noun phrases loosely rather than according to strict word for word equivalance. Witness:

1. സ്കൂളിൽ പോകുന്നവർ

   'those who are attending school'

2. കല്യാണം കഴിച്ചവർ

   'Those who are married' (literally, those who have completed marriage)

3. ആ സാറിന്റെ കൂടെ ഇരിക്കുന്നവൾ

   'the lady, girl sitting with that gentleman'

4. ഇപ്പോൾ വെളിയിൽ പോയവൻ

   'the person (male) who has just gone out'

Several types of clauses are relativized through the use of '-ഉള്ള'. Firstly, those whose main verb is ഉണ്ട് as in:

5. ജോലിയുള്ളവർ 'those who have jobs'

Secondly, sentences containing verbforms other than simple present or past must be embedded in a carrier sentence whose main verb is ഉണ്ട് whose adjectival form is '-ഉള്ള'. Witness:

6. എന്നോട് വല്ലതും ചോദിക്കണമെന്നുള്ളവർ

   'those who want to ask me something'

Noun phrases comprised of a relative clause plus a relative pronoun may serve all of the functions which ordinary nouns serve in a sentence. They may be the subject or predicate, as they stand. They may become adverbs with the addition of the adverb marker -ആയി (see 23.6). They may also serve various case roles,with the addition of the appropriate dative, accusative, possessive, or other ending.

19.7. THE PRESENT PERFECT VERBFORM. Section 13.1 treats the stative perfect verbform marked by the ending '-ിട്ടുണ്ടു്'. This section describes a verbform which may initially appear very similar to the stative perfect, and then seeks to clarify several ways in which the two verbforms are quite distinct.

The present perfect is made from the conjunctive plus the auxiliary verb ഇരിക്കുക in one of several forms. The present tense and present progressive endings on the auxiliary are most common. Witness:

1. അവർ വന്നിരിക്കുന്നു.

'They have come.'

2. അയാൾ ടിക്കറ്റു് വാങ്ങിക്കാൻ പോയിരിക്കുകയാണു്.

'He has gone to buy the tickets.'

The English leads one to think that the stative and present perfect forms are identical in meaning. Actually, the two forms are complementary in most usages, and distinct in meaning under most conditions. In a simple statement with no time adverbials, the two forms are equivalent, and interchangeable. Thus Example 1 above and Example 3 below mean some people have come and are still present.

3. അവർ വന്നിട്ടുണ്ടു്. 'They have come.'

Similarly, Example 2 above and Example 4 below are roughly equal in meaning, though the former would tend to be used to indicate that the person is not here at the moment, while Example 4 would tend to be used to indicate that someone else has gone to buy tickets, hence you need not go.

4. അയാൾ ടിക്കറ്റു് വാങ്ങിക്കാൻ പോയിട്ടുണ്ടു്.

'He has gone to buy the tickets.'

The two forms are very different in terms of their use in questions. Firstly, the present perfect is preferred in information type questions, i.e. those containing a question word, as in:

5. അവർ ഏതു ഹോട്ടലിൽ കയറിയിരിക്കുന്നു?

'Which hotel did they enter, have they entered?'

6. അവർ അയാളെ എന്തിനു് അയച്ചിരിക്കുന്നു?

'Why has she sent him?'

In terms of yes-no questions, only the stative perfect (-ിട്ടുണ്ടു്) form can be used to express 'have ... ever ...' questions (see 13.1). The present perfect, on the other hand, is used to inquire about a specific event pursuant to some topic already introduced into the discourse and which has taken place in the very immediate past. Witness:

7. അവർ ആ ഹോട്ടലിൽ കയറിയിരിക്കുന്നോ?

'Have they gone into that hotel?'

It will be further recalled, that the '-ിട്ടുണ്ടു്' form is used for stative expressions in statements as well as yes-no questions such as:

8. കറി വച്ചിട്ടുണ്ടു് or കറി ഉണ്ടാക്കിയിട്ടുണ്ടു്.

'The curry is made.'

9. ഇന്നു് എല്ലാ കടകളും അടച്ചിട്ടുണ്ടു്.

'All the shops are closed today.'

The present perfect cannot be used at all in such expressions.

When adverbs denoting past time are used, the '-ിട്ടുണ്ട്' verbform may be used interchangeably with the simple past , c.f.:

10. അയാൾ ഇതിനു മുമ്പ് ഇവിടെ വന്നിട്ടുണ്ട്.

'He came here before.'

The present perfect may not be used with past time adverbials at all, only with those denoting the present, in which case it is interchangeable with the stative perfect. Witness:

11. അയാൾ ഞങ്ങളെ ഇപ്പോൾ അറിയച്ചിരിക്കുന്നു.
അയാൾ ഞങ്ങളെ ഇപ്പോൾ അറിയിച്ചിട്ടുണ്ട്.

'He has just now informed us.'

Finally, the present perfect may, though it seems a contradiction, take the progressive aspect (see 21.4), whereas the '-ിട്ടുണ്ട്' form may not. Adding the progressive aspect indicates that the results of the action, rather than its completion, are in focus, and that these results are still in force. Witness:

12. സാർ ഇപ്പോൾ വെളിയിൽ പോയിരിക്കുകയാണ്.

(literally, the boss has just gone out, but best rendered), 'the boss is out right now.'

Not all verbs may take the progressive aspect in their present perfect form in this way. Many verbs represent a single action with no continuing results to them. Note also that the progressive aspect form may also be put into the past when the focus is on the results of an action in the immediate past. It is for this reason that the office manager in this lesson's conversation elects to use the past progressive form in asking the peon:

13. നിങ്ങൾ എവിടെ പോയിരിക്കുകയായിരുന്നു?

(literally, where have you gone, but best rendered),

'where have you been?'

REFERENCE LIST

Causative Verbs

Intransitive	Trans./First Causative	Second Causative
നടക്കുക	നടത്തുക	നടത്തിപ്പിക്കുക
	പഠിക്കുക	പഠിപ്പിക്കുക
	കേൾക്കുക	കേൾപ്പിക്കുക
	കൊടുക്കുക	കൊടുപ്പിക്കുക
പോകുക	അയക്കുക	അയപ്പിക്കുക
	പറയുക	പറയിപ്പിക്കുക
	അറിയുക	അറിയിപ്പിക്കുക
	ചെയ്യുക	ചെയ്യിപ്പിക്കുക
ആകുക	ആക്കുക	
കയറുക	കയറ്റുക	കയറ്റിപ്പിക്കുക
മാറുക [To change, to move by itself]	{മാറ്റുക, മാറ്റുക	
കൂടുക	കൂട്ടുക	
ഉണരുക [To Wake up]	ഉണർത്തുക	
ചേരുക	ചേർക്കുക	ചേർപ്പിക്കുക
തീരുക	തീർക്കുക	തീർപ്പിക്കുക
ഇറങ്ങുക [To descend]	ഇറക്കുക	ഇറക്കിപ്പിക്കുക
	ഉണ്ണുക	ഊട്ടുക
	തിന്നുക [To eat]	തീറ്റുക [To feed]
	കാണുക	കാണിക്കുക
വരുക	വരുത്തുക	
	തരുക	തരുവിപ്പിക്കുക
	ഇഷ്ടപ്പെടുക	ഇഷ്ടപ്പെടുത്തുക

VOCABULARY

Part I

ഓണം	Onam, Kerala Harvest festival
വിളവെടുപ്പ്	harvest
ഉത്സവം	festival
രസകരം	that which has interest
രസകരമായ	interesting
പണ്ട്	long ago
ഒരിക്കൽ	one time, once
മഹാബലി	Mahabali, a Mythical character.
ചക്രവർത്തി	Emperor
കാലം	time
ദേവൻ	god
ഇഷ്ടപ്പെടുക	to like
പ്രകാരം	according to [Word final ‘ം’ of the preceding noun drops when പ്രകാരം is added]
കീഴടക്കുക	to subjugate [literally hold under]
വിഷ്ണു	One of the three main Hindu gods – the protector
വാമനൻ	dwarf

അടി	step, pace, foot [measure]
നല്ലവനായ	good [adj]
സമ്മതിക്കുക [past tense: സമ്മതിച്ചു]	to agree, to agree to
ഉടനെ	immediately
ആകാശം	sky
ആകാശത്തോളം	upto or as far as the sky
വളരുക [past tense: വളർന്നു]	to grow
കൊണ്ടു്	with or by means of [post pos. takes nominative]
അളക്കുക [past tense: അളന്നു]	to measure
മൂന്നാമത്തെ	third
ഭൂമി	earth
അടിയിൽ	beneath, at the bottom of
താഴ്ത്തിക്കളയുക [past: താഴ്ത്തിക്കളഞ്ഞു]	to lower, to push something down.
ആണ്ടു്	year
തന്റെ	possessive of താൻ, self's or own
അനുസരിച്ചു്	according to
സന്തോഷിപ്പിക്കുക [past: സന്തോഷിപ്പിച്ചു]	to make happy

ആഘോഷിക്കുക [past: ആഘോഷിച്ചു]	to celebrate

Part II

ആഘോഷം	celebration
ആഘോഷിക്കപ്പെടുക [past: ആഘോഷിക്കപ്പെട്ടു]	to be celebrated
ഉണ്ണുക [past: ഉണ്ടു]	to dine
ആടുക [past: ആടി]	to swing, to dance
പാടുക [past: പാടി]	to sing

വസ്ത്രം	clothes, dress
സന്തോഷിക്കുക [past: സന്തോഷിച്ചു]	to be happy
സദ്യ	feast
നടത്തുക	to hold, conduct, run etc.
ചിങ്ങമാസം	the month of Chingam [Parts of August and September]
പൂവ് [Plural: പൂക്കൾ]	flower

കളം	design, also the auspicious design drawn by Hindus on the ground in front of the door step..
അലങ്കരിക്കുക [past: അലങ്കരിച്ചു]	to decorate
പ്രധാന പ്രധാനം	important [adj]
ആറു്	river
കായൽ	backwaters
വള്ളം	boat [wooden], canoe
വള്ളംകളി	boat race
മത്സരം	competition
കൂടുക [past: കൂടി]	to gather [intransitive]
ഊഞ്ഞാൽ	swing
ഇടുക [past: ഇട്ടു]	to put, to put up, to set up
മറുനാടൻ	Overseas
നാടു്	Country, homeland, used to refer to Kerala by Malayalis.
ഹിന്ദു [plurals: ഹിന്ദുക്കൾ]	Hindu

മുസ്ലീം [plural: മുസ്ലീങ്ങൾ]	Muslim
ക്രിസ്ത്യാനി [plural: ക്രിസ്ത്യാനികൾ]	Christian
ജാതി	kind, caste, community. race.
മതം	religion
ഭേദം	differance, distinction, bettar.
ദേശീയ	national

READING PRACTICE

A. Read the following adjective and noun forms of the ordinal numbers.

Adjective		Pronoun	
ഒന്നാമത്തെ	First	ഒന്നാമത്തു്	The first
രണ്ടാമത്തെ	Second	രണ്ടാമത്തു്	The Second
മൂന്നാമത്തെ	Third	മൂന്നാമത്തു്	The third
നാലാമത്തെ	Fourth	നാലാമത്തു്	The fourth
അഞ്ചാമത്തെ	Fifth	അഞ്ചാമത്തു്	The fifth
ആറാമത്തെ	Sixth	ആറാമത്തു്	The Sixth
ഏഴാമത്തെ	Seventh	ഏഴാമത്തു്	The Seventh
എട്ടാമത്തെ	Eighth	എട്ടാമത്തു്	The Eighth
ഒൻപതാമത്തെ	Ninth	ഒൻപതാമത്തു്	The Ninth
പത്താമത്തെ	Tenth	പത്താമത്തു്	The tenth

B. Read the following phrases in which the adjectives formed with - ആയ may be replaced by - ഉള്ള

സുഖമായ യാത്ര, ഇഷ്ടമായ സ്ത്രീ, രസമായ കറി, വാസ്തവമായ കാര്യം, സന്തോഷമായ വാർത്ത, ആവശ്യമായ പണം, എളുപ്പമായ ജോലി ആഗ്രഹമായ കാര്യം.

C. Note how - ആയ and - ഉള്ള make different meanings .

തെറ്റായ ഫോറം Wrong Form.	തെറ്റുള്ള ഫോറം form with mistake(s).
അറിവായ സ്ത്രീ The woman who (just) became known to [me, us, them etc.].	അറിവുള്ള സ്ത്രീ Knowledgeable woman.
ക്രിസ്ത്യാനികളായ കേരളീയർ The Keralites who are Christians.	ക്രിസ്ത്യാനികളുള്ള കേരളീയർ does not make sense.
ക്രിസ്ത്യാനികളായ സ്ഥലം does not make sense.	ക്രിസ്ത്യാനികളുള്ള സ്ഥലം A place where a part of the population are Christians.
പുറകിലായ വള്ളം the boat (canoe) that has fallen behind.	പുറകിലുള്ള വള്ളം the boat (canoe) which is behind.
അധികമായ കാപ്പി The coffee that is left over.	അധികമുള്ള കാപ്പി The Coffee that is more than necessary and that may be or is leftover.

D. Note that the following take only the - ഉള്ള form.

മടിയുള്ള പയ്യൻ, കൊതിയുള്ള പട്ടി,
മിടുക്കുള്ള കുട്ടി [മിടുക്ക് = Cleverness],
പുതുമയുള്ള സിനിമ [പുതുമ = Novelty, newness]
പഴമയുള്ള വീഞ്ഞ് [പഴമ = Oldness ; വീഞ്ഞ് = Wine]

E. Note that the following can take only - ആയ .

നല്ലവനായ രാഷ്ട്രപതി, നല്ലവളായ കുട്ടി,
രസകരമായ സംഭവം, മിടുക്കനായ പയ്യൻ,
മിടുക്കിയായ കമല, കൊതിയനായ പട്ടി [കൊതിയൻ =
greedy male person], കൊതിച്ചിയായ മണി
[കൊതിച്ചി = fem. form of കൊതിയൻ],
അറിവുള്ളവനായ ചക്രവർത്തി
[അറിവുള്ളവൻ = a male person who is wise],
സാധാരണയായ സംഭവം, പ്രധാനമായ
വിഷയം, മടിയനായ ക്ലാർക്ക്, മടിച്ചിയായ
പട്ടി, പുതിയതായ സാരി [പുതിയത് = That which is
new], പഴയതായ കാറ് [പഴയത് = That which
is old]

TEXT, PART I

ഓണത്തിന്റെ കഥ

ഓണം മലയാളികളുടെ വിളവെടുപ്പു് ഉത്സവം ആണു്. ഓണത്തിന്റെ പിന്നിൽ ഒരു രസകരമായ കഥയുണ്ടു്. പണ്ടു് ഒരിക്കൽ മഹാബലി എന്നൊരു ചക്രവർത്തി ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് എല്ലാ ആളുകൾക്കും സുഖമായിരുന്നു. ഇതു് ദേവന്മാർക്കു് ഇഷ്ടപ്പെട്ടില്ല.

അവരുടെ ആഗ്രഹപ്രകാരം മഹാബലിയെ കീഴടക്കാൻ വിഷ്ണു ഒരു വാമനനായി മഹാബലിയുടെ അടുത്തു വന്നു. മൂന്നടി സ്ഥലം തരാമോ എന്നു് അദ്ദേഹത്തോടു് ചോദിച്ചു. നല്ലവനായ ചക്രവർത്തി അതു സമ്മതിച്ചു. ഉടനെ, വിഷ്ണു ആകാശത്തോളം വളർന്നു. രണ്ടടി കൊണ്ടു് എല്ലാ ലോകങ്ങളും അളന്നു. മൂന്നാമത്തെ അടി കൊണ്ടു് മഹാബലിയെ ഭൂമിക്കു് അടിയിലേക്കു് താഴ്ത്തിക്കളഞ്ഞു. അതിനു മുമ്പു് അദ്ദേഹം വിഷ്ണുവിനോടു് ആണ്ടിൽ ഒരിക്കൽ തന്റെ ആളുകളെ വന്നു കാണാൻ അനുവാദം

ചോദിച്ചു. വിഷ്ണു അതു സമ്മതിച്ചു.

അതനുസരിച്ചു് ആണ്ടിലൊരിക്കൽ മഹാബലി തന്റെ ആളുകളെ കാണാൻ വരുന്നു എന്നാണ് കേരളീയരുടെ വിശ്വാസം. അദ്ദേഹത്തെ സന്തോഷിപ്പിക്കുവാനാണ് അവർ ഓണം ആഘോഷിക്കുന്നതു്.

TEXT, PART II

ഓണ ആഘോഷങ്ങൾ

ചിങ്ങമാസത്തിലാണ് ഓണം ആഘോഷിക്കപ്പെടുന്നതു്. പണ്ടൊക്കെ ചിങ്ങമാസം മുഴുവൻ ആളുകൾ ഉണ്ടും ആടിയും, പാടിയും, കളിച്ചും, പുതിയ വസ്ത്രങ്ങൾ ഉടുത്തും സന്തോഷിച്ചിരുന്നു. എല്ലാ വീടുകളിലും ഓണസ്സദ്യ നടത്തിയിരുന്നു.

ഇപ്പോൾ അത്രയും അധികം ആഘോഷങ്ങൾ ഇല്ല. ചിങ്ങമാസത്തിലെ ഒരു ദിവസം മാത്രമാണ് ഈ കാലത്തു് ആളുകൾ ഓണം ആഘോഷിക്കുന്നതു്. എന്നാലും, ഓണത്തിന് പത്തു ദിവസം മുമ്പു് മുതൽ വീടുകളിൽ പൂക്കളമിട്ടു് അലങ്കരിക്കുന്നു. ഇതിന് ഓണപ്പൂവു്

എന്നാണ് പേര്. കൂടാതെ, ഓണത്തിന്റെ സമയത്ത് കേരളത്തിലെ പ്രധാന ആറുകളിലും കായലുകളിലും വള്ളം കളികൾ നടത്തി വരുന്നു. ഈ രസകരമായ മത്സരങ്ങൾ കാണാൻ ധാരാളം ആളുകൾ കൂടുന്നു.

ഓണക്കാലത്ത് കുട്ടികൾക്കു വേണ്ടി ആളുകൾ വീടുകളിൽ ഊഞ്ഞാൽ ഇടുന്നു. മറുനാടൻ മലയാളികൾ ഈ സമയത്ത് നാട്ടിൽ വരുന്നു. ഇഷ്ടമായ കറികൾ ഉണ്ടാക്കി എല്ലാവരും ഓണസ്സദ്യ കഴിക്കുന്നു.

ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും ജാതിമത ഭേദമില്ലാതെ ഓണം ആഘോഷിക്കുന്നു. അങ്ങനെ ഓണം തന്നെയാണിപ്പോൾ കേരളീയരുടെ ദേശീയ ഉത്സവം.

EXERCISES

1. Make the first noun in each pair into an adjective describing the second noun by using -ആയ as in the Reading Practice.

തെറ്റ്, എഴുത്ത്; അധികം, ചമ്മന്തി; അരികിൽ, വള്ളം; എളുപ്പം, വഴി; വാസ്തവം, കഥ; പത്രാധിപർ, മേനോൻസാർ; രസകരം, പുസ്തകം; അറിവുള്ളവൻ, മഹാബലി; പ്രധാനം, വാർത്ത; പുതിയത്, ബസ്സ് കൊതിയൻ, പട്ടി.

2. Make the following sentences into causatives, making the necessary changes. When a new subject is needed, it is provided in parenthesis as in the model.

Model: ഞാൻ ഒരു മിടുക്കൻ ആയി. [ടീച്ചർ]
ടീച്ചർ എന്നെ ഒരു മിടുക്കൻ ആക്കി.
അവൻ ആ കഥ പറയും.
അവനെ കൊണ്ട് ആ കഥ പറയിപ്പിക്കും.

1. ആ സ്കൂളിലെ കുട്ടികൾ എന്നും പത്രം വായിക്കും.
2. ഇൻഡ്യയിലെ രാഷ്ട്രപതി ഈ കസേരയിൽ ഇരുന്നു.
3. വറുഗീസ് കുറച്ചുതുണി വാങ്ങിക്കാൻ പട്ടണത്തിലേക്ക് പോകുന്നു. [ഞാൻ]
4. പത്രം ആഫീസിന്റെ വെളിയിൽ വളരെ അധികം ആളുകൾ കൂടുന്നു. [മേനോൻസാർ]

5. അവൻ നടക്കാറായി.

6. അയാൾ എനിക്കു് പണം തരുമോ? [നിങ്ങൾ]

7. അവൾ ആ പുസ്തകത്തിനെ പറ്റി നല്ല അഭിപ്രായം എഴുതി.

8. ആ മടിയനായ കുട്ടി ഒരിക്കലും പഠിക്കുകയില്ല. [ഞാൻ]

9. കമലയെ കാണാൻ എനിക്കു് പ്രയാസമാണു്. [make കാണാൻ into a Causative Verb here]

10. അവർ അവിടെ താമസിക്കട്ടെ.

3. Change the passive verbs in the following sentences to active ones. Where needed subjects are given in parentheses.

Model: പുസ്തകാഭിപ്രായം ഇങ്ങനെയാണു് എഴുതപ്പെടുന്നതു്.
പുസ്തകാഭിപ്രായം ഇങ്ങനെയാണു് എഴുതുന്നതു്.
വറുഗീസിനാൽ ചെയ്യപ്പെട്ട ജോലി പ്രയാസമുള്ളതായിരുന്നു
വറുഗീസു് ചെയ്ത ജോലി പ്രയാസമുള്ളതായിരുന്നു.

1. നിങ്ങളാൽ എഴുതപ്പെട്ട പുസ്തകം ഞാൻ വായിച്ചു.

2. ഓണം ചിങ്ങമാസത്തിൽ ആഘോഷിക്കപ്പെടുന്നു. [കേരളീയർ]

3. ഈ ജോലി ഇങ്ങനെയാണു് ചെയ്യപ്പെടുന്നതു്.

4. അമ്മയാൽ ക്ഷമിക്കപ്പെടാത്ത തെറ്റുകൾ ഒന്നുമില്ല.

5. എന്നാൽ ക്ഷണിക്കപ്പെട്ട സ്ത്രീ അവരാണ്.
6. മലയാള മനോരമ കോട്ടയത്ത് അച്ചടിക്കപ്പെടുന്നു.
7. അയാൾ ഒരു നല്ല ആളായി അറിയപ്പെടുന്നു. [എല്ലാവരും]
8. ഈ കടയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ വിൽക്കപ്പെടും.
9. അവൻ കമ്പനിയാൽ അമേരിക്കയിലേക്ക് അയക്കപ്പെട്ടു.
10. ടിക്കറ്റില്ലാതെ ട്രെയിനിൽ യാത്രചെയ്യുന്നവർ അറസ്റ്റു ചെയ്യപ്പെടും.

4. Translate the following into Malayalam.

1. Long ago Kerala was under the sea. Even the Sahya Mountains did not exist.
2. When he heard what the god who had become a small boy asked, the emperor immediately agreed to it.
3. According to your wish, I shall go to see them once a week.
4. Besides Onam, Keralites hold other festivals as well.
5. Malayalam is the state language of Kerala, but it is not the national language of India.
6. On the tenth day of the month, you should come to get them. (i.e. take them away).
7. "Does she (your daughter) know how to dance and sing?" "Yes, she knows both."
8. The main sports in America are football and baseball, but the sport I like is soccer.
9. Soccer is interesting; in Kerala it is known by the name of football.
10. In those days, Onam was celebrated for ten days; nowadays, it is only one day that people celebrate.

5. Rewrite the sentences in part B. of the Reading Practice replacing '- ആയ' with '- ഉള്ള'.

6. Read through the full text for this lesson, picking out all of the words containing the sound ള. Practice these words aloud.

GRAMMAR NOTES

20.1. ADJECTIVAL/RELATIVE CLAUSES FORMED WITH '-ആയ.'

Many relative clauses are formed with '-ഉള്ള' (see 14.4). This lesson introduces those formed with '-ആയ' . This note will try to clarify some of the distinguishing features of the two types and their usage.

The participle '-ഉള്ള' is derived from ഉണ്ട് , and '-ആയ' is derived from ആണ് . The fact that the former is a present participle, and that '-ആയ' is a past participle is not relevant in most cases. What is relevant is 1) the kind of sentence being made into an adjective, i.e. relativized, 2) the types of elements occurring in the sentence particularly the predicate, and 3) the role of the head noun which the clause modifies within that clause itself.

Existive and locative sentences, whose main verb is generally ഉണ്ട് , usually takes '-ഉള്ള'. Witness:

1. വീടിനു മുകളിലുള്ള അലങ്കാരം.
'the decorations (which are) at the top of the house'

2. ആറുകൾ അടുത്തുള്ള പട്ടണങ്ങൾ
'cities near rivers'

Existive sentences with a dative subject are of two types: those expressing physical possession, and those expressing emotion or physical feeling. Physical possession is always handled with '-ഉള്ള' as in:

3. വള്ളമുള്ള ആളുകൾ
'people who have boats'

Feelings are dealt with below.

In general, '-ആയ' is used to make an adjective from an equative sentence. It will be remembered that the predicate of an equative sentence in Malayalam must be a noun (see 9.1, 11.2, 15.1, and 18.5). Therefore, when a relative clause is formed with '-ആയ', it is bounded on both sides by a noun. The noun on the left is the predicate noun of the equative sentence being relativized, and the noun on the right is the headword of the noun phrase within which the relative clause now serves as an adjective. Ordinarily, the headword is also the subject of the relativized clause. Witness:

4. A. ചക്രവർത്തി ഒരു നല്ലവനാണ്.

'The Emperor is (a) good (person).' becomes:

B. നല്ലവനായ ചക്രവർത്തി

'the good Emperor'

5. A. പല കേരളീയർ ക്രിസ്ത്യാനികളാണ്.

' Keralites are Christians.' becomes:

B. ക്രിസ്ത്യാനികളായ കേരളീയർ

'Keralites who are Christians'

Section B of this lesson's Reading Practice contains examples where '-ഉള്ള' and '-ആയ' may be used interchangeably. This does not mean, however, that the original sentences with ഉണ്ട് and ആണ് which they are made from are identical in all cases. It is often the commonest items in a language which are most prone to be exceptions. Witness:

7. A. ഈ യാത്ര ചെയ്യാൻ സുഖമാണ്.

'This trip is pleasant.' becomes

B. സുഖമായ യാത്ര 'pleasant trip'

This sentence has a general meaning with no specific subject. When ഉണ്ട് is substituted, the sentence changes meaning and must have a specific personal subject, c.f.:

8. അയാൾക്ക് ഈ യാത്ര ചെയ്യാൻ സുഖമുണ്ട്.

'He is healthy enough to make this trip.'

This is obviously not the basis for സുഖമുള്ള യാത്ര 'pleasant trip', still this phrase is permitted though there is no independent sentence which it can be derived from. This is a minor point primarily of interest to linguists. Most students will want to learn the acceptable combinations, and not worry about their derivation.

Section C of the Reading Practice shows examples where both ഉള്ള and ആയ are possible, but with distinct meanings. These relate to whether the original sentence is an equative or a possessive(existive) one. Witness:

9. A. ഈ ഫോറം തെറ്റാണ്.

'This form is wrong.' becomes:

B. തെറ്റായ ഫോറം 'wrong form'

10. A. ഈ ഫോറത്തിൽ തെറ്റുണ്ട്.

'There are mistakes in this form.'

B. തെറ്റുള്ള ഫോറം

'the form which has mistakes'

When '-ആയ' occurs with a locative phrase, it derives from a locative sentence where the main verb is ആയി 'became', not ആണ്. Thus:

11. A. അയാളുടെ വള്ളം പുറകിലാണ്.

'His boat has fallen behind.' becomes:

B. പുറകിലായ വള്ളം 'the boat which has fallen behind'

Note that the 'became' meaning may also apply where the predicate is a noun rather than a locative phrase, as in:

12. A. വിഷ്ണു ഒരു വാമനനായി.

'Vishnu became a dwarf.' becomes:

B. വാമനനായ വിഷ്ണു

'Vishnu, who had become a dwarf,'

You have already learned that many common emotions are expressed with ഉണ്ട് plus a dative subject (see 15.2). Some others are covered in 21.3. The same structure is used with certain character traits such as മിടുക്ക് 'cleverness' and മടി 'laziness'. In many cases it is possible to substitute ആണ് in such sentences. In a few common, but exceptional, cases shown in Section B of the reading Practice, such sentences may also be relativized with either '-ഉള്ള' or '-ആയ' as in:

13. A. ആവശ്യമുള്ള പണം. or ആവശ്യമായ പണം.

'the necessary money'

As a general rule, however, even when both ഉണ്ട് and ആണ് are permitted in the original sentence, only '-ഉള്ള' is acceptable in the relative clause. Thus:

14. A. ക്ലാർക്കിന് മടിയാണ് or ക്ലാർക്കിന് മടിയുണ്ട്.

'The clerk is lazy.' becomes only

B. മടിയുള്ള ക്ലാർക്ക് 'the lazy clerk'

This type of clause is exemplified in Section D of the Reading Practice. Since the name of an attribute cannot be juxtaposed with a person in an equative sentence, just as we cannot say 'John is laziness' in English, '-ആയ' can never occur with an attribute name in a relative clause. Equative sentences stating a person's attributes must have a predicate consisting of a noun phrase with one of the personal relative pronouns '-വൻ', '-വൾ', or '-വർ'. Thus, '-ആയ' can only appear in a relative clause with this type of noun phrase. Witness:

15. A. ക്ലാർക്ക് ഒരു മടിയനാണ്.

'The clerk is (a) lazy (person).' becomes:

B. മടിയനായ ക്ലാർക്ക് 'the lazy clerk'

Section E of the Reading Practice shows this type of clause.

Finally, it can be seen that '-ആയ' is used to form a relative clause only when the noun modified plays the role of subject in the relativized clause. The one exception seems to be sentences with ഇഷ്ടം where the headword is the direct object, as in:

16. A. എനിക്ക് ആ സ്ത്രീയെ ഇഷ്ടമാണ്.

'I like that woman.' becomes:

B. എനിക്ക് ഇഷ്ടമുള്ള സ്ത്രീ 'the woman (whom) I like'

It is impossible to make the indirect object എനിക്ക് the headword of a noun phrase with '-ആയ' as the relativizing participle as 'the boy who likes that woman'. (see below).

Relative clauses made with '-ഉള്ള', on the other hand, may modify a noun which functions as indirect object within them. The headword may even be the noun of a locative phrase. Witness:

17. A. ആ സ്ത്രീക്ക് പ്യൂണിനെ ഇഷ്ടമാണ്.

'that woman likes the peon.' becomes:

B. പ്യൂണിനെ ഇഷ്ടമുള്ള സ്ത്രീ 'the woman who likes the peon'

C. പ്യൂണിനെ ഇഷ്ടമായ സ്ത്രീ '-- who has taken a liking to --'

18. A. ഇൻഡ്യയിൽ ഇരുപത്തിരണ്ടു സംസ്ഥാനങ്ങൾ ഉണ്ട്.

'There are twenty-two states in India.' becomes:

B. ഇരുപത്തിരണ്ടു സംസ്ഥാനങ്ങളുള്ള ഇൻഡ്യ

'India, which has twenty-two states,'

As earlier examples have shown, the headword for relative clauses made with '-ഉള്ള' may also function as subject or object of the relativized sentence.

Note that a few nouns which appear as the predicate nouns in equative sentences do not take relativization with '-ആയ' as would be expected. A case in point is 'ശരി' , usually rendered in English by the adjectives 'right', 'correct', and so forth. It is not an adjective in Malayalam, since it cannot occur before a noun. The only way to express an adjectival meaning is with a complex relative with '-ഉള്ള', as in:

19. ശരിയായിട്ടുള്ള സമയം 'the correct time;' or 'a time which is proper'

20.2. ANOTHER IMPERSONAL EXPRESSION OF LIKING. You have already learned (4.2) that statements of habitual liking may be expressed with an indirect sentence using either ആണ് or ഉണ്ട്, and that liking of a specific item after trying it is expressed with the same type of sentence, but with the verb ആയി 'happened' or 'became'. This lesson's conversation contains another structure for expressing like, or dislike, after hearing, seeing, or trying something. This is comprised of ഇഷ്ടം 'liking' plus the intransitive verb പെടുക 'to experience, fall into'. The expression is most often used in the past, though it may also be used in the future in anticipation of someone's liking something. Witness:

1. ദേവന്മാർക്കു് അതു് ഇഷ്ടപ്പെട്ടു.

   'The gods liked that.'

2. ഈ ചമ്മന്തി കഴിച്ചുനോക്കൂ. നിനക്കു് ഇഷ്ടപ്പെടും.

   'Try this chutney; you will like it.'

Note that colloquially, a nominative subject may be heard. Note that this expression is always written together, and that the final '—ം' of ഇഷ്ടം drops before the following പ of പെടുക. Then, in order to keep the intervocalic പ from becoming voiced (i.e. pronounced like a [b]) it is necessary to double the പ.

20.3. SPELLING CHANGES WITH പ INITIAL POSTPOSITIONS. The same process of final '—ം' deletion and doubling of the പ just described for ഇഷ്ടപ്പെടുക above also occurs with at least one postposition beginning with പ when joined to a noun ending in '—ം'. Note that this is only possible with a postposition requiring the nominative form of the noun.

Witness:

1. അവരുടെ ഇഷ്ടപ്രകാരം.

   'according to their wish'

In this example, it is not necessary to double the പ, since its voiceless pronunciation will be maintained because of its occurrence in a cluster with ര.

20.4. THE INSTRUMENTAL FORM OF THE NOUN, AND THE INSTRUMENTAL CASE ROLE IN THE SENTENCE. These notes have dealt with all forms of the noun save the instrumental. It is formed by adding '-ാൽ', or alternatively '-ിനാൽ', to the noun. The spelling changes in making these forms should be second nature by this time, so will not be restated here. They can be reviewed for '-ാൽ' in the section on the locative ending (2.1) and for '-ിനാൽ' in the section on the accusative (8.1). The instrumental forms of the noun may be used to fill the instrumental case role in the sentence, i.e. to express the thing by means of which the action of the verb was accomplished. Witness:

1. വടി 'stick'
   വടിയാൽ 'with or by means of a stick'
2. അദ്ദേഹം 'he (respectful)'
   അദ്ദേഹത്തിനാൽ 'by (through) him'
3. വാളു് 'sword'
   വാളാൽ 'with, by means of a sword'

Here is how these words fill the instrumental case role:

4. അയാൾ എന്നെ വടിയാൽ അടിച്ചു.
   'He beat me with a stick'
5. അദ്ദേഹത്തിനാൽ സാധിക്കാത്ത കാര്യങ്ങൾ ഒന്നുമില്ല.
   'There is nothing that can't be done by (through) him.'
6. വാളു് എടുക്കുന്നവൻ വാളാൽ തന്നെ മരിക്കും.
   'Those who take up the sword die by the sword.'

The use of the instrumental in such expressions, though still found in written Malayalam, is coming to be regarded as somewhat stilted and archaic. The preference in modern spoken Malayalam is to use the postposition കൊണ്ടു് 'with, by means of' along with the noun (the instrument) in the nominative, except for animate nouns which appear in the accusative. Thus, the more common alternatives for Examples 4-6 above are:

7. അയാൾ എന്നെ വടികൊണ്ടു് അടിച്ചു.

'He beat me with a stick.'

8. അദ്ദേഹത്തിനെ കൊണ്ടു് സാധിക്കാത്ത കാര്യങ്ങൾ ഒന്നുമില്ല.

'There's nothing that can't be done by (through) him.'

9. വാളു് എടുക്കുന്നവൻ വാളു കൊണ്ടു തന്നെ മരിക്കും.

'Those who take up the sword die by the sword.'

The instrumental case role may also be filled with an embedded sentence whose verb is made into a noun. The verb may either take the instrumental ending, or the postposition കൊണ്ടു്. The resulting clauses are often rendered in English by 'because of ...', but they still should be regarded as instrumental in role. Witness:

10. ഞാൻ വളരെ അധികം ജോലി ചെയ്തതു കൊണ്ടു് റേഡിയോയിക്കുള്ള പണം കിട്ടി.

'I got the money for the radio by, because of doing lots of work.'

The item or clause filling the instrumental case role, as with any other element in the sentence, may be brought into focus through the device of clefting (see 11.2). Consider:

11. ഞാൻ സാറിനോടു് ചോദിച്ചതു കൊണ്ടാണു് അദ്ദേഹം എന്നെ സ്ഥലം മാറ്റിയതു്.

'It was because of asking the boss that he transferred me.'

The instrumental form of the noun is the required form for the real subject in the passive voice construction described below (20.5). There are no postpositions requiring the instrumental form of the noun.

20.5. THE PASSIVE VOICE CONSTRUCTION. There are several ways of foregrounding, focusing, or emphasizing, the direct object of a verbal sentence. In speaking, it may be simply stressed with the voice. In speaking or writing, a sentence may be clefted (see 11.2) with ആണ് placed immediately after the direct object. There is also the subjectless construction using the verb പറ്റുക (see 16.2). A fourth means is a construction much like the English passive voice in which the object of the active sentence is made the apparent subject of the passive sentence. This can be most clearly seen with animate objects which lose their accusative ending when the sentence is passivized, and which then appear in the nominative form in the initial slot in the sentence where the subject is ordinarily found. The former subject of the active sentence is often omitted, but if included, must be in the instrumental form. It will usually appear in the second slot in the sentence, after the new passive subject (former object).

The verb must also be changed when a sentence changes from active to passive. The verb takes the present stem form, and is followed by some form of the verb പെടുക, which carries the endings for tense and aspect. Obviously, only those verbs which can take a direct object can be passivized. Witness:

1. എല്ലാ വീടുകളും ഓണസമയത്ത് അലങ്കരിക്കപ്പെടുന്നു.
   'All the houses are decorated at the Onam season.'

2. ഈ ജോലിയെല്ലാം ഒരാളാൽ ചെയ്യപ്പെട്ടു.
   'This whole job has been done by one person.'

As you can see from this lesson's conversation, it is also possible to make a passive verbform into a noun for purposes of clefting, or embedding. Witness:

3. ചിങ്ങമാസത്തിലാണ് ഓണം ആഘോഷിക്കപ്പെടുന്നത്.
   'It is in the month of Chingam that Onam is celebrated.'

4. കാണപ്പെടുന്നതും കാണപ്പെടാത്തതും ആയ എല്ലാം ദൈവം ഉണ്ടാക്കിയതാണ്.
   'God has made all that is seen and not seen.'

The verb endings occurring with the passive are somewhat limited. The '-ഉം' or '-ഉന്നു' endings for general truth or habit are most common, as in:

5. ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരെ അറസ്റ്റു ചെയ്യചെയ്യപ്പെടും.
   'Those traveling without tickets will be arrested.'
   (a common sign in Kerala trains)

Simple and remote past endings are also common.

The use of the passive tends to be limited to formal style and to special registers of the language. Certain verb endings are found only in what might be termed "officialese," i.e. administrative jargon. Witness:

6. നിങ്ങളുടെ വായ്പയുടെ കാര്യത്തിനെപ്പറ്റി അടുത്ത മീറ്റിങ്ങിൽ ആലോചിക്കപ്പെടാം.

'The matter of your loan may be considered in the next meeting.'

7. തെരഞ്ഞെടുപ്പ് അടുത്ത വർഷം നടത്തപ്പെടുമായിരിക്കും.

'Elections might be held next year.'

20.6. EXPRESSING SIMULTANEOUS ACTION WITH THE CONJUNCTIVE. Section 13.3 shows how the conjunctive verbform (past participle) is used, usually with the perfective marker '-ിട്ട്', to show that its action has taken prior to that of the main verb of the sentence. The conjunctive may also be used to show that an action takes place at the same time as that of the main sentence verb. In this case, '-ിട്ട്' cannot be used, and the subject of the conjunctive verbform and of the main verb of the sentence must be the same. Witness:

1. കുട്ടികൾ പാടി വന്നു.

'The children came singing.'

2. തോമസേ, ഓടി വരൂ

'Thomas, come running!'

4. നമുക്കു് ആ ദിവസം ഉണ്ടും കുടിച്ചും സുഖിക്കാം.

'Let us enjoy the day by feasting and drinking.'

Other cases of simultaneous action are handled by the conjunction '-പോൾ' (see 21.5).

20.7. CAUSATIVE AND DOUBLE CAUSATIVE VERBS. The Reference List for this lesson contains sets of related verbs grouped into three columns labeled 'Intransitive', 'Transitive/Causative', and 'Double Causative'. A typical trio is exemplified below:

1. A. നടക്കുക (intransitive) 'to walk', 'to function,or, 'to operate', 'to happen'

B. നടത്തുക (transitive/causative) 'to make someone walk', 'to run or operate something', 'to make something happen'

C. നടത്തിപ്പിക്കുക (second or double causative) 'to have someone make someone walk', 'to have someone run/operate something', 'to get someone to cause something to happen, bring something about'

Not all verbs show all three forms, but these gaps in the system vary in type from verb to verb. A few verbs, like പോകുക 'to go' occur only in the intransitive, and have no transitive or causative form of its own. Other verbs such as ഓർക്കുക ' to remember' as well as പഠിക്കുക 'to study, learn' have no intransitive. There is usually no separate intransitive verb to fill this gap, though the passive voice (refer to 20.5) or the subjectless construction (see 16.2) can be used to foreground whatever is affected by the action as opposed to the cause or agent of the action (see below). Finally, a number of verbs show intransitive and transitive/causative forms, but no double causative. These include verbs deriving from ഉണ്ടാക്കുക 'to make', ഉണരുക 'to wake up', etc.

These gaps are handled by sentences using പറയുക 'tell'

2. ഞാൻ അമ്മയോടു കാപ്പി ഉണ്ടാക്കാൻ പറയാം.

'I will tell mother to (have mother) make coffee.'

In terms of forms, several patterns may be observed in the List. The intransitive form, when there is one, must be taken as basic, with the other forms derived by making additions or changes to it. One of the more obvious patterns is that intransitives having a single stop in their stem, double the stop to form the transitive/causative. Witness:

3. A. മാറുക 'to change' (intransitive)
   B. മാറ്റുക 'to change something, to make something change'

4. A. കൂടുക 'to come together, gather (as a crowd)' also 'to increase'
   B. കൂട്ടുക 'to gather something, bring things together' also 'to cause something to increase'

In a similar vein, intransitives having a double nasal in their stem change this to the double stop at the same point of articulation in the transitive/causative, c.f.:

5. A. ഇറങ്ങുക 'to go out, descend'
   B. ഇറക്കുക 'to take or put someone or something out of a place', 'to cause someone or something to descend or go down'

6. A. ഉണ്ണുക 'to dine'
   B. ഊട്ടുക 'to feed (people)'

7. A. തിന്നുക 'to eat'
   B. തീറ്റുക 'to feed (animals)'

A couple of intransitives form their transitive/causative by adding -ത്ത-. Note Example 1A and B above, and also:

8. A. വരുക 'to come'
   B. വരുത്തുക 'to make someone come'

The most salient aspect in terms of form is that all the double causatives contain the marker '-ിപ്പി-'. Those verbs having '-ി' before '-പ്പ-' also have an alternative form with -ക്ക-. Witness:

9. അറിയിപ്പിക്കുക or അറിയിക്കുക

'to inform someone' (literally, to cause someone to know)

In many cases, however, the transitive/causative, itself, contains -ക്ക-, and then the two forms are distinct in meaning, as in:

10. A. വായിക്കുക 'to read'

B. വായിപ്പിക്കുക 'to have someone read'

When both forms do have the double causative meaning (see Example 9 above), the shorter form with '-ക്ക-' is preferred, and the longer one with '-ിപ്പി-' is regarded as somewhat affected.

It should be pointed out that the labeling in the Reference List joins two distinct systems within a single framework. The notion of causative is primarily a semantic notion (though it has syntactic implications), while the transitive-intransitive opposition is primarily a syntactic (grammatical) notion. In general, the two systems interface as shown in the columns, but not in every case. A causative verb will, by definition, be transitive, but a transitive verb need not be causative. Where it is not causative, a single form functions as both first and second causative. Witness:

11. A. കാണുക '(transitive, noncausative) 'to see'

B. കാണിക്കുക (first causative) 'to show someone something'

c. കാണിക്കുക or കാണിപ്പിക്കുക (second causative) 'to have someone show someone something'

In terms of focus, the clearest difference is between intransitive and transitive/causative categories. The intransitive verbs focus on the person or thing which undergoes the action of the verb, often called by linguists "patient" or "experiencer." There may be an agent in the situation, i.e. someone or some thing making it all happen, but the intransitive construction leaves no place for expressing agency. The transitive/causative, in contrast, ordinarily focuses on the agent rather than the undergoer of the action. The transitive/ causative construction has ways of shifting the focus to the patient or experiencer of the action (summarized in 20.5), but these are all special devices to alter the normal focus of this construction on the agent. The question of focus is not so clearcut in the case of the double causative construction. There are several elements in the situation. The subject is the indirect agent--the person who gives the order to someone else to get something done. Next there is the causal agent--the person who receives the order and then causes someone to do something or make something to happen. Thirdly, there is the direct agent who actually performs the action or, in some cases, experiences it. Which of these agents is in focus can be shown by stress in speaking, but usually must be read from the context (see Examples below).

Ordinarily, both the causal and the direct agent are marked by the postposition കൊണ്ടു് 'by, by means of, with, because of', which requires the accusative form of the noun. Witness these first causative examples:

12. ഞാൻ നിന്നെ കൊണ്ടു് അതു ചെയ്യിക്കും.

'I will make you do it.'

13. ഞാൻ പ്യൂണിനെ കൊണ്ടു് ആഫീസു് നടത്തിപ്പിക്കും.

'I will have the peon run the office.'

Only one agent marked with കൊണ്ടു് may appear in a sentence. Thus, most double causative sentences contain no internal cue as to whether the noun with കൊണ്ടു് represents the causal agent, or the direct agent. This must be interpreted from one's knowledge of the situation, and from what has been said previously. Witness the two possible readings of:

14. ഞാൻ അയാളെ കൊണ്ടു് പറയിപ്പിച്ചു.

'I made him talk.' or 'I had him make so and so talk.'

15. ഞാൻ അവളെ കൊണ്ടു് രവിയെ വിളിപ്പിച്ചു.

'I had her call Ravi.' or ' I had her have Ravi called.'

Here is an unusual example,however , where all three agents are expressed within a single sentence.

16. ഞാൻ അയാളെ കൊണ്ടു് സാറിനെ
വീടു് കാണിപ്പിച്ചു.

"I had him show the gentleman the house.'

Note that 'the gentleman', which our English sense would tell us to regard as an indirect object of the act of showing, in Malayalam is the direct object, as seen from its accusative ending. Witness:

17. അയാൾ സാറിനെ വീടു് കാണിച്ചു.

'He showed the gentleman the house.'

There are, in fact, several very common verbs which, though causative in meaning, do not require, and do not even allow, കൊണ്ട് to mark the direct agent. Such verbs as പഠിപ്പിക്കുക 'to teach, cause to learn', അറിയിക്കുക 'to inform, cause someone to know' ഉണർത്തുക 'to awaken, cause someone to come awake', etc. all look like ordinary transitive verbs in that they require the person affected by the action to be in the accusative direct object form, rather than taking കൊണ്ട് as other direct agents of causatives do.

REFERENCE LIST

A Full List of Forms with ആയിരിക്കുക

ആയിരിക്കുന്നു	has become
ആയിരിക്കുകയാണ്	is becoming
ആയിരുന്നു	was [continuous]
ആയിരിക്കും	{may be, should be, must be
ആയിരിക്കാം	{may be, can be [less certain]
ആയിരിക്കണം	must be, should be

വന്നിരിക്കുന്നു	has come
വന്നിരിക്കുകയാണ്	has come [sometimes emphatic]
വന്നിരുന്നു, വന്നായിരുന്നു	had come
വന്നിരിക്കും, വന്നായിരിക്കും	will probably have come
വന്നിരിക്കാം, വന്നായിരിക്കാം	may have come
വന്നിരിക്കണം, വന്നായിരിക്കണം	must have come

വരുന്നുണ്ടായിരുന്നു	was coming
വരുന്നുണ്ടായിരിക്കും	will probably be coming
വരുന്നുണ്ടായിരിക്കാം	may be coming
വരുന്നുണ്ടായിരിക്കണം	must be coming

വരുകയായിരുന്നു	was coming [on the way]
വരുകയായിരിക്കും	will probably be coming [on the way]
വരുകയായിരിക്കാം	may be coming [on the way]
വരുകയായിരിക്കണം	must be coming [on the way]
വരുമായിരുന്നു	used to come, would have come
വരുമായിരിക്കും	will probably come
വരുമായിരിക്കാം	may come [future]
വരുമായിരിക്കണം	should come [future]
വരാമായിരുന്നു	could have come
വരാമായിരിക്കും	might be able to come
വരാമായിരിക്കാം	may be able to come
വരാമായിരിക്കണം	should be able to come
വരണമായിരുന്നു	wanted to come, ought to have come.
വരണമായിരിക്കും	will probably want/have to come
വരണമായിരിക്കാം	may want/have to come
വരണമായിരിക്കണം	must want/have to come

VOCABULARY

ഇംഗ്ലീഷ്	English
—— അകം [requires dative of noun]	Within ——
പത്തുമിനിട്ടിനകം	Within ten Minutes
തിരിക്കുക	to turn, to turn around
തിരിച്ചുവരുക	to return
തിരിച്ചുവരുമായിരിക്കും	might come back
പാഠം	Lesson
പഠിച്ചുകൊണ്ടിരുന്നപ്പോൾ	While (I) was studying
—— പോൾ	While ——
സംശയം	doubt
past participle + കളയുക	{might as well 'verb', verb + away
ചോദിച്ചുകളയാം	might as well ask
അറിയാമായിരിക്കാം	might know
past participle + തരുക	{to do 'verb' for your or my benefit
പറഞ്ഞുതരുക	to tell [me or you]
പറഞ്ഞുകൊടുക്കുക	to tell [third person]
ദുഃഖം	Sorrow, grief
വിപരീതപദം	Antonym, opposite word
സുഖം	happiness
ആയിരിക്കണം	must be

പ്രസന്നത	cheerfulness
പ്രസന്നതയില്ലാത്തതു്	one which is not cheerful
കണ്ണു്	Eye
വരുകയില്ലായിരിക്കും.	probably won't be coming
വരണമെന്നുണ്ടായിരിക്കണം.	might be wanting to come
past participle + കഴിയുക	to finish 'verb'
പഠിച്ചു കഴിയുക	to finish studying
സങ്കടം	Sadness, sorrow
സങ്കടമായിരിക്കും.	must be, might be sad
വിഷമിക്കുക	to worry, to fret
വിഷമമുണ്ടു് [with dative subject]	to be worried
കുളിക്കുക	to take a bath
ഉടുപ്പു്	clothing
പുറപ്പെടുക [past: പുറപ്പെട്ടു	to leave, to start
പുറപ്പെടുകയാണു്	going to leave, (is, am or are) leaving.
——— ഉടൻ	as soon as ———
വിശപ്പു്	hunger
വിശപ്പുണ്ടു് [with dative subject]	to be hungry
ദാഹിക്കുക	to be thirsty
ദാഹം	thirst
ദാഹമുണ്ടു് [with dative subject]	to be thirsty
ഊണു്	meal

READING PRACTICE

A. Note how - ഉകയാണു് adds to the verb stem to give the progressive or continuous meaning.

സംസാരിക്കുകയാണു്
കേൾക്കുകയാണു്
കഴിക്കുകയാണു്
വാങ്ങിക്കുകയാണു്
ചോദിക്കുകയാണു്
നോക്കുകയാണു്
എടുക്കുകയാണു്
ഉടുക്കുകയാണു്
ചെയ്യുകയാണു്
വരുകയാണു്

ഇറങ്ങുകയാണു്
തിരിച്ചുവരുകയാണു്
പറഞ്ഞുതരുകയാണു്
പഠിച്ചുതീരുകയാണു്
നടത്തുകയാണു്
പഠിപ്പിക്കുകയാണു്
കാണിക്കുകയാണു്
തീർക്കുകയാണു്
ഉറക്കുകയാണു്
അയക്കുകയാണു്

B. Note how the various forms of കൊണ്ടിരിക്കുക can be added to a verb to convey the continuous in various tenses, etc.

സംസാരിച്ചുകൊണ്ടിരിക്കുന്നു	is talking
സംസാരിച്ചുകൊണ്ടിരിക്കുന്നുണ്ടു്	is talking [emphatic]
സംസാരിച്ചുകൊണ്ടിരിക്കുകയാണു്	is [in the midst of] talking
സംസാരിച്ചുകൊണ്ടിരുന്നു	was talking
സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു	{was [in the midst of] talking.
സംസാരിച്ചുകൊണ്ടിരിക്കാം	{let us keep talking, can keep talking
സംസാരിച്ചുകൊണ്ടിരിക്കും	{will be talking will keep talking
സംസാരിച്ചുകൊണ്ടിരിക്കണം	{should, must, want to keep talking

സംസാരിച്ചുകൊണ്ടിരിക്കുകയായിരിക്കും	may be talking
സംസാരിച്ചുകൊണ്ടിരിക്കുകയായിരിക്കാം	may be talking [less certain]
സംസാരിച്ചുകൊണ്ടിരുന്നിരിക്കും	might or must have been talking
സംസാരിച്ചുകൊണ്ടിരുന്നിരിക്കാം	may or might have been talking [less certain]
സംസാരിച്ചുകൊണ്ടിരിക്കുമായിരിക്കും	may be talking [future]
സംസാരിച്ചുകൊണ്ടിരിക്കുമായിരിക്കാം	may be talking [future-less certain]
സംസാരിച്ചുകൊണ്ടിരിക്കാമായിരിക്കും	might be able to keep on talking [future]
സംസാരിച്ചുകൊണ്ടിരിക്കാമായിരിക്കാം	may be able to keep on talking [future- less certain]

CONVERSATION

രാജൻ: ചേച്ചീ, ചേട്ടൻ ഇവിടെയില്ലേ? എവിടെ പോയിരിക്കുകയാണ്?

ചേച്ചി: ഞങ്ങൾ ഇന്നു വൈകിട്ട് ഒരു ഇംഗ്ലീഷ് സിനിമ കാണാൻ പോകുന്നുണ്ട്. അതിന് നേരത്തെ ടിക്കറ്റ് വാങ്ങിക്കാൻ പോയിരിക്കുകയാണ്. പത്തുമിനിട്ടിനകം തിരിച്ചുവരുമായിരിക്കും. എന്താ കാര്യം രാജാ, ചേട്ടനോട് വല്ലതും പറയാനുണ്ടോ?

രാജൻ: ഞാൻ ഇംഗ്ലീഷ് പാഠം പഠിച്ചുകൊണ്ടിരുന്നപ്പോൾ ഒരു സംശയം തോന്നി. അതു ചേട്ടനോട് ഒന്നു ചോദിച്ചുകളയാം എന്ന് വിചാരിച്ചു വന്നതാണ്. ചിലപ്പോൾ ചേച്ചിക്ക് അറിയാമായിരിക്കാം. Grief എന്ന വാക്കിന്റെ അർത്ഥം എനിക്ക് പറഞ്ഞുതരാമോ?

ചേച്ചി: ആ വാക്കിന്റെ അർത്ഥം ദുഃഖം എന്നാണ്. അതിന്റെ വിപരീതപദം Joy എന്നാണ്. അങ്ങനെയാണെങ്കിൽ Joy യുടെ അർത്ഥം എന്താണ്?

രാജൻ: സുഖം എന്നോ സന്തോഷം എന്നോ ആയിരിക്കണം.

ചേച്ചി: മിടുക്കൻ! രണ്ടും ശരിയാണ്. അതാ, ചേട്ടൻ വരുന്നുണ്ടല്ലോ.

ചേച്ചി: (ചേട്ടനോടു്) എന്താ മുഖത്തു് ഒരു
പ്രസന്നതയില്ലാത്തതു്? ടിക്കറ്റു്
കിട്ടിയില്ലേ?

ചേട്ടൻ: ഇംഗ്ലീഷു് സിനിമക്കു് വലിയ തിരക്കു്
ആയതു കൊണ്ടു് ടിക്കറ്റു് കിട്ടിയില്ല.
ഒരു മലയാള സിനിമക്കു് ടിക്കറ്റു്
വാങ്ങിച്ചു. മൂന്നു ടിക്കറ്റുണ്ടു്. അമ്മയെ
കൂടെ കൊണ്ടുപോകാം.

ചേച്ചി: അമ്മക്കു് കണ്ണിന് അസുഖമായതു
കൊണ്ടു് സിനിമ കാണരുതു് എന്ന്
ഡാക്ടർ പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു്
അമ്മ വരുകയില്ലായിരിക്കും. രാജന്
സിനിമ കാണാൻ വരണമെന്നുണ്ടായിരിക്കും.
(രാജനോടു്) രാജാ, നീ പരീക്ഷക്കു്
പഠിച്ചുകഴിഞ്ഞോ?

രാജൻ: കഴിഞ്ഞു ചേച്ചി. എന്നെയും കൂടെ
കൊണ്ടുപോയില്ലെങ്കിൽ എനിക്കു്
വലിയ സങ്കടമായിരിക്കും.

ചേച്ചി: ശരി, നിന്നെയും കൂടെ കൊണ്ടുപോകാം
രാജാ. നീ വിഷമിക്കാതെ.

ചേട്ടൻ: രാജാ, നീ വരുകയാണെങ്കിൽ
എളുപ്പം കുളിച്ചു് ഉടുപ്പു് മാറണം.
ഞങ്ങൾ ഒരു മണിക്കൂറിനകം
പുറപ്പെടുകയാണു്.

രാജൻ: ഞാൻ ഉടുപ്പു് മാറിയിട്ടുടൻ തന്നെ
വരാം ചേട്ടാ. [രാജൻ പോകുന്നു]

ചേച്ചി: ചേട്ടന് ഇപ്പോൾ വിശപ്പുണ്ടോ? എന്തെങ്കിലും കഴിക്കുന്നോ?

ചേട്ടൻ: എനിക്ക് ഇപ്പോൾ വിശപ്പില്ല. പക്ഷെ, ദാഹിക്കുന്നു. കുടിക്കാൻ കുറച്ചു കാപ്പി തന്നാൽ കൊള്ളാം. തിരിച്ചുവരുമ്പോൾ ഊണു കഴിക്കാം.

ചേച്ചി: എന്നാൽ ഞാൻ കാപ്പി കൊണ്ടു വരട്ടെ.

EXERCISES

1. A. Combine the pairs of sentences below using '—പോൾ' as in the model.

Model: എനിക്ക് ദാഹിച്ചു. അപ്പോൾ നിങ്ങൾ എനിക്ക് കുടിക്കാൻ തന്നു.
എനിക്ക് ദാഹിച്ചപ്പോൾ നിങ്ങൾ എനിക്ക് കുടിക്കാൻ തന്നു.

1. ഞാൻ പരീക്ഷക്ക് പഠിക്കും. അപ്പോൾ രാജൻ എന്നെ വിളിക്കരുത്.
2. രമ ഇന്നലെ കൊച്ചിക്ക് പുറപ്പെട്ടു. അപ്പോൾ ഹമീദ് ഇവിടെ ഉണ്ടായിരുന്നു.
3. അമ്മ ഇന്നലെ രാത്രി എന്നോട് ഒരു കഥ പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ എനിക്ക് ഒരു സംശയം തോന്നി.
4. അച്ഛൻ എന്നും വൈകുന്നേരം നടക്കാൻ പോകും. അപ്പോൾ എന്നെയും കൂടെ കൊണ്ടു പോകും.
5. തോമസ് ഇന്നലെ തിരുവനന്തപുരത്ത് നിന്ന് തിരിച്ചുവന്നു. അപ്പോൾ എനിക്ക് ഒരു പുതിയ ഉടുപ്പ് കൊണ്ടുവന്നു.

B. Combine the pairs of sentences using '-ഉടൻ' as in the model. Items which must be deleted while combining are in parentheses.

Model: ഞാൻ ഈ പുസ്തകം ഇന്നു വായിച്ചു കഴിയും. ഉടൻ (ഞാൻ) നിന്നോട് ഇതിന്റെ കഥ പറയാം.
ഞാൻ ഈ പുസ്തകം ഇന്നു വായിച്ചുകഴിയുന്നയുടൻ നിന്നോട് ഇതിന്റെ കഥ പറയാം.

1. ആ കുട്ടിക്കു് വിശന്നു. ഉടൻ അമ്മ അവന് ഊണു് കൊടുത്തു.
2. അയാൾ ഇന്നലെ എന്നെ കണ്ടു. ഉടൻ (അയാൾ) മുഖം തിരിച്ചുകളഞ്ഞു.
3. ഞാൻ ചോദിച്ചതു് (ജെയിംസു്) കേട്ടു. ഉടൻ തന്നെ ജെയിംസു് അതു സമ്മതിച്ചു.
4. അയാൾക്കു് പണം ആവശ്യമുണ്ടു്. ഉടൻ തന്നെ പണം കിട്ടിയില്ലെങ്കിൽ അയാൾ വിഷമിക്കും.
5. ഞാൻ നാളെ രാവിലെ ബോംബെയിൽ എത്തും. . ഉടൻ തന്നെ അവളെ പോയി കണ്ടില്ലെങ്കിൽ അവൾക്കു് സങ്കടമായിരിക്കും.

2.A. Use the following infinitives as main verbs in making sentences containing compound verbs. You may use കളയുക, തരുക and കൊടുക്കുക as modifiers.

എടുക്കുക, വാങ്ങിക്കുക, ചെയ്യുക, തീർക്കുക, അയക്കുക, കാണിക്കുക

B. Use the following infinitives as main verbs in making sentences containing compound verbs with കഴിയുക as modifier.

സംസാരിക്കുക, കേൾക്കുക, കഴിക്കുക, ഉണ്ണുക, കാണുക, എഴുതുക.

3. Using Section B of the Reading Practice as a guide, change the verb in the sentence below to all possible forms with കൊണ്ടിരിക്കുക.

ഹമീദു് പ്രയാസമുള്ള ഒരു ജോലി ചെയ്യുന്നു.

4. **Using the reference list as a guide, change the verbs in the sentences below to all tenses which can take probability.**

1. അയാൾ നാളെ കോട്ടയത്ത് എത്തും.
2. തങ്കമ്മ ഇന്നലെ വറുഗീസിനോട് സംസാരിച്ചു.
3. അവൾ ഇന്ന് ഡോക്ടറെ കാണുന്നുണ്ട്
4. ബിൽ ഇപ്പോൾ മലയാളം പഠിക്കുകയാണ്.
5. നിങ്ങൾക്ക് ബസ്സിൽ കയറാം.

5. **Change the sentences below to the continuous using '-ഉകയാണ്.'**

1. അവൾ പ്രസന്നതയുള്ള മുഖത്തോടു കൂടെ പാടുന്നു.
2. കുട്ടികൾ കായലിൽ കുളിച്ചുകൊണ്ടിരിക്കുന്നു.
3. പള്ളിയിലെ അച്ചൻ ദുഃഖമില്ലാത്ത ഒരു ലോകത്തിനെപ്പറ്റി സംസാരിക്കുന്നു.
4. അയാൾ കാറ് ഇടത്തോട്ടുള്ള വഴിയിലേക്ക് തിരിക്കുന്നു.
5. ടീച്ചർ ഇപ്പോൾ വിപരീതപദങ്ങളെപ്പറ്റി പഠിപ്പിക്കുന്നു.
6. അമ്മ മകൾക്ക് എഴുത്ത് എഴുതേണ്ടത് എങ്ങനെയാണെന്ന് പറഞ്ഞുകൊടുക്കുന്നു.
7. ചിക്കാഗോ വരെ ഒന്നു പോയിക്കളയാമെന്ന് ഞാൻ വിചാരിക്കുന്നു.
8. ഞാൻ ഇപ്പോൾ കണ്ണുണ്ടെങ്കിൽ കാണണം എന്ന പേരുള്ള ഒരു പുസ്തകം വായിക്കുന്നു.
9. ഒരു ദിവസം തിരിച്ചുവരുമെന്ന് അയാൾ പറയുന്നു.
10. ജോൺ ആ ഏണി അളക്കുന്നു.

GRAMMAR NOTES

21.1. THE VOCATIVE FORM OF THE NOUN. The vocative form of the noun is used in calling to someone, in order to get their attention. Its ending varies according to the final sound of the word it attaches to, but somewhat differently than for the other noun endings as follows:

A. The ending takes the form of lengthening of the vowel in proper names and some kin terms ending in ഇ and ഉ.

Examples: മണീ	'Mani, oh Mani, hey Mani!'
അനിയത്തീ	'sister, oh sister, hey sister!'
അഞ്ജൂ	'Anju, oh Anju, hey Anju!' [Anju - അഞ്ജു]

B. occurs after words ending in:

1. The vowels അ and ആ. Examples:

രമേ	'Rema, oh Rema, hey Rema!'
അമ്മേ	"mother, oh mother, hey mother!'
വിജയേ	'Vijaya, oh, hey Vijaya!'

Note that the final vowel drops before adding -ഏ.

2. A few title words ending in ഉ. Examples:

*ഗുരുവേ	'guru, oh, hey guru!'
*പ്രഭുവേ	'lord, oh lord, hey lord!'

Note that വ് is required as a joining device.

3. All final consonants except '-ന്' on proper names.

Examples: മകളേ	'daughter, oh, hey daughter!'
മകനേ	'son, oh son, hey son!'
സംശയമുള്ളവരേ	'Oh doubtful ones!'
ജെയിംസേ	'James, oh James, hey James!'
സാറേ	'sir, oh teacher, hey you (respectful)!'

* The older forms ഗുരോ and പ്രഭോ are still sometimes found.

C. - ആ replaces final ‘-ൻ’ in names and most kin terms.

Examples: രാജാ	'Rajan, oh Rajan, hey Rajan!'
അച്ഛാ	'father, oh father, hey father!'
അനിയാ	'little brother, oh, hey little brother!'
ഈശ്വരാ	'God, oh God!'

D. No ending is used for names ending in ‘-യ്’. Examples:

സഞ്ജയ്	'Sanjay, oh Sanjay, hey Sanjay!'
വിജയ്	'Vijay, oh Vijay, hey Vijay!'

As you can see, the categories for the different endings are complicated enough so that it is probably simpler to learn the vocatives on an item by item basis.

21.2. DEGREES OF PROBABILITY WITH THE MODAL AUXILIARY. It was explained in 19.5 that more and less certain probability may be shown in equative and cleft sentences by substituting ആയിരിക്കും and ആയിരിക്കാം respectively for the verb 'to be' (copula). The same meaning can be added to main verbs in all of the forms studied so far, except the imperative, by using these same items as modal auxiliary. In this usage, they must appear at the very end of the verbform, after the markers of tense and aspect. In this they are very different from the non-modal auxiliary which takes over the tense and aspect markers and requires a special form of the verb it joins to, for the modal auxiliaries are added onto existing verbforms without changing them in any way. The one exception to this rule is the progressive aspect (see 21.4 below) where they replace the ordinary auxiliary ആണ്.

A full list of combinations possible with the modal auxiliary appears in the Reference List for this lesson. They are, therefore, not reproduced here, but some general principles deserve mention and will be illustrated by examples. Firstly, being complete, the Reference List contains both modal and non-modal auxiliaries. The modals contain either ആയിരിക്കും, 'must or probably', ആയിരിക്കാം 'may or perhaps', and ആയിരിക്കണം 'must, has to'. It may be seen that they can be joined to both realis, or actual, forms such as the simple present, past, past perfect, present perfect, and future/habitual, as well as to irrealis, or non-actual, forms such as the potential and the desiderative. Addition of the modal auxiliary, of course, makes any form non-actual, since their whole intent is that the action of the verb is not quite certain. Note that some of the forms are very close in meaning, even overlapping at times. Probability of the past tense, വന്നായിരിക്കും , for example, will often be equivalent to that of the present perfect വന്നിട്ടുണ്ടായിരിക്കും, both meaning 'must have come', but the latter is more restricted in that it indicates that the result of the coming is still in force, i.e. that those who came are still there. Note also that ആയിരുന്നു has a dual function when combined with the future/habitual and the desiderative. വരുമായിരുന്നു and വരണമായിരുന്നു can refer to continuousness in past time, i.e. 'used to come' and'wanted to come', respectively, but they also can refer to condition contrary to fact situations, i.e. 'would have come' and 'ought to have come'.

In this latter meaning, however, these verbforms usually occur in complex sentences with another clause.

Next, the two relative degrees of uncertainty described in 19.5 apply to all examples of the modal auxiliary. ആയിരിക്കും signals less uncertainty, or more certainty, as you will, while ആയിരിക്കാം signals relatively more uncertainty. The words 'must' and 'may' are used to denote these degrees. 'Probably' and 'perhaps' reflect the same relative degrees, and must sometimes by used for an accurate translation which preserves the proper tense of the Malayalam verb.

It can be seen from this lesson's conversation that speakers sometimes prefer to add probability to the desiderative by the more complex structure of embedding them in a superordinate, or carrier, sentence. Witness: രാജന് വരണ-മെന്നുണ്ടായിരിക്കും, freely translated 'Rajan probably wants to come along', but more literally, 'it is that Rajan wants to come along'.

Finally, all of the forms with modal auxiliaries, as well as all other forms in the Reference List may be made into questions by adding '-ഓ' in the normal way. The negatives are formed in a straightforward manner by adding the appropriate modal auxiliary to the corresponding negative of the desired form. വരുമായിരിക്കും and വരാമായിരിക്കും have the common form വരുകയില്ലായിരിക്കും.

21.3. IMPERSONAL EXPRESSIONS FOR PHYSICAL AND EMOTIONAL CONDITIONS. The preceding lessons have taught impersonal constructions for situations including health (3.1), liking (4.1), both temporary and permanent possession (4.2), and so forth. Mentioned among the uses of ഉണ്ട് in 4.3 is the expression of physical and emotional feelings. Several new examples occur in this lesson's conversation. വിശപ്പ് 'hunger' and ദാഹം 'thirst' are physical while സംശയം 'doubt', സങ്കടം 'sadness', and വിശ്വാസം 'belief' (Conversation Nineteen) are emotional. Note that സന്തോഷം 'happiness', ദുഃഖം 'grief', and സുഖം 'happiness or health' also take ഉണ്ട്. സുഖം is commonly used with ആണ് (see 3.3) and most of the other words can also be used with ആണ്, but are usually found in collocation with ഉണ്ട്. Note that besides the expressions with ഉണ്ട്, there are also impersonal verbs for several of these feelings including ദാഹിക്കുക 'to be thirsty', വിശക്കുക 'to be hungry', വിശ്വസിക്കുക 'to believe', സംശയിക്കുക 'to doubt', ആഗ്രഹിക്കുക 'to wish or desire', etc. സുഖിക്കുക and ദുഃഖിക്കുക also occur.

21.4. THE PROGRESSIVE ASPECT OF THE VERB. The continuous form of the verb emphasizes the process of the action, and not its completion or result. It is formed by the citation form of any verb plus an auxiliary comprised of some form of ആകുക, the verb 'to be'.

The most common forms are the present progressive, വരുകയാണ് , 'am, is, are coming', and the past progressive, വരുകയായിരുന്നു , 'was, were coming'. These forms can only refer to action in progress at the moment, or at some specific point in past time. As in English, the present progressive form may also be used to express action about to be performed in the immediate future. Thus the neighbor says to Rajan in this lesson's conversation, നീ വരുകയാണെങ്കിൽ -- 'if you are coming ...'. In general, however, the emphatic form വരുന്നുണ്ട് is somewhat more common for immediate future meaning.

Note that the progressive aspect may be attached to complex tenses as well with ആയിരിക്കുക and to compound verbs (see 21.6 below). Thus, in response to a query about her husband, the neighbor lady tells Rajan --- ടിക്കറ്റ് വാങ്ങിക്കാൻ പോയിരിക്കുകയാണ് '... he has gone to buy tickets'. Use of the progressive here emphasizes the fact that the action of the verb, 'the going', is still in progress. The use of the progressive aspect is blocked if the perfective marker '-ിട്ട്' is present between the verb and auxiliary.

21.5. TIME ADVERBIAL CLAUSES WITH -പോൾ AND -ഉടൻ. This section deals with subordinate clauses which function as adverbs of time in which the conjunction or linker (placed at the end of the clause) spells out the relationship (timeframe) of the action of the verb in the subordinate clause to that of the verb in the main clause. This lesson's conversation contains examples of two of the most common conjunctions of time, '-പോൾ' and '-ഉടൻ'. Each has its own particular rules as to which forms it may be joined to.

The linker '-പോൾ' means 'when' or 'while'. It mainly joins to the future/habitual, simple past, and past perfect forms. It cannot be joined to the simple present. Witness:

1. അവൾ വരുമ്പോൾ ഞാൻ അതു ചോദിക്കാം.
'When she comes, I will ask (her) that.'
*2. അവൾ വന്നപ്പോൾ ഞാൻ അതു ചോദിച്ചു.
'When she came, I asked (her) that.'
3. അവൾ വന്നിരുന്നപ്പോൾ ഞാൻ അതു ചോദിച്ചു.
'When she had come, I asked (her) that.'

Note that -ആകുക can be used meaning both 'be' and 'become' in the past, but the future/habitual can only be used in the sense of 'become'. The fact that '-പോൾ' joins to the verbal adjective (present participle) may be seen by the occurrence of ഉള്ള when the original verb is ഉണ്ട്.

4. ഞാൻ കൊല്ലത്തായിരുന്നപ്പോൾ------
'When I was in Quilon, ...'
5. ഞാൻ ഡാക്ടർ ആയപ്പോൾ--'When I became a doctor ...'
6. ഞാൻ പണക്കാരനാകുമ്പോൾ----
'When I become a rich man ...'

---

7. സംശയമുള്ളപ്പോൾ എന്നെ വിളിക്കൂ.
'Call me when you have a doubt.'

* Note the doubling of പ when '-പോൾ' is joined here.

Note further that '-ാം' verbforms cannot occur with '-പോൾ' at all, and desideratives require embedding with the quotative marker as follows.

8. എനിക്ക് സംസാരിക്കണമെന്നുണ്ടായിരുന്നപ്പോൾ നീ ഇല്ലായിരുന്നു.

'When I wanted to talk, you weren't there.'

Such time adverbial clauses may be formed with negative verbs, but the negative verbal adjective has only one form for all tenses, so that tense is shown only in the main clause verb.

9. അവൻ നോക്കാതെയിരിന്നപ്പോൾ ഞങ്ങൾ അവനെ പിടിച്ചു.

'We caught him while he wasn't looking.'

10. അവൻ നോക്കാതെയിരിക്കുമ്പോൾ ഞങ്ങൾ അവനെ പിടിക്കും.

'We'll catch him when he's not looking.'

11. എനിക്ക് വരണമെന്നില്ലാത്തപ്പോൾ നീ എന്നെ എപ്പോഴും ക്ഷണിക്കും.

'When I don't want to come, you always invite me.'

The linker '-ഉടൻ' works very similarly except that, beginning with a vowel, it requires the joining device യ in order to be attached to the verbal adjectives which can accept it. The rules governing the use of -ഉടൻ vary from those of '-പോൾ' mainly in the fact that it takes the present verbal adjective in place of the future/habitual form. Thus example 1 above would be rewritten for '-ഉടൻ' thus:

12. അവൾ വരുന്നയുടൻ ഞാൻ അതു ചോദിക്കാം.

'As soon as she comes, I will ask (her) that.'

Secondly, '-ഉടൻ' cannot be normally joined to negatives, nor to potentials. It cannot collocate with a desiderative, even in an embedded construction. It can occur with the simple past, and with those forms of ആകുക and ഉണ്ടു which can take '-പോൾ', save for ആയിരുന്നു . Thus, '-ഉടൻ' may be substituted in all of the first seven examples above except for no. four.

Finally, note that as with all subordinate clauses in Malayalam, those treated here can occur only before, i.e. to the left of, the main clause. In English, the reverse order is often preferred, with both orderings usually possible.

21.6. A CLOSE LOOK AT COMPOUND VERBS. Section 11.3 discusses an example of a compound verb where തീർന്നു പോയി 'ran out' where the addition of the modifier പോകുക merely serves to emphasize the completion of the action shown in the main verb തീരുക . In 18.4, another example, പറഞ്ഞുപോയി illustrates how this same modifier verb പോകുക may be added to some verbs to show that the action took place accidentally or without the speaker's involvement. This lesson's conversation contains instances of five more modifier verbs which are discussed in turn below.

All compound verbs are alike in that the first verb in the main verb, carrying the basic meaning, while the second verb carries only an added nuance or modification of that meaning. In fact the second verb may be dropped from any compound leaving the main verb to carry the basic meaning of the sentence. The modifier verb is, therefore, something like an adverb in that it adds a fuller, or more precise meaning. In terms of form, however, the modifier verb takes over all the grammatical functions by assuming all the markers of tense, mood, and aspect. The modifier even determines some aspects of the sentence grammar beyond the verb itself. Ordinarily, the verb പറയുക requires the addressive എന്നോട് for indirect objects, but in the sentence in this lesson's dialogue, Grief എന്ന വാക്കിന്റെ അർത്ഥം എനിക്ക് പറഞ്ഞുതരാമോ 'can you tell me the meaning of the word grief', the presence of the modifier verb determines the dative form for the indirect object 'me', എനിക്ക്. In all compounds, the main verb must appear as a conjunctive participle. Only a very limited number of verbs can occur as modifiers (no more than a dozen are common), but the number of verbs which can occur as main verb is very large, though this varies somewhat according to the particular modifier used.

A. The modifier കൊണ്ടിരിക്കുക adds the sense of continuous action and is usually best translated by 'keep on'. It is not always clearly differentiated from the progressive aspect form of a main verb described in 21.4 above. Thus in the sentence from the conversation ഞാൻ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഒരു സംശയം തോന്നി, 'while I was studying, I had a doubt;, the compound പഠിച്ചുകൊണ്ടിരുന്നു could be replaced by the progressive പഠിക്കുകയായിരുന്നു.

In other cases, however, the 'keep on' meaning is very clear as:

1. അവർ വരുന്നതിനുശേഷം നമുക്ക് പഠിച്ചുകൊണ്ടിരിക്കാമായിരിക്കാം.

'We may be able to keep on studying after they come.'

The compound can also occur with a full range of tenses, moods, and aspects, whereas the progressive cannot. Witness:

2. ജോലി ചെയ്തുകൊണ്ടിരിക്കൂ 'Keep on working.'

B. The modifier കളയുക has two separate senses. One adds an offhanded feeling often best translated as 'might as well'. Thus in the conversation Rajan says:

3. അതു ചേട്ടനോട് ഒന്നു ചോദിച്ചുകളയാം എന്നു വിചാരിച്ചു വന്നതാണ്.

'I came over thinking that I might as well ask big brother.'

The other meaning is that of 'away' in the sense of finality, i.e. of terminating all involvement with something, or of direction. Witness:

4. ഞാൻ ഇതെല്ലാം വേലക്കാരിക്ക് കൊടുത്തുകളയാം.

'I'll give all of this away to the servant (fem.)'.

5. അവർ പോയികളയുന്നതിനുമുമ്പ് നമുക്ക് അവിടെ എത്താം.

'Let's get there before they go away.'

C. The modifiers തരുക and കൊടുക്കുക are used to mark the benefactor of the action of the main verb. In this function they preserve the same opposition as to indirect object which they have as main verbs, that is തരുക can be used only when the benefactor is first or second persons and കൊടുക്കുക is used only when the benefactor is a third person.

Thus പറഞ്ഞുതരുക can only mean 'tell me' whereas പറഞ്ഞുകൊടുക്കുക can only mean 'tell him, her, or them'. These modifiers are limited, of course, to those main verbs which can logically have a benefactor. Note, however, that this is a larger class than the small group which can take indirect objects. Witness:

6. അവൻ പറഞ്ഞത് എഴുതിത്തരാമോ?

'Will you write down (for me) what he said?'

D. Finally, the modifier കഴിയുക, like പോകുക, is used to emphasize the fact of completion of the action or process of the main verb. This is used much more widely in Malayalam than the approximate English counterpart 'finish', 'already', and the like. Witness:

7. കുളിച്ചുകഴിഞ്ഞോ? 'Have you finished bathing?'

8. അവർ വന്നുകഴിഞ്ഞു. അവരെ ഉടനെ പോയികാണണം.

'They have come; you should go see them right away.'

The use of കഴിയുക to mark completion is much more general than that of പോകുക which is limited to a few stereotyped expressions such as തീർന്നുപോയി, 'has run out', ചീത്തയായിപോയി 'has gone bad', etc. Note that കഴിയുക cannot be substituted in those expressions, so that the use of the two modifiers is complementary.

Compound verbs are usually written as units. Note that the initial consonant of the modifier verb does not double when added to main verbs ending in ഉ. Those ending in ഇ, however, may as in ഞാൻ ഉണ്ടാക്കിത്തരാം. "I'll make for you."

REFERENCE LIST

Pronouns Made from Question Words

A. One-Piece Indefinite Pronouns

എപ്പോഴെങ്കിലും എപ്പോഴായാലും	sometime, any time at all
എന്നെങ്കിലും എന്നായാലും	some day, any day at all
എവിടെയെങ്കിലും എവിടെയായാലും	somewhere, any where at all
എങ്ങോട്ടെങ്കിലും എങ്ങോട്ടായാലും	to somewhere, to anywhere at all
എത്രയെങ്കിലും എത്രയായാലും	some amount (number), any amount (number) at all
എങ്ങനെയെങ്കിലും എങ്ങനെയായാലും	some how, any way at all or any how
*ഏതെങ്കിലും *ഏതായാലും	some item (thing), any item (thing) at all. [also, ഏതായാലും - anyhow]
*എന്തെങ്കിലും *എന്തായാലും	something, any thing at all
ആരെങ്കിലും ആരായാലും	Someone, anyone at all
ആരുടെയെങ്കിലും ആരുടെയായാലും	Some one's, anyone's at all
ആർക്കെങ്കിലും ആർക്കായാലും	for someone, for anyone at all

ആരെയെങ്കിലും ആരെയായാലും	some one [object of a verb], anyone [object of a verb] at all
ആരോടെങ്കിലും ആരോടായാലും	to some one [addressive], to any one at all
ആരിലെങ്കിലും ആരിലായാലും	in some one, in any one at all.

B. Two-Piece Relative Pronouns

എപ്പോൾ ---- എങ്കിലും എപ്പോൾ ---- ആലും	whenever ----
എന്ന് --- എങ്കിലും എന്ന് --- ആലും	whichever day ----
എവിടെ ---- എങ്കിലും എവിടെ ---- ആലും	wherever -----
എങ്ങോട്ട് --- എങ്കിലും എങ്ങോട്ട് --- ആലും	to wherever ----
എത്ര ---- എങ്കിലും എത്ര ---- ആലും	However many (much) ---
എങ്ങനെ --- എങ്കിലും എങ്ങനെ --- ആലും	However, In Whatever manner -----
*ഏതു് ---- എങ്കിലും *ഏതു് ---- ആലും	Whichever ----
*എന്തു് ---- എങ്കിലും *എന്തു് ---- ആലും	Whatever ----
*ആര് ---- എങ്കിലും *ആര് --- ആലും	Whoever ----

* Caseforms of these items are common, but not included here.

VOCABULARY

മത്തായി	Malayalam form of Matthew
മത്തായിച്ചൻ	Mr. Mathai (respectful)
അകത്തു്	inside [locative of അകം]
കിടക്കുക [past: കിടന്നു]	to lie down
—— ഏക്കു്	to, into ——
(ഞാൻ) എപ്പോൾ വന്നാലും	whenever (I) come
പിള്ള	Pillai, a Nair Surname
പനി	fever
വയസ്സു്	age
വയസ്സുകാലം	old age
ഓരോ അസുഖങ്ങൾ	some illness or the other
മഴ	rain
മഴക്കാലം	rainy season
എവിടെ പോയാലും	Wherever (you) go
ആൎക്കെങ്കിലും	Someone, to someone, to anyone at all
പിടിക്കുക [past: പിടിച്ചു]	to be afflicted by, to catch a disease [dative subject]; to grab, hold, catch hold of

കഠിനം	severe, tough, cruel
കൃഷി	agriculture, farming
നശിക്കുക [past: നശിച്ചു]	to be ruined, destroyed
കൃഷിക്കാർ	farmers
ഭാഗ്യം	luck, fortune
നിർഭാഗ്യം	bad luck, misfortune
നിർഭാഗ്യകരമായ	unfortunate
പൊതു	common, public
പൊതുവെ	in general
കൊയ്ത്ത്	harvest
മോശം	bad
സാധനം	thing
പാവം	poor
പാവപ്പെട്ടവർ [also- പാവങ്ങൾ]	poor people
കഷ്ടം	difficulty
കഷ്ടപ്പെടുക [past: കഷ്ടപ്പെട്ടു]	{to suffer, to experience difficulty
സർക്കാർ	government
ഇടപെടുക [past: ഇടപെട്ടു]	{to interfere, to take a hand

കച്ചവടം	trade
കച്ചവടക്കാർ	traders, merchants
ന്യായം	justice
അന്യായം	injustice
ലാഭം	profit
(അവർക്ക്) എത്ര കിട്ടിയാലും	however much (they) get
ഫലം	result, fruit
(ഇതിന്റെ) ഫലമായി	As a result (of this)
പണക്കാർ	rich people
കൂടുതലായി	excessively
വിഷമിക്കുകയും ചെയ്യുക	to be troubled for sure, to suffer for sure
കഷ്ടകാലം	hard time(s)
വേണ്ടി	for, in order to [dative, infinitive]
പ്രാർത്ഥിക്കുക [past: പ്രാർത്ഥിച്ചു]	to pray
അല്ലാതെ	Otherwise
രക്ഷ	refuge, defense
വരാറായി	is (are) about to come

READING PRACTICE

A. Note how the associative suffix '-കാർ' joins to nouns.

ജോലിക്കാർ, വേലക്കാർ, കൃഷിക്കാർ,
തെരുകാർ, യാത്രക്കാർ, വായനക്കാർ,
അന്യായക്കാർ, കച്ചവടക്കാർ.

ബസ്സുകാർ, കാറുകാർ, ടാക്സിക്കാർ,
വള്ളക്കാർ, കടക്കാർ, കാപ്പിക്കാർ,
പള്ളിക്കാർ, കൂട്ടുകാർ, ആവശ്യക്കാർ,
അഭിപ്രായക്കാർ, ഹിന്ദുമതക്കാർ,
സാധാരണക്കാർ, പണക്കാർ.

നാട്ടുകാർ, അമേരിക്കക്കാർ, ഇൻഡ്യാക്കാർ,
കൊച്ചിക്കാർ, കൊല്ലത്തുകാർ.

B. Note how personal nouns denoting the experiencer of a feeling or the goal of an action are formed with '-പെടുക'.

കഷ്ടപ്പെട്ടവർ, ഇഷ്ടപ്പെട്ടവർ, ഭേദപ്പെട്ടവർ,
പ്രയാസപ്പെട്ടവർ, ആവശ്യപ്പെട്ടവർ,
രക്ഷപ്പെട്ടവർ, അഭിപ്രായപ്പെട്ടവർ,
പാവപ്പെട്ടവർ.

കാണപ്പെട്ടവർ, അറിയപ്പെട്ടവർ,
അയക്കപ്പെട്ടവർ, വിളിക്കപ്പെട്ടവർ.

C. Note how the 'about to' form is made from these verbs.

നടക്കുക	നടക്കാറായി
പോകുക	പോകാറായി
പറയുക	പറയാറായി
ചെയ്യുക	ചെയ്യാറായി
അറിയുക	അറിയാറായി
ഉണ്ണുക	ഉണ്ണാറായി
ചേർക്കുക	ചേർക്കാറായി
തരുക	തരാറായി
കാണുക	കാണാറായി
അയക്കുക	അയക്കാറായി
വരുത്തുക	വരുത്താറായി
പഠിപ്പിക്കുക	പഠിപ്പിക്കാറായി
അഭിപ്രായപ്പെടുക	അഭിപ്രായപ്പെടാറായി
അറിയിപ്പിക്കുക	അറിയപ്പെടാറായി

CONVERSATION

കല്യാണിയമ്മ: മത്തായിച്ചനാണല്ലോ. അകത്തു കയറി വരൂ. ചേട്ടൻ അകത്തു കിടക്കുകയാണ്. തങ്കമ്മ കൂടെ വന്നില്ലേ?

മത്തായി: തങ്കമ്മ പള്ളിയിൽ പോയിരിക്കുകയാണ്. അപ്പോൾ ഞാൻ വിചാരിച്ചു പിള്ളയെ ഒന്നു വന്നു കാണാമെന്ന്.

(മത്തായി വീട്ടിലേക്ക് കയറുന്നു)

മത്തായി: എന്താ പിള്ളേ കിടക്കുന്നത്? ഞാൻ എപ്പോൾ വന്നാലും പിള്ള കിടക്കുകയാണല്ലോ? അസുഖമാണോ?

കൃഷ്ണപിള്ള: അതെ, ഒരു ചെറിയ പനിയുണ്ടെന്ന് തോന്നുന്നു. വയസ്സുകാലമായില്ലേ? എപ്പോഴും ഓരോ അസുഖങ്ങളാണ്.

മത്തായി: മഴക്കാലമായതുകൊണ്ട് എവിടെ പോയാലും ആർക്കെങ്കിലും പനി പിടിച്ചു കിടക്കുന്നതു കാണാം.

കൃഷ്ണപിള്ള: അതു ശരിയായിരിക്കണം. ഈ വർഷത്തെ മഴ കുറച്ചു കഠിനമാണല്ലോ. ഈ പ്രദേശത്തെ കൃഷിയെല്ലാം മിക്കവാറും നശിച്ചുപോയി. കൃഷിക്കാർക്ക് ഇത് ഒരു നിർഭാഗ്യകരമായ വർഷം തന്നെ.

മത്തായി: കൃഷിക്കാർക്കു് മാത്രമല്ല. പൊതുവേ ആളുകൾക്കു് പ്രയാസമുള്ള വർഷമായിരിക്കും. ഈ വർഷത്തെ കൊയ്ത്തു് മോശമായതു കൊണ്ടു് എല്ലാ സാധനങ്ങളുടെയും വില കൂടുമായിരിക്കും. പാവപ്പെട്ടവർ കഷ്ടപ്പെടും.

കൃഷ്ണപിള്ള: അതെ. സർക്കാർ ഇടപെട്ടില്ലെങ്കിൽ കച്ചവടക്കാർ അന്യായമായ ലാഭം ഉണ്ടാക്കും. അവർക്കു് എത്ര കിട്ടിയാലും മതിയാകുകയില്ലല്ലോ. ഇതിന്റെ ഫലമായി കച്ചവടക്കാർ കൂടുതൽ പണക്കാരാകും, പാവപ്പെട്ടവർ കൂടുതലായി വിഷമിക്കുകയും ചെയ്യും.

മത്തായി: നമ്മളുടെ കഷ്ടകാലം തന്നെ. നമ്മൾ എല്ലാം എന്തു ചെയ്യുമോ?

കൃഷ്ണപിള്ള: എന്തു ചെയ്യാനാണു്! നല്ല കാലത്തിനു വേണ്ടി പ്രാർത്ഥിക്കാം. അല്ലാതെ എന്തു ചെയ്യും?

മത്തായി: അതെ, വേറെ രക്ഷയൊന്നുമില്ല.
(വാച്ചിൽ നോക്കുന്നു)
മണി പത്തരയായല്ലോ. തങ്കമ്മ വരാറായി എന്നു തോന്നുന്നു. ഞാൻ ഇപ്പോൾ പോകട്ടെ. സുഖമുണ്ടെങ്കിൽ പിള്ള നാളെ എന്റെ വീട്ടിലേക്കു് വരൂ.

EXERCISES

1. Rewrite the following sentences by replacing the underlined phrase with a noun in '-കാർ' plus ആണ് or ഉണ്ടു് as in the model.

Model: a. അവൾ തെറ്റു ചെയ്തു.
അവൾ തെറ്റുകാരിയാണ്.
b. ഹമീദിന് ഒരു ടാക്സി ഉണ്ടു്.
ഹമീദു് ഒരു ടാക്സിക്കാരനാണ്.
c. ഇവിടെ കച്ചവടം ചെയ്യുന്ന ആളുകൾ ഇരിക്കുന്നു.
ഇവിടെ കച്ചവടക്കാർ ഉണ്ടു്.

1. അവർ ഇവിടുത്തെ ജോലി ചെയ്യുന്നു.
2. രമ ധാരാളം പുസ്തകങ്ങൾ വായിക്കും.
3. ആ ബസ്സിൽ മുപ്പതു് ആളുകൾ യാത്ര ചെയ്യുന്നു.
4. എന്റെ അച്ഛന് ഒരു തുണിക്കട ഉണ്ടു്.
5. ഇവിടെ താമസിക്കുന്നവർ എല്ലാം സാധാരണ ആളുകൾ ആണ്.
6. അവൻ ആ അഭിപ്രായം പറഞ്ഞു.
7. അവരെല്ലാം ഞങ്ങളുടെ നാട്ടിൽ നിന്നാണ്.
8. ജോൺ ഇപ്പോൾ അമേരിക്കയിൽ താമസിക്കുന്നു.

9. എന്റെ അച്ഛനും അമ്മയും കൊല്ലത്താണ് താമസിക്കുന്നത്.

10. എന്റെ ഭാര്യ കോട്ടയത്തു നിന്നാണ്.

2. Form nouns describing the subject of the verbs with പെടുക as in the model.

Model: കമല ആ ദിവസം വളരെ അധികം കഷ്ടപ്പെട്ടു.
കഷ്ടപ്പെട്ടവൾ.

1. നിങ്ങൾ ഉണ്ടാക്കിയ ദോശ അവൾക്ക് ഇഷ്ടപ്പെട്ടു.
2. അവരുടെ നിലവാരം ഭേദപ്പെട്ടു.
3. ഞങ്ങൾ ഇവിടെ വരാൻ കുറച്ചു പ്രയാസപ്പെട്ടു.
4. രാജൻ പത്തു രൂപ ആവശ്യപ്പെട്ടു.
5. തങ്കമ്മ മരണത്തിൽ നിന്ന് രക്ഷപ്പെട്ടു.
6. കുട്ടികൾ ആ സിനിമ നല്ലതാണെന്ന് അഭിപ്രായപ്പെട്ടു.
7. ആ പുസ്തകം വളരെ കാലം മുമ്പ് എഴുതപ്പെട്ടു.
8. അയാൾ എല്ലാവരാലും അറിയപ്പെടുന്നു.
9. വിഷ്ണു ദേവന്മാരാൽ അയക്കപ്പെട്ടു.
10. അവർ രാഷ്ട്രപതിയാൽ വിളിക്കപ്പെട്ടു.

3. Rewrite these sentences changing the underlined verb to the 'about to' form. You will also have to drop the time adverbs given in parentheses as in the model.

Model: ഞാൻ ആ മലയാള പുസ്തകം
(കാൽ മണിക്കൂറിനകം) വായിച്ചുതീരും.
ഞാൻ ആ മലയാള പുസ്തകം
വായിച്ചു തീരാറായി.

1. കമലക്ക് (അടുത്ത മാസം) വയസ്സ്
ഇരുപത്തിരണ്ട് ആകും.
2. അച്ഛൻ (അഞ്ചു മിനിട്ടിനകം) ആഫീസിൽ
പോകും.
3. (പത്തു മിനിട്ടിനകം) നാലു മണിയാകും.
4. ഊണ് (വേഗം) തയ്യാറാകും.
5. പരീക്ഷയുടെ ഫലം (ഇന്ന്) അറിയും.
6. ട്രെയിൻ (ഇപ്പോൾ) ബോംബെയിൽ എത്തും.
7. അവർ സിനിമ (ഉടൻതന്നെ) കാണിക്കും.
8. ബസ്സിൽ കയറാൻ (സമയം ആയ)പ്പോൾ
അവൻ പോകണ്ടായെന്ന് പറഞ്ഞു.
9. അച്ഛൻ (ഇപ്പോൾ) പ്രാർത്ഥിക്കും.
10. ഓണത്തിന് വീട് അലങ്കരിക്കാൻ
(സമയം ആയി).

4. Read the following sentences making sure you understand the meaning.

1. നിങ്ങൾ എങ്ങനെയെങ്കിലും അച്ഛനെ ഡാക്ടറെ കാണിക്കണം. സമയമില്ലെന്ന് പറഞ്ഞിരിക്കരുത്.
2. മത്തായിച്ചൻ പള്ളിയിൽ പോകുകയാണോ? എന്നോടു് മുമ്പു് പറഞ്ഞിരുന്നല്ലോ ഇതിൽ ഒന്നും വിശ്വാസമില്ലെന്ന്.
പിള്ളേ, ഏതായാലും എനിക്ക് വയസ്സായില്ലേ. പള്ളിയിൽ ഒന്നു പോയി പ്രാർത്ഥിച്ചുകളയാം.
3. ഞാൻ എത്ര ജോലി ചെയ്താലും നിങ്ങൾ എനിക്ക് അഞ്ചു രൂപയാണ് തരുന്നത്. ഇതു് തെറ്റല്ലേ?
4. എന്റെ ഈ കഷ്ടകാലത്ത് എനിക്ക് രാമൻ നായർ മാത്രമാണ് ഒരു രക്ഷ. വേറെ ആരുമില്ല.
5. എന്റെ മകൾ എവിടെ പോയാലും ഈ ഹമീദ് അവളുടെ കൂടെ പോകും. ഇവന് വേറെ ജോലിയൊന്നുമില്ലേ?
ഇപ്പോഴത്തെ യുവതികളും യുവാക്കന്മാരുമല്ലേ പിള്ളേ? അവർ അങ്ങനെയാണ്.
6. ചേട്ടാ, വില എത്രയാണെങ്കിലും എനിക്ക് ആ സാരി വാങ്ങിക്കണം. പണമില്ലെങ്കിൽ നമുക്ക് ആരുടെ കൈയ്യിൽ നിന്നെങ്കിലും വായ്പ മേടിക്കാം. പിന്നെ തിരിച്ചു കൊടുക്കാം.

7. തങ്കമ്മേ, രമ കല്യാണം കഴിക്കാറായില്ലേ? ഇനിയും അവൾ ഓരോ യുവാക്കന്മാരുടെ കൂടെ വെളിയിൽ പോകാൻ സമ്മതിക്കരുത്. ആളുകൾ കേട്ടാൽ മോശമല്ലേ?

8. ആ കഠിനമായ ജോലി ചെയ്തതിന്റെ ഫലമായി വായ്പ തിരിച്ചുകൊടുക്കാനുള്ള പണം ഞാൻ ഉണ്ടാക്കി.

9. ഈ പ്രദേശത്തെ കച്ചവടക്കാർ പൊതുവേ മോശമായ സാധനങ്ങളാണ് വിൽക്കുന്നത്. ഇവർ ഈ നാടിനെ നശിപ്പിക്കും!

10. നിങ്ങൾ വിഷമിക്കാതെ. നിങ്ങൾ ഇടപെട്ടതുകൊണ്ടല്ല എനിക്ക് ആ ജോലി കിട്ടാതെയിരുന്നത്, എന്റെ നിർഭാഗ്യം കൊണ്ടാണ്.

5. A. Respond by giving your age when asked by the teacher as in the model.

Model: നിങ്ങൾക്ക് എത്ര വയസ്സായി?
എനിക്ക് ഇരുപത് വയസ്സായി.

B. Practicing asking other members of the class their own ages using the question from A above, and the ages of other class members and of their siblings, children, etc. You should need no models for this by now.

6. Put the following sentences into Malayalam.

1. My wife is inside reading.
2. Wherever you go, you will always find poor people.
3. One friend or another will take me there, I think.
4. Because bad times have come, all the farmers want to get a loan.
5. The price of coffee has gone up a lot. Coffeelovers are experiencing great difficulty.
6. All of your things are (kept) in your room, sir.
7. I am speaking second.
8. This year's harvest is a good one. Farmers and traders both will make a profit.
9. How old is the man from Kottayam's son?
10. I remember that I gave it to someone.

Lesson Twenty-Two

GRAMMAR NOTES

22.1. INDEFINITE PRONOUNS WITH HYPOTHETICAL VERSUS ACTUAL REFERENTS. The Reference List for this lesson contains two related types of indefinite pronouns. It must be understood that "pronoun" has a broad meaning. Besides the common examples of a word standing in for a noun denoting a person or object (you, it, etc.), pronouns can also stand in for nouns or noun phrases denoting time, day, place, direction, quantity, and manner. All of the pronouns, both regular and relative, in the List share the feature that they have no actual referent in the mind of the speaker and hearer, but refer instead to times, places, people, things, etc. which are not yet real, hence are hypothetical.

Indefinite pronouns are all formed with an interrogative base. This base, however, looses its interrogative meaning in these forms and conveys only indefiniteness. The indefinite pronouns with a hypothetical referent further add a conditional particle (either -എങ്കിൽ or -ആൽ), followed by the particle -ഉം .

The regular pronouns covered in section A of the List are single units and cannot be separated. In terms of their function, they fill the role of subject, object, or adverb of time, manner, or place within the main clause of a sentence. They carry the meaning of 'some ...' or 'any ... at all', depending on context. The only dependent clauses in which they can occur are conditional ones where 'any ... at all' invariably applies. Witness:

1. അവളുടെ കൂടെ ആരെങ്കിലും വരുമോ?

'Will someone, anyone come with her?'

2. ഞങ്ങൾക്കു് എന്തെങ്കിലും കിട്ടിയാൽ കൊള്ളാം.

'If we get anything at all it will be fine.'

3. ഞാൻ എപ്പോഴെങ്കിലും അയാളെ പോയിക്കാണാം.

'I will go and see him sometime.'

4. എങ്ങനെയെങ്കിലും ഇതു ശരിയാക്കണം.

'Somehow, this must be fixed.'

5. നിങ്ങൾ അതു് എവിടെയെങ്കിലും വച്ചാൽ മതി.

'Anywhere at all you put it will be fine.'

Note that three of the pronouns-- എന്തെങ്കിലും , 'something, anything at all', ആരെങ്കിലും 'someone, anyone at all', and ഏതെങ്കിലും 'some one (of the things mentioned before), any one at all'--can also occur in all of their caseforms except the instrumental. A complete list of caseforms is given for ആരെങ്കിലും , but not for the others(see Reference List). Here are some examples.

6. ഇതു് ആരുടെയെങ്കിലുമായിരിക്കണം.

'This must be someone's.'

7. നിനക്കു് ഏതു ബസ്സിൽ പോകണം?

'Which bus do you want to go by?'

ഏതിലെങ്കിലും പോകാം. 'I'll go by any one.'

8. അയാൾ എപ്പോഴും എന്തിനെങ്കിലും വരും.

'He always comes for something or other.'

The alternative forms ending in -ആയാലും cannot be directly substituted for those in-എങ്കിലും except in conditional clauses as in:

9. അവൻ എപ്പോഴെങ്കിലും വന്നാൽ കൊള്ളാം.
അവൻ എപ്പോഴായാലും വന്നാൽ കൊള്ളാം.

'Whenever he comes it will be fine.'

In other cases these alternative forms function as discontinuous relative pronouns (see below) where ആകുക serves as the verb in the relative clause with its ordinary lexical meaning of 'be'. Witness:

10. എപ്പോഴായാലും അത് എന്റെ വീട്ടിലേക്ക് കൊണ്ടുവരൂ.

'Whenever it may be, bring it to my house.'

The relative pronouns cited in Section B of the Reference List are discontinuous units. They are composed of the three parts mentioned earlier, but between the interrogative base and the conditional particle, the verb of the relative clause is found. The verb always has the form of the past stem due to the hypothetical nature of the quantity or item, or whatever, being described. As relatives, such clauses further explain or qualify some element in the main clause of the sentence. Witness:

11. ആരു വന്നാലും അയാളോട്ട് ഇരിക്കാൻ പറയണം.

'Whoever comes, you should tell him to sit down.'

12. സാർ എങ്ങനെ ചെയ്യണമെന്നു പറഞ്ഞാലും
നമുക്ക് അങ്ങനെ ചെയ്യാം.

'However the boss said it should be done, we should do it that way.'

Usually, however, the main clause item to which the descriptive clause relates does not appear in the actual sentence, though clearly present in the mind of speaker and hearer. Thus the more usual versions of Examples 11 and 12 above are:

13. ആരെങ്കിലും വന്നാൽ ഇരിക്കാൻ പറയണം.

"You should tell whoever comes to sit down.'

14. സാറ് എങ്ങനെ ചെയ്യണമെന്നു
പറഞ്ഞാലും നമുക്കു ചെയ്യാം.

'Let's do it however the boss said to.'

Both the regular and the relative indefinite pronouns described so far have involved hypothetical referents, that is there is no actual person, thing, time, day, etc. to which the pronoun refers, only a possible but unrealized one. There is a different set of pronouns for representing actual referents whose specific identity, or other details, are not known. Note, these consist of two sets. The regular pronouns are, again, single units appearing in the main clause while the relative pronouns are discontinuous with a verb coming between the interrogative base and the marker '-ോ'. The '-ോ' also detaches from the base to allow case endings to come in. Note these examples:

15. ആരോ അവിടെ കിടക്കുന്നു.

'Someone is lying over there.'

16. അവർ എന്തോ അവനു കൊടുത്തു.

'They gave him something' (but I don't know what it was).

17. ഞാൻ അന്ന് എന്തിനെ പറ്റിയോ വിചാരിച്ചു.

'I thought of something or other the other day.'

18. നിങ്ങൾ എവിടെ വച്ചോ, അതു് അവിടെ കാണും.

'It's probably right where you put it.'

The interrogative bases are used to make negative pronouns such as: ആരും 'no one', എവിടേയും 'nowhere', എന്നും 'not every day', എപ്പോഴും 'not all the time', etc. Here '-ഉം' is added directly to the base or its case ending, and the verb of the sentence must be negative. See 9.5 for some examples.

22.2. ONE MEMBER OF THE CLASS OR THE OTHER. The '-ഓ' ending just described for actual referent indefinite pronouns (see 22.1) may also be attached to the indefinite article ഒരു . When this is done, the initial ഒ of ഒരു also lengthens. This lesson's conversation contains the statement:

1. എപ്പോഴും ഓരോ അസുഖങ്ങളാണ്.

'There is always one sickness or the other.'

Note that in these indefinite expressions in Malayalam, the noun which denotes the class of things being cited, must always appear in the plural, never in the singular as in English. Lesson Nineteen's conversation also contains two examples of this type of expression:

2. ...ഓരോ കാരണങ്ങൾ പറഞ്ഞ് വെളിയിൽ പോകും.

'...(he) gives one excuse or the other and goes out.'

3. '...ഇങ്ങനെ ഓരോ കഥകൾ പറയുന്നതാണ്.

'... he's always telling one story or another like this.'

In all these examples, there is the implication that there is a different specimen, or member of the class of things cited (illness, story, etc.) for every new occasion. Though this may cover a large number of possibly hypothetical instances, the '-ഓ' marker is true to its actual referent meaning in that there is at least one instance recently observed which has an actual referent.

22.3. THE HUMAN SUFFIX OF ASSOCIATION OR AGENCY.

Section A of this lesson's Reading Practice contains a list of person words formed with the irregular plural marker -ക്കാർ. The masculine (-ക്കാരൻ), feminine (-ക്കാരി), and plural (-ക്കാർ) forms of this suffix were covered in 17.5. The suffix, in whatever form, can be added only to nouns, and it signals a close association between the person denoted and the concept, thing, place, etc. represented by the preceding noun. In a few cases it denotes agency, i.e. that the person is the doer of the activity denoted by the noun, much like the -er or -or suffix in English. Witness:

1. വേലക്കാരൻ 'servant' literally, 'he who does service
2. ജോലിക്കാരൻ 'worker'

In other cases the relationship is possessive, c.f.:

3. പണക്കാരൻ 'rich people' literally, 'those who have money'
4. വിശ്വാസക്കാരൻ 'believers' literally, 'those who have belief'

Other kinds of less straightforward association are also sometimes shown, as in:

5. വള്ളക്കാരൻ 'boatman'
6. ബസ്സുകാരൻ 'bus people' which includes those who work on or around busses as well as owners.

The suffix can also be joined to placenames to indicate those who live in, or come from a certain place, much like the -ian or -ese ending in English. Witness:

7. അമേരിക്കക്കാരി 'girl from America'

8. ജപ്പാൻകാർ 'the Japanese'

You may note that the initial ക of '-കാർ' often, but not always, doubles when joined to a preceding word. If the word ends in '-ം', the '-ം' drops, but the ക doubles (see Example 3 above formed from പണം). The Kerala placenames ending in '-ം', however, take their special locative form before '-കാർ' which blocks the doubling of ക because of the vowel ഉ .

9. കോട്ടയത്തുകാരൻ 'a man from Kottayam'

Note that this suffix is never changed to the plural in order to show respect,as the pronouns for feminine referents do, c.f.:

10. ആ സ്ത്രീയെ അറിയാമോ? അവർ എന്റെ നാട്ടുകാരിയാണ്.

'Do you know that woman? She (respected) is our countrywoman.'

22.4. VERBS AND NOUNS OF EXPERIENCE FORMED WITH പെടുക .

It was shown in Lesson Twenty that പെടുക is used in indirect expressions for liking (20.1) and in forming the passive (20.6). This verb also participates in direct expressions denoting things which one experiences or undergoes. Witness:

1. ഞാൻ കഷ്ടപ്പെട്ടു. 'I had, experienced trouble.'

2. അവളെ കാണാൻ വളരെ ഭേദപ്പെട്ടു.

'Her looks have improved greatly' literally, 'to look at her, great improvement has taken place.'

In some instances, however, the meaning has gone beyond the experiencing of a feeling or condition to its result. Thus ആവശ്യപ്പെടുക means not 'to experience need', but 'to demand' and അഭിപ്രായപ്പെടുക means not just 'to hold an opinion', but 'to express an opinion'. See:

3. പാവപ്പെട്ടവർ ന്യായം ആവശ്യപ്പെടുന്നു.

'The poor are demanding justice.'

4. അവർ സിനിമ നല്ലതല്ലെന്ന് അഭിപ്രായപ്പെട്ടു.

'They expressed the opinion that the film was not good.'

All expressions with പെടുക may be made into relative clauses with the personal suffixes 'അൻ', 'അൾ,' or 'അർ' , or with the neuter pronoun -'അത്'. In general these denote the experiencer of a feeling or condition in which case they are equivalent to relative clauses formed with -'ഉള്ള' as in:

5. ചായ ഇഷ്ടമുള്ളവർ

ചായ ഇഷ്ടപ്പെടുന്നവർ 'those who like tea'

6. പ്രയാസമുള്ളവൾ

പ്രയാസപ്പെടുന്നവൾ 'she who is having difficulty'

Where the പെടുക clause goes beyond the experiential meaning (see Examples 3 and 4 above) the relative clause contrasts to that formed with - ഉള്ള . Witness:

7. A. ജോലി ആവശ്യമുള്ളവൻ 'he who needs work'

B. ജോലി ആവശ്യപ്പെട്ടവൻ 'he who demanded work'

8. A. സർക്കാർ നല്ലതാണെന്ന് അഭിപ്രായമുള്ളവർ.

'those who hold a good opinion of the government'

B. സർക്കാർ നല്ലതാണെന്ന് അഭിപ്രായപ്പെടുന്നവർ.

'those who are expressing the opinion that the government is good'

Note that colloquially പ്രയാസം is also used to express a dislike for doing something, but since this is something of a longterm nature rather than a temporary feeling which one might experience, it has no equivalent expression with പെടുക. Witness:

9. എനിക്ക് അവനെ പഠിപ്പിക്കാൻ പ്രയാസമാണ്.

'I am having trouble teaching him', or 'I don't like teaching him.'

The paraphrase with പെടുക can only refer to those factors which adversely affect the task, not to your dislike of it, c.f.

10. ഞാൻ അവനെ പഠിപ്പിക്കാൻ പ്രയാസപ്പെടുന്നു.

'I am having trouble teaching him.'

Even passive phrases made with പെടുക can be made into relative clauses as in:

11. ഓണസ്സദ്യക്ക് വിളിക്കപ്പെട്ടവർ

'those who were invited to the Onam feast'

22.5. THE ADVERB MARKER '-ആയി'. Many words and phrases can be made into adverbs by the addition of the marker '-ആയി'. Section A of the Reading Practice of Lesson Twenty-Three contains a group of examples. Adverbs in general fall into two types, those which modify a verb or verb phrase within a sentence, and those which modify the sentence as a whole. Those which modify a verb are usually divided into adverbs of time, place, and manner. The marker '-ആയി'

is used for manner adverbs and for sentence adverbs only. This lesson's conversation contains the sentence adverb:

1. ഇതിന്റെ ഫലമായി 'as a result of this'

Manner adverbs may be made from adjectives as in:

2. ഇതു ശരിയായി ചെയ്യൂ. 'Do this well, correctly.'
3. ഞങ്ങൾ മാങ്ങാ മുഴുവനായി വിറ്റു.
   'We sold (out) the mangos completely.'

They occur, however, most often made from nouns. Witness:

4. എനിക്കു് അത്യാവശ്യമായി സാറിനെ കാണണം.
   'I need to see the boss urgently.'
5. ആദ്യമായി വന്നയാൾ ആരാണു്?
   'Who is the man who came first?'

Some adjectives, however, cannot form adverbs as they stand, but must be made into nouns first, as with:

6. അടുത്തതായി മേനോൻസാർ സംസാരിക്കും.
   'Mr. Menon will speak next.'

In all adverbs formed with '-ആയി', the marker '-ിട്ടു്' is present in the mind of the speaker and hearer, though often omitted from the sentence. Thus, '-ിട്ടു്' may optionally be added to all of the adverbs found in the examples here. When '-ിട്ടു്' is actually stated, the adverbs look very much like the first clause in a compound sentence (see 21.3). Although these clauses may appear from their meaning to be adverbs of time, they are actually conveying sequence. It has already been shown (see Examples 5 and 6 above) that adverbs expressing sequence or order of things take '-ആയി'. There are certain special instances, however, where adverbs of time and place do take '-ആയി'. One is where '-ആയിട്ടു്'

is used as a means of emphasis, focus, or foregrounding of a particular item in the sentence (see 24.3). The other is in sentence adverbials relating to time. Witness:

7. ഇവിടെയായിട്ട് അവൻ എന്നെ കുത്തി.

'This is where he stabbed me.'

8. വളരെ കാലമായി 'for a long time...'

The concept of manner adverbial sometimes extends to the result of the action, or a concommitant state. Witness:

9. ഞാൻ ദോശ ചെറിയതായി ഉണ്ടാക്കി.

'I made the dosas small.'

10. എന്റെ മകൾ ഒരു ടീച്ചറായിട്ട് പോകുന്നു.

'My daughter is going as a teacher.'

11. അവൻ പ്രസിഡന്റായി നല്ല ജോലി ചെയ്യുന്നു.

'As president, he has been doing good work.'

Several common manner adverbs occur without '-ആയി', as: എളുപ്പം, വേഗം 'quickly', പതുക്കെ 'slowly, quietly', ഉറക്കെ 'loudly'.

22.6. THE 'ABOUT TO' VERBFORM. Section C of the Reading Practice for this lesson contains examples of the 'about to' verbform. As may be seen, it is formed from the present stem of the verb, plus the marker '-ാറ്', plus some form of ആകുക . It most commonly occurs with ആയി meaning 'to be about to' in the present moment, as in:

1. മീറ്റിങ്ങ് തുടങ്ങാറായി 'the meeting is about to begin'
2. മഴ തീരാറായി 'The rain is about to stop, has nearly stopped.'
3. നമ്മളുടെ കാറ് ബസ്സിനോടൊപ്പം എത്താറായി.

'Our car has nearly caught up with the bus.'

In many cases these verbforms mean 'about to' in the sense of 'nearly' (see Examples 2 and 3 above), but in other cases it carries the sense of 'it is time for ...' (see Example 1 above). Witness:

4. മാധവൻ വരാറായി 'It's time that Madhavan came.'

These 'about to' verbforms can take human subjects in both the nominative and dative. A nominative subject implies that the action of the verb is about to happen without the voluntary or active involvement of the subject, while a dative subject indicates some kind of want or need on the part of the subject. Thus:

5. അവർ കാറ് കാണാറായി 'They are about to see (i.e. catch sight of) the car.'

6. അവർക്ക് കാറ് കാണാറായി 'It's time that they saw the car (i.e. they need or want to see it).'

In practice the dative subject version may sometimes be used with the meaning ordinarily conveyed by the nominative subject construction (involuntary involvement of the subject), but the nominative subject construction is never used in place of the dative (when the subject is volitionally involved).

To describe a past situation, ആയി becomes ആയിരുന്നു, while ആകും. is used for future ones. Even the modal ആയിരിക്കണം is sometimes used. Witness:

7. ക്ലാസ്സ് തീരാറായിരുന്നപ്പോൾ.. 'When class was about over ...'

8. നിങ്ങൾ തിരിച്ചു വരുമ്പോൾ അവർ എത്താറാകും. 'When you come back, it will be time for them to arrive.'

9. ഗീത വരാറായിരിക്കണം. 'It must be time Gita came.'

Lesson Twenty-Three

REFERENCE LIST

Antonyms Formed with Negative Prefixes

The Prefix 'അ-'

സുഖം comfort, health	അസുഖം illness
പ്രധാന important, primary	അപ്രധാന unimportant, secondary
വിവാഹിതർ married persons	അവിവാഹിതർ unmarried persons
വിശ്വാസം belief	അവിശ്വാസം unbelief
വിശ്വാസി believer	അവിശ്വാസി unbeliever
സമയത്ത് on time, at the correct time	അസമയത്ത് untimely, at the wrong time
സാധാരണ ordinary	അസാധാരണ extra ordinary
—	അകാലം untimely
പ്രസന്നത Cheerfulness	അപ്രസന്നത downcast
ന്യായം Justice	അന്യായം Injustice
പ്രസിദ്ധി fame	അപ്രസിദ്ധി Without fame
ഭേദം change, betterment	അഭേദം unchangeableness

The Prefix 'വി-'

ദേശീയ national, domestic	വിദേശത്ത് foreign
രസം interest	വിരസം without interest

The Prefix 'നി-'

പ്രയാസം difficulty	നിഷ്പ്രയാസം ease
ഫലമുണ്ടായി has borne fruit	നിഷ്ഫലമായി has been fruitless
ഭാഗ്യം luck, fortune	നിർഭാഗ്യം misfortune
അർത്ഥമുള്ള meaningful	നിരർത്ഥമായ meaningless
സാരം (anything) of consequence	നിസ്സാരം of no consequence
സംശയം doubt	നിസ്സംശയം without doubt

VOCABULARY

വിനോദം	pleasure
തീർച്ച	certain
സൗകര്യം	convenience
—ഉണ്ടായിരുന്നെങ്കിൽ ---ആയിരുന്നു	If [We] had— it would have been ---
---വിറ്റാൽ മതിയായിരുന്നു	It would have been good if (we) had sold ---
വിദേശീയർ	foreigners
സംസാരം	talk, conversation
രീതി	custom
അവസരം	opportunity, chance
ബുധനാഴ്ച	Wednesday
തുടക്കം	beginning
എന്താ? എന്തു പറയുന്നു	What do you say? [common tag question]
വ്യാഴാഴ്ച	Thursday
അന്ന്	that day
കാഴ്ച	sight
പിറ്റേ	next [only used with time units]

കന്യാകുമാരി	Cape Comorin [the Southern tip of India]
കോവളം	Kovalam [a picturesque beach near Trivandrum]
താമസം	stay, residence
തിരിക്കുക	to turn something; colloquially [concerning travel], to procead, to start
കടൽത്തീരം	seacoast
പ്രകൃതി	nature
സുന്ദരം [noun: സൗന്ദര്യം]	beautiful
പ്രകൃതിസുന്ദരം	picturesque
കിടക്കുക	to stay over
ഞായറാഴ്ച	Sunday
ബോട്ട്	Boat
തിങ്കളാഴ്ച	Monday
തേക്കടി	Thekkady, a game preserve near Kottayam
ഉച്ച	noon
വന്യമൃഗം	wild animal
സംരക്ഷണം	protection
കേന്ദ്രം	center

വന്യമൃഗസംരക്ഷണകേന്ദ്രം	Wild life Sanctuary
—വഴി	via— or by way of—
ചൊവ്വാഴ്ച	Tuesday
പൂരം	a famous temple festival in Trichur
പുതുമ	novelty
വരുന്നവഴിക്ക്	on the way
ഗുരുവായൂർ	Guruvayoor, a pilgrimage spot near Calicut
തിരക്കേറിയ	crowded
വിശ്രമം	rest, relaxation
അവധി	vacation, leave, holiday
മേല	Can't [dative subject]
എടുത്തേനേ	Would have taken
— ചെയ്തേക്കൂ	why don't [you] go ahead and —
ഒന്നാം ക്ലാസ്സ്	first class
എടുക്കരുതേ	for heaven's sake don't get [take]
രണ്ടാം ക്ലാസ്സ്	Second class
— ചെയ്തേക്കാം	might as well do — [signifies acquiescence]

READING PRACTICE

A. Read these adverbs formed with '-ആയി'.

സാധാരണയായി, അത്യാവശ്യമായി, അന്ത്യമായി,
ആദ്യമായി, ഈയിടെയായി, ഒന്നാമതായി,
കൂടുതലായി, ചീത്തയായി, ചെറിയതായി,
മാത്രമായി, ശരിയായി, തെറ്റായി, ധാരാളമായി,
നല്ലതായി, നന്നായി, പുതിയതായി, സുഖമായി,
സന്തോഷമായി, പ്രയാസമായി, വിഷമമായി,
തീർച്ചയായി, അടുത്തതായി.

B. Read the following sentences expressing a change of state with '-ആയി'.

1. എന്റെ വാച്ചു് ഇന്ന് ശരിയായി.
2. അയാൾക്കു് അതു കഴിഞ്ഞു് കമലയെ ഇഷ്ടമായി.
3. ആ സംഭവം കഴിഞ്ഞു് അവൻ ഒരു നല്ലവനായി.
4. കമല വരുന്നതു് തീർച്ചയായി.
5. അച്ഛന് വയസ്സായി കഴിഞ്ഞു് നടക്കാൻ പ്രയാസമായി.
6. അവളെ കാണാൻ മോശമായി.
7. ഇവിടെ വന്നപ്പോൾ കേശവന് എല്ലാം മനസ്സിലായി.
8. ഇന്നലെ വാങ്ങിച്ച ഇറച്ചി ചീത്തയായി.
9. ആ കാറു് പഴയതായി.
10. എന്റെ മകൾ ഒരു മിടുക്കിയായി.

CONVERSATION

കമല: ബിൽ അടുത്തയാഴ്ച്ചയല്ലേ അമേരിക്കയിൽ നിന്നു വരുന്നതു്. നമുക്ക് അയാളെ കേരളം കാണിക്കുവാൻ വേണ്ടി ഒരു വിനോദയാത്രക്ക് കൊണ്ടുപോകണമല്ലോ?

രാമൻ: തീർച്ചയായിട്ടും കൊണ്ടുപോകണം. നമുക്ക് ഇപ്പോൾ കാറുണ്ടായിരുന്നെങ്കിൽ നല്ല സൗകര്യമായിരുന്നു. പഴയതു് ഇതു കഴിഞ്ഞു് വിറ്റാൽ മതിയായിരുന്നു. പുതിയതു് അടുത്ത മാസമേ കിട്ടുകയുള്ളൂ.

കമല: അതു സാരമില്ല രാമാ. വിദേശീയർക്ക് ഇവിടുത്തെ ബസ്സിലും ട്രെയിനിലുമൊക്കെ യാത്ര ചെയ്യുന്നതായിരിക്കും കുറച്ചു കൂടി ഇഷ്ടം. അങ്ങനെ യാത്ര ചെയ്യുമ്പോൾ അവർക്ക് സാധാരണക്കാരുടെ സംസാരം കേൾക്കാനും രീതികൾ കാണാനും അവസരം കിട്ടുമല്ലോ.

രാമൻ: ശരിയാണ്. എന്നാൽ നമുക്ക് ഒരു പ്ലാൻ ഉണ്ടാക്കാം. നമുക്ക് ബുധനാഴ്ച വൈകിട്ട് ഇവിടെ നിന്ന് യാത്ര തുടങ്ങാം. തുടക്ക യാത്ര ട്രെയിനിൽ തന്നെ ആകട്ടെ. എന്താ?

കമല: ശരി. അങ്ങനെ ആകട്ടെ.

രാമൻ: ബുധനാഴ്ച വൈകിട്ടത്തെ ട്രെയിനിൽ നമുക്ക് തിരുവനന്തപുരത്തേക്ക് പോകാം. വ്യാഴാഴ്ച രാവിലെ നമ്മൾ തിരുവനന്തപുരത്തു് എത്തും. അന്നു മുഴുവൻ അവിടെ

താമസിച്ച് അവിടുത്തെ കാഴ്ചകളെല്ലാം കാണാം. പിറ്റെ ദിവസം രാവിലെ നമുക്ക് കന്യാകുമാരിക്ക് പോകാം. അവിടെ കാണാനുള്ളതെല്ലാം കണ്ടിട്ട് വൈകിട്ട് തിരുവനന്തപുരത്തേക്ക് തിരിച്ചുവരാം.

കമല: അപ്പോൾ കോവളം കാണണ്ടേ?

രാമൻ: അന്നുതന്നെ കോവളം കാണാം. അന്നു രാത്രിയിലെ താമസം കോവളത്താകട്ടെ. പിറ്റെ ദിവസം രാവിലെ നമുക്ക് ആലപ്പുഴയിലേക്ക് ബസ്സിൽ തിരിക്കാം.

കമല: അതു കൊള്ളാം.. കടൽത്തീരത്തു കൂടിയുള്ള ആ ബസ്സുയാത്ര ബില്ലിന് ഇഷ്ടപ്പെടുമായിരിക്കും. കേരളം എത്ര പ്രകൃതിസുന്ദരമാണെന്ന് ബില്ലിന് അപ്പോൾ കാണാം. അന്നു വൈകിട്ട് ആലപ്പുഴയിൽ എന്റെ വീട്ടിൽ കിടക്കുകയും ചെയ്യാം.

രാമൻ: ശരി. ഞായറാഴ്ച രാവിലെ അവിടെ നിന്ന് കോട്ടയത്തേക്ക് ബോട്ടിൽ യാത്ര ചെയ്യാം. അന്ന് കോട്ടയത്തെ സ്ഥലങ്ങളെല്ലാം കണ്ടിട്ട് തിങ്കളാഴ്ച രാവിലെ തേക്കടിയിലേക്കു പോകാം. ഉച്ചയാകുമ്പോൾ തേക്കടിയിൽ എത്തും. അന്നു തന്നെ തേക്കടിയിലെ വന്യമൃഗസംരക്ഷണകേന്ദ്രം കാണാം. പിറ്റെ ദിവസം രാവിലെ നമുക്ക് കോട്ടയം വഴി കൊച്ചിയിലേക്ക് പുറപ്പെടാം. നാലുമണിയാകുമ്പോൾ കൊച്ചിയിൽ എത്തുമായിരിക്കും.

കമല: അപ്പോൾ തേക്കടി കാണാൻ ഒരു ദിവസം മതിയോ?

രാമൻ: ഓ അതു മതി. ചൊവ്വാഴ്ച വൈകുന്നേരം മുതൽ ബുധനാഴ്ച നാലുമണിവരെ നമുക്ക് കൊച്ചിയിലേയും എറണാകുളത്തേയും കാഴ്ചകൾ കാണാം. അന്നു വൈകുന്നേരം നമുക്ക് തൃശ്ശൂരിലേക്കു പോകാം.

കമല: അതു വളരെ നല്ലതാണ്. അന്നു തൃശ്ശൂർപൂരമല്ലേ. കേരളത്തിലെ ഒരു ഉത്സവം കാണുന്നത് ബില്ലിന് ഒരു പുതുമയായിരിക്കും.

രാമൻ: വ്യാഴാഴ്ച രാവിലെ നമുക്ക് കോഴിക്കോട്ടേക്ക് തിരിച്ചുവരാം. വരുന്ന വഴിക്ക് ഗുരുവായൂർ ഇറങ്ങി രണ്ടു മണിക്കൂറിനകം ഗുരുവായൂർ അമ്പലം കാണുകയും ചെയ്യാം. വൈകുന്നേരം നമുക്ക് കോഴിക്കോട്ട് തിരിച്ച് എത്താം.

കമല: വളരെ തിരക്കേറിയ പ്ലാൻ ആണല്ലോ. വിശ്രമമില്ലാതെ യാത്ര ചെയ്യുന്നത് ബില്ലിന് ഇഷ്ടപ്പെടുമോ? നിങ്ങൾക്ക് കുറച്ചു ദിവസം കൂടെ അവധി എടുക്കാൻ മേലെ.

രാമൻ: എനിക്ക് എട്ടു ദിവസത്തെ അവധിയേയുള്ളൂ. കൂടുതൽ അവധി ഉണ്ടായിരുന്നെങ്കിൽ ഞാൻ കുറച്ചു ദിവസങ്ങൾ കൂടി എടുത്തേനേ.

കമല: ആകട്ടെ. ഉടൻ തന്നെ ട്രെയിൻ യാത്രക്കുള്ള ടിക്കറ്റ് റിസർവ്വ് ചെയ്യേക്കൂ. ഒന്നാം ക്ലാസ്സ് ടിക്കറ്റ് എടുക്കരുതേ. രണ്ടാം ക്ലാസ്സ് മതി. നമ്മൾ പണക്കാരല്ലല്ലോ.

രാമൻ: ശരി. അങ്ങനെ ആകട്ടെ. ഇപ്പോൾ തന്നെ പോയി ടിക്കറ്റു റിസർവ്വ് ചെയ്യേക്കാം.

EXERCISES

1. Rewrite the following sentences changing the negative item in parentheses to positive, and adding the appropriate negative prefix to the underlined word as in the model.

Model: അമ്മക്ക് ഇപ്പോൾ സുഖം (ഇല്ല).
അമ്മക്ക് ഇപ്പോൾ അസുഖം ഉണ്ട്.

1. അവൻ ഒരു സാധാരണ കുട്ടി (അല്ല).
2. അവർ വിവാഹിതർ (അല്ല).
3. എന്റെ വാച്ച് ഈ ദേശത്ത് (ഉണ്ടാക്കിയതല്ല).
4. അതു ഒരു രസം ആയ കഥ (അല്ല).
5. ഞാൻ ഒരു വിശ്വാസി (അല്ല).
6. അവർ പ്രധാന വിഷയങ്ങളെപ്പറ്റി (സംസാരിക്കുകയേയില്ല).
7. അവർ സമയത്ത് (അല്ല) വന്നത്.
8. അവന്റെ അസുഖം സാരം (അല്ല).
9. ലോകത്തിൽ അർത്ഥം (ഇല്ലാത്ത) പല സംഭവങ്ങളും നടക്കുന്നു.
10. ഞാൻ ചെയ്യുന്നതെല്ലാം ഫലം (ഇല്ലാതായി).

2. Make the pairs of sentences below into single past conditional sentences as in the model.

Model: അവൾ വരുമെങ്കിൽ എനിക്ക് ഒരു വാച്ച് കൊണ്ടുതരും. പക്ഷെ, അവൾ വന്നില്ല.
അവൾ വന്നായിരുന്നെങ്കിൽ എനിക്ക് ഒരു വാച്ച് കൊണ്ടുതരുമായിരുന്നു.

1. ഹമിദ് അവിടെ ഉണ്ടെങ്കിൽ നമുക്ക് കൊച്ചിക്ക് പോകാം. പക്ഷെ, ഹമീദ് അവിടെ ഇല്ല.
2. പണം ഉണ്ടെങ്കിൽ ഒരു കാറ് മേടിക്കാം. പക്ഷെ, നമുക്ക് പണം ഇല്ല.
3. നീ മടിയനല്ലെങ്കിൽ ഞാൻ നിനക്ക് ഈ ജോലി തരാം. പക്ഷെ, നീ ഒരു മടിയനാണ്.
4. അമ്മക്ക് സുഖമുണ്ടെങ്കിൽ നമുക്ക് ഒരു സിനിമ കാണാൻ പോകാം. പക്ഷെ, അമ്മക്ക് സുഖമില്ല.
5. ഉച്ചക്ക് തങ്കമ്മയുടെ വീട്ടിൽ എത്തുമെങ്കിൽ ഒരു നല്ല ഊണ് കഴിക്കാം. പക്ഷെ, ഉച്ചക്ക് തങ്കമ്മയുടെ വീട്ടിൽ എത്തുകയില്ല.
6. അച്ചൻ ഇന്ന് അവധി എടുക്കാമെങ്കിൽ എല്ലാവർക്കും ഒരു വിനോദയാത്രക്ക് പോകാം. പക്ഷെ, അച്ചൻ ഇന്ന് അവധി എടുക്കുകയില്ല.
7. എന്റെ ഭാര്യ ഇവിടെ ഉണ്ടെങ്കിൽ അവൾ വരുകയില്ല. പക്ഷെ, എന്റെ ഭാര്യ ഇപ്പോൾ ഇവിടെയില്ല.
8. നിങ്ങൾക്ക് തിരക്കില്ലെങ്കിൽ ഇവിടുത്തെ കാഴ്ചകൾ കാണാം. പക്ഷെ നിങ്ങൾക്ക് തിരക്കുണ്ട്.
9. എനിക്ക് സമയമുണ്ടെങ്കിൽ ഞാൻ നിങ്ങളെ വിളിക്കും. പക്ഷെ, എനിക്ക് സമയമില്ല.
10. എന്റെ മകളുടെ സംസാരം കേട്ടാൽ നിങ്ങൾ അവളെ കുറച്ചുകൂടി ഇഷ്ടപ്പെടും. പക്ഷെ, നിങ്ങൾ അവരുടെ സംസാരം കേട്ടിട്ടില്ല.

3. Using the format below, write out a full itinerary for the nine-day tour of Kerala his friends have planned for Bill.

ദിവസം	പുറപ്പെടുന്ന		എത്തുന്ന	
	സമയം	സ്ഥലം	സമയം	സ്ഥലം

4. Read the following sentences making sure you understand the meaning.

1. കേശവൻനായർക്ക് വയസ്സായില്ലേ? എന്തിനാണ് ഈ മഴക്കാലത്ത് എപ്പോഴും വെളിയിൽ ഇറങ്ങിനടക്കുന്നത്? പനി പിടിക്കില്ലേ?

2. അച്ചാ, ഞങ്ങൾക്ക് ഇപ്പോൾ അവധിയാണല്ലോ. ഞങ്ങളെ എങ്ങോട്ടെങ്കിലും ഒരു വിനോദയാത്രക്ക് കൊണ്ടുപോകാമോ?

   ഇപ്പോൾ മഴക്കാലമാണല്ലോ. മഴ കഴിഞ്ഞിട്ട് നിങ്ങളെ ഞാൻ തേക്കടിയിൽ കൊണ്ടുപോകാം.

   അച്ചൻ ഞങ്ങളെ കളിപ്പിക്കാൻ പറയുകയാണോ?

   അല്ല മോളേ. തീർച്ചയായിട്ടും കൊണ്ടുപോകാം.

3. വിദേശീയർക്ക് താമസിക്കാൻ സൗകര്യമായ ഹോട്ടലുകൾ സർക്കാർ ഈ നാട്ടിൽ ഉണ്ടാക്കണം. എന്നാൽ മാത്രമേ കൂടുതൽ വിദേശീയർ കേരളം കാണാൻ വരുകയുള്ളൂ.

4. ഞാൻ വിദേശത്ത് യാത്ര ചെയ്തുകൊണ്ടിരു-

ന്നപ്പോൾ അവരുടെ സംസാരം കേൾക്കാനും രീതികൾ പഠിക്കാനും എനിക്ക് അവസരം കിട്ടി. അവരിൽ നിന്ന് നമുക്ക് വളരെ അധികം പഠിക്കാനുണ്ട്.

5. ബില്ലേ, അമേരിക്കയിലെ കടൽത്തീരം കേരളത്തിലെ കടൽത്തീരത്തിന്റെ അത്രയും പ്രകൃതിസുന്ദരമാണോ?

6. അയാൾ വിശ്രമമില്ലാതെ ജോലി ചെയ്തതിന്റെ ഫലമായി വലിയ അസുഖമായിട്ട് കിടക്കുന്നു. ഈ ജോലി ചെയ്യാൻ തുടങ്ങിയപ്പോൾ ഞാൻ പറഞ്ഞതാണ് ഇത്രയും അധികം ജോലി ചെയ്യരുതെന്ന്.

7. തേക്കടിയിലെ വന്യമൃഗസംരക്ഷണകേന്ദ്രം വന്യമൃഗങ്ങൾക്ക് സംരക്ഷണം കൊടുക്കുന്നു. അവിടെയുള്ള വന്യമൃഗങ്ങളെ ആർക്കും പിടിച്ചുകൊണ്ടുപോകാൻ അനുവാദമില്ല.

8. നമുക്ക് പന്ത്രണ്ടരമണിക്ക് ഇവിടെനിന്ന് തിരിക്കാം. എന്തു പറയുന്നു?

    അതിനു മുമ്പ് എനിക്ക് കൃഷ്ണപിള്ളയെ ഒന്നു കാണണമല്ലോ. കുറച്ചു താമസിച്ച് പോകാമോ?

കുറച്ചു താമസിക്കാം. പക്ഷെ, ഏതായാലും എനിക്ക് ഒരു മണിക്ക് മുമ്പ് പോകണം. അയാളെ വേഗം പോയി കണ്ടിട്ട് വരൂ.

    ശരി. ഞാൻ തിരിച്ചുവരാതെ പുറപ്പെടരുതേ.

9. ആ സിനിമയുടെ കഥ പുതുമയുള്ളതാണ്.

10. കമലേ, ഈയിടെയായിട്ടു് നിന്നെ ഞാൻ സിനിമക്കു് കൊണ്ടുപോകാത്തതു് എനിക്കു് തിരക്കേറിയ ജോലിയുള്ളതു കൊണ്ടാണ്. എനിക്കു് സമയമുണ്ടായിരുന്നെങ്കിൽ നിന്നെ തീർച്ചയായിട്ടും ഞാൻ കൊണ്ടുപോയേനേ.

5. Use the words in parentheses to form adverbs to fill in the blanks in these sentences, adding '-ആയി' where needed as in the model.

Model: എനിക്കു് മലയാളം പഠിക്കുന്നതു് ______ തോന്നി. [പ്രയാസം]
എനിക്കു് മലയാളം പഠിക്കുന്നതു് പ്രയാസമായി തോന്നി.

1. ______ നടന്നാൽ മാത്രമേ നമ്മൾ അവിടെ ശരിയായ സമയത്തു് എത്തുകയുള്ളൂ. [വേഗം]
2. രമ ______ എഴുതിയതു് ഞാൻ തിരുത്തി. [തെറ്റു്]
3. അച്ചനും അമ്മയും ______ ഇരിക്കുന്നു. [സുഖം]
4. നിങ്ങൾ ______ വാങ്ങിച്ച കാറു് ഇതാണോ? [പുതിയതു്]
5. ആ കാര്യത്തിനെപ്പറ്റി അയാൾക്കു് ______ അറിയാം. [തീർച്ച]
6. നിങ്ങൾ ______ സംസാരിക്കരുതു്. [അധികം]
7. ______ ലാഭം ഉണ്ടാക്കുന്ന കച്ചവടക്കാരുടെ കൈയ്യിൽ നിന്നു് നാട്ടുകാർ ഒന്നും വാങ്ങിക്കരുതു്. [അന്യായം]
8. നിങ്ങൾ ______ കഴിക്കുന്നതു് ഈ ഹോട്ടലിൽ

നിന്നാണോ ? [സാധാരണ]

6. Repeat the sentences below after the teacher, then change them as in the models.

Model: ആ ദോശ ഞാൻ തിന്നേക്കാം.
ആ ദോശ ഞാൻ തിന്നാം.
രാമന്റെ കാറ് നിങ്ങൾ വാങ്ങിച്ചേക്കൂ.
രാമന്റെ കാറ് നിങ്ങൾ വാങ്ങിക്കൂ.

1. അയാൾക്ക് ഒരു കത്ത് അയച്ചേക്കൂ.
2. ജോലിക്കാരന് എട്ടുരൂപ കൊടുത്തേക്കൂ.
3. അവളെ സദ്യക്ക് വിളിച്ചേക്കാം.
4. കമലയുടെ കല്യാണത്തിന് ഞാൻ പോയേക്കാം.
5. നീ വള്ളംകളി പോയി കണ്ടേക്കൂ.
6. നമുക്ക് ഈ ഹോട്ടലിൽ കയറി കാപ്പി കുടിച്ചേക്കാം.

GRAMMAR NOTES

23.1. THREE NEGATIVE PREFIXES. The majority of negatives in Malayalam are postposed, i.e. are attached to the end of the word, or other unit, which they negate. This is true not only of verbforms where '-ഇല്ല' , '-ണ്ട' or '-അല്ല' are used, but also of relative clauses which take '-ഇല്ലാത്ത', noun phrases which take '-ഇല്ലാത്തത്' , and adverb phrases which take '-ഇല്ലാതെ' . These negatives might be thought of as 'class' negatives, since they can be used with all members of a large class of items, usually defined according to their grammatical function.

The negative meaning may also be added through the use of prefixes. This lesson's Reference List contains examples of of words formed with the three most common negative prefixes: അ-, വി-, and നി-. The prefixes themselves come from Sanskrit, and can only be added to words of Sanskrit origin. These prefixes might be thought of as 'individual' negatives, since each individual word stem has its own particular prefix, irrespective of grammatical class. There is no way to tell from either the shape, meaning, or function of a word whether its negative antonym will take 'അ-', 'വി-', or 'നി-'., just as there is no way to predict that our English word popular takes un- while proper requires im-. Therefore, each negative form must be learned individually.

As may be seen from the Reference List, the positive and negative words often form pairs of opposites which may be used in various grammatical functions. Witness:

1.	ന്യായം	'justice'	അന്യായം	'injustice'
2.	ന്യായമുള്ള	'just'	അന്യായമായ	'unjust'
3.	ന്യായമായി	'justly'	അന്യായമായി	'unjustly'

It is frequently the case that only one member of the pair is in common use. Many positive words can not combine with any of the negative prefixes, while certain negative words have no commonly used positive counterpart. Thus:

4.	________________	'timely'
	അകാലം	'untimely'
5.	അർഥവത്തായ	'meaningful'
	________________	'meaningless'

Note that there are some differences in the shape of the 'നി-' prefix. These are conditioned by the beginning sound of the word they are joined to, much as the English in- becomes im- before possible, ir- before relevant, il- before literate, and so forth. Though these changes do follow some rules, it is generally easier to bypass these and simply learn the correct negative forms as items.

There are certain limitations as to the constructions in which the negative members of these pairs may appear. They can only occur with ആണ്, whereas the positive members of the pairs usually occur with ഉണ്ട്, and sometimes ആയ as well. For example:

6.	A.	അതു് നിഷ്ഫലമാണ്	'It is fruitless.'
	B.	അതിന് ഫലമുണ്ട്	'It is fruitful.'
7.	A.	എനിക്ക് അതിൽ അവിശ്വാസമാണ്	"I have no faith in it.'
	B.	എനിക്ക് അതിൽ വിശ്വാസമുണ്ട്	'I have faith in it.'

8. A. ഈ യാത്ര വിരസമാണ്.

'This trip is uninteresting.'

B. യാത്ര ചെയ്യാൻ രസമുണ്ട്.

'It's interesting to travel.'

Of course the negative may also be expressed by replacing the ഉണ്ട് in the posttive sentences with ഇല്ല .

The above limitations are also reflected in the formation of relative or adjective clauses where the negative words can only take ആയ , related to ആണ് , and the positive words take '-ഉള്ള', derived from ഉണ്ട് . Compare:

9. A. നിഷ്ഫലമായ കാര്യം 'a fruitless affair'

B. ഫലമുള്ള കാര്യം 'a fruitful affair'

10. A. അന്യായമായ വില 'unjust price'

B. ന്യായമുള്ള വില 'just price'

11. A. വിരസമായ കഥകൾ 'uninteresting stories'

B. രസമുള്ള കഥകൾ 'interesting stories'

Of course negative forms of the positive phrases may also be made by replacing '-ഉള്ള' with '-ഇല്ല' .

23.2. SUMMING UP ON CONDITIONAL SENTENCES. Section 14.2 deals with contrary to fact sentences expressing a result which would occur at the present moment if a given condition was met. This conversation contains three examples of a result which would have occured in past time had a given condition been met. A set of prototypical sentences with future, present, and past meaning are given in Examples 1-3.

1. നീ ചോദിക്കുമെങ്കിൽ ഞാൻ പറയാം.

'If you ask, I will tell (you).'

2. നീ ചോദിച്ചാൽ ഞാൻ പറയാം.

'If you asked, I would tell (you).'

3. നീ ചോദിച്ചിരുന്നെങ്കിൽ ഞാൻ പറയാമായിരുന്നു.

'If you had asked, I would have told (you).'

All conditional sentences are complex sentences, since they contain two clauses. In connected dialogue, however, a speaker may omit the 'if' clause where it has been stated by him, or by someone else, earlier. In such cases '-എങ്കിൽ' is retained to signal the conditional nature of the sentence. See:

4. എങ്കിൽ ഞാൻ വരുമായിരുന്നു.

'Then I would have come, too.'

In conditional sentences it is the form of the verb in the 'if' clause, together with its conditional conjunction ('if' word) which signals the timeframe of the sentence--future, present, or past. Future 'if' clauses always end in '-എങ്കിൽ' and their verbforms can show any non-past ending. The future/habitual '-ഉം', and the potential/intentive '-ാം' are the most common, but the desiderative '-അണം' also occurs as well as simple present '-ന്നു', present continuous '-ഉകയാണ്' and present emphatic '-ന്നുണ്ട്'. Dative as well as nominative subject constructions may occur with their permitted verb endings. Witness:

5. നിനക്ക് വരാമെങ്കിൽ ഞാൻ കാറ് അയച്ചുതരാം.

'If you can come, I will send the car.'

6. നിനക്ക് കൂടെ വരണമെങ്കിൽ ഞങ്ങൾ നിന്നെ കൊണ്ടുപോകാം.

'If you want to come along, we will take you.'

7. അയാൾ ഇന്ന് ഫോറം കൊടുക്കണമെങ്കിൽ ഇപ്പോൾ പൂരിപ്പിക്കണം.

'If he has to submit the form today, let him fill it out now.'

8. അവർ നടന്നു പോകുകയാണെങ്കിൽ വിളിക്കണ്ട കേട്ടോ.

'If they are going for a walk, don't call them, hear.'

9. അവൾ വല്ലതും വാങ്ങിക്കുന്നുണ്ടെങ്കിൽ ഞാൻ പണം കൊടുക്കണമായിരിക്കും.

'If she _is_ buying something, I will probably have to pay for it.'

As the above examples indicate, a wide variety of verbforms are also possible in the result clause of such sentences. Imperatives cannot appear in any conditional sentence.

Present conditionals are, for the most part, identical to future ones in meaning. They are only different in form, being characterized by a past tense verbform plus the conjunction '-ാൽ' in their 'if' clause. It is possible to have '-എങ്കിൽ' instead of '-ാൽ', but this is not common. When verb endings other than the indicative are used, there is no difference whatever between the two. Thus, Examples 5-9 above could as well be taken as present rather than future. The result clause verbforms are identical in both.

The distinction between realis and irrealis verbforms (those in which the action of the verb is real in the mind of the speaker and hearer and those where it is not) operates normally in the result clause in future and present conditionals, but is ordinarily blocked in the 'if' clause by the conditional conjunction. Occasionally, however, the present conditional is used to refer to something which has actually happened as in:

10. അങ്ങനെ പറഞ്ഞാൽ ആളുകൾക്ക് ഇഷ്ടപ്പെടുമോ?

'Will people like his saying that?' (referring to something already said).

The past conditional is characterized by an 'if' clause containing a remote past verbform (see 17.3) followed by '-എങ്കിൽ' or '-ാൽ' Non-indicative forms of the verb which have no separate remote past form such as the potential, intentive and the desiderative use their ordinary past form made with ആയിരുന്നു . In the result clause, most verbforms will take ആയിരുന്നു as well. In fact, any future or present conditional sentences having non-indicative verbform in its 'if' clause may be made into a past conditional simply by adding ആയിരുന്നു to the verbforms in both clauses. Alternatively, a special form is often used in the result clause consisting of the past verb-stem plus '-ഏനേ' . . This alternative form is shown where appropriate in Examples 11-15 which are past versions of examples 5-9 above.

11. നിനക്ക് വരാമായിരുന്നെങ്കിൽ ഞാൻ കാറ് അയച്ചുതന്നേനേ. [തരാമായിരുന്നു].

'If you had been able to come, I would have sent the car.'

12. നിനക്ക് കൂടെ വരണമായിരുന്നെങ്കിൽ ഞങ്ങൾ നിന്നെ കൊണ്ടുപോയേനേ. [പോകാമായിരുന്നു].

'If you had wanted to come along, we would have taken you.'

13. അയാൾ ആ ഫോറം അന്നു കൊടുക്കണമായിരുന്നെങ്കിൽ അപ്പോൾ ഇരുന്നു പൂരിപ്പിക്കണമായിരുന്നു.

'If he had to submit the form that day, he should have sat down right then and filled it out.'

14. അവർ നടക്കാൻ പോകുകയായിരുന്നെങ്കിൽ നീ അവരെ വിളിക്കണ്ടായിരുന്നു.

'If they were going for a walk, you should not have called them.'

15. അവൾ വല്ലതും വാങ്ങിച്ചിട്ടുണ്ടായിരുന്നെങ്കിൽ ഞാൻ പണം കൊടുക്കണമായിരുന്നു.

'If she had been buying something, I would have had to pay for it.'

Negative verbforms may appear in either, or both clauses of conditional sentences in all timeframes. They must take the conjunction '-എങ്കിൽ', never '-ാൽ'. When the negative is a desiderative ending in '-ണ്ട', it may be embedded in a carrier sentence with എന്നാണ്. Note:

16. നിനക്ക് വരാൻ മേലെങ്കിൽ ഞാൻ കാറ് അയക്കുകയില്ല.

'If you can't come, I won't send the car.'

17. നീ ചോദിച്ചില്ലെങ്കിൽ നിനക്ക് അവധി കിട്ടുകയില്ല.

'If you didn't ask, you wouldn't get leave.'

18. നീ ചോദിച്ചില്ലായിരുന്നെങ്കിൽ നിനക്ക് അവധി കിട്ടുകയില്ലായിരുന്നു.

'If you hadn't asked, you wouldn't have gotten leave.'

19. നീ അവനെ കണ്ടിരുന്നെങ്കിലും ഒന്നും പറയണ്ടായിരുന്നു.

'Even if you had seen him, you shouldn't have said anything.'

Conditionals with ഉണ്ട് and ആകുക are formed thus:

20. പണം ഉണ്ടെങ്കിൽ ഞാൻ ഒരു ഡാക്ടർ ആകും.

'If I have money then, I will become a doctor.'

21. ഇപ്പോൾ പണമുണ്ടായിരുന്നെങ്കിൽ ഞാൻ ഒരു ഡാക്ടർ ആയേനേ.

'If I had money now, I would become a doctor.' [ആകുമായിരുന്നു]

22. അപ്പോൾ പണമുണ്ടായിരുന്നെങ്കിൽ ഞാൻ ഒരു ഡാക്ടർ ആകുമായിരുന്നു. [ആയേനേ].

'If I had had money then, I would have become a doctor.'

23.3. EMPHASIS USING THE CITATION FORM OF THE VERB.

Most verbforms can be made more emphatic by changing them to a citation form, actually a noun (see 24.1), adding the suffix '-ഉം' , and bringing in ചെയ്യുക as the verb which then takes over the endings for tense, mood, and aspect which the original unemphatic verb carried. The citation form plus '-ഉം' then functions as the direct object of ചെയ്യുക . This construction is usually used in positive statements, rarely in questions, and never in negatives. Negative verbforms add '-ഏ —' for emphasis (see 24.3). Witness:

1. അന്ന് നമ്മൾ എന്റെ വീട്ടിൽ കിടക്കുകയും ചെയ്യും.

'That day we will stay over at my house.'

2. പാവപ്പെട്ടവർ കഷ്ടപ്പെടുകയും ചെയ്യും.

'The poor will suffer for sure.'

3. അവർ അതിനെപ്പറ്റി സംസാരിക്കുകയും ചെയ്തു.

'They did talk about that.'

This construction is often used to emphasize one thing over another, or in addition to another as in:

4. അയാൾ മലയാളം വായിക്കുക മാത്രമല്ല എഴുതുകയും ചെയ്യും.

'He not only reads Malayalam, but writes it as well.'

5. നമ്മൾ ഇവിടെ ഉണ്ണുകയും കിടക്കുകയും ചെയ്യണം.

'We should both eat and stay over here.'

23.4. KERALA TEMPLE FESTIVALS. Ordinarily a Hindu temple is dedicated to a specific god, somewhat in the way that Catholic churches have particular patron saints. Many temples have a special festival day once a year in honor of their deity. The image is highly decorated, and oblations and offerings of food will be made to it. Once offered, the food becomes sanctified and is then passed out to all present and distributed to the poor. During the daytime, a procession will be mounted in which local musicians play an active part. Floats are made for some of the larger processions in cities, but the main feature is always a highly decorated likeness of the god or goddess, usually carried atop a richly adorned elephant. At night mythological stories are presented in kathakali (a Kerala dance drama) or other dramatic forms.

The Puram festival in Trichur is one such well-known festival. It derives its name from the fact that it is held on the day which in the Hindu calendar is associated with the star, Puram. One of the unique features of Puram is the spectacular fireworks display presented in the evening. Kerala temples frequently have special celebrations of other Hindu festivals, some of which last for several days.

23.5. COMPOUND VERBS SIGNIFYING AGREEMENT OR PROBABILITY. This lesson's conversation contains examples of a compound verb formed with ഒക്കുക . As a main verb, it means 'to join' or, colloquially 'to agree'. When forming a compound, it conveys one of two meanings. It is often used to indicate a willingness to go along with some kind of proposal.

As such, it is used either in commands which in essence give permission or agreement related to an already stated request, or in a statement agreeing to carry out what someone else has just asked or proposed. In this latter usage, it generally takes the intentive ending '-ാം' . Witness:

1. ഈ സാരി ഞാൻ വേലക്കാരിക്ക് കൊടുക്കട്ടെ?

'Shall I give this sari to the servant?'

കൊടുത്തോളൂ. 'Sure, give it to her.'

2. നീ ഈ കത്ത് ടീച്ചറിന് കൊടുക്കാമോ?

'Will you give this letter to the teacher?'

കൊടുത്തേക്കാം. 'All right, I'll do that.'

This compound can also convey the meaning of 'might'. With third person subjects, this is the only possible meaning. See:

3. ഹമീദ് രാജന്റെ കൂടെ വന്നേക്കാം.

'Hamid might come along with Rajan.'

23.6. DEFERENTIAL AGREEMENT WITH '-ഏ'. The particle '-ഏ' may be added to certain verbforms to signify deferential compliance, or a tone of pleading, in addition to the emphasis which it ordinarily conveys. Thus when added to a negative imperative, it is in the seemingly contradictory role of emphasizing and softening a command at the same time. When added to a positive verbform, it carries an air of submission along with a pleading tone. Witness:

1. അങ്ങനെ പറയരുതേ 'For heaven's sake, don't talk like that.'

2. ഇനിയും എല്ലാ ജോലിയും ശരിയായിട്ട് ചെയ്യാമേ.

'From now on I will do all (my) jobs well' (pleadingly.)

REFERENCE LIST

Verb	Derived Noun
തുടങ്ങുക, to begin	തുടക്കം, beginning
സംസാരിക്കുക, to talk, to converse	സംസാരം, talk, conversation
കാണുക, to see	കാഴ്ച, sight
അറിയുക, to know	അറിവ്, knowledge
എഴുതുക, to write	എഴുത്ത്, letter, writing
മരിക്കുക, to die	മരണം, death
അഭിപ്രായപ്പെടുക, to express (an opinion)	അഭിപ്രായം, opinion
കുറിക്കുക, to note down	കുറിപ്പ്, note
നോക്കുക, to look	നോട്ടം, look, gaze, observation
അപേക്ഷിക്കുക, to request	അപേക്ഷ, request
വായിക്കുക, to read	വായന, reading
അറിയിക്കുക, to inform	അറിയിപ്പ്, declaration, notice.
വിൽക്കുക, to sell	വിൽപ്പന, sale
പ്രാർത്ഥിക്കുക, to pray	പ്രാർത്ഥന, prayer
ഉണ്ണുക, to dine	ഊണ്, dinner

സമീപിക്കുക, to approach	സമീപം, nearby, vicinity
ചോദിക്കുക, to ask	ചോദ്യം, question
ആടുക, to swing, to dance	ആട്ടം, dance
പാടുക, to sing	പാട്ട്, song
സമ്മതിക്കുക, to agree	സമ്മതം, agreement
മാറുക, to change [intr.]	മാറ്റം, change
ആഘോഷിക്കുക, to celebrate	ആഘോഷം, celebration
അലങ്കരിക്കുക, to decorate	അലങ്കാരം, decoration
ആകർഷിക്കുക, to attract	ആകർഷണം, attraction
വളരുക, to grow [intr.]	വളർച്ച, growth
നേടുക, to achieve	നേട്ടം, achievement
കുറയുക, to diminish	കുറവ്, shortcoming
എതിർക്കുക, to oppose	എതിർപ്പ്, opposition
തിരുത്തുക, to correct	തിരുത്ത്, correction
ഓർക്കുക, to remember	ഓർമ്മ, memory

സ്നേഹിക്കുക, to love	സ്നേഹം, love
വിശക്കുക, to be hungry	വിശപ്പ്, hunger
ദാഹിക്കുക, to thirst	ദാഹം, thirst
വിഷമിക്കുക, to worry	വിഷമം, worry
ദുഃഖിക്കുക, to grieve	ദുഃഖം, grief
സന്തോഷിക്കുക, to be happy	സന്തോഷം, happiness
വരുക, to come	വരവ്, the act of coming
തിരിയുക, to turn [intr.]	തിരിവ്, turn
പോകുക, to go	പോക്ക്, the act of going
കയറുക, to get on, to ascend	കയറ്റം, the act of getting on, ascent
ഇറങ്ങുക, to get down, to desend	ഇറക്കം, the act of getting down, descent
പിടിക്കുക, to hold, to catch hold	പിടുത്തം, the act of catching
നടക്കുക, to walk	നടപ്പ്, the act of walking
നിൽക്കുക, to stand	നിൽപ്പ്, the act of standing
ഇരിക്കുക, to sit	ഇരിപ്പ്, the act of sitting.

VOCABULARY

പാലാരിവട്ടം	Palarivattam - an area of Ernakulam city
ജനതാ ജംഗ്ഷൻ	Janata Junction - an intersection or crossroad in Ernakulam.
സമീപം	near, (in the) vicinity
കിടപ്പ് [verbal noun]	lying [down], repose
കിടപ്പുമുറി	bedroom
അപേക്ഷിക്കുക	to apply, to request, to entreat
എറികാട്ടു വീട്ട്	"Ericattu house', Ericattu is a family name
നാഗമ്പടം	Nagampadom, an area of Kottayam
വിധം	type, manner, kind
വിവരം	detail
നേരിൽ	directly, in person
നേഴ്സ്	nurse
പൊക്കം	height
വെളുത്ത	white [adj]
നിറം	color, complexion
വണ്ണം	obesity, thickness
കുറയുക [past: കുറഞ്ഞു]	to decrease

കുറഞ്ഞതു് [noun]	{that which is small (or lacking)
വണ്ണം കുറഞ്ഞതു്	one who is thin
എൻജിനീയർ	Engineer
വരൻ	bride groom
അപേക്ഷ	application, request
ചോദിച്ചു കൊള്ളുക	to go ahead and ask
വ്യത്യസ്തം [adj]	different
സ്നേഹിക്കുക	to love
സ്നേഹം	love
തമ്മിൽ	between
വ്യത്യാസം	difference
മനസ്സിലാക്കുക	to understand, comprehend
അവരവർ	they themselves
—സാധിക്കുക	can ——
പറഞ്ഞേയില്ല	never said, didn't say
ചില	some
അന്യോന്യം	mutual, each other
നില നിൽക്കുക	to endure, continue
എന്തുകൊണ്ടെന്നാൽ	{for [the reason that], because
സമൂഹം	{society, association, group

വിവാഹമോചനം	divorce
നേടുക [past: നേടി]	to obtain, gain
എതിർക്കുക [p: എതിർത്തു]	to oppose
— കാൾ [accusative]	than —
— കൂടാ	can't, shouldn't —
മറ്റ് [adj]	other, another
മറ്റൊരു [adj]	another
— കഴിയുക	can —
പരിചിതം [Antonym- അപരിചിതം]	familiar
ഗുണം	{good quality or attribute
കുറവ്	deficiency, shortcoming
ഉദാഹരണം	example
ഏറ്റവും	most, much, exceeding
— പറ്റുക	{to be possible to — to be able to —
— പാടില്ല	can't, shouldn't —
തണുക്കുന്നു [past: തണുത്തു]	to be [feel] cold
തണുപ്പ് [noun]	Cold [temperature]

Lesson Twenty-Four

READING PRACTICE

A. Note how comparisons are made in the following sentences.

1. ഗീത രമയെക്കാൾ മിടുക്കിയാണ്.
2. ബോംബെ മദ്രാസിനേക്കാൾ വലിയ പട്ടണമാണ്.
3. സാറ് ഈ ആഫീസിലുള്ള എല്ലാവരേക്കാളും കൂടുതൽ ജോലി ചെയ്യുന്നു.
4. കമല രാമനേക്കാൾ നല്ലതായിട്ടു പാടി.
5. മാതൃഭൂമി വായിക്കുന്നതിനേക്കാൾ കൂടുതൽ ആളുകൾ മനോരമ വായിക്കുന്നു.

B. Note how superlatives are expressed in these sentences.

1. ഗീതയാണ് ക്ലാസ്സിലെ ഏറ്റവും മിടുക്കി കുട്ടി.
2. ബോംബെയാണ് ഇൻഡ്യയിലെ ഏറ്റവും വലിയ പട്ടണം.
3. ഈ ആഫീസിൽ സാറാണ് ഏറ്റവും അധികം ജോലി ചെയ്യുന്നത്.
4. കമലയാണ് ഏറ്റവും നല്ലതായിട്ടു പാടിയത്.
5. ഏറ്റവും അധികം ആളുകൾ വായിക്കുന്ന പത്രം മനോരമയാണ്.

TEXT

Sample Newspaper Advertisements

വിൽപ്പനപ്പരസ്യം

പാലാരിവട്ടം ജനതാ ജംഗ്ഷനു സമീപം മൂന്നു കിടപ്പുമുറിയോടുകൂടിയ ഒരു വീട് വിൽക്കാനുണ്ട്.
അപേക്ഷിക്കുക.

പി. കേശവൻ,
എറികാട്ടു വീട്,
എറണാകുളം-28.

വാടകപ്പരസ്യം

നാഗമ്പടത്ത് എല്ലാവിധ സൗകര്യങ്ങളോടു കൂടിയ ഒരു വീട് വാടകക്ക് കൊടുക്കാൻ ഉണ്ട്. കൂടുതൽ വിവരങ്ങൾക്ക് നേരിൽ അപേക്ഷിക്കുക.

ബോക്സ് നമ്പർ-30,
മനോരമ, കോട്ടയം.

വൈവാഹികപ്പരസ്യം

ബോംബെയിൽ നേഴ്സായിട്ട് ജോലിയുള്ള 27 വയസ്സ്, അഞ്ചര അടി പൊക്കം, വെളുത്ത നിറം, വണ്ണം കുറഞ്ഞതുമായ നായർ യുവതിക്ക് ഒരു എൻജിനീയറോ ഡാക്ടറോ ആയ ഒരു നായർ വരനെ ആവശ്യമുണ്ട്.
അപേക്ഷ അയക്കുക.

മാധവൻ നായർ,
എറികാട്ടു വീട്,
കോട്ടയം-8.

CONVERSATION

ബിൽ: കമലേ, ഞാൻ ഒരു കാര്യം ചോദിച്ചു കൊള്ളട്ടെ.

കമല: ചോദിച്ചു കൊള്ളൂ.

ബിൽ: നിങ്ങളുടെ വിവാഹരീതികളെപ്പറ്റി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ രീതികൾ ഞങ്ങളുടെ രീതികളിൽ നിന്നും വളരെ വ്യത്യസ്തമായിരിക്കുമല്ലോ.

കമല: അതെ. നിങ്ങളുടെ നാട്ടിലെ ആളുകൾ സ്നേഹിച്ചിട്ട് വിവാഹം ചെയ്യുന്നു. ഞങ്ങളുടെ നാട്ടിലെ മിക്കവാറും ആളുകൾ വിവാഹം ചെയ്തിട്ട് സ്നേഹിക്കുന്നു. അതാണ് നമ്മളുടെ രീതികൾ തമ്മിലുള്ള പ്രധാന വ്യത്യാസം.

ബിൽ: ഇതു മനസ്സിലാകാൻ എനിക്ക് കുറച്ചു പ്രയാസമാണ്. എല്ലാവർക്കും അവരവർ വിവാഹം ചെയ്ത ആളിനെ സ്നേഹിക്കാൻ സാധിക്കും എന്നാണോ നിങ്ങൾ പറയുന്നത്?

കമല: അങ്ങനെ ഞാൻ പറഞ്ഞേയില്ല. പക്ഷേ, വളരെ അധികം ആളുകൾക്ക് അതു സാധിക്കും. ചില ആളുകൾക്ക് അതു സാധിക്കുകയില്ലായിരിക്കും.

ബിൽ: അപ്പോൾ അവർ എന്തു ചെയ്യും?

കമല: അന്യോന്യ സ്നേഹമില്ലാത്ത ഈ വിവാഹങ്ങളും നിലനിൽക്കുന്നു.

എന്തുകൊണ്ടെന്നാൽ സമൂഹവും മതവും
വിവാഹമോചനം നേടുന്നവരെ
എതിർക്കുന്നു.

ബിൽ : അതു കുറച്ചു കഠിനമാണല്ലോ. എനിക്കു
തോന്നുന്നു ഞങ്ങളുടെ വിവാഹരീതി
നിങ്ങളുടേതിനേക്കാളും നല്ലതാണെന്ന്.

കമല : അങ്ങനെ പറഞ്ഞുകൂടാ. ഒരു രീതി
മറ്റൊരു രീതിയേക്കാൾ നല്ലതാണെന്ന്
പറയാൻ കഴിയുമോയെന്ന് എനിക്കു്
തോന്നുന്നില്ല. ഞങ്ങളുടെ രീതി
നിങ്ങൾക്കു് അപരിചിതമായതുകൊണ്ടു്
അങ്ങനെ നിങ്ങൾക്കു് തോന്നിയെന്നേയുള്ളൂ.
ഓരോ രീതിക്കും അതിന്റേതായ
ഗുണങ്ങളും കുറവുകളുമുണ്ടു്. ഉദാഹരണമായി നിങ്ങളുടെ നാട്ടിൽ വളരെ
അധികം വിവാഹമോചനങ്ങൾ
ഉണ്ടല്ലോ. അതു നിങ്ങളുടെ വിവാഹ
രീതിയുടെ ഒരു കുറവല്ലേ.

ബിൽ : ഞാൻ അങ്ങനെ പറഞ്ഞതിൽ
ക്ഷമിക്കണം. നിങ്ങൾ പറഞ്ഞതു
ശരിയായിരിക്കും.

EXERCISES

1. Combine the pairs of sentences below into single sentences using the comparative as in the models .

Models: a) എന്റെ വീടു് നല്ലതാണ്. നിങ്ങളുടെ
വീടു് കുറച്ചുകൂടി നല്ലതാണ്.
നിങ്ങളുടെ വീടു് എന്റെ വിടിനേക്കാൾ
നല്ലതാണ്

b) കമലക്കു് ചായ ഇഷ്ടമാണ്. കമലക്കു്
കാപ്പി അത്രയും ഇഷ്ടമില്ല.
കമലക്കു് ചായ കാപ്പിയേക്കാൾ
ഇഷ്ടമാണ്.

1. ഹമീദു് ഗീതയെ സ്നേഹിക്കുന്നു. ഹമീദു് കമലയെ അത്രയും സ്നേഹിക്കുന്നില്ല.
2. രാമൻ വേഗം നടക്കും. രാജൻ കുറച്ചുകൂടി വേഗം നടക്കും.
3. സാറിന്റെ വീട്ടിൽ താമസിക്കാൻ സൗകര്യം ആണ്. എന്റെ വീട്ടിൽ താമസിക്കാൻ അത്രയും സൗകര്യമില്ല.
4. മണി ഒരു സുന്ദരിയാണ്. കമല കുറച്ചുകൂടി സുന്ദരിയാണ്.
5. കേശവന് അഞ്ചര അടി പൊക്കമുണ്ടു്. തോമസിന് ആറടി പൊക്കം ഉണ്ടു്.
6. വറുഗീസിന് അധികം വണ്ണം ഉണ്ടു്. വറുഗീസിന്റെ ഭാര്യക്കു് വണ്ണം കുറവാണ്.

7. മലയാളം പഠിക്കാൻ കുറച്ചു പ്രയാസമാണ്. ഇംഗ്ലീഷ് പഠിക്കാൻ അത്രയും പ്രയാസമില്ല.
8. അമ്മ വളരെ അധികം സംസാരിക്കും. അച്ഛൻ അത്രയും സംസാരിക്കുകയില്ല.
9. നിങ്ങളുടെ എഴുത്തിൽ ധാരാളം തെറ്റ് ഉണ്ട്. എന്റെ എഴുത്തിൽ അത്രയും തെറ്റില്ല.
10. തേക്കടിയിൽ പോകാൻ നല്ല രസമാണ്. കോവളത്ത് പോകാൻ കുറച്ചുകൂടെ രസമാണ്.

2. In the four sections below, rewrite the sentences changing the underlined item to a noun (see Ref. List), making any changes that may be needed, as indicated in the models.

A. Model: ഞാൻ അപേക്ഷിക്കുന്നത് നിങ്ങൾ ഒന്നു കേൾക്കൂ.
എന്റെ അപേക്ഷ നിങ്ങൾ ഒന്നു കേൾക്കൂ.
1. മീറ്റിങ്ങ് തുടങ്ങുന്നതിനു മുമ്പ് ഞാൻ പരിപാടി ഒന്നു കാണട്ടെ.
2. അവർ സംസാരിക്കുന്നത് കേൾക്കാനാണ് രമ ആ കുട്ടികളുടെ കൂടെ ഇരിക്കുന്നത്.
3. അവൾ പാടുന്നതു കേൾക്കാൻ നല്ല രസമാണ്. [ആണ് will change to ഉണ്ട്]

B. Model: കൃഷ്ണപിള്ളയുടെ അസുഖം കുറഞ്ഞു.
കൃഷ്ണപിള്ളയുടെ അസുഖത്തിന് കുറവുണ്ട്.

1. അച്ഛൻ പഴയ സംഭവങ്ങൾ ഓർക്കുന്നു.

2. മലയാള സാഹിത്യം കഴിഞ്ഞ ഇരുപതു വർഷത്തിൽ വളരെ അധികം വളർന്നു.

3. മകൻ ക്ലാസ്സിൽ ഒന്നാമതായതുകൊണ്ടു് അയാൾ സന്തോഷിക്കുന്നു.

C. Model: കുട്ടിക്കു് തണുക്കുന്നു.
കുട്ടിക്കു് തണുപ്പു് ഉണ്ടു്.

1. അവനു് വിശക്കുന്നു എന്നു പറയുന്നു.

2. കേശവനു് വളരെ അധികം കാര്യങ്ങളെപ്പറ്റി അറിയാം.

3. തങ്കമ്മക്കു് ദാഹിക്കുന്നതു കൊണ്ടു് നമുക്കു് ഇവിടെ ഇറങ്ങി വല്ലതും കുടിക്കാം.

D. Model: നീ ആരെയാണു് ഇഷ്ടപ്പെടുന്നതു്.
നിനക്കു് ആരോടാണു് ഇഷ്ടം ഉള്ളതു്.

1. കുട്ടികൾ അവരുടെ അമ്മമാരെ സ്നേഹിക്കുന്നു.

2. കേരളീയർ വിവാഹമോചനത്തിനെ എതിർക്കുന്നു.

3. Change the sentences below according to the model in A, B, and C.

A. Model: അവൾ എന്റെ കൂടെ വരുന്നില്ല.
അവൾ എന്റെ കൂടെ വരുന്നില്ല,
എന്തുകൊണ്ടെന്നാൽ അവൾക്കു്
എന്റെ കൂടെ വരാൻ മേല.

1. രമ അധികം വായിക്കുകയില്ല.
2. തോമസ് വളരെ ദൂരം നടക്കുന്നില്ല.
3. കേശവൻ ആ ജോലി ചെയ്യുന്നില്ല.
4. അനിയൻ കാപ്പി കുടിക്കുകയില്ല.
5. വേലക്കാരി ഈ മുറിയിൽ കയറുകയില്ല.

B. Model: അവൾ എന്റെകൂടെ വരുന്നില്ല.
അവൾ എന്റെകൂടെ വരുന്നില്ല, എന്തുകൊണ്ടെന്നാൽ അവൾ എന്റെകൂടെ വരാൻ പാടില്ല എന്ന് അമ്മ പറഞ്ഞു.

C. Model: അവൾ എന്റെകൂടെ വരുന്നില്ല.
അവൾ എന്റെകൂടെ വരുന്നില്ല, എന്തുകൊണ്ടെന്നാൽ അവൾ എന്റെകൂടെ വന്നുകൂടാ എന്ന് അമ്മ പറഞ്ഞു.

4. Add the meaning of 'can' to the sentences below using the three auxiliaries shown in the model.

Model: ബിൽ മലയാളം വായിക്കും.
ബില്ലിന് മലയാളം വായിക്കാൻ പറ്റും.
ബില്ലിന് മലയാളം വായിക്കാൻ കഴിയും.
ബില്ലിന് മലയാളം വായിക്കാൻ സാധിക്കും.

1. സർക്കാർ കഷ്ടപ്പെടുന്നവർക്ക് വായ്പ കൊടുക്കും.
2. കമല എന്നെ സ്നേഹിക്കുമോ?
3. വരുന്ന വഴിക്ക് എന്റെ വീട്ടിൽ കയറാമോ?

4. അമ്മ നിന്നോട്ടു് ആ വാക്കിന്റെ അർത്ഥം പറയും.
5. പണം ഉണ്ടെങ്കിൽ ഞാൻ വരാം.

5. Read the following , making sure you understand the meaning.

1. ഇവിടുത്തെ സർക്കാർ ആഫീസിൽ ഞാൻ രണ്ടു വർഷം മുമ്പു് ഒരു വായ്പക്കു് അപേക്ഷിച്ചതാണു്. പക്ഷെ, ഇതുവരെ കിട്ടിയില്ല.
2. ഒരു ക്ലാർക്കിനെ ആവശ്യമുണ്ടു്. എല്ലാ വിവരങ്ങളോടു കൂടെ അപേക്ഷിക്കുക.

കൃഷ്ണാ സിൽക്കു് ഹൗസ്,
നാഗമ്പടം, കോട്ടയം.

3. കോഴിക്കോട്ടു നിന്നു് കൊച്ചിക്കുള്ള ട്രെയിൻ ടിക്കറ്റിന്റെ വിലയും ബസ്സു ടിക്കറ്റിന്റെ വിലയും തമ്മിലുള്ള വ്യത്യാസം അഞ്ചുരൂപ മാത്രമാണു്.
4. നിങ്ങൾ ഇടക്കിടക്കു് അന്യോന്യം നോക്കുന്നതു് ഞാൻ കണ്ടു. നിങ്ങൾ തമ്മിൽ എന്തെങ്കിലുമുണ്ടോ?
5. വിവാഹമോചനം ചെയ്യുക, ഭാര്യമാർക്കും ഭർത്താക്കന്മാർക്കും വളരെ പ്രയാസമുള്ള ഒരു കാര്യമാണു്. അവരുടെ മക്കൾക്കു് അതിനേക്കാളും പ്രയാസമാണു്.

6. ആരെങ്കിലും വിഷമിച്ചിരിക്കുമ്പോൾ അയാളുടെ കുറവുകളെപ്പറ്റി പറഞ്ഞാൽ അയാൾ കൂടുതലായി വിഷമിക്കും. പക്ഷെ, അയാളുടെ ഗുണങ്ങളെപ്പറ്റി പറയുകയാണെങ്കിൽ അയാൾ സന്തോഷിക്കും.

7. ഈ ലോകത്തിൽ എല്ലാ വിധത്തിലുമുള്ള ആളുകളും ഉണ്ട്.

8. അമേരിക്കയിലെ മിക്കവാറും ആളുകൾ വെളുത്ത നിറമുള്ളവരാണ്.

9. വ്യത്യസ്തമായ രീതികളിൽ വിശ്വസിക്കുന്ന ആളുകളുമായി ഇടപെട്ടാൽ നമ്മൾക്ക് വളരെ അധികം പഠിക്കാൻ കഴിയും.

10. അവരവരുടെ കുറവുകളും ഗുണങ്ങളും അറിയുന്നത് നല്ലതാണ്.

11. അമേരിക്കയിലെ രീതികൾ ധാരാളം മലയാളികൾക്ക് അപരിചിതമാണ്. ഉദാഹരണമായി കേരളത്തിൽ വയസ്സായ അച്ഛന്മാരും അമ്മമാരും മക്കളുടെ കൂടെ താമസിക്കുന്നു. അമേരിക്കയിൽ ഇതു സാധാരണയല്ല.

12. സമൂഹത്തിനെ എതിർക്കുന്ന ആരും കഷ്ടപ്പെടും.

GRAMMAR NOTES

24.1. NOUNS DERIVED FROM VERBS. The Reference List for this lesson contains examples of nouns derived from verbs. The three groups reflect a rough categorization according to meaning. Nouns in the first group represent the result or, in some cases, the object, of the action. Witness:

1. മരിക്കുക 'to die' മരണം 'death'
2. കാണുക 'to see' കാഴ്ച 'sight'

Nouns in the second group represent the abstract result of the action in the verb. See:

3. വിശക്കുക 'to be hungry' വിശപ്പ് 'hunger'
4. ദുഃഖിക്കുക 'to grieve, be sad' ദുഃഖം 'grief'

Nouns in the third group represent the action depicted by the verb, as in:

5. വരുക 'to come' വരവ്
   (the act of) 'coming'
6. നിൽക്കുക 'to stand' നിൽപ്പ്
   (the act of) 'standing still' (not arising from a seat),
   also 'stance' i.e. the way one is standing.

All of the pairs in the Reference List should have at least one familiar member, as either the verb or the noun has appeared in these lessons. A couple of items do not occur until Lesson Twenty-Five.

There are actually four types of nouns which derive from verbs. Some types are more like nouns, while others are more like verbs in their characteristics. In fact, the four may be ranked along a scale of "nounishness" on the basis of four factors: 1) how many structures it may occur in, 2) whether or not it may take the regular noun endings, 3) whether or not it may take postpositions, and 4) whether it takes verb-type or noun-type modifiers. The derived nouns in this lesson's Reference List are fullfledged nouns in every respect. They can appear in any structure in the language where a noun is permitted; they can take all noun endings (accusative, dative, etc.); they can take all postpositions without limitation; and they can take only noun-type modifiers. This fourth factor may deserve some clarification. A noun in Malayalam may only be qualified by another noun (with appropriate endings), or by an adjective . If a word of any other type is to be used to modify a true noun, it must be made into either a noun or an adjective. Compare:

7. അവൻ താമസിച്ചുവരുന്നത് നല്ലതല്ല.

'His late coming is not good.'

8. അവന്റെ താമസിച്ചുവരവ് നല്ലതല്ല.

'His coming late is not good.'

In example 7, the elements associated with the verbal noun വരുന്നത് are in the same form that they have when the noun functions as the main verb of a sentence. The subject of the action is in the nominative, and the adverb താമസിച്ച് shows the conjunctive form. In Example 8, on the other hand, the word expressing the subject or doer of the action described in the derived noun വരവ് shows the possessive form, while the adverb has been made into an adjective by adding '-ഉള്ള'

Verbal nouns formed with ‘-അത്’ are only one degree less noun-like than the derived nouns in the Reference List. They can occur in all structures which permit nouns, can take all the noun (case) endings, can be governed by all postpositions, but their modifiers are those which accompany verbs, not those for nouns. (see Example 7 above).

The ‘-ാൻ’ verbforms, referred to elsewhere as the gerund or infinitive (see 5.2), is much more verb-like, and less noun-like, than either the derived noun or the verbal noun in ‘-അത്’. Not only does it take verb-type modifiers, it can accept neither postpositions nor noun endings. It can, however, occur in a few structures where regular nouns are permitted. These include the subject function in equative sentences in general, the function of object for a small number of verbs, and the dative case role in some instances. Witness:

9. അത് ഇപ്പോൾ ഓർക്കാൻ എനിക്ക് പ്രയാസമാണ്.

'It's difficult for me to recall it right now.'

10. ഈ വെള്ളം കുടിക്കാനാണ്.

'This water is for drinking.'

11. അവർ ഞങ്ങളെ സിനിമാശാലയിൽ കയറാൻ സമ്മതിക്കുകയില്ലായിരുന്നു.

'They wouldn't let us enter the movie theater' (literally, they would not agree to our entering the movie theater).

Least noun-like of all verbal nouns is the citation form of the verb ending in ‘-ഉക’. It is commonly found in a noun slot only as the object of ചെയ്യുക in the emphatic verbform (see 23.3). It may also appear with പ്രയാസം , and may be substituted in Example 9 above, though the '-ാൻ' form is more common. The use of the '-ഉക' form elsewhere requires embedding of one sort or another and, therefore, are irrelevant to this discussion, since they are not places where ordinary nouns can occur. Here are a couple of interesting examples.

12. അത് ഇപ്പോൾ ഓർക്കുകയെന്നത് എനിക്ക് എളുപ്പമുള്ള കാര്യമല്ല.

'It's not an easy matter for me to remember that now.'

13. നിങ്ങൾ അവിടെ പോകുകയല്ലാതെ വേറെ വഴിയൊന്നുമില്ല.

'There's no other way but for you to go there.'

Example 13 might seem to show the '-ഉക' form governed by a postposition, അല്ലാതെ 'without'. Actually, അല്ലാതെ here functions as a subordinate conjunction linking the appositional clause to the main sentence. Now, here is a relevant example with the emphatic construction.

14. കുട്ടികൾ ആടുകയും പാടുകയും ചെയ്തു.

'The children danced and sang.'

Returning to the derived nouns in the Reference List, it may be seen that they show a variety of endings. Andrewskutty has suggested that there is some connection between the ending and the meaning of the noun. These are not regular enough to be of value in learning the language. The best policy will be to learn each verbal noun on its own terms, for this is how you will have to know them in order to control the language well in any case.

24.2. HOW TO FORM COMPARATIVES AND SUPERLATIVES. The standard comparative statement consists of four elements: 1) the item being compared, which occurs as the subject of the sentence, 2) the item, or standard, with which it is compared, which requires the postposition '-കാൾ' 'than', 3) the quality being measured, and 4) the verb. The postposition '-കാൾ' takes the accusative, so that the standard of comparison always appears in the accusative. When the verb of the sentence is ആണ്, the quality being compared must be in the form of a noun, never an adjective. With other verbs, the quality being compared may take the form of an adverb. Witness:

1. ഈ വീട് ആ വിടിനേക്കാൾ വലിയതാണ്.
   'This house is bigger than that house.'
2. സാറിന്റെ സ്കൂൾ എന്റെ സ്കൂളിനേക്കാൾ നല്ലതായിട്ടു നടക്കുന്നു.
   'Your (polite) school runs better than my school.'

Indirect sentences with ഉണ്ട് showing possession, feelings, or character traits having dative subjects, and indirect verbs such as അറിയുക 'to know' and കിട്ടുക 'to get, find' which require dative personal subjects do not change their subject in comparisons. Witness:

3. അമ്മക്ക് നമ്മളേക്കാൾ കൂടുതൽ വിശപ്പുണ്ടായിരിക്കണം.
   'Mother must be hungrier than we (are).'
4. പട്ടിക്ക് സ്വാമിയേക്കാൾ കൂടുതൽ അറിയാമെന്നാണ് എനിക്ക് തോന്നുന്നത്.
   'I think that the dog knows more than the master.'

Note that in these sentences the quality being compared usually takes a qualifier denoting quantity such as: കൂടുതൽ 'a great deal, too much', അധികം 'a lot, a great deal', and colloquially often നല്ല (literally 'good', but here) 'very' in the sense of 'good and...'.

Clefting is often used in responding to questions asking for either a comparison or a superlative. In such cases the standard of comparison is usually omitted. Witness:

5. A. രമക്ക് നിങ്ങളേക്കാൾ പൊക്കമുണ്ടോ?
'Is Rema taller than you?'
B. ഇല്ല, എനിക്കാണ് കൂടുതൽ പൊക്കം.
'No, I am taller.'
6. A. അവരിൽ ആർക്കാണ് ഏറ്റവും കൂടുതൽ പൊക്കം?
'Who is the tallest of them?'
B. രമക്കാണ് ഏറ്റവും കൂടുതൽ പൊക്കം.
'Rema is the tallest.'

Negative comparative statements take a slightly different structure. Firstly, the quantifier അത്രയും 'as much as' is required before the characteristic being measured. Secondly, the standard against which the subject of the sentence is compared does not take the postposition '-കാൾ' in this structure, but appears with the possessive ending and no postposition. Witness:

7. എനിക്ക് രമയുടെ അത്രയും പൊക്കമില്ല.
'I am not as tall as Rema.'
8. ചേച്ചിക്ക് അനിയത്തിയുടെ അത്രയും നല്ല മാർക്ക് കിട്ടിയില്ല.
'Older sister did not get as good marks as younger sister.'

This same structure may be used in the positive to show equivalence, such as:

9. ഞാൻ സതീഷിന്റെ അത്രയും വണ്ണം കുറഞ്ഞവൻ ആണ്.

'I am just as thin (a person) as Satish.'

10. A. ഞാൻ അയാളെ നിങ്ങളെ കാണിച്ച അത്രയും കാണിച്ചു.

'I showed him as much as (I did) you.'

B. അയാൾ നിങ്ങളെ കാണിച്ച അത്രയും ഞാനും കാണിച്ചു.

'I showed you as much as he did.'

Note that the suffix '-ഉം' is obligatory in this structure, always being attached to അത്ര 'as much as', the suffix is common, but optional, in the positive comparatives shown earlier, and when used, attaches to the postposition '-കാൾ'.

Superlative consist of three basic elements: 1) the subject of the sentence (the superlative item), 2) the quality in which the subject is outstanding, and 3) the verb. The quality is ordinarily preceeded by the qualifier ഏറ്റവും 'the most', though other qualifiers, particularly കൂടുതൽ 'a great deal, too much', are also added in context (see Example 6 above). Here are some examples:

11. ആ വള്ളമാണ് ഏറ്റവും നല്ലത്.

'That boat is the best.'

12. കേശവനാണ് കാറ് ഏറ്റവും വേഗം ഓടിക്കുന്നത്.

'Keshavan drives a car the fastest.'

The concept of 'less' is handled with കുറച്ച് 'a little', and that of the 'the least' by ഏറ്റവും കുറച്ച് (literally) 'the most small amount'. Witness:

13. എനിക്ക് അയാളെക്കാൾ കുറച്ചാണ് കിട്ടിയത്.

'I got less than he (got).'

14. അയാൾക്കാണ് ഏറ്റവും കുറച്ചു കിട്ടിയത്.

'He's the one who has the least.'

Negative superlatives, in terms of qualities, are made with ഏറ്റവും 'the most' plus a nominalized negative adjective. The only basic adjective with a negative meaning is ചീത്ത 'bad' which has the same form as both noun and adjective. It handles the concept of 'worst' when preceded by ഏറ്റവും . All other negative adjectives are formed from a positive adjective plus '-ില്ലാത്ത' 'without' or '-less'. Witness:

15. ഈ ഹോട്ടലിലെ ഊണ് ഞാൻ കഴിച്ചിട്ടു-
ള്ളതിൽ വച്ചു് ഏറ്റവും ചീത്തയാണ്.

'This hotel's meals are the worst I have ever eaten.'

16. ഞാൻ കണ്ടിട്ടുള്ളതിൽ വച്ചു് ഏറ്റവും
സന്തോഷമില്ലാത്തവൻ അയാളാണ്.

'He is the least happy (most unhappy) person I have ever met.'

As you can see, from Example 16, the negative adjective may be made into a noun with a personal relative pronoun---'-വൻ', '-വൾ', or '-വർ'--as well as by the neuter '-അതു്'. Note that the negative may be added by a prefix onto an adjective, or derived human noun as in:

17. ഞാൻ കണ്ടിട്ടുള്ളതിൽ വച്ചു് ഏറ്റവും
വിരസൻ അയാളാണ്.

'He is the least interesting person I have ever met.'

Note further that it is possible to move the subject of such sentences to the end where it may either precede, or follow the copula verb (see Examples 16 and 17 above).

24.3. THE COMPOUND VERB SHOWING SELF-BENEFIT. The formation of compound verbs was explained in 21.6. One of the more common compound verbs is that formed with കൊള്ളുക . Its lexical meaning 'to fit within something, to be affected by something, or to hit something (one thing hitting another)' has no relationship to the shades of meaning it adds as second member of a compound verb. Most of its uses have the common meaning that the action of the main verb is for the benefit of the speaker, hence the term "self-benefactive." It is often used in a positive response to a request for permission to do something. Witness:

1. A. എനിക്കു് തണുപ്പു് കൊള്ളുന്നു. ഞാൻ ആ ജനൽ അടച്ചുകൊള്ളട്ടെ.
   'I'm feeling the cold; may I close that window?'
   B. ഓ, അടച്ചു കൊള്ളൂ.
   'Sure, go ahead and close it' (if you want to).
2. A. ഞാൻ ഈ പുസ്തകം എടുത്തു കൊണ്ടുപോയി വായിക്കട്ടെ.
   'May I take this book and read it?'
   B. ശരി, കൊണ്ടുപോയി വായിച്ചുകൊള്ളൂ.
   'O.K, go ahead.'

A compound with കൊള്ളുക may also be used in the request, itself, as in this lesson's conversation:

3. കമലേ, ഞാൻ ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ.
   'Kamala, may I ask you something (which I want to know)?'

Compounds with കൊള്ളുക are also used in making statements to indicate what course of action the speaker has decided he will follow. Witness, for example:

4. A. സാറ് ഒരു മണിക്കൂറിനകം തിരിച്ചു വരും. നിങ്ങൾ പോയിട്ട് അപ്പോൾ തിരിച്ചുവരുന്നോ?

'The boss will be back in an hour. Why don't you come back then.'

B. ഞാൻ അതു വരെ ഇരുന്നു കൊള്ളാം.

(I think) 'I'll just sit here in the meantime.'

Finally, in spoken Malayalam, കൊള്ളുക is used with unsolicited commands to give permission for a possible, or sensed desire. With verbs whose past ends in '-ഉ', often shortens to '-ോ', and in those ending in '-ി', it reduces to '-ക്കോ'. This makes the compounds with '-ഉ' final verbforms sound nearly the same as the yes-no question form of the past. The intonation is slightly different, and the '-ോ' is slightly longer when it represents കൊള്ളു, but these cues are hard to pick up in rapid speech. Witness:

5. എന്റെ കൂടെ പാടിക്കോ 'Sing along with me.'

6. എല്ലാവരും ഇരുന്നോ. 'Everyone may sit down.'

24.4. PLACEMENT OF ARTICLES AND OTHER ELEMENTS IN THE NOUN PHRASE. In general the order of elements within the noun phrase in Malayalam parallels that of English, hence no notes have been given on it previously. The one exception to come up in these lessons so far is the relative clause (see 14.4 and 20.1) which must appear to the left of the noun, in the normal adjective slot, in Malayalam rather than to the right of the noun as in English. In the mock advertisements in this lesson's Text, however, a few phrases show unusual ordering which bears comment. In these the definite article ഒരു 'a, one' occurs between the adjective (actually a relative clause in this case) and its noun rather than before the adjective as both your English intuition and the previous lessons would lead you to expect. Witness:

1. മൂന്ന കിടപ്പുമുറിയോടു കൂടിയ ഒരു വീട്.
   'a three-bedroom house'

In most cases, this is an optional order which emphasizes the adjective, with the standard order of article, adjective, noun being more common. Compare:

2. A. ഒരു നല്ല കുട്ടി 'a good child'
   B. നല്ലൊരു കുട്ടി 'a good child'
3. രാജൻ നല്ലൊരു കുട്ടിയാണ്.
   'Rajan is a good child.'

When the adjective is a possessive, however, this order obligatory. Thus the version in Example 4 below is the only possible one for that, and similar phrases.

4. എന്റെ ഒരു ടീച്ചർ 'one of my teachers'

This order is so strongly fixed, in fact, that it is often found in Indian English in phrases such as 'my one friend', not meaning 'my only friend' as this ordering does in English spoken outside India, but translating:

5. എന്റെ ഒരു കൂട്ടുകാരൻ 'one of my friends'

The same ordering applies to all quantifiers, including numbers, in a noun phrase containing a possessive, or any other determiner. Witness:

6. എനിക്ക് അമ്മയുടെ പല എഴുത്തുകൾ കിട്ടി.
   'I received several of mother's letters.'

7. കേരളീയരുടെ പല രീതികൾ

'many customs of the Keralites'

Putting the above patterns together yields a phrase like:

8. അച്ഛന്റെ പല പഴയതായ അഭിപ്രായങ്ങൾ

'several of father's outdated opinions'

It may be seen from Example 8 that the order of elements in the noun phrase is: possessive (determiner), quantifier, adjective, and noun. For completeness, it must be pointed out that a second minor quantifier may also occur. It immediately precedes the major quantifier and specifies the quantity in it, whereas the major quantifier specifies the quantity with respect to the head noun of the phrase. This phrase, containing two quantifiers, has already appeared in Lesson Nineteen:

9. വളരെ അധികം ജോലി

'a very | great deal of | work'

When the quantifier is a number, ഒരു may be used as minor quantifier, rendering the number approximate rather than exact, as in:

10. ഒരു ഇരുപതു രൂപ വിലയാകും.

'The price will be around twenty rupees.'

A few other items fall into the same class as possessives in terms of their order. Principal among these other determiners are the demonstratives ഈ 'this' and ആ 'that', as in:

11. എനിക്കു് ആ ഒരു കാര്യം മാത്രം കേൾക്കണ്ട.

'I don't want to hear that one (particular) thing.'

The rule of having the possessive as the first modifier is normally inviolate, but in cases where the adjective slot is filled by a relative clause containing a noun to which the possessive might be mistakenly applied, the relative clause is moved from the normal adjective slot to before the possessive in order to avoid the ambiguity. Witness:

12. വില കുറക്കാനുള്ള സർക്കാരിന്റെ ചില പരിപാടികൾ

'some of the government's plans for reducing prices'

An alternative order also exists for any noun phrase containing a quantifier. This consists of making the quantifier itself the head noun of the phrase. Any of the plural quantifiers may be made into pronouns by adding either the personal relative pronoun '-ർ', or the neuter marker '-അത്'. The remainder of the noun phrase stays the same, save for the original head noun which takes a locative ending. '-ൽ'. Witness:

13. അയാളുടെ കൂട്ടുകാരിൽ ചിലർ

'Some of his friends'

14. മേനോൻ സാറിന്റെ പഴയ പുസ്തകങ്ങളിൽ പലത്

'several of Mr. Menon's old books'

24.5. ALTERNATIVE WAYS TO MAKE RELATIVE CLAUSES FROM POSTPOSITIONS. Postpositions are usually made into relative (adjectival) clauses by adding '-ഉള്ള' (see 14.4). A couple of postpositions may alternatively directly add the adjectival ending -അ, with an appropriate joining device namely യ. Witness:

1. അവൾക്ക് വേണ്ടിയ പേന

'the pen which is for her'

2. രണ്ടു കുളിമുറിയോടു കൂടിയ വീടു്

'a house with two bathrooms'

Section 14.5 dealt with some words which take the special possessive ending '-ത്തെ'. This same ending is used to make relative clauses from phrases ending in a locative postposition. Witness:

3. മുകളിലത്തെ കിടപ്പുമുറി

'the upstairs bedroom'

4. മുറിയുടെ അകത്തെ സാധനങ്ങൾ

'the things inside the room'

5. പള്ളിയുടെ അപ്പുറത്തെ വീടുകൾ

'the houses beyond the church'

24.6. SEVERAL MORE WAYS TO SAY 'CAN'. In 6.3, you learned that the '-ാം' verbform in its potential sense, i.e. with a dative personal subject, carries the idea of 'can'. This construction can refer either to internal ability (a person's innate capacity to do something) or to external ability (whether or not the conditions in the situation will permit one to do something). Often the situation, or the meaning of the verb being used, makes it clear whether internal or external ability is intended. Witness the two possible interpretations of one sentence in:

1. എനിക്കു് അതു കൊണ്ടുവരാം.

'I can bring it.' (either A) I am physically able to carry it, or (B) it is convenient for me to bring it)

Potential statements in either meaning may be used in both the positive and negative, but do not permit clefting.

This section will discuss three specific verbs which add the idea of 'can' to a sentence, and then will explain three special verbs found only in the negative 'can't' sense. The three verbs സാധിക്കുക , കഴിയുക , and പറ്റുക are pretty much interchangeable in the 'can' structure. They take a dative personal subject, and the action which one can or cannot do must appear in the '-ാൻ' (infinitive) verbform, immediately before the 'can' verb which, being last in the sentence, carries the markers for tense. These verbs cannot take aspect markers such as the progressive. All three refer to internal ability. Witness:

2. നിങ്ങൾക്കു് കാറു് നാളെ ഉച്ചക്കു് മുമ്പു് ശരിയാക്കാൻ കഴിയുമോ [or സാധിക്കുമോ, പറ്റുമോ]?

'Will you be able to fix the car before tomorrow noon?'

Note that the infinitive may have an object, or adverbs of time (see Example 2), manner, or place. See, for instance:

3. അവന് ഇതിന്റെ ഏറ്റവും മുകളിൽ കയറാൻ പറ്റും.

'He can climb to the very top of it.'

All three verbs may be used in the negative as well as positive. They most commonly occur with the future/habitual '-ഉം' ending. The verb endings which they can take are rather limited, but they do occasionally occur in the past or desiderative, c.f.:

4. അയാൾ പോകുന്നതിനു മുമ്പു് ഞങ്ങൾക്കു് അയാളെ കാണാൻ സാധിച്ചു.

'We were able to see him before he went.'

5. മാധവന് അതു ചെയ്യാൻ കഴിയും.

'Madhavan should be able to do it.'

Once it has been specified in previous conversation, it is possible to omit the infinitive. This happens in responses to questions and in statements in connected dialogue, as in:

6. A. അയാൾക്ക് അത്രയും വലിയ സ്കൂൾ നടത്താൻ സാധിക്കുമോ?

'Can he run such a large school?'

B. തീർച്ചയായിട്ടും സാധിക്കും.

'He certainly can.'

The verb സാധിക്കുക has no other functions, but the other two also function as independent verbs. The intransitive verb കഴിയുക means 'to finish, end, be over'. It takes nominative subjects only in this role. As an independent verb പറ്റുക means 'to happen, occur' and it's subject is that which happens. Both verbs are logically blocked from taking animate subjects, but the person to which an event happens can be expressed by a dative form, as in:

7. വഴിയിൽ വച്ച് എനിക്ക് ഒരു ചെറിയ അപകടം പറ്റി.

'A small accident happened to me on the way.'

There are three additional expressions for 'can' in various senses which only occur in the negative. Some scholars have called these"defective verbs." The three have differing usages and structures, so are treated separately. The verb പാടില്ല was introduced in Lesson Thirteen in the phrase

8. (എനിക്ക്) അറിയാൻ പാടില്ല

'I don't know, have no idea.'

This defective verb, like the three 'can' verbs described above, takes the infinitive and refers to internal ability when taking a dative personal subject (Example 8). External inability is shown with a nominative subject which is omitted when the admonition is of a general nature, as in:

9. അമേരിക്കയിൽ കൈ കൊണ്ട് ഊണ് കഴിക്കാൻ പാടില്ല.

'One doesn't eat meals with one's hands in America.'

A second defective verb മേലാ is also used only in the negative. It is the only one of the three which refers to internal ability exclusively, often in the sense of 'cannot bring myself to...'. Witness:

10. എനിക്ക് ഇന്ന് ഒന്നും പഠിക്കാൻ മേലാ.

'I can't (bring myself to) study anything today.'

This verb is structurally identical to all those described above, in that it takes the infinitive and that a dative subject indicates internal ability. A nominative subject cannot occur with മേലാ . It is used with അറിയുക as is പാടില്ല .

The structure for the final defective verb കൂടാ differs from that for for the other five 'can' verbs in that it requires the conjunctive verbform for the impossible action. Like it has two alternative structures. With a nominative subject, it carries the meaning 'should not', much like the admonitions with പാടില്ല above. With a dative subject, it carries the meaning of 'cannot bear to...' or of permanent inability such as a physical handicap. Like പാടില്ല and മേലാ , it is used almost idiomatically with അറിയുക where the subject, though often omitted, is always dative. Witness:

11. എനിക്ക് അറിഞ്ഞുകൂടാ.

'I don't know, I couldn't know.'

12. നീ അങ്ങനെ ചെയ്തുകൂടാ.

'You shouldn't do it that way.'

13. എനിക്കു് അവളെ കണ്ടുകൂടാ.

'I can't bear to see her again.'

14. അയാൾക്കു് കേട്ടുകൂടാ, പാവം.

'That man is deaf, poor fellow.'

All three defective verbs may form negative questions with '-ഏ.'

24.7. ADDITIONAL USES OF THE ADDRESSIVE/ASSOCIATIVE FORM OF THE NOUN. Section 8.3 described some uses of the addressive/associative form of the noun. It is required before the postposition കൂടെ 'with', and must be used for the addressee with verbs such as പറയുക 'to say' and ചോദിക്കുക 'to ask'. It may also be used with the direct object of the verb ചേരുക in the sense of 'to match'.(see Lesson Nine).

Certain indirect expressions of emotion, i.e. those with a dative personal subject, also require the associative form for the direct object of the emotion. In fact, these objects appear in the accusative in direct expressions of the emotions using a verb with a nominative subject. Witness:

1. A. കുട്ടികൾ അമ്മമാരെ സ്നേഹിക്കുന്നു.

'Children love their mothers.'

B. കുട്ടികൾക്കു് അമ്മമാരോടു് സ്നേഹം ഉണ്ടു്.

'Children have love for their mothers.'

2. A. കേരളീയർ വിവാഹമോചനത്തിനെ എതിർക്കുന്നു.

'Keralites oppose divorce.'

B. കേരളീയർക്കു് വിവാഹമോചനത്തിനോടു് എതിർപ്പു് ഉണ്ടു്.

'Keralites are opposed to divorce.' (literally, have opposition to)

3. A. ഞാൻ തിരുമേനിയെ ബഹുമാനിക്കുന്നു.

'I respect his Holiness.'

B. എനിക്കു് തിരുമേനിയോടു് ബഹുമാനം ഉണ്ടു്.

'I have respect for his Holiness.'

Alternatively, the verb ആദരിക്കുക 'to tender great respect toward' and its derived noun ആദരവു് 'highest respect' may be substituted in Example 3 above.

REFERENCE LIST

Compound Verbs and Their Meanings

A. Completion of action in main verb: (with intransitives) ... പോകുക , (with transitives) ... കഴിയുക.

1. ഞാൻ മറന്നു പോയി. 'I forgot.'

2. അയാൾ എഴുത്ത് അയച്ചു കഴിഞ്ഞു.

'He's already sent the letter.'

B. For the benefit of first or second person: ... തരുക.

1. സാറ് നിങ്ങൾക്ക് അയച്ചു തരും.

'The boss will send it to you.'

2. നിങ്ങൾ എനിക്ക് വഴി പറഞ്ഞു തരാമോ?

'Can you tell me the way.'

C. For the benefit of a third person: ... കൊടുക്കുക.

1. അവർക്ക് ഈ ഫോറം അയച്ചു കൊടുക്കൂ.

'Send them this form.'

D. For the benefit of self, go ahead and ...: ... കൊള്ളുക.

1. അവർക്ക് രണ്ടോ മൂന്നോ ഫോറം അയച്ചുകൊള്ളൂ.

'Send them two or three forms' (if you feel like it).

2. എന്നാൽ, ഞാൻ ഇതു വാങ്ങിച്ചുകൊള്ളാം.

'I'll go ahead and buy this one, then.'

E. Might as well ..., or go ahead and ...: ... കളയുക.

1. ഞാൻ മേനോൻസാറിന് ഒരു കോപ്പി അയച്ചുകളയാം.

'I might as well send a copy to Mr. Menon.'

2. അവൻ അവളോട് ആ കാര്യം പറഞ്ഞുകളഞ്ഞു.

'He went ahead and told her' (the matter).

F. Nonvolitional involvement of the doer: ... പോകുക.

1. ഞാൻ അതു് അറിയാതെ ചെയ്തുപോയി.

'I did it without realizing.'

G. Away from the scene of action of focus: ... കളയുക.

1. പയ്യൻ കുറച്ചുനേരം നിന്നിട്ടു് പോയിക്കളഞ്ഞു.

'The boy waited a little, then went away.'

2. എന്നെ കണ്ടപ്പോൾ അവൾ മുഖം തിരിച്ചുകളഞ്ഞു.

'When she saw me, she turned her face away.'

3. അവർ ഞങ്ങളെ കാപ്പി കുടിപ്പിച്ചു കളഞ്ഞു.

'She went ahead and made us drink coffee' (regardless of our wishes).

H. To keep on ...ing, or be in the process of ...ing:

... കൊണ്ടിരിക്കുക.

1. പാടി ക്കൊണ്ടിരിക്കൂ. 'Keep on singing.'

2. ഈ എഴുത്തു് എഴുതിക്കൊണ്ടിരുന്നപ്പോൾ എനിക്കു് വാർത്ത കിട്ടി.

'While I was writing this letter, I received the news.'

I. Go ahead and ..., might as well ... (not necessarily for self benefit): ... ഏക്കുക

1. നീ വള്ളം കളി പോയി കണ്ടേക്കൂ.

'Why don't you go and see the boat races.'

2. നമുക്കു് ഈ ഹോട്ടലിൽ കയറി കാപ്പി കുടിച്ചേക്കാം.

'We may as well stop in for coffee at this restaurant.'

3. A. ഈ ഫോറം അവർക്കു് അയക്കണമോ?

'Should this form be sent to them?'

B. ശരി, അയച്ചേക്കൂ.

'Yes, go ahead and send it.'

VOCABULARY

ജന്മദേശം	native land
നദി	river
അരുവി	stream
ഗ്രാമം	village
തെങ്ങിൻതോപ്പ്	Coconut grove
വനം	forest
നിറയുക [past: നിറഞ്ഞു]	to be filled [intransitive]
—— നിറഞ്ഞ	which is full of ——
ആരുടെയും	anyone's
ഹൃദയം	heart
കവരുക [past: കവർന്നു]	to steal
ഭൂപ്രകൃതി	geographic layout
മലനാട്	hilly country
ഇടനാട്	middle region
സമതലം	plain, coastal region
ഭാഗിക്കുക	to divide
റബ്ബർ	rubber
തേയില	tea, tealeaves
ഏലം	Cardamom
എന്നിവ	etcetera
ഇഞ്ചി	ginger
മഞ്ഞൾ	turmeric

കുരുമുളക്	black pepper
മരച്ചീനി	tapioca
മുതലായവ	etcetera
തെങ്ങ്	coconut tree
തേങ്ങാ	Coconut
നെല്ല്	rice [paddy]
വിളവ്	crop
ധന്യം	richness
പാശ്ചാത്യർ	Westerners
ആകർഷിക്കുക	to attract
ജീവിതം	life
ജീവിതരീതി	life style
ലഘു	light [adj]
ലളിതം	simple
പുരുഷൻ	man
മുണ്ട്	{a white saronglike {lower garment
ജൂബ്ബ	a kind of shirt
ധരിക്കുക	to wear
ആഭരണം	ornament
തൊഴിൽ	occupation
കയർ, കയറ്	coir
കയറുപിരിക്കൽ	{twisting of coconut fibre {into coir

മീൻപിടുത്തം	fishing, catching fish
വ്യവസായം	industry
നവീന	new
വിദ്യാഭ്യാസം	education
സ്ഥാനം	place
താൽപര്യം	interest
കേരളീയ	belonging to Kerala
കഥകളി	a spectacular lyric dance drama of Kerala based on Hindu mythology
ഓട്ടംതുള്ളൽ	another lyric dance drama of Kerala
മോഹിനിയാട്ടം	a Kerala dance form similar to Bharatanatya
പ്രസിദ്ധി	fame
സംഗീതം	music
ഉയരുക [past: ഉയർന്നു]	to rise
ഉയർന്ന	exalted, high
കരകൗശലസാധനം	handicraft
മതിപ്പ്	reputation, esteem
ചുരുക്കം	few, scarce
ഒരുമ	unity, fellowship
ജീവിക്കുക	to live

ജീവിച്ചുവരുക	to be living
യഹൂദൻ	Jew
സംസ്കാരം	Culture
സ്വാഗതം [noun]	Welcome
സന്ദർശിക്കുക	to visit
കൈ കൂപ്പുക	to fold hands
കൈ കൂപ്പി സ്വാഗതം ചെയ്യുക	to welcome with folded hands [traditional Indian way of Welcoming]
തൃപ്തി	satisfaction
തൃപ്തിപ്പെടുത്തുക	to satisfy
സുഖിക്കുക [past: സുഖിച്ചു]	to enjoy

READING PRACTICE

Note the noun and adjective forms of colors in these sentences.*

നിറങ്ങൾ

White

ഇതിന്റെ നിറം വെളുപ്പ് ആണ്.
ഇത് ഒരു വെളുത്ത പേന ആണ്.

Black

ഇതിന്റെ നിറം കറുപ്പ് ആണ്.
ഇത് ഒരു കറുത്ത പേന ആണ്.

Red

ഇതിന്റെ നിറം ചുവപ്പ് ആണ്.
ഇത് ഒരു ചുവന്ന പേന ആണ്.

Blue

ഇതിന്റെ നിറം നീല ആണ്.
ഇത് ഒരു നീല പേന ആണ്.

Green

ഇതിന്റെ നിറം പച്ച ആണ്.
ഇത് ഒരു പച്ച പേന ആണ്.

Yellow

ഇതിന്റെ നിറം മഞ്ഞ ആണ്.
ഇത് ഒരു മഞ്ഞ പേന ആണ്.

---

* For other colors, the English words are normally used.

TEXT

മലയാളികളുടെ ജന്മദേശമായ കേരളം ഇൻഡ്യയുടെ തെക്കുപടിഞ്ഞാറെ കോണിൽ സ്ഥിതി ചെയ്യുന്നു. സഹ്യപർവ്വതത്തിനും അറബിക്കടലിനും മദ്ധ്യേ കിടക്കുന്ന ഈ ചെറിയ സംസ്ഥാനം പ്രകൃതിസുന്ദരമാണ്. നദികളും കായലുകളും അരുവികളും ഗ്രാമങ്ങളും പട്ടണങ്ങളും തെങ്ങിൻതോപ്പുകളും വനങ്ങളും നിറഞ്ഞ ഈ നാട്ട് ആരുടേയും ഹൃദയം കവരും.

ഭൂപ്രകൃതിയനുസരിച്ച് മലനാട്ട്, ഇടനാട്ട്, സമതലം എന്നു മൂന്നായി കേരളത്തെ ഭാഗിക്കാം. പർവ്വതപ്രദേശമായ മലനാട്ടിൽ റബ്ബർ, തേയില, കാപ്പി, ഏലം എന്നിവ കൃഷി ചെയ്യുന്നു. ഇടനാട്ടിൽ ഇഞ്ചി, മഞ്ഞൾ, കുരുമുളക്, മരച്ചീനി മുതലായവയും, സമതലത്തിൽ തെങ്ങും നെല്ലും ആണ് പ്രധാന വിളവുകൾ. ഈ ധന്യമായ വിളവുകൾ പാശ്ചാത്യരായ വിദേശീയരെ പണ്ടുമുതൽ തന്നെ ആകർഷിച്ചിരുന്നു.

കേരളീയരുടെ ജീവിതരീതി ലഘുവും ലളിതവുമാണ്. വെളുത്ത വസ്ത്രം ഇഷ്ടപ്പെടുന്നവരാണ് അധികവും. പുരുഷന്മാർ മുണ്ടും ജുബ്ബയും ധരിക്കുന്നു. സ്ത്രീകൾ സാരിയോ മുണ്ടും ബ്ലൗസുമോ ഉടുക്കുന്നു. കൂടാതെ, സ്ത്രീകൾ പലതരം ആഭരണങ്ങളും ധരിക്കുന്നു. കേരളീയരുടെ പ്രധാന തൊഴിൽ കൃഷിയാണെങ്കിലും കയറുപിരിക്കൽ, മീൻപിടുത്തം മുതലായ വ്യവസായങ്ങളും അവർക്കുണ്ട്. ഈയിടെയായിട്ട് അവിടെ നവീന വ്യവസായങ്ങളും തുടങ്ങിയിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് ഒന്നാം സ്ഥാനമുള്ള മലയാളികൾ കലകളിലും വളരെ താൽപര്യമുള്ളവരാണ്. കേരളീയ കലകളായ കഥകളി, ഓട്ടംതുള്ളൽ, മോഹിനിയാട്ടം എന്നിവ ലോകപ്രസിദ്ധി നേടിയിട്ടുള്ളവയാണ്. സംഗീതത്തിലും സാഹിത്യത്തിലും കേരളീയർക്ക് ഉയർന്ന സ്ഥാനം ഉണ്ട്. കേരളത്തിലുണ്ടാകുന്ന കരകൗശലസാധനങ്ങൾക്ക് നാട്ടിലും വിദേശത്തും വലിയ മതിപ്പുണ്ട്. കേരളത്തിലെ ദേശീയോത്സവം ഓണമാണ്. ഇവിടുത്തെ വിനോദമായ വള്ളംകളിയെപ്പറ്റി കേട്ടിട്ടി-

ല്ലാത്തവർ ചുരുക്കമാണ്

ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീങ്ങളും വളരെ കാലമായി ഒരുമയോടു ജീവിച്ചുവരുന്ന ഒരു നാടാണ് കേരളം. കുറച്ചു യഹൂദന്മാരും കേരളത്തിലുണ്ടു്. എല്ലാ സംസ്കാരത്തിലുള്ള ആളുകളെയും സ്വാഗതം ചെയ്യുന്ന ഒരു നാടാണ് കേരളം. നിങ്ങൾ എന്നു സന്ദർശിച്ചാലും കൊച്ചുകേരളം നിങ്ങളെ കൈക്കൂപ്പി സ്വാഗതം ചെയ്യും, നിങ്ങളെ സന്തോഷിപ്പിക്കും, നിങ്ങളെ എല്ലാ വിധത്തിലും തൃപ്തിപ്പെടുത്തും.

EXERCISES

1. Give Malayalam responses to the questions below based on the Text of this lesson.

1. കേരളീയരുടെ പ്രധാന തൊഴിൽ എന്താണ്?
2. കേരളത്തിലെ പുരുഷന്മാരും സ്ത്രീകളും ധരിക്കുന്ന വസ്ത്രങ്ങൾ എന്താണ്?
3. ലോകപ്രസിദ്ധി നേടിയ കേരളീയ കലകൾ ഏതൊക്കെയാണ്?
4. കേരളത്തിൽ ഏതൊക്കെ മതങ്ങളിൽ വിശ്വസിക്കുന്ന ആളുകൾ താമസിക്കുന്നു?
5. മലയാളികളുടെ ദേശീയോത്സവം ഏതാണ്?
6. കേരളം ഇൻഡ്യയുടെ ഏതു ഭാഗത്താണ്?
7. ഭൂപ്രകൃതിയനുസരിച്ച് കേരളത്തെ എത്രയായി ഭാഗിക്കാം?
8. സമതലത്തിലെ പ്രധാന വിളവുകൾ എന്തൊക്കെയാണ്?
9. നിങ്ങളുടെ ജന്മദേശം ഏതാണ്?
10. കേരളത്തിലെ എന്തൊക്കെയാണ് പാശ്ചാത്യരെ ആകർഷിച്ചത്?

2. Give the derived noun equal to the verbal noun in '-അത്' as in the model.

Model: കാണുന്നത് - കാഴ്ച

അഭിപ്രായപ്പെടുന്നത്, എഴുതുന്നത്,
ഓർക്കുന്നത്, പാടുന്നത്, കുറിക്കുന്നത്,
പ്രസിദ്ധീകരിക്കുന്നത്, അപേക്ഷിക്കുന്നത്,
അറിയിക്കുന്നത്, പ്രാർത്ഥിക്കുന്നത്,
ചോദിക്കുന്നത്, സംസാരിക്കുന്നത്.

3. Combine the pairs of sentences adding the 'even though' meaning as in the model.

Model: ഞാൻ ഓണസമയത്ത് കേരളം
സന്ദർശിച്ചിട്ടുണ്ട്. പക്ഷെ, വള്ളംകളി കണ്ടിട്ടില്ല.

ഞാൻ ഓണസമയത്ത് കേരളം
സന്ദർശിച്ചിട്ടുണ്ടെങ്കിലും വള്ളംകളി കണ്ടിട്ടില്ല.

1. ഞാൻ ധാരാളം പഠിച്ചു. പക്ഷെ, പരീക്ഷ നല്ലതായി ചെയ്തില്ല.
2. ഈ നാട്ടിലെ ആളുകൾക്ക് അധികം പണമില്ല. പക്ഷെ, അവർ നല്ല ഹൃദയമുള്ളവരാണ്.
3. മലയാളി സ്ത്രീകൾ സുന്ദരികളാണ്. പക്ഷെ, അവർ നീളം കുറഞ്ഞവരാണ്.
4. പാശ്ചാത്യർക്ക് നവീന വ്യവസായങ്ങൾ ഉണ്ട്. പക്ഷെ, അവരുടെ സംസ്കാരം നമ്മുടെ അത്രയും പഴയതാണോ?

5. മലയാളികളുടെ ജന്മദേശം കേരളമാണ്. പക്ഷെ, അവരെ ഇൻഡ്യയിലെ എല്ലാ കോണിലും കാണാം.
6. നിങ്ങൾക്ക് പണവും എല്ലാവിധ സൗകര്യങ്ങളും ഉണ്ടായിരിക്കും. പക്ഷെ, തൃപ്തിയില്ലെങ്കിൽ സന്തോഷിക്കാൻ സാധിക്കുകയില്ല.
7. ഇൻഡ്യയിൽ പല മതങ്ങളിലും വിശ്വസിക്കുന്നവരുണ്ട്. പക്ഷെ, എല്ലാവരും ഒരുമയോടു ജീവിക്കുന്നു.
8. എന്റെ നാട്ടുകാരുടെ ജീവിതം പ്രയാസമുള്ളതാണ്. പക്ഷെ, ധന്യമാണ്.
9. പുരുഷന്മാർ സമ്മതിക്കുകയില്ലായിരിക്കും. പക്ഷെ, സ്ത്രീകൾ ഇല്ലാതെ പുരുഷന്മാർക്ക് ജീവിക്കാൻ പറ്റുകയില്ല.
10. നിനക്ക് എന്നോട്ട് സ്നേഹം ഇല്ല. പക്ഷെ, ഞാൻ ജീവിക്കുന്നത് നിനക്കുവേണ്ടിയാണ്.

4. A. Make relative clauses from the pairs of nouns as in the models . Be sure to add the relative pronoun of the right gender and number for the second noun of the pair.

Model: a) പൊക്കം, പയ്യൻ

പൊക്കമുള്ളവൻ

b) വെളുത്ത നിറം, സ്ത്രീ

വെളുത്ത നിറമുള്ളവൾ

വർണ്ണം, സ്ത്രീ; ഗുണം, വേലക്കാരൻ; മടി, പയ്യൻ;
കുറവ്, പുരുഷൻ; അറിവ്, സാർ;
സ്നേഹം, കുട്ടികൾ; കാഴ്ച, ആൾ; മിടുക്ക്, രമ;
സൗന്ദര്യം, കമല; ഹൃദയം, നാട്ടുകാർ;
ബുദ്ധി, കേശവൻ; പണം, ചേട്ടൻ,
പുതുമ, സിനിമ

B. Form relatives from the adjective-noun pairs as in the model.

Model: നല്ല, കേശവൻ
നല്ലവൻ

ചെറിയ, പയ്യൻ; വലിയ, സ്ത്രീ;
പൊക്കം കുറഞ്ഞ, പുരുഷൻ;
തെറ്റുകൾ നിറഞ്ഞ, എഴുത്ത്;
വില കൂടിയ, പേന:

5. Fill in the blanks in the sentences below with the most appropriate second-member from the list provided so as to form a compound verb giving the right shade of meaning.

List: തരാം, കൊള്ളാം, തീർക്കും, പോയി, എടുക്കാം [േ—ക്കാം], കൂടാ, കളഞ്ഞു, കളയാം, കൊടുത്തു, പോയി, കഴിയുമോ.

1. ഈ ജോലി ചെയ്യുന്നത് നിഷ്ഫല- മായിരിക്കും. എന്നാലും നമുക്കു ചെയ്തു ______.
2. ഇറച്ചി തിന്നു______.

3. അവളെ സ്നേഹിക്കാതിരിക്കണം എന്നു ഞാൻ വിചാരിച്ചു. എന്നാലും ഞാൻ അവളെ സ്നേഹിച്ചു——.

4. രമ എന്നോടു് ആ വാക്കിന്റെ അൎത്ഥം ചോദിച്ചു. ഞാൻ അവൾക്കു് അതു പറഞ്ഞു——.

5. രാജൻ എവിടെയാണെന്നു് എനിക്കു് അറിഞ്ഞു——.

6. ഞാൻ വരുന്നതിനു മുമ്പു് അവർ ഇവിടെ നിന്നു് പോയി——.

7. നിങ്ങൾ ഇന്നു് ആ പുസ്തകം വായിച്ചു ——?

8. സാറു് വരുന്നതു വരെ ഞങ്ങൾ ഇവിടെ ഇരുന്നു——.

9. അദ്ദേഹം എനിക്കു് മലയാളം എഴുതുന്നതു് എങ്ങനെയാണെന്നു് പഠിപ്പിച്ചു —— എന്നു പറഞ്ഞു.

10. കമലക്കല്ലേ? ഒരു നല്ലവിലയുള്ള സാരി വാങ്ങിച്ചേ——.

11. കേശവൻ ആ പ്രയാസമുള്ള ജോലി മുഴുവനും ചെയ്തു——.

6. Read these sentences making sure you understand their meaning.

1. നവീന സാരികൾക്കു് സന്ദൎശിക്കുക.
കൃഷ്ണാ സിൽക്കു് ഹൌസു്.
ഗുരുവായൂർ അമ്പലത്തിനു സമീപം.

2. അമേരിക്കയുടെ തെക്കുകിഴക്കേ ഭാഗം കേരളത്തിന്റെ അത്രയും പ്രകൃതിസുന്ദരമാണ്. നദികളും, അരുവികളും ഗ്രാമങ്ങളും നിറഞ്ഞ ഈ പ്രദേശം സന്ദർശിച്ചപ്പോൾ ഞാൻ നമ്മളുടെ നാട്ടിനെപ്പറ്റി ഓർത്തു.

3. ഇവിടുത്തെ കടൽത്തീരത്തു ജീവിക്കുന്ന ആളുകളുടെ പ്രധാന തൊഴിൽ മീൻപിടുത്തമാണ്.

4. കമലേ, നീയാണ് ഞാൻ കണ്ടിട്ടുള്ളത്തിലേക്കും വച്ച് ഏറ്റവും സുന്ദരിയായ സ്ത്രീ. നിന്റെ മുഖം ഒരു പൂവു പോലെ ആണ്. നിനക്ക് സാധാരണക്കാരനായ എന്നെ സ്നേഹിക്കാൻ കഴിയുമോ?

ഹമീദേ, ഞാൻ നിങ്ങളെ ഹൃദയം നിറഞ്ഞ് സ്നേഹിക്കുന്നു.

എനിക്കു തൃപ്തിയായി കമലേ. എനിക്കു വേറെ ഒന്നും വേണ്ട.

5. പർവ്വതപ്രദേശത്ത് വളരുന്ന വിളവുകൾ സമതലത്തിൽ വളരുകയില്ല.

6. ഒരു രാജ്യത്തിന്റെ വളർച്ചക്ക് നവീന വ്യവസായങ്ങൾ ആവശ്യമാണ്.

7. അമേരിക്കയിൽ ധാരാളം പണം ഉണ്ടു്. അവിടുത്തെ ജീവിതരീതി ഉയർന്ന നിലവാരമുള്ളതാണ്. നല്ലതായിട്ടു ജോലി ചെയ്യുകയാണെങ്കിൽ ആർക്കും പണക്കാരനാകാനുള്ള അവസരം അവിടെ കിട്ടും. അതു കൊണ്ടാണ് ലോകത്തിലെ എല്ലാ കോണിൽനിന്നുമുള്ള ആളുകളെ അമേരിക്ക ആകർഷിക്കുന്നതു്.

8. ഞാൻ കരകൗശലസാധനങ്ങൾ ഉണ്ടാക്കുന്നതു് പണത്തിനു വേണ്ടിയല്ല. പക്ഷെ, എനിക്കു് അതിൽ താൽപര്യമുള്ളതു കൊണ്ടാണ്.

9. നമ്മുടെ ഉയർന്ന സംസ്കാരം നില നിൽക്കാൻ വേണ്ടി നമ്മൾ കഠിനമായി ജോലി ചെയ്യണം. അല്ലാതെ കിടന്നു സുഖിച്ചാൽ പറ്റില്ല.

10. സംഗീതകലയിൽ ലോകപ്രസിദ്ധി നേടിയിട്ടുള്ളവനായ ശ്രീ രവിശങ്കറിനെ ഞങ്ങൾ കൈ കൂപ്പി സ്വാഗതം ചെയ്യുന്നു.

11. ലോകത്തിലുള്ള ആളുകളെല്ലാം ഒരുമയോടു ജീവിച്ചിരുന്നെങ്കിൽ എന്തു നല്ലതായിരുന്നേനേ.

GRAMMAR NOTES

25.1. COMPLEMENT OR RESULT CLAUSES. Certain transitive verbs have two objects: a direct object which experiences or undergoes the action of the verb, and a second object which represents the results of the action on the direct object. The result is held to be grammatically a "complement" with respect to the direct object. Witness:

1. ഭൂപ്രകൃതിയനുസരിച്ചു് മലനാട്ടു്, ഇടനാട്ടു്, സമതലം എന്നു മൂന്നായി കേരളത്തെ ഭാഗിക്കും.

   'From the point of view of geographical layout, (we) can divide Kerala into three (parts), highlands, midlands, and coastal plain.'

2. അമ്മ എപ്പോഴും ഇറച്ചി ചെറിയ കഷണങ്ങളായി കണ്ടിക്കും.

   'Mother always cuts up the meal into small pieces.'

3. ഞങ്ങൾ ജോണിനെ രാഷ്ട്രപതിയായി തെരഞ്ഞെടുത്തു.

   'We elected John president.'

Note that the complement is always marked with '-ആയി', the conjunctive form of ആകുക meaning 'became'. This clearly designates the nature of the complement as an established result.

25.2. COMMON TITLES IN MODERN KERALA LIFE. Traditionally those outside one's immediate social circle were referred to by kinship terms, or the caste designation. In modern life in Kerala, persons of all backgrounds interact in public functions.

The following four terms, derived from Sanskrit, but reflecting Western style social distance and neutrality, are popular.

1.	ശ്രീ (short for ശ്രീമാൻ	'mister'
2.	ശ്രീമതി	'Mrs.'
3.	കുമാരി	'miss'
4.	കുമാരൻ	'master'

These are most often used in mailing addresses, or in speaking to, or about someone during a public speech. They are not generally used in one to one conversation. In these cases, സാറ് is appended to the last name for men, and given names would be used for children through college age. Women now achieve positions of high responsibility, but the conventions have not solidified as to how to address them. The term സാറ് is sometimes also used for women, and occasionally the English word മാഡം is employed. For unmarried teachers, the English word 'miss' is often placed before the name. When in doubt as to how to address, or refer to, someone, it is always safe to follow the examples of Malayalis of similar social standing to yourself.

25.3. CHARACTERISTICS OF WRITTEN STYLE IN MALAYALAM.

Several lessons in this course contain samples of written style. This lesson's text attempts to bring together most of the features of written Malayalam found in earlier lessons. The written style, in most uses, is quite different from the spoken language. A sketch of its main characteristics is given below.

I. The use of longer and/or loftier vocabulary:

A. ആകുന്നു in place of ആണ് (see 10.2).

B. സ്ഥിതി ചെയ്യുന്നു in place of ഉണ്ട് (see 10.2).

C. Sanskrit-derived words in preference to Dravidian ones:

1. Ssk. നദികൾ instead of Drav. ആറുകൾ

'rivers'

2. Ssk. പ്രവർത്തിക്കുക instead of Drav. ചെയ്യുക

'to do, to work'

II. Lengthier sentences with higher grammatical complexity:

A. Clefting of long equative sentences, as in:

1. ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീങ്ങളും വളരെ കാലമായി ഒരുമയോടു ജീവിച്ചുവരുന്ന ഒരു നാടാണ് കേരളം.

'Kerala is a land where Hindus, Christians and Muslims have been living in harmony for a long time.'

This is particularly common where the predicate represents new information, and the subject of the sentence, already established in the discourse, represents old information.

B. Extended series of nouns or other items joined by '-ഉം' (see the third sentence in this lesson's text).

C. A higher frequency of complex sentences with two or more clauses linked either by coordinate conjunctions such as '-ിട്ട്' in the sense of 'and' or പക്ഷേ 'but', or by one of the several subordinate conjunctions as '-ിട്ട്' in the sense of 'before' or 'after', '-പോൾ' or '-ഉടൻ' 'when, as soon as', '-അല്ലാതെ' 'but to ...' (see 24.5), and so forth.

D. More and longer relative clauses. One common result of this is the inversion of the usual determiner-adjective order in noun phrases (see 24.4) as in:

1. സഹ്യപർവ്വതത്തിനും അറബിക്കടലിനും മദ്ധ്യേ കിടക്കുന്ന ഈ ചെറിയ സംസ്ഥാനം,

'This small state, lying between the Sahya Mountains and the Arabian sea,'

E. More embedded sentences for various functions and case roles in the sentence including: subject, object, adverbs of time, manner, or place, sentence adverbials, dative or instrumental case roles, etc.

F. More common occurrence of object complements (see 25.1) with ആയി .

G. More frequent use of the passive voice, and of the subjectless construction. Note that whereas the subjectless construction usually occurs only with transitive verbs, (see 16.2), this lesson's text contains an example of an intransitive verb ജീവിക്കുക 'to live' in this construction (see Example 1 in A. above).

